

അടിയന്തരാവസ്ഥയിലെ അറിയപ്പെടാത്ത ചില വ്യക്തികൾ : പി കെ ശ്രീനിവാസൻ



അടിയന്തിരാവസ്ഥയും ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥയും : ഒ കെ ജോണി

JUNE | VOL.04 | ISSUE 06

# മലയാളി.com magazine 2025



# അടിയന്തരാവസ്ഥയുടെ 50 വർഷങ്ങൾ



**സ്വാതന്ത്ര്യം മോഹിക്കുന്ന ഓരോ ഇന്ത്യാക്കാരനും ഒരിക്കലും മറക്കരുതാത്ത കെട്ട കാലം ; എന്നെന്നും ഓർക്കേണ്ട കറുത്ത പാഠങ്ങൾ**



AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION & SCIENTIFIC ASSEMBLY
July 24-27, 2025
Cincinnati Marriott at River Center & Northern Kentucky Convention Center
This conference will host Physicians, Healthcare professionals, and leaders from across the World!
Satheesh Kathula, MD
President, AAPI
Confirmed Guests and Dignitaries
Bobby Mukkamala, MD
Michael Suk, MD
Mario R Capecchi, PHD
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
Register Now at:
www.aapiconvention.org | info@aapiusa.org

മലയാളി.com Magazine
DIGITAL MAGAZINE
2025
JUNE
VOL/04
ISSUE/6
Contact: mag@emalayalee.com | www.emalayalee.com

# നീതിയുടെ വ്യത്യസ്ത മുഖങ്ങൾ

എല്ലാവരും തുല്യരാണ് എന്ന് നാം പറയുമ്പോഴും ജോർജ് ഓർവെൽ പറയുന്നത് പോലെ ചിലർ ഇത്തിരി വമ്പൻമാരാണ് എന്നതാണ് യാഥാർത്ഥ്യം .ഡ്രൈവിംഗ് കലി മൂത്ത് അട്ടപ്പാടിയിൽ ഒരു ആദിവാസിയെ കെട്ടിയിട്ട് മർദ്ദിച്ചത് നാം അടുത്തയിടെ കണ്ടു .ഭക്ഷണം മോഷ്ടിച്ചു എന്നാരോപിച്ച് ഒരു ആദിവാസിയെ കെട്ടി നിർത്തി മർദിച്ചു കൊലപ്പെടുത്തിയത് ഇന്നും നമുക്ക് മറക്കാറായിട്ടില്ല .ആദിവാസി മധുവിൻറെ കേസ് ഇന്നും അവസാനിച്ചിട്ടുമില്ല ..ആഭരണം മോഷ്ടിച്ചുവെന്ന പരാതിയിൽ ഒരു വീട്ടു ജോലിക്കാരിയെ അറസ്റ്റ് ചെയ്തതും ഇപ്പോഴാണ് .മയക്കു മരുന്ന് കൈവശം വെച്ചുവെന്നു പറഞ്ഞു കസ്റ്റഡിയിൽ എടുത്ത റാപ്പർ വേടന്റെ തലയിൽ ഒരു പുലിനഖ കേസ് കൂടി ചുമത്തുന്നു അധികൃതർ .അധികാര സ്ഥാനങ്ങളോട് അടുപ്പമോ അധികാരമോ ഇല്ലാത്ത, സമൂഹത്തിലെ താഴെത്തട്ടിൽ പെട്ടവരാണ് ഇവരെല്ലാം എന്നതാണ് ഇവർ ചെയ്ത തെറ്റ് . അവർക്ക് ഡി ജിപിയുടെ മുമ്പിൽ മുന്തിയ കാറിൽ കൌണ്ടർ പരാതിയുമായി പോകാനോ മുൻകൂർ ജാമ്യാപേക്ഷയുമായി സുപ്രീം കോടതി വരെ പോകാനോ ആരാധക വൃന്ദത്തെ കൊണ്ടു തെരുവിൽ ഗോ ഗ്വാ വിളിപ്പിക്കാനോ കഴിയില്ല .വേടൻ ജനകീയ റാപ്പർ ആണെന്ന് കണ്ടതോടെ എല്ലാവരുടെയും ചുവടുകൾ മാറി. എന്നാൽ ആ ഭാഗ്യം അട്ടപ്പാടിയിലെ മധുവിനും അത് പോലെയുള്ള താഴെ തട്ടിൽ ഉള്ളവർക്കും ലഭിക്കുന്നില്ല . സ്നേഹത്തിൻറെ തട്ടുകട നടത്തുന്ന സർക്കാർ ഭരിക്കുന്ന നാട്ടിലാണ് ഈ അന്യായങ്ങൾ അരങ്ങേറുന്നത് .

എന്ത് കൊണ്ടാണ് ഇങ്ങനെ സമൂഹത്തിൻറെ അരികുകളിൽ നിൽക്കുന്നവരോട് നാം യാതൊരു ദയാ ദാക്ഷിണ്യവും ഇല്ലാതെ അനീതി കാട്ടുന്നത് ?നമ്മുടെ ഉള്ളിന്റെ ഉള്ളിൽ ഉള്ള , ഒരു പക്ഷെ നാം പോലും അറിയാത്ത ,വംശീയതയും ജാതീയ മനോഭാവവുമാകണം അതിനു പിന്നിൽ .നിയമവ്യവസ്ഥയെ ക്രിമിനൽ എന്ന് വിശേഷിപ്പിക്കാവുന്ന തലത്തിലേക്ക് തരം താഴ്ത്തുന്ന ഒരു സിനിമയുടെ വിജയം കാണുമ്പോൾ നമ്മുടെ മനസ്സിലും പ്രതികാര ദാഹവും വെറുപ്പും നിറഞ്ഞിരിക്കുകയാണെന്ന് പറയേണ്ടി വരും ..നിയമത്തെ വളഞ്ഞ വഴികളിലൂടെ വളച്ചു അനുകൂലമാക്കുന്നതും കൊലപാതകത്തെ ന്യായീകരിക്കുന്നതും ഒരു നല്ല സമൂഹത്തിൻറെ സ്വഭാവമല്ല .സത്യത്തെ കുഴിമൂടുന്നവർക്കും നിയമത്തെ തനിക്കു വേണ്ടി ഉടച്ചു വാർക്കുന്നവർക്കുമാണ് ഇന്ന് ഇവിടെ നല്ല കാലം . .

രാഷ്ട്രീയമായി ചേരി തിരിഞ്ഞു നിൽക്കുന്ന സംസ്ഥാനത്ത് എല്ലാക്കാലത്തും നീതി അതതു പാർട്ടികളുടെ മാനദണ്ഡം അനുസരിച്ചായിരുന്നു ഇവിടെ നടപ്പാക്കി വന്നിരുരുന്നത് .അടിയന്തരാവസ്ഥയുടെ ഓർമ്മകൾ ഇന്നും നമ്മെ ചൂഴ്ന്നു നിൽക്കുന്നു .എങ്കിലും നിയമത്തിന്റെയും നീതിയുടെയും ഒരു ലാഞ്ചന എങ്കിലും കാട്ടാൻ അക്കാലത്ത് പോലും അധികൃതർ കിണഞ്ഞു ശ്രമിച്ചിരുന്നു .എന്നാൽ ഏതു വിധേനെയും തങ്ങളുടെ അണികളെ സംരക്ഷിക്കുന്ന ഒരു സംവിധാനം വരുന്നതോടെ ധാർമികമായ അന്തസത്ത നഷ്ടപ്പെടുന്നു .മാത്രമല്ല അത്തരം വ്യവസ്ഥിതിയിൽ ആദിവാസികളെ വഴിയിൽ കെട്ടിയിട്ടു കൊലപ്പെടുത്തുമ്പോൾ ആർക്കും അത് ഒരു അപഭ്രംശമായി പോലും തോന്നില്ല എന്നതാണ് ദയനീയം ..പാർട്ടി ഏതായാലും ആർജ്ജവത്തോടെ നീതി നടപ്പാകും എന്നാ ധാരണ സൃഷ്ടിച്ചാൽ മാത്രമേ ഇത്തരം സംഭവങ്ങൾക്ക് അറുതിയുണ്ടാകൂ .എല്ലാം പാർട്ടിയുടെ കണ്ണിൽ കൂടി കണ്ടാൽ സമൂഹത്തിൽ ഒരു ചർച്ചയും നടക്കില്ല. ഇരകൾക്ക് നീതി നിഷേധിക്കപ്പെടും. ഇപ്പോൾ ആശമാരുടെ സമരത്തിൽ നാം കാണുന്നതും ഇതേ അപലപനീയമായ മനോഭാവമാണ് .തങ്ങളുടെ വോട്ട് ബാങ്ക് ആയ സർക്കാർ ഉദ്യോഗസ്ഥർ ആയിരുന്നു ഇങ്ങനെ സമരത്തിനു ഇറങ്ങിയിരുന്നതെങ്കിൽ എന്താകുമായിരുന്നു ഇവിടത്തെ രാഷ്ട്രീയ നേതൃത്വത്തിൻറെ പ്രതികരണം .പക്ഷെ ആശമാർ ആർക്കും അവഗണിക്കാവുന്ന ഒരു വിഭാഗമാണല്ലോ . സഹജീവികളുടെ നെഞ്ചിൽ ഉണ്ടാകുന്ന ഓരോ മുറിവും തൻറെ തൻറെ മേൽ ഏൽക്കുന്ന മുറിവാണെന്നു അറിയുന്ന ഒരു ഭരണാധികാരിക്കേ ഇത്തരം അക്രമവും അനീതിയും അവസാനിപ്പിക്കാനാകൂ.കുടുതൽ പേരെ സമത്വത്തിലേക്ക് നയിക്കാനാകൂ .അത് ഇന്നും എത്രയോ അകലെയാണ്. എന്നാണു അടുത്ത ഇര ഉണ്ടാകുക എന്ന് കാത്തിരിക്കാൻ മാത്രമാണ് ഇന്ന് ഇപ്പോൾ നമ്മുടെ വിധി !



*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

CONTENTS





06 മുഖലേഖനം
അടിയന്തരാവസ്ഥയുടെ 50 വർഷങ്ങൾ
പി എസ് ജോസഫ്

18 നോവൽ ഭാഗങ്ങൾ
രാത്രി മുതൽ രാത്രി വരെ എത്രയോ അറിയപ്പെടാത്തവർ ...
പി കെ ശ്രീനിവാസൻ

31 അടിയന്തരാവസ്ഥയും ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥയും
ഒ കെ ജോണി

37 നോവൽ
ഒന്നാമത്തെ ദിവ്യരഹസ്യം
ജോസഫ് എബ്രഹാം

47 ചെറുകഥ
ഒറ്റ നോട്ട് 500 രൂപ
സിന്ധു തോമസ്

53 സിനിമ
ഫുലെ: ചരിത്രത്തിന്റെ പുനരാവിഷ്ക്കാരം
എബ്രാഹം തോമസ്

55 ചെറുകഥ
തർപ്പണം
ശ്രീനിവാസൻ ഭാസ്ക്കരൻ

62 കവിത
പൊടി(ക്കൈ)കൾ
ഡോ. യഹ്‌യ. വി. പി

63 കവിത
ഒരുത്തി
മ്യൂസ് മേരി ജോർജ്

കവിത
ആത്മാവിന്റെ തുണ
മുഹമ്മദ് അഫ്റോസ് ചേകനൂർ

65 സിനിമ
കെയിറ്റ് വിൻസ്ലേറ്റ്: അഭിനയത്തിന്റെ സൂക്ഷ്മ തലങ്ങൾ
കല്പന പാണ്ഡേ

71 ചെറുകഥ
ജനിമൃതികൾക്കപ്പുറത്ത്
രാജീവ് പഴുവിൽ

73 സംഗീതം
പാഴ് മുളം തണ്ടിൽ പാട്ടിന്റെ പാലാഴി
വിജയ് സി എച്ച്


77 എൻറെ സംഗീത യാത്രകൾ
സംഘഗായകർ
എസ് രാജേന്ദ്ര ബാബു


82 നാടൻ കല
രഞ്ജിനി :അന്യം നിന്ന് പോകുന്ന കലക്ക് ശാപമോക്ഷം
വിജയ സി എച്ച്

88 ചിത്രലോകം









FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555



# അടിയന്തരാവസ്ഥയുടെ 50 വർഷങ്ങൾ


**സ്വാതന്ത്ര്യം മോഹിക്കുന്ന ഓരോ ഇന്ത്യാക്കാരനും ഒരിക്കലും മറക്കരുതാത്ത ഒരു കെട്ട കാലം ; എന്നെന്നും നില നിൽക്കുന്ന കറുത്ത പാഠങ്ങൾ**

**പി എസ് ജോസഫ്**

ഇന്ത്യൻ ജനാധിപത്യത്തിൻ്റെ ചരിത്രത്തിൽ തീരാക്കളങ്കമായ അടിയന്തരാവസ്ഥയുടെ 21 മാസം നീണ്ട ഇരുണ്ട ദിനരാത്രങ്ങൾക്ക് തുടക്കമിട്ട 2025 ജൂൺ 25 നു അമ്പതു വർഷം തികയുന്നു .

# THE EMERGENCY

## 25 JUNE 1975-1977



അടിയന്തരാവസ്ഥാ പ്രഖ്യാപനം നടന്നിട്ട് അര നൂറ്റാണ്ടു കഴിഞ്ഞെങ്കിലും ഇന്നും അത് സൃഷ്ടിച്ച പ്രകമ്പനങ്ങൾ നമ്മെ വേട്ടയാടുന്നു .ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക്  നയിച്ച ധീരരായ സ്വാതന്ത്ര്യ സമരസേനാനികളുടെ ചിന്തയിലും സങ്കൽപ്പത്തിലും നിറഞ്ഞു നിന്ന ,വിലങ്ങുകളും വിലക്കുകളും ഇല്ലാത്ത, സ്വാതന്ത്ര്യത്തിന്റെ പറുദീസ ബുൾഡോസർ ഭരണത്തിനും നിർബന്ധിത വന്ധ്യംകരണത്തിനും കസ്റ്റഡി മരണങ്ങൾക്കും ഉദ്യോഗസ്ഥരാജിനും കടുത്ത സെൻസർഷിപ്പിനും വിധേയമായി .1977 മാർച്ച് 23 നു ഉപരാഷ്ട്രപതി ബി ഡി ജട്ടി പ്രധാനമന്ത്രി ഇന്ദിര ഗാന്ധിയുടെ ഉപദേശത്തിൽ  അടിയന്തരാവസ്ഥ പിൻവലിച്ചപ്പോൾ ഒരിക്കൽ കൂടി സ്വാതന്ത്ര്യം പിറന്നു . അതിന്റെ വില എത്രയോ വലുതായിരുന്നു എന്നറിയിച്ചു കൊണ്ടു .  അധികാരത്തെ  എങ്ങനെ അടിച്ചമർത്തലിന് നിയമപരമായി തന്നെ ഉപയോഗിക്കാനാകും എന്ന് വരും ഭരണകൂടങ്ങൾക്ക് അത് പറയാതെ പറഞ്ഞു കൊടുത്തു .അടിയന്തരാവസ്ഥ




പ്രഖ്യാപിക്കാതെ തന്നെ അടിച്ചമർത്തൽ നടത്താനാകുമെന്ന് ഇന്ദിരയും സഞ്ജയ ഗാന്ധിയും അവരുടെ അനുചരരും വ്യക്തമായി കാട്ടിത്തന്നു . എന്ത് കൊണ്ടു ഇന്നും അടിയന്തരാവസ്ഥയെ കുറിച്ചുള്ള ഓർമ്മകൾ കുടുതൽ പ്രസക്തമാകുന്നു ?

അടിയന്തരാവസ്ഥക്കാലത്ത് സാങ്കേതികമായി സമ്പൂർണ്ണമായി നിയന്ത്രിക്കാവുന്ന ,വാർത്താവിനിമയ സൗകര്യം കൊണ്ടും ഡിജിറ്റൽ നിയന്ത്രണങ്ങൾ കൊണ്ടും വരുതിയിൽ നിർത്താവുന്ന ഒരു യുണിറ്റ് എന്ന് വിശേഷിപ്പിക്കാവുന്ന കേന്ദ്രീകൃതമായ ഇന്ത്യ ആയിരുന്നില്ല നിലവിൽ ഉണ്ടായിരുന്നത് . . കേന്ദ്രത്തിൽ ഭരണം കോൺഗ്രസ്സിനു ആയിരുന്നു എങ്കിലും അതിശക്തരായ മുഖ്യമന്ത്രിമാർ ഉണ്ടായിരുന്ന കാലം കൂടിയായിരുന്നു അത് .അതേ പോലെ ഡൽഹിയെ കേന്ദ്രീകരിച്ചു നിന്നിരുന്ന സഞ്ജയ് ഗാന്ധിയുടെയും അനുചരന്മാരുടെയും പ്രവർത്തനങ്ങൾ എല്ലാ ഇടത്തേക്കും പൂർണ്ണതോതിൽ വ്യാപിച്ചില്ല .എങ്കിലും സഞ്ജയ് നയിച്ച യൂത്ത് കോൺഗ്രസ്സിന്റെ അംഗസംഖ്യ 70 ലക്ഷമായി കുതിച്ചുയർന്നു. അവർ ഏകാധിപത്യ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളിലെ എന്ന പോലെ പാർട്ടിയുടെ കണ്ണും കാതും ആയി പ്രതിയോഗികളെ വരിഞ്ഞു മുറുക്കി .ഇവിടെയും താരതമ്യേന തെക്കും വടക്കുമായി ഒരു വിഭജനം തന്നെ കാണാം . ഇന്ത്യയുടെ ഹൃദയ മേഖലയിൽ നിന്ന് വ്യത്യസ്തമായി ചെറിയ അളവിൽ മാത്രമേ ദക്ഷിണ ഇന്ത്യയിൽ അടിച്ചമർത്തൽ ഉണ്ടായുള്ളൂ .അതാകട്ടെ 77 ഇലെ പൊതു തെരഞ്ഞെടുപ്പിൽ വ്യത്യസ്തമായ ജനവിധിയിൽ പ്രതിഫലിക്കുകയും ചെയ്തു .

> **ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച ധീരരായ സ്വാതന്ത്ര്യ സമരസേനാനികളുടെ ചിന്തയിലും സങ്കൽപത്തിലും നിറഞ്ഞു നിന്ന ,വിലങ്ങുകളും വിലക്കുകളും ഇല്ലാത്ത ,സ്വാതന്ത്ര്യത്തിന്റെ പറുദീസ ബുൾഡോസർ ഭരണത്തിനും നിർബന്ധിത വന്ധ്യംകരണത്തിനും കസ്റ്റഡി മരണങ്ങൾക്കും ഉദ്യോഗസ്ഥരാജിനും കടുത്ത സെൻസർഷിപ്പിനും വിധേയമായി .**

### അടിയന്തരാവസ്ഥയുടെ തുടക്കം

കോൺഗ്രസിൽ സിണ്ടിക്കേറ്റിലെ മുതിർന്ന രാഷ്ട്രീയ നേതാക്കളെ നിലം പരിശാക്കുകയോ അപ്രസക്തരാക്കുകയോ ചെയ്തു കൊണ്ടാണ് ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസിലെ പുതിയ കൂറ്റുകാർ അധികാര രാഷ്ട്രീയം പിടിച്ചെടുത്തത് .കാമരാജ് ,നിജലിംഗപ്പ ,സഞ്ജീവറെഡ്ഡിപോലെയുള്ളവർ നയിച്ച പഴയ സംഘടനാകോൺഗ്രസ്സിന്റെ ചാരത്തിലൂടെയായിരുന്നു ഇന്ദിരയുടെ ഉയിർത്തെഴുനേല്പ്പ്..ബംഗ്ലാദേശിന്റെ രൂപീകരണത്തിൽ കലാശിച്ച ,ഇന്ത്യ പാക് യുദ്ധത്തിലൂടെ അതിശയകരമായ പ്രതിച്ഛായ നേടിയ ഇന്ദിര അത് മുതലാക്കി നേരത്തെ ലോകസഭ പിരിച്ചു വിട്ടു നടത്തിയ തെരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷം നേടി.പുരുഷ മന്ത്രിമാരുടെ ഒരു സംഘത്തെ നയിക്കുന്ന ഏക വനിത എന്ന പേരും അവർ സ്വായത്തമാക്കി .ഇതാകട്ടെ ഇന്ദിരയാണ് ഇന്ത്യ ഇന്ത്യയാണ് ഇന്ദിര എന്ന കോൺഗ്രസ് പ്രസിഡണ്ട് ഡി കെ ബറുവയുടെ കുപ്രസിദ്ധമായ മുദ്രാവാക്യത്തിനു വഴിതെളിച്ചു. അങ്ങനെ വൈതാളികന്മാരാൽ ചുറ്റപ്പെട്ടു കഴിയുമ്പോഴായിരുന്നു 1971 ലെ പൊതു തെരഞ്ഞെടുപ്പിൽ റായിബറേലിയിൽ നിന്നുള്ള അവരുടെ തെരഞ്ഞെടുപ്പു വിജയം അലഹബാദ് ഹൈക്കോടതി റദ്ദാക്കിയത് .

ഇന്ദിരയുടെ കീഴിൽ ഉദ്യോഗസ്ഥൻ ആയിരുന്ന യശ്പാൽ കപൂർ ഉദ്യോഗത്തിലിരിക്കെ അവർക്കായി പ്രവർത്തിച്ചു എന്നായിരുന്നു ഒരു ആരോപണം .1971 ജനുവരി ഏഴു മുതലാണ് അദ്ദേഹം ഇന്ദിരയുടെ പ്രചാരണ മാനേജർ ആയത് .ഏഴു ദിവസം കഴിഞ്ഞു അദ്ദേഹം രാജി വെച്ചു 25നു രാജി സ്വീകരിക്കപ്പെട്ടു .

അതേപോലെ പ്രചാരണ യോഗങ്ങളിൽ വേദി നിർമ്മിക്കുന്നതിന് സർക്കാർ സംവിധാനം ഉപയോഗിച്ചു എന്നായിരുന്നു മറ്റൊരു ആരോപണം .പൊതുവേ ഇത് നടക്കുന്നതാണെന്ന് വാദം ഉയര്ന്നുവെങ്കിലും ജഡ്ജി അത് ശരി വെച്ചില്ല ഒരു ലക്ഷം വോട്ടിനായിരുന്നു രാജ് നാരായൺ തോറ്റത് എന്നതും ഇവി

ടെ സ്മരണീയം .... ഒരു പാർക്കിംഗ് ടിക്കറ്റിനു ഭരണം പോകേണ്ട നില എന്ന് ഗാർഡിയൻ ഇതേ പറ്റി എഴുതി .

ഹൈക്കോടതി വിധിയായിരുന്നു അടിയന്തര പ്രതികരണത്തിന് കാരണമെങ്കിലും ഇന്ത്യ മുഴുവൻ പുകയുകയായിരുന്നു. എല്ലാം കൈപ്പിടിയിൽ എന്ന് കരുതിയിരുന്ന ഇന്ദിരയെ ഭീതിയിലാഴ്ത്തിയ തെരഞ്ഞെടുപ്പു ഫലമായിരുന്നു 1975 ജൂൺ 12 നു ഗുജറാത്തിൽ ഉണ്ടായത് .ഗുജറാത്ത് നിയമസഭ തെരഞ്ഞെടുപ്പിൽ ആദ്യമായി കോൺഗ്രസ്സിനു ഭൂരിപക്ഷം നഷ്ടപ്പെട്ടു .ജനത

**അലഹബാദ് ഹൈക്കോടതി വിധിയായിരുന്നു അടിയന്തര പ്രതികരണത്തിന് കാരണമെങ്കിലും ഇന്ത്യ മുഴുവൻ പുകയുകയായിരുന്നു. എല്ലാം കൈപ്പിടിയിൽ എന്ന് കരുതിയിരുന്ന ഇന്ദിരയെ ഭീതിയിലാഴ്ത്തിയ തെരഞ്ഞെടുപ്പു ഫലമായിരുന്നു1975 ജൂൺ 12 നു ഗുജറാത്തിൽ ഉണ്ടായത് . ഗുജറാത്ത് നിയമസഭ തെരഞ്ഞെടുപ്പിൽ ആദ്യമായി കോൺഗ്രസ്സിനു ഭൂരിപക്ഷം നഷ്ടപ്പെട്ടു . ജനത മോർച്ചയാണ് അവിടെ വിജയിച്ചത്**

## ബംഗ്ലാദേശ് വിമോചനവും അടിയന്തരാവസ്ഥയും

പശ്ചിമ പാകിസ്ഥാൻ കിഴക്കൻ പാകിസ്ഥാന് നേരെ നടത്തിയ ആക്രമണത്തിൽ കിഴക്കൻ ബംഗാളിനൊപ്പം നിന്ന് പാക് സൈന്യത്തെ കീഴടക്കിയത് ഇന്ദിര ഗാന്ധിയുടെ തൊപ്പിയിൽ സ്വർണ്ണത്തൂവലുകൾ ചാർത്തി .അവരെ ദുർഗയെന്നും ജാൻസി റാണിയെന്നുമെല്ലാം പ്രതിയോഗികൾ വരെ വിളിച്ചു .യു എസിനെയും ചൈനയെയും വെല്ലുവിളിച്ചായിരുന്നു ആ യുദ്ധത്തിൽ ഇന്ത്യയുടെ വിജയം .ചിറ്റഗോങ്ങിൽ ജനറൽ നിയാസിയുടെ നേതൃത്വ



മോർച്ചയാണ് അവിടെ വിജയിച്ചത്. അതായത് സംഘടനാ കോൺഗ്രസ്.

നൂറിലേറെ തവണ പ്രധാന മന്ത്രി തന്നെ അവിടെ പ്രചാരണം നടത്തിയെങ്കിലും ഗുജറാത്തിൽ 182 ഇൽ 75(140) സീറ്റുകൾ മാത്രമേ അവർക്ക് നേടാനായുള്ളൂ .ഇതിനു പുറമേയായിരുന്നു ജയപ്രകാശ് നാരായണന്റെ നേത്രത്വത്തിൽ അഴിമതിക്കും സ്വേച്ചാധിപത്യത്തിനും നേരെ നടന്നു വന്ന സമ്പൂർണ്ണ വിപ്ലവം . ജൂൺ 25 നു രാംലീല മൈതാനത്തു ജെ പിയുടെ നേതൃത്വത്തിൽ ഒരു വമ്പൻ പ്രകടനം നടത്തി പ്രക്ഷോഭം രാജ്യവ്യാപകമാകാൻ ശ്രമിക്കവെയായിരുന്നു ഇന്ദിര അതിനു കടുത്ത മറുപടി തേടിയത് .

രാജ്യവ്യാപകമായി ജൂൺ 29 നു പ്രക്ഷോഭം വ്യാപിക്കാൻ പ്രതിപക്ഷ കക്ഷികൾ തീരുമാനിച്ചിരിക്കെ ആയിരുന്നു ഇടിവെട്ടുപോലെ അടിയന്തരാവസ്ഥാ പ്രഖ്യാപനം

ത്തിൽ പാക് സൈന്യം ലഫ് ജനറൽ അറോറയുടെ മുന്നിൽ അടിയറവു പറയവേ ഇന്ദിരയുടെ രാഷ്ട്രീയ ഗ്രാഫ് ആകാശം മുട്ടെ ഉയർന്നു . വ്യക്തിപൂജ ഉയർന്ന തലത്തിൽ എത്തി .ബംഗ്ലാദേശ് രൂപികരിച്ച 1971 ഡിസംബർ മൂന്നിന് തന്നെ ഇന്ത്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു . വൈദേശികമായ ഭീഷണി നേരിടാൻ ഉദ്ദേശിച്ചു കൊണ്ടായിരുന്നു ഈ നീക്കം .കാൽ നൂറ്റാണ്ടു മുൻപ് ഭരണഘടന എഴുതിയവർ ആഭ്യന്ത

രമായും വൈദേശികമായും ഭീഷണി ഉണ്ടായാൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാം എന്ന് ഭരണഘടനയുടെ 352 വകുപ്പിൽ വ്യവസ്ഥ ചെയ്തിരുന്നു .ആ അടിയന്തിരാവസ്ഥ നില നിൽക്കുമ്പോൾ ആയിരുന്നു പുതിയ പ്രഖ്യാപനം .ആഭ്യന്തര മന്ത്രി ബ്രഹ്മാനന്ദ റെഡ്ഡി തന്നെ അത് ചൂണ്ടിക്കാട്ടുകയും ചെയ്തു . വൈദേശിക ആക്രമണത്തെ ചൊല്ലിയായിരുന്നു ആദ്യ പ്രഖ്യാപനം എന്നും ഇത് ആഭ്യന്തര ഭീഷണിയെ തുടർന്നാണെന്നും നിയമജ്ഞനും ഇന്ദിരയുടെ അടുത്ത ഉപദേശകനു

**ജൂൺ 25 നു രാംലീല മൈതാനത്തു ജെ പിയുടെ നേതൃത്വത്തിൽ ഒരു വമ്പൻ പ്രകടനം നടത്തി പ്രക്ഷോഭം രാജ്യവ്യാപകമാകാൻ ശ്രമിക്കവെയായിരുന്നു ഇന്ദിര അതിനു കടുത്ത മറുപടി തേടിയത് . രാജ്യവ്യാപകമായി ജൂൺ 29 നു പ്രക്ഷോഭം വ്യാപിക്കാൻ പ്രതിപക്ഷ കക്ഷികൾ തീരുമാനിച്ചിരിക്കെ ആയിരുന്നു ഇടിവെട്ടുപോലെ അടിയന്തരാവസ്ഥാ പ്രഖ്യാപനം**

റെ നടപടികൾ എന്ന് വാദിക്കാൻ സമർത്ഥമായിരുന്നു ഇന്ദിര കരുക്കൾ നീക്കിയത് .

അടിയന്തരാവസ്ഥയെ കുറിച്ചുള്ള ചർച്ചകളിൽ ഇന്നും നിറഞ്ഞു നിൽക്കുന്നത് അബുവിൻറെ കാർട്ടൂൺ ആണ് .രാഷ്ട്രപതി ഫക്രുദീൻ അഹമ്മദ് ബാത്ത് ടബ്ബിൽ ഇരുന്നു പ്രഖ്യാപനത്തിൽ ഒപ്പ് വെച്ചുകൊണ്ടു ഇനി വേറെ ബില്ലുണ്ടോ എന്ന് ചോദിക്കുന്ന നിശിതമായ പരിഹാസചിത്രം ...പക്ഷെ ഏറെ സമയം എടുത്തു രാത്രി 11 4 5നാണു ആ പ്രഖ്യാപനത്തിൽ അദ്ദേഹം ഒപ്പ്



മായ പശ്ചിമ ബംഗാളിന്റെ മുഖ്യമന്ത്രി സിദ്ധാർത്ഥ ശങ്കർ റേ അവയെ വേർതിരിച്ചു വാദിച്ചു അദ്ദേഹവുമായാണ് ഇന്ദിര അടിയന്തിരാവസ്ഥ പ്രഖ്യാപനവുമായി 25 നു വൈകുന്നേരം രാഷ്ട്രപതി ഫക്രുദീൻ അലി അഹമ്മദിന്റെ അടുത്തു പോയത് . മന്ത്രിസഭ ചേർന്നായിരുന്നില്ല പ്രഖ്യാപനം തയാറാക്കിയത് . മന്ത്രിസഭയുടെ അംഗീകാരത്തോടെയായിരുന്നില്ല ആ തീരുമാനം . .അടുത്ത ദിവസം രാവിലെ ഏഴുമണിക്ക് മന്തിസഭാ യോഗം ചേർന്നപ്പോൾ

പ്രതിരോധ മന്ത്രി സ്വരൻ സിംഗ് അതിന്റെ സാംഗത്യം ചോദ്യം ചെയ്തു. ഇന്ദിര നിശ്ശബ്ദത പാലിച്ചു. മറ്റുള്ളവർക്ക് ആ നിശബ്ദതയുടെ അർഥം നന്നായി മനസ്സിലായി . അധികാരത്തിൻറെ എച്ചിൽ കഷണങ്ങൾ കഴിച്ചു തടിച്ചിരുന്ന ആ രാഷ്ട്രീയ നേതാക്കൾക്ക് ഇന്ദിരയുടെ മുൻപിൽ മറുവാക്ക് പറയാൻ നാവു പൊന്തുമായിരുന്നില്ല.മാത്രമല്ല അത് അവരുടെ ഏകാധിപത്യ പ്രവണതകളെ പുറത്തു കൊണ്ടു വരുകയും ചെയ്തു .നിയമപരമായിരുന്നു തൻ

ചാർത്തിയത് .അതോടെ അർദ്ധരാത്രിയിൽ എല്ലാവരുടെയും വാതിലിൽ പോലീസ് മുട്ടി . പ്രതിപക്ഷ നേതാക്കൾ ,ജെ പി ,ജെപി പ്രസ്ഥാനവുമായി സഹകരിക്കുന്നവർ കോൺഗ്രസിലെ തന്നെ വിമതർ ,പത്ര ഉടമകൾ തുടങ്ങിയവർ ആയിരുന്നു അന്ന് രാത്രി അറസ്റ്റ് ചെയ്യപ്പെട്ടത് ജയ പ്രകാശ് നാരായണൻ ,മൊറാർജി ദേശായി , മധു ലിമയെ ,ജനസംഘ് നേതാവ് എൽ കെ അദ്വാനി ,സി പി എം നേതാവ് ജ്യോതി ബസു ,റായി ബറെലിയിൽ

റെ ഇന്ദിരക്കെതിരെ മത്സരിച്ച രാജ് നാരായൺ,കോൺഗ്രസിലെ യുവ തുർക്കികൾ മോഹൻ ധാരിയ ,ചന്ദ്ര ശേഖർ തുടങ്ങിയവർ അറസ്റ്റിൽ ആയവരിൽ ഉൾപ്പെടുന്നു .നേരത്തെ തന്നെ അവരുടെ പട്ടികകൾ തയ്യാറാക്കിയിരുന്നു എന്ന് വ്യക്തം . അതോടൊപ്പം ന്യൂഡൽഹിയിൽ പത്രങ്ങളിലേക്കുള്ള വൈദ്യുതി കട്ട് ചെയ്തു ..വാർത്തകൾ പുറത്തു വരരുതെന്നതായിരുന്നു ഉദ്ദേശം ..21 മാസങ്ങൾ നീണ്ട കിരാത ഭരണത്തിൻറെ തുടക്കമായിരുന്നു അത് . അതോടൊപ്പം കടുത്ത സെൻസർ ഷിപ്പും തുടങ്ങി .

അടിയന്തരാവസ്ഥ പ്രഖ്യാപനത്തോടെ ഭരണഘടന വാഗ്ദാനം ചെയ്തിരുന്ന മൗലിക അവകാശങ്ങൾ സസ്പെൻഡ് ചെയ്യപ്പെട്ടു . ഇന്ത്യൻ പൗരൻ അധികാര ശക്തികളുടെ കൈകളിലെ കളിപ്പാവയായി .സ്വത്തിനും ജീവനുമുള്ള അവകാശം ,സ്വതന്ത്രമായ ആവിഷ്കാരത്തിനും സംസാരത്തിനുമുള്ള അവകാശം, ആയുധമില്ലാതെ സമാധാനപരമായി സമ്മേളിക്കാനുള്ള അവകാശം തുടങ്ങിയ പൌരനു ഭരണഘടന ഉറപ്പു നൽകിയ അവകാശങ്ങൾ ഒറ്റയടിക്ക് ഇല്ലാതായെന്നു സർക്കാർ കരുതി . ഇതിനെതിരെ സുപ്രീം കോടതിയിൽ ഹർജി നൽകിയെങ്കിലും അത് തള്ളപ്പെട്ടു . എച് ആർ ഖന്നയാണ് ശക്തമായി മൌലികാവകാശങ്ങൾക്ക് വേണ്ടി നിലകൊണ്ടത് .ഒരു പക്ഷെ കടമ നിർവഹിക്കാതെ പോയ ജുഡിഷ്യറിയുടെ ചരിത്രത്തിൽ തിളക്കമുള്ള അധ്യായമായി അദേഹത്തിന്റെ വിയോജനകുറിപ്പ്. മൌലികാവകാശം സംരക്ഷിക്കാൻ വിധിയെഴുതിയ ആ ധീരനായ ജഡ്ജിക്ക് ചീഫ് ജസ്ടീസ് പദവി നഷ്ടമായി പിന്നിട് അടിയന്തിരാവസ്ഥ പിൻവലിച്ചതിനു ശേഷം ശേഷം മൌലികാവകാശം ഭരണഘടനയുടെ ആധാരശിലയാണെന്നും അതിൽ മാറ്റം വരുത്താൻ സർക്കാരുകൾക്ക് അവകാശമില്ലെന്നും സുപ്രീം കോടതി തന്നെ തിരുത്തി .അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാനുള്ള കാരണങ്ങളിലും വ്യക്തമായ നിയന്ത്രണം വരുത്തി .

**വൈദേശിക ആക്രമണത്തെ ചൊല്ലിയായിരുന്നു ആദ്യ പ്രഖ്യാപനം എന്നും ഇത് ആഭ്യന്തര ഭീഷണിയെ തുടർന്നാണെന്നും നിയമജ്ഞനും ഇന്ദിരയുടെ അടുത്ത ഉപദേശകനുമായ പശ്ചിമ ബംഗാളിന്റെ മുഖ്യമന്ത്രി സിദ്ധാർത്ഥ ശങ്കർ റേ അവയെ വേർതിരിച്ചു വാദിച്ചു അദ്ദേഹവുമായാണ് ഇന്ദിര അടിയന്തിരാവസ്ഥ പ്രഖ്യാപനവുമായി 25 നു വൈകുന്നേരം രാഷ്ട്രപതി ഫക്രുദീൻ അലി അഹമ്മദിന്റെ അടുത്തു പോയത്**

രാജ്യം ഇതേ പൊലെയുള്ള വെല്ലുവിളികൾ നേരിടുന്ന ഈക്കാലത്ത് രണ്ടാം നമ്പർ കോടതിയിലെ അദ്ദേഹത്തിന്റെ സാന്നിധ്യം ഇപ്പോഴും ചർച്ചയാകുന്നു എന്നത് ആ പാവനമായ വ്യക്തിത്വത്തിന്റെ മഹത്വം വ്യക്തമാക്കുന്നു .

ഗുജറാത്തിൽ കോൺഗ്രസ് സർക്കാരിന് നേരെയുണ്ടായ ആക്രമണവും മന്ത്രിമാരെയും എം എൽ ഏമാരെയും തെരഞ്ഞു പിടിച്ചു രാജി വെയ്പിച്ചതും ഇന്ദിരയുടെ വഴിപിഴച്ച രാഷ്ട്രീയ പോക്കിൽ ആശങ്കപൂണ്ട ജയപ്രകാശ് നാരായണന്റെ സമ്പൂർണ്ണ വിപ്ലവത്തിനുള്ള ആഹ്വാനവും ആണ് ഇന്ദിര സർക്കാരിനെ പിടിച്ചുലച്ചത്. (യു പി ഏ സർക്കാരിനെതിരെ പിന്നിട് അണ്ണാ ഹസാരെയും ജന്തർ മന്ദിറിൽ ഇതേ മാർഗം ഫലവത്തായി ഉപയോഗിച്ചു). നിയമപരമല്ലാത്ത നിർദേശങ്ങൾ അധികാരികളിൽ നിന്നു ഉണ്ടായാൽ അത് തിരസ്കരിക്കണമെന്നു അദ്ദേഹം ബ്യൂറോക്രസിയോടും സൈന്യത്തോടും ജൂൺ 25 നു രാം ലീല മൈതാനിലെ പ്രസംഗത്തിൽ ആഹ്വാനം ചെയ്തു . തികഞ്ഞ ഗാന്ധിയനായ അദ്ദേഹത്തിന്റെ അനിഷേധ്യമായ ധാർമ്മിക പ്രഭാവം മൂലം അത്തരമൊരു ആഹ്വാനം ആപൽക്കരമാകാനുള്ള സാധ്യത വലുതായിരുന്നു . രാജ്യത്ത് ശക്തമായ സാന്നിധ്യം ഉറപ്പിച്ചിരുന്ന ആർ എസ് എസ് ജെപി പ്രസ്ഥാനത്തിന് ശക്തമായ പിന്തുണ നൽകിയതോടെ ഒരു ഏറ്റുമുട്ടൽ ഉണ്ടാകും എന്ന സൂചന ശക്തിപ്പെട്ടു .കോൺഗ്രസ്സിൽ ആകട്ടെ മോഹൻ ധാരിയയും ചന്ദ്രശേഖറും അടങ്ങുന്ന യുവ തുർക്കികൾ ഇന്ദിരക്കെതിരെ ശക്തമായ വിമർശനം ഉയർത്തി .ഈ സാഹചര്യത്തിലാണ് കുപ്രസിദ്ധമായ ഗൂഡാലോചന സിദ്ധാന്തങ്ങൾ രംഗപ്രവേശം ചെയ്തത് . വിദേശ കരങ്ങൾ ഈ പ്രവർത്തനങ്ങൾക്ക് പിന്നിൽ ഉണ്ടെന്നു അടിയന്തിരാവസ്ഥ പ്രഖ്യാപനത്തിന് മുൻപും പിൻപും ഇന്ദിര ആവര്ത്തിച്ചു . ഇതിനു തൊട്ടു മുൻപ് സുപ്രീം കോടതിയിലെ വി ആർ കൃഷ്ണയ്യരുടെ വെക്കേഷൻ ബെഞ്ച് അലഹബാദ് ഹൈ കോടതി വിധിക്ക് സ്റ്റേ നൽകി .സഭയിൽ വോട്ട് ചെയ്യരുത് , ശമ്പളം കൈപ്പറ്റരുത് എന്നീ ഉപാധികളോടെയായിരുന്നു സ്റ്റേ .പ്രതിപക്ഷം ഇതൊരു വലിയ അവസരമായി കണ്ടു .

### കിരാതമായ നരനായാട്ട്

തിരിഞ്ഞു നോക്കുമ്പോൾ കംബോഡിയ ,റഷ്യ ,ജർമനി തുടങ്ങിയ രാജ്യങ്ങളിലെ ഏകാധിപത്യങ്ങളെ പോലെ ഇന്ത്യയിലെ ഇന്ദിര ഭരണം രാജ്യത്തെ മുഴുവൻ തടവറയാക്കുകയോ ലക്ഷക്കണക്കിന് പേരെ തോക്കിൻ കുഴലിനു ഇരയാക്കുകയോ ചെയ്തില്ല പോൾ പോട്ടിനെ പോലെ ഇരകളുടെ തലയോടുകൾ കൊണ്ടു വലിയ കാഴ്ച ബംഗ്ലാവും ഉണ്ടാക്കിയില്ല .എന്തിനു. സിവിൽ സർവീസ് പോലും ഉടച്ചു വാർത്തില്ല .കസ്റ്റഡി മരണംതാരതമ്യേനെ കുറവായിരുന്നുവെന്നു ഷാ കമ്മീഷൻ റിപ്പോർട്ട് അപൂർണ്ണമാണെങ്കിലും വ്യക്തമാക്കുന്നു . തുർക്ക് മാൻ ഗേറ്റ് പോലെയുള്ള ഇടങ്ങളിൽ നടത്തിയ പോലിസ് വെടിവെയ്പ്പിൽ മരിച്ചവരുടെ എണ്ണവും താഴെയായിരുന്നു .പക്ഷേ അതി ശക്തമായ ഭരണഘടനയുടെ അടിസ്ഥാനത്തിൽ അധികാരത്തിൽ ഏറിയ, ഗാന്ധിയൻ ആദർശം പിന്തുടരുന്ന പാർട്ടി ജനാധിപത്യം വെടിഞ്ഞു ഭരണം പ്രധാനമന്ത്രിയിൽ കേന്ദ്രീകരിച്ചു .കോൺഗ്രസ് ഭരണം

ഇല്ലെങ്കിൽ നാട് അറബിക്കടലിൽ
എന്ന രീതിയിൽ പ്രതികരിച്ചു എന്ന
ത് രാഷ്ട്രീയമായി അധാർമ്മികമായി
രുന്നു .മാത്രമല്ല അവർ കോളോണി
യൽ നിയമങ്ങൾ പുറത്തെടുത്തു
ജനങ്ങളെ പൊറുതി മുട്ടിച്ചു .മിസ
യും ഡി ഐ ആറും കോഫെപോ
സയും ഉപയോഗിച്ചു പ്രതിയോഗി
കളെ അവർ നിശ്ശബ്ദരാക്കി .അല്ലെ
ങ്കിൽ വിചാരണയില്ലാതെ തടവിൽ
വെച്ചു .പിൽക്കാലത്ത് ടാഡ ആയും
യു ഏ പി ഏ ആയും ഈ നിയമം
പുനർജനിച്ചു.

## സഞ്ജയ ഗാന്ധി അധികാര കേന്ദ്രമാകുന്നു

ഇതിൽ ഏറ്റവും നൃശംസമായത്
പ്രധാനമന്ത്രി ഇന്ദിരയുടെ രണ്ടാ
മത്തെ മകൻ സഞ്ജയ് ഗാന്ധി
ഭരണഘടനക്ക് അതീതനായി ഒരു
അധികാര കേന്ദ്രമായി പ്രവർത്തി
ച്ചു എന്നതാണ് .അദ്ദേഹത്തിൻറെ
സഞ്ജയ് ഗാന്ധി ബ്രിഗേഡ് ഭരണ
ത്തിലും പുറമെയും വലിയ അധി
കാര കേന്ദ്രമായി . പ്രധാനമന്ത്രിയു
ടെ ഇരുപതിന പരിപാടിയോടൊപ്പം
സഞ്ജയിന്റെ അഞ്ചിന പരിപാ
ടിയും രാജ്യത്തെ പ്രധാന വ്യവഹാ
രമായി .ആകാശവാണിയും ''കുനി
യാൻ പറഞ്ഞപ്പോൾ മുട്ടിലിഴയാൻ
തയാറായ ദിനപത്രങ്ങളും''അത്
കൊണ്ടു പൂരം സൃഷ്ടിച്ചു . നഗര
ശുദ്ധീകരണവും നിർബന്ധിത
വന്ധ്യംകരണവുമായിരുന്നു ഇതിൽ
സഞ്ജയിന്റെ ഇഷ്ട പദ്ധതികൾ.
ഷാ കമ്മിഷൻ റിപ്പോർട്ട് അനുസ
രിച്ചു ഒരു ലക്ഷത്തി പതിനായിരം
പേരെ ഈ കാലയളവിൽ അറസ്റ്റ്
ചെയ്തു തടങ്കലിൽ ആക്കി . ഒരു
കോടി പത്തു ലക്ഷം പേരെ നിർബ
ന്ധിത വന്ധ്യംകരണത്തിനു വിധേ
യരാക്കി .ചേരികളുടെ നിർമാർജ്ജ
നത്തിൽ വീടുകൾ നഷ്ടമായവരുടെ
സംഖ്യ ഭീമമായിരുന്നു .തുർക് മാൻ
ഗേറ്റിലെ ആക്രമണം ആയിരുന്നു
ദേശീയ ശ്രദ്ധ പിടിച്ചു പറ്റിയത്.
ഡൽഹിയിൽ മാത്രം അറുപതി
നായിരത്തോളം പേർക്ക് വസതി
നഷ്ടപ്പെട്ടുവെന്നു അനൗദ്യോഗിക
കണക്കുകൾ പറയുന്നു . ബുൾഡോ
സർ രാജ് നിലവിൽ വന്നു .കസ്റ്റഡി
മരണങ്ങളുടെ കഥകളും മെല്ലെ പുറ
ത്തു വന്നു കൊണ്ടിരുന്നു .പലപ്പോ
ഴും രഹസ്യ ലഘുലേഖകളായി
ആയിരുന്നു അവ രംഗത്ത് വന്നത് .

## സെൻസർ ഷിപ് എന്ന ഉമ്മാക്കി

അടിയന്തരാവസ്ഥ പ്രഖ്യാപിച്ച
രാത്രി ഡൽഹിയിൽ ദിനപത്രങ്ങൾ
പ്രസിദ്ധീകരിച്ചിരുന്ന ബഹദൂർ ഷാ
സഫർ മാർഗിലെക്കുള്ള വൈദ്യുതി
നിർത്തി വെച്ചു .അധികാരികൾ അം
ഗീകരിക്കുന്ന വാർത്തകൾ മാത്രമേ
വെളിച്ചം കാണാവൂ എന്നായിരുന്നു
നിർദ്ദേശം .ഇതിനായി സെൻസർ ഓ
ഫീസർമാരെ നിയോഗിച്ചു അതല്ലെ
ങ്കിൽ സ്വയം നിയന്ത്രണം ...ഇതിനെ
എതിർത്ത അല്ലെങ്കിൽ വഴങ്ങാത്ത

> **അടിയന്തരാവസ്ഥ പ്രഖ്യാപന
> ത്തോടെ ഭരണഘടന വാഗ്ദാനം
> ചെയ്തിരുന്ന മൗലിക അവകാശ
> ങ്ങൾ സസ്പെൻഡ് ചെയ്യപ്പെട്ടു .
> ഇന്ത്യൻ പൗരൻ അധികാര ശക്തി
> കളുടെ കൈകളിലെ കളിപ്പാവ
> യായി . സ്വത്തിനും ജീവനുമുള്ള
> അവകാശം ,സ്വതന്ത്രമായ ആവിഷ്
> കാരത്തിനും സംസാരത്തിനുമുള്ള
> അവകാശം, ആയുധമില്ലാതെ
> സമാധാനപരമായി സമ്മേളിക്കാ
> നുള്ള അവകാശം തുടങ്ങിയ പെ
> ൗരനു ഭരണഘടന ഉറപ്പു നൽകിയ
> അവകാശങ്ങൾ ഒറ്റയടിക്ക് ഇല്ലാതാ
> യെന്നു സർക്കാർ കരുതി .**

ദിനപത്രങ്ങൾ പൂട്ടിച്ചു .സെമിനാറും
മെയിൻ സ്ട്രീമും ഒർഗനൈസരും
രാക്ക് രാമാനം അപ്രത്യക്ഷമായി
കാർട്ടൂണിസ് ശങ്കർ ശങ്കേർസ് വീ
ക്കിലി നിർത്തി.ചോയുടെ തുഗ്ല
ക്കും. സഞ്ജയ ഗാന്ധിയെ വിമർ
ശിച്ച അമൃത നഹാതയുടെ കിസാ
കുർസി കാ എന്നാ സിനിമ പി
ടിച്ചെടുത്തു .അത് അവസാനം മാ
രുതി ഫാക്ടറിയിൽ കത്തി നശിച്ചു
ആകാശവാണിയിലും ടി വിയിലും.
കിഷോർ കുമാറിൻറെ ഗാനത്തിന്
വിലക്ക് ഉണ്ടായി . ഗുൽസാറിന്റെ
ആന്ധി വിലക്കപ്പെട്ടു .യു ആർ
അനന്തമൂർത്തിയുടെ സംസ്കാര
എന്ന ചിത്രത്തിൽ അഭിനയിച്ച
സ്നേഹലതാ റെഡ്ഡി കസ്റ്റഡിയിൽ
എടുത്തതിനെ തുടർന്നു മരിച്ചു .
സർക്കാരിന് തലവേദന ആയിരുന്ന
ജോർജ് ഫെര്നാണ്ടസിനെ അന്വേ
ഷിച്ചായിരുന്നു അവരെ പോലിസ്
കസ്റ്റഡിയിൽ എടുത്തത് .ഫെർണാ
ണ്ടസിന്റെ രണ്ടു സഹോദരന്മാരും ,
മൈക്കളും ലോറൻസും ,ക്രൂരമായ
മർദ്ദനങ്ങൾക്ക് വിധേയരായി . മൃത
പ്രായനായാണ് ലോറൻസ് ഫെർ
നാണ്ടസ് പോലിസ് കസ്റ്റഡിയിൽ
നിന്ന് പുറത്തു വന്നത് .

## കസ്റ്റഡി മരണങ്ങൾ വർദ്ധിക്കുന്നു

കേരളത്തിൽ കോഴിക്കോട് റീ
ജിയണൽ എഞ്ചിനീയറിംഗ് കോ
ളേജിവിദ്യാർഥി പി രാജന്റെ അറസ്റ്റ്
ആയിരുന്നു ദേശീയതലത്തിൽ
വലിയ കോളിളക്കം ഉണ്ടാക്കിയ
സംഭവം .അതെ പോലെ വർക്കല
വിജയൻറെ കസ്റ്റഡി മരണവും . .പ
ക്ഷെ അതെല്ലാം പുറത്തു വരുന്നത്
അടിയന്തിരാവസ്ഥ പിൻവലിച്ച ശേ
ഷമാണ് .അതിന്റെ നേട്ടം ഉണ്ടാക്കി
യത് സി പി എമ്മും .കരുണാകരൻ
ഭരണത്തിൽ പങ്കാളി ആയിരുന്ന സി
പി ഐ ആ കുട്ടുകെട്ടിന്റെ പേരിൽ
ഇന്നും പ്രതിക്കൂട്ടിൽ ആണ് ..പി
രാജൻറെ മരണത്തിനു ശേഷം നിര
വധി കസ്റ്റഡി മരണങ്ങൾ ഉണ്ടായെ
ങ്കിലും ഇന്നും സി അച്യുതമേനോ
ൻ ആണ് രാഷ്ട്രീയത്തിലെ ഏറ്റവും
കാപാലികനായ നേതാവ് എന്ന
ത് ഒരു വൈചിത്ര്യമാകാം .ഏറെ
ആക്രമിക്കപ്പെട്ട കെ കരുണാകരനെ
ഇടതു പക്ഷത്തേക്ക് സ്വാഗതം ചെ
യ്യാനും പാർട്ടിക്ക് മടി ഉണ്ടായില്ല
എന്നത് പ്രായോഗിക രാഷ്ട്രീയത്തി
ലെ സിനിസിസത്തിന്റെ ഏറ്റവും
വലിയ ഉദാഹരണം .വയനാട്ടിൽ സ്
കൂൾ വിദ്യാർഥിനിയായ സുലോച
നയായിരുന്നു ക്രൂരമായ കസ്റ്റഡി മർ
ദ്ദനത്തിനു ഇരയായ മറ്റൊരു വ്യക്തി
.പി രാജനൊപ്പം അറസ്റ്റ് ചെയ്യപ്പെട്ട
എബ്രഹാം ബെൻഹറും എങ്ങനെ
യോ ജീവിതത്തിൽ തിരിച്ചു വന്നു .
ഇ എം എസ് , പിണറായി വിജയൻ,
എം വി രാഘവൻ, രാധാകൃഷ്ണ
മേനോൻ ,കെ വേണു,പ്രഭാകരൻ
തുടങ്ങി ഒരു പറ്റം പേർ ജയിലിൽ
ആയി .കക്കയത്തും ശാസ്താം
കോട്ടയിലും സ്ഥാപിച്ച പോലിസ്

ക്യാമ്പിൽ നടന്ന പീഡനം അന്ന് നക്സൽ വിരുദ്ധ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത ഡി ഐ ജി ജയറാം പടിക്കൽ ക്ലോസ്ഡ സർക്ക്യൂട്ട് ടി വിയിൽ കണ്ടു രസിച്ചു .''

ആന്ധ്രയിൽ പിടികൂടിയ ഒട്ടേറെ നക്സലുകളെ ഉന്മൂലനം ചെയ്തു . ഇവിടെ ആയതു കൊണ്ടാണ് നിങ്ങൾ ജീവനോടെ ഇരിക്കുന്നതെന്ന് ജയറാം പടിക്കൽ കെ വേണു വിനോട് പരിഹാസരൂപേണെ പറഞ്ഞു .

**ഏറ്റവും നൃശംസമായത് പ്രധാന മന്ത്രി ഇന്ദിരയുടെ രണ്ടാമത്തെ മകൻ സഞ്ജയ് ഗാന്ധി ഭരണഘടനക്ക് അതീതനായി ഒരു അധികാര കേന്ദ്രമായി പ്രവർത്തിച്ചു എന്ന താണ് . അദ്ദേഹത്തിൻറെ സഞ്ജയ് ഗാന്ധി ബ്രിഗേഡ് ഭരണത്തിലും പുറമെയും വലിയ അധികാര കേന്ദ്രമായി**



## ഈച്ചര വാരിയരുടെ നീണ്ട നിയമയുദ്ധം

എഞ്ചിനീയറിംഗ് കോളേജ് വിദ്യാർഥിയായിരുന്ന പി രാജനെ 1976 മാർച്ച് ഒന്നിന് കോഴിക്കോട് യുണിവേഴ്സിറ്റിയിൽ നിന്ന് അറസ്റ്റ് ചെയ്തു കക്കയം ക്യാമ്പിൽ ക്രൂരമായി മർദ്ദിച്ചു.ഇരുമ്പ് ഉലക്ക കൊണ്ടുള്ള ഉരുട്ടലിൽ കൊല്ലപ്പെടുകയായിരുന്നു പി രാജൻ .അബോധാവസ്ഥയിൽ ആയ രാജനെ കേസിൽ ശിക്ഷിക്കപ്പെട്ട ഒരു പോലിസ് ഉദ്യോഗസ്ഥൻ ചവിട്ടി കൊലപ്പെടുത്തുകയായിരുന്നു എന്ന് ഈച്ചര വാരിയർ എന്നോടു പറയുകയുണ്ടായി പിന്നിട് ജഡം പഞ്ചസാരയിൽ പൊതിഞ്ഞു കത്തിച്ചു കക്കയം ഡാമിൽ താഴ്ത്തിയെന്നും .പക്ഷെ പി രാജനെ കസ്റ്റഡിയിൽ എടുത്തുവെന്നോ കൊല്ലപ്പെട്ടുവെന്നോ സമ്മതിക്കാൻ സർക്കാർ തയ്യാറായില്ല വാരിയരുമായി അടുപ്പം ഉണ്ടായിരുന്ന മുഖ്യമന്ത്രി സി അച്ചുത മേനോനും കൈ മലർത്തുകയാണുണ്ടായത് .കേരളം കണ്ട പ്രഗൽഭനായ മുഖ്യമന്ത്രിയുടെ രാഷ്ട്രീയ ജിവിതത്തിലെ കറുത്ത പാടായി അത് മാറി .പക്ഷെ മകന് വേണ്ടി ശക്തമായ നിയമ യുദ്ധമാണ് വാരിയർ നടത്തിയത് .അവസാനം അദ്ദേഹം സമർപ്പിച്ച ഹേബിയസ് കോർപ്പസ് ഹർജിയിൽ രാജനെ ഹാജരാക്കാൻ കേരള ഹൈ കോടതി നൽകിയ ഉത്തരവാണ് ആ ചെറുപ്പക്കാരന്റെ ഹത്യയിലേക്ക് വിരൽ ചൂണ്ടിയത് . അടിയന്തിരാവസ്ഥക്കു ശേഷം വൻ ഭൂരിപക്ഷത്തിൽ ജയിച്ചു മുഖ്യമന്ത്രിയായ കെ കരുണാകരന് മുഖ്യമന്ത്രി സ്ഥാനം തന്നെ രാജി വെയ്ക്കേണ്ടി വന്നു ..നീണ്ട നിയമയുദ്ധങ്ങൾക്ക് അവസാനം കരുണാകരൻ രക്ഷപെട്ടുവെങ്കിലും അതുമായി ബന്ധപ്പെട്ട പോലിസ് ഉദ്യോഗസ്ഥർ ജയിലിൽ ആയി .അടിയന്തരാവസ്ഥയിലെ പോലിസ് ക്രൂരതക്ക് എതിരെയുള്ള ശക്തമായ താക്കീതായി ആ നിയമ യുദ്ധം .പക്ഷെ അതൊന്നും പിന്നിടുള്ള ഭരണകൂടങ്ങളെ സ്വാധീനിച്ചതായി ഇന്നും കാണുന്നില്ല .

വ്യക്തി പൂജയും അധികാര പ്രമത്തതയും അരക്ഷിത ബോധവും ആണ് അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന് വഴി തെളിച്ചതെങ്കിൽ രാഷ്ട്രീയ വൈതാളികരും അനൗദ്യോഗിക ഗൂണ്ടകളും സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ വാർത്തെടുത്ത യൂത്ത് കോൺഗ്രസ് ബ്രിഗേഡും ആണ് ഇന്ദിരയുടെ ഭരണത്തിന്റെ ചുക്കാൻ പിടിച്ചത് തു

**ഷാ കമ്മിഷൻ റിപ്പോർട്ട് അനുസരിച്ചു ഒരു ലക്ഷത്തി പതിനായിരം പേരെ ഈ കാലയളവിൽ അറസ്റ്റ് ചെയ്തു തടങ്കലിൽ ആക്കി . ഒരു കോടി പത്തു ലക്ഷം പേരെ നിർബന്ധിത വന്ധ്യംകരണത്തിനു വിധേയരാക്കി . ചേരികളുടെ നിര്മാരജ്ജനത്തിൽ വീടുകൾ നഷ്ടമായവരുടെ സംഖ്യ ഭീമമായിരുന്നു . തുർക് മാൻ ഗേറ്റിലെ ആക്രമണം ആയിരുന്നു ദേശീയ ശ്രദ്ധ പിടിച്ചു പറ്റിയത്. ഡൽഹിയിൽ മാത്രം അറുപതിനായിരത്തോളം പേർക്ക് വസതി നഷ്ടപ്പെട്ടുവെന്നു അനൗദ്യോഗിക കണക്കുകൾ പറയുന്നു . ബുൾഡോസർ രാജ് നിലവിൽ വന്നു . കസ്റ്റഡി മരണങ്ങളുടെ കഥകളും മെല്ലെ പുറത്തു വന്നു കൊണ്ടിരുന്നു**

ടക്കത്തിൽ കോൺഗ്രസിലെ തൻറെ വിശ്വസ്തരെ ആശ്രയിച്ചിരുന്ന ഇന്ദിരക്ക് അവരും തൻറെ നടപടികൾ ശു ഷ്ക്കാന്തിയോടെ നടത്തുമെന്ന് വിചാരിച്ചിരുന്ന ബ്യൂറോക്രസിയും അനഭിമതർ ആയതോടെ സഞ്ജയ ഗാന്ധിയുടെ കുട്ടിപ്പട്ടാളം ആണ് ആശ്രയമായി മാറിയത് .ഭസ്മാസുരന് വരം കൊടുക്കുന്ന പോലെയായിരുന്നു അത് .

പുതിയ ഭരണത്തിൻറെ തുടക്കത്തിൽ ,തൻറെ ഭരണത്തിൻറെ ആറാം വർഷത്തിൽ ഇന്ദിര ഇരുപതിന പദ്ധതികൾ ആവിഷ്ക്കരിച്ചു . അവയാകട്ടെ പഴയ പല പരിപാടികളുടെയും പുനാരവിഷ്ക്കാരം മാത്രമായിരുന്നു .തൊഴിലും ഭക്ഷ്യ സുരക്ഷയും ഭൂപരിഷ്ക്കരണവും നടപ്പാക്കാൻ അവർ ഉത്സാഹിച്ചുവെങ്കിലും സംസ്ഥാനങ്ങളിൽ ആചുമതല വഹിച്ചിരുന്ന മന്ത്രിമാർ അതിനു തുരങ്കം വെച്ചു .മിച്ച ഭൂമി നൽകാനുള്ള ശ്രമം ഭാഗികകമായി മാത്രമാണ് നടപ്പായത്.അതാകട്ടെ ബീഹാറിലും മറ്റും ജന്മികളും പുതിയ ഉടമകളും തമ്മിലുള്ള സംഘർഷത്തിനു വഴി തെളിക്കുകയും ചെയ്തു ചില ഇടത്ത് കാടായിരുന്നു മിച്ച ഭൂമിയായി കണ്ടത്. മിച്ച ഭൂമി കണ്ടെത്താൻ ഏറെ സമയം അനുവദിച്ചത് വഴി പലർക്കും തങ്ങളുടെ ബന്ധുക്കൾക്ക് അവ വീതം വെച്ചു നൽകാനും കഴിഞ്ഞുവെന്ന് കേരളത്തിലെ അനുഭവം ചൂണ്ടി കാട്ടുന്നു .



വളരെ സമർഥമായി പുരോഗനത്തിന്റെ പേരും ജനനന്മ എന്ന വാദവും മുഴക്കി ഭരണഘടന സ്ഥാപനങ്ങളെ ഒന്നാകെ തകർക്കുന്ന സവിശേഷതയാണ് അടിയന്തരാവസ്ഥയിൽ കണ്ടത് .അതിനു നിയമത്തിൻറെ അകമ്പടി നൽകാനും ശ്രമുണ്ടായി ..കോൺഗ്രസ്സിന്റെ തന്നെ പ്രമുഖ തൊഴിലാളി സംഘടനയായ ഐ എൻ ടി യു സി ഉൾപ്പടെ എല്ലാ തൊഴിലാളി സംഘടകളെയും ഇന്ദിര നിർവീര്യമാക്കി എതിർത്ത സി ഐ ടിയു വിന്റെ നേതാക്കന്മാർ ജയിലിൽ ആയി .

## നിർബന്ധിത വന്ധ്യംകരണം

ഇന്ദിര ഭരണത്തിൽ ഏതാണ്ട് ഒറ്റപ്പെട്ടു നിൽക്കുമ്പോഴായിരുന്നു സഞ്ജയ് ഗാന്ധി യൂത്ത് കോൺഗ്രസിന് ഒരു സൈദ്ധാന്തിക മുഖം നൽകാൻ ശ്രമിച്ചത് ..കോൺഗ്രസ്സിനു ചെയ്യാനാവാത്ത കാര്യം യൂത്ത് കോൺഗ്രസ് ചെയ്യും എന്നായിരുന്നു അംബിക സോണിയെ പോലെയുള്ള പുതിയ യൂത്ത് കോൺഗ്രസ് നേതാക്കൾ അവകാശപ്പെടത് ഇതിനിടെ ഇന്ദിരയുമായി അടുത്ത ബന്ധമുള്ള സിദ്ധാർത്ഥ ശങ്കർ റായിയേയും പ്രിയ രഞ്ജൻ ദാസ്

മുൻഷിയെയും സഞ്ജയ് നിർവീര്യ രാക്കി .വി സി ശുക്ല , പ്രണബ് മുഖ ജി ,ജഗദീഷ് ടൈറ്റ്‌ലർ കമൽ നാഥ് തുടങ്ങിയവരായിരുന്നു സഞ്ജയി ന്റെ പുതിയ സഹ യാത്രികർ .

ഇരുപതിണ പരിപാടികൾ വേണ്ടത്ര ഊർജ്ജം കൈവരിക്കാതിരിക്കുമ്പോഴാണ് സഞ്ജയ് തൻറെ അഞ്ചിന പരിപാടി പ്രഖ്യാപിക്കുന്നത് .അതിൽ പ്രധാനം ചേരി നിർമ്മാർജനം ചെയ്തു കൊണ്ടുള്ള നഗര സൗന്ദര്യവൽക്കരണവും വന്ധ്യം കരണവുമായിരുന്നു . ഇതോടൊപ്പം യൂത്ത് കോൺഗ്രസ്സിനെ ഒരു തിരുത്തൽ ശക്തിയായി സമൂഹത്തിൽ സ്ഥാപിക്കുകയും ചെയ്തു .അധികാരം ഇന്ദിരയുടെ കൈകളിൽ നിന്ന് മെല്ലെ സഞ്ജയിന്റെ കയ്യിലേക്ക് മാറിപ്പോകുകയായിരുന്നു .ഇന്ദിര യെ ചിലർ അത് ധരിപ്പിച്ചുവെങ്കിലും അവർക്ക് മകനെതിരെ നീങ്ങാനുള്ള ശക്തിയോ താല്പര്യമോ ഉണ്ടായിരുന്നില്ല .

സഞ്ജയിന്റെ പുതിയ ആശയങ്ങളുടെതുടർച്ചയായിരുന്നു തുർക്കുമാൻ ഗേറ്റിലെ ചേരി നിർമ്മാർജ്ജനവും തുടർന്നുണ്ടായ വെടി വെയ്പ്പും .അത് പോലെയുള്ള പ്രവർത്തനങ്ങൾ രാജ്യത്തെങ്ങും ഉണ്ടായി പ്രത്യേകിച്ചും വടക്കൻ സംസ്ഥാനങ്ങളിൽ .നിർബന്ധിത വന്ധ്യംകരണവും ബുൾഡോസർ ഭരണവും ജനങ്ങളുടെ രോഷത്തിനു കാരണമായി .

### തെരഞ്ഞെടുപ്പിന് ആഹ്വാനവുമായി എ കെ ആന്റണി

ഇതിനിടെയാണ് ഗോഹട്ടിയിൽ കോൺഗ്രസ് എ ഐ സിസി യോഗം ചേരുന്നത് .അവിടെ വ്യക്തി ആരാധനയും സഞ്ജയ സ്തുതി ഗീതങ്ങളും തുടർന്നു.അടിയന്തിരാവസ്ഥയെ വിമർശിച്ചില്ല എങ്കിലും അന്ന് അവിടെ ഏ കെ ആന്റണി ഉടനെ തെരഞ്ഞെടുപ്പു നടത്തണമെന്ന് പരസ്യമായി നിർദ്ദേശിച്ചുവെന്ന് ആര്യാടൻ മുഹമ്മദ് സാക്ഷ്യപ്പെടുത്തുന്നു നിരുപദ്രവകരമായ ഒരു നിർദ്ദേശം ആയിരുന്നു എങ്കിലും സഞ്ജയ് കത്തി നിന്ന ആ കാലത്ത് അങ്ങനെ പറയാൻ അദ്ദേഹത്തിനു ധൈര്യം ഉണ്ടായി.

### ജോർജ് ഫെർണാണ്ടസ് എന്ന തീപ്പൊരി നേതാവ്

അടിയന്തിരാവസ്ഥയുടെ ആദ്യ നാളുകളിൽ സർക്കാർ കാട്ടിയ പല ഉമ്മാക്കികളും ഫലിച്ചുവെങ്കിലും വന്ധ്യംകരണവും ചേരി നിർമ്മാർജ്ജനവും സെൻസർഷിപ്പും അറസ്റ്റുകളും കസ്റ്റഡി മരണവും നീണ്ട ഒരു രാത്രിയിലേക്കാണ് കാര്യങ്ങളുടെ പോക്ക് എന്നു ശക്തമായ സൂചന നൽകി .പക്ഷെ പ്രതിപക്ഷത്തു നിന്ന് ശക്തമായ എതിർപ്പ്

**യു ആർ അനന്തമൂർത്തിയുടെ സംസ്‌കാര എന്ന ചിത്രത്തിൽ അഭിനയിച്ച സ്നേഹലതാ റെഡ്ഡി കസ്റ്റഡിയിൽ എടുത്തതിനെ തുടർന്നു മരിച്ചു . സർക്കാരിന് തലവേദന ആയിരുന്ന ജോർജ് ഫെർനാണ്ടസിനെ അന്വേഷിച്ചായിരുന്നു അവരെ പോലിസ് കസ്റ്റഡിയിൽ എടുത്തത് . ഫെർണാണ്ടസിന്റെ രണ്ടു സഹോദരന്മാരും ,മൈക്കളും ലോറൻസും ,ക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയരായി . മൃതപ്രായനായാണ് ലോറൻസ് ഫെർനാണ്ടസ് പോലിസ് കസ്റ്റഡിയിൽ നിന്ന് പുറത്തു വന്നത് .**

ഉണ്ടായില്ല.വിനോബ് ഭാവെ ഇന്ദിര സർക്കാരിനെ ആശിർവദിച്ചു .പ്രമേഹം മൂർച്ചിച്ചതിനെ തുടർന്നു ജയിലിൽ നിന്ന് വിട്ടയച്ച ജെ പിമറ്റൊരു മുന്നേറ്റത്തിനു നേതൃത്വം കൊടുക്കാൻ അശക്തനായിരുന്നു .പല പ്രതിപക്ഷ നേതാക്കളും ഇരുപതിന പരിപാടിക്ക് പിന്തുണ നൽകി ഒപ്പിട്ടു ജയിൽ മോചിതരായി .പക്ഷേ തമിഴ് നാട്ടിൽ കരുണാനിധിയുടെ സർക്കാരിൻറെ പിന്തുണയോടെ ഒളിവിൽ കഴിഞ്ഞ സോഷ്യലിസ്റ്റ് നേതാവ് ജോർജ് ഫെർണാണ്ടസ സർക്കാരിനെതിരെ ശക്തമായ ആക്രമണങ്ങൾക്ക് നേതൃത്വം നൽകി .അദ്ദേഹവുമായി ബന്ധപ്പെട്ടവർ ക്രൂരമായി മർദ്ദിക്കപ്പെട്ടു .ഒളിവിൽ കഴിയവേ മരീന കടൽക്കരയിൽ പ്രഭാത സവാരി നടത്തുമ്പോൾ അദ്ദേഹം പ്രതിഷേധിക്കാൻ ഇടുക്കി ഡാം തകർക്കണമെന്ന ഒരു നിർദ്ദേശം മുന്നോട്ടു വെച്ചു .സഹയാത്രികനായ ആർ എം മനക്കലാത്തു എന്നോടു പറഞ്ഞതാണിത് .അതിൽ അപകടംമണത്തു അദ്ദേഹം റിപ്പോർട്ട് ചെയ്തതോടെ ഫെർണാണ്ടസിനെ പോലിസ് അറസ്റ്റ് ചെയ്തു .ബറോഡ ഡൈനാമിറ്റ് കേസിൽ ആയിരുന്നു അറസ്റ്റ് .ജയിലിൽ നിന്ന് ബീഹാറിലെ മുസാഫറാബാദ് സീറ്റിൽ മത്സരിച്ച അദ്ദേഹം റെക്കോഡ് ഭൂരിപക്ഷത്തോടെയാണ് ജയിച്ചത് .ബാലറ്റിലൂടെ സാധാരണ ജനങ്ങൾ അടിയന്തിരാവസ്ഥക്കു മറുപടി നൽകുകയായിരുന്നു. 77 തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ ജനതാപാർട്ടി 295 സീറ്റ് ഭൂരിപക്ഷം നേടി മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നു .കോൺഗ്രസ്സിനു 153 സീറ്റും ലഭിച്ചു . അതിൽ 92 സീറ്റുകൾ തെക്ക് നിന്നായിരുന്നു . അടിയന്തിരാവസ്ഥയിലെ ക്രൂരതകൾ താഴേത്തട്ടിലേക്ക് ഇറങ്ങി ചെല്ലാത്ത ദക്ഷിണേന്ത്യയിൽ കോൺഗ്രസ് തിരികെ വന്നു തമിഴ് നാട് ആയിരുന്നു ഒരു അപവാദം .

കേരളത്തിൽ നക്സലുകളുടെ നേതൃത്വത്തിൽ ചെറിയ പ്രതിഷേധങ്ങൾ നടന്നുവെങ്കിലും പോലിസ് ക്യാമ്പുകളിൽ അവരിൽ പലരും ഹോമിക്കപ്പെട്ടു .അത് സി പി എമ്മിന്റെ വളർച്ചക്ക് കാരണമായി . .കൌതുകകരമായ കാര്യം പി രാജന്റെ പേരിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിനു അവർ എതിർപ്പ് പ്രകടിപ്പിച്ചതാണ് അടിയന്തിരാവസ്ഥയിൽ പോരാടിയവർക്ക് പെൻഷൻ നൽകാനുള്ള ആവശ്യവും നടപ്പായില്ല അങ്ങനെ വന്നിരുന്നെങ്കിൽ നക്സലുകൾ ആകുമായിരുന്നു അതിന്റെ പ്രധാന ഗുണഭോക്താക്കൾ എന്ന അറിവായിരുന്നു രണം .ടി എൻ ജോയിയെ പോലുള്ള ഇരകൾ അങ്ങനെ കടുത്ത ദാരിദ്ര്യത്തിൽ മരിച്ചു .

ഇന്ത്യയിലെ മാധ്യമങ്ങളെ സർക്കാർ തെളിക്കുന്ന വഴിക്ക് കൊണ്ടുവരാൻ എത്ര എളുപ്പമാണെന്ന് അടിയന്തരാവസ്ഥ തെളിയിച്ചു . സെൻസർ ഷിപ്പ് യാഥാർത്ഥ്യമായി

എന്നത് മാത്രമല്ല വാർത്തകളുടെ സ്രോതസ് തന്നെ നിയന്ത്രിക്കാൻ അവർ വാർത്താ എജൻസികളെ ഒന്നാക്കി . ഹിന്ദു എഡിറ്റർ ജി കസ്തൂരിയെ ചെയർമാൻ ആക്കിയായിരുന്നു സമാചാർ ഭാരതി പിറവിയെടുത്തത് . .അനഭിമതരേ അവർ പുറത്താക്കുകയോ അപ്രധാന സ്ഥാനങ്ങളിൽ നിയമിക്കുകയോ ചെയ്തു .കുൽദീപ് നയ്യാരെ ജയിലിൽ അടച്ചു . വി പി രാമചന്ദ്രനെ റാഞ്ചിയിലേക്ക് ട്രാൻസ്ഫർ ചെയ്തു . ഇന്ദിരയുടെ അടിയന്തരം എന്ന ലഘുലേഖ എഴുതിയ മാതൃഭൂമിയിലെ ലേഖകൻ പി രാജൻ അറസ്റ്റ് ചെയ്യപ്പെട്ടു. കേരളത്തിൽ നിന്ന് ആദ്യം അറസ്റ്റ് ചെയ്യപെടുന്ന പത്ര പ്രവർത്തകൻ .പരിവർത്തനവാദി കോൺഗ്രസ് പ്രവർത്തകൻ എന്ന നിലയിൽ ആയിരുന്നു അറസ്റ്റ് . നേതാവ് എം ഏ ജോണും അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു.

രാജ്യം അങ്ങനെ കുടുതൽ കൂടുതൽ ഇരുളിലേക്ക് പോകുമ്പോഴായിരുന്നു തെരഞ്ഞെടുപ്പിനെ പറ്റി ഇന്ദിര ആലോചിച്ചത് സഞ്ജയ് എതിരായിരുന്നു എങ്കിലും തിരികെ വരാനാകും എന്ന പ്രതീക്ഷയിൽ ആകാം ഇന്ദിര തെരഞ്ഞെടുപ്പിന് ഉത്തരവിട്ടത് .ഒരു ഏകാധിപതി ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യം . പക്ഷെ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതോടെ കാര്യങ്ങൾ തകിടം മറിഞ്ഞു വിദേശ രാജ്യങ്ങളുടെ സമ്മർദ്ദം ഇതിനൊരു കാരണമാകാം. സഞ്ജയ് അനിയന്ത്രിതമായി ഉയർന്നു വരുന്നതും ഇന്ദിരയെ ഭീതിപ്പെടുത്തിയിരിക്കണം . ഒരു കാര്യംതീർച്ചയായിരുന്നു. പരാജയപ്പെട്ടാൽ മറ്റു പല ഏകാധിപത്യ രാജ്യങ്ങളിലെ പോലെ പുതിയ ഭരണകൂടത്തിൽ നിന്ന് കടുത്ത ശിക്ഷ ഉണ്ടാകുമെന്ന് അവർ ഭയപ്പെട്ടിരുന്നു .വിദേശത്തേക്ക് പോകുന്ന കാര്യം പോലുമവർ ആലോചിച്ചിരുന്നു എന്ന് കൂമി കപൂർ എഴുതുന്നു പക്ഷെ ഒരു പ്രതികാര നടപടിയും ഉണ്ടാകില്ല എന്ന് മൊറാർജി ഭരണകൂടം ഉറപ്പു നൽകി .രണ്ടു തവണ അറസ്റ്റ് ചെയ്യപ്പെട്ടുവെങ്കിലും അവതനിക്കു അനുകൂലമായി മാറ്റിയായിരുന്നു അവർ പുറത്തിറങ്ങിയത് . ഷാ കമ്മിഷനിൽ ഹാജരായ അവർ അവിടെയും എല്ലാം നിയമപരമായിരുനു എന്ന് വാദിക്കാനായിരുനു ശ്രമിച്ചത്. ന്യൂറംബെർഗ് പോലെയുള്ള ഒരു വിചാരണയോ അന്വേഷണമോ ഉണ്ടായില്ല .തങ്ങൾക്കു ലഭിച്ച പരിമിതമായ പരാതികളുടെ അടിസ്ഥാനത്തിൽ ആയിരുന്നു ഷാ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയത് .വിലപെട്ട രേഖ ആണെങ്കിലും ഈ പരിമിതി

**പി രാജനെ കസ്റ്റഡിയിൽ എടുത്തുവെന്നോ കൊല്ലപ്പെട്ടുവെന്നോ സമ്മതിക്കാൻ സർക്കാർ തയ്യാറായില്ല വാരിയരുമായി അടുപ്പം ഉണ്ടായിരുന്ന മുഖ്യമന്ത്രി സി അച്ചുത മേനോനും കൈ മലർത്തുകയാണുണ്ടായത് . കേരളം കണ്ട പ്രഗൽഭനായ മുഖ്യമന്ത്രിയുടെ രാഷ്ട്രീയ ജിവിതത്തിലെ കറുത്ത പാടായി അത് മാറി . പക്ഷെ മകന് വേണ്ടി ശക്തമായ നിയമ യുദ്ധമാണ് വാരിയർ നടത്തിയത് . അവസാനം അദ്ദേഹം സമർപ്പിച്ച ഹേബിയസ് കോർപ്പസ് ഹർജിയിൽ രാജനെ ഹാജരാക്കാൻ കേരള ഹൈ കോടതി നൽകിയ ഉത്തരവാണ് ആ ചെറുപ്പക്കാരന്റെ ഹത്യയിലേക്ക് വിരൽ ചൂണ്ടിയത് .**

അതിനുണ്ട് ..പിന്നിട് ജനതാപാർട്ടി പിളർന്നു.ചരൻ സിംഗ് പ്രധാനമന്ത്രിയായി 1980 ഇലെ തെരഞ്ഞെടുപ്പിൽ ഒരിക്കൽ കൂടി അവർ അധികാരത്തിൽ എത്തി . ആ വർഷം സഞ്ജയ ഗാന്ധി ഒരു ഗ്ലൈഡർ അപകടത്തിൽ മരിക്കുകയും ഇന്ദിര 84 ഇൽ ഖലിസ്ഥാൻ തീവ്രവാദികളാൽ കൊല്ലപെടുകയും ചെയ്തതോടെ ആ കാലഘട്ടം ഒരു ഓർമ്മ മാത്രമായി. അതുമായി ബന്ധമുള്ളവർ ആണെങ്കിലും പിന്നിടുള്ള കോൺഗ്രസ് തലമുറ അത് തങ്ങളുടെ ചരിത്രത്തിൽ നിന്ന് തന്നെ തുടച്ചു നീക്കി പക്ഷെ അതിന്റെ ഓർമ്മകളും പാഠങ്ങളും ബി ജെപിക്കും സർക്കാരിനു നല്ല വിളവെടുപ്പാണ് നൽകുന്നത് .


ഒരവസരത്തിൽ ഇന്ദിര ഒരു ചരിത്ര പേടകം തയ്യാറാക്കി തങ്ങളുടെ ചരിത്രം ഭദ്രമാക്കി കുഴിച്ചിട്ടു .പക്ഷെ യഥാർത്ഥ ചരിത്രപേടകം ഷാ കമ്മീഷൻ റിപ്പോർട്ട് ആണ്.എല്ലാ അതിക്രമങ്ങളും പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല എങ്കിലും ഈ റിപ്പോർട്ട് ആ കാലത്തെ പറ്റി ആധികാരികമായ വിവരങ്ങൾ നൽകുന്നു .അത് പോലെ കുൽദീപ് നയ്യരുടെ ജഡ്ജ്മെന്റ് പോലെ നിരവധി നേരിട്ടുള്ള സാക്ഷ്യങ്ങൾ ഇന്നും ലഭ്യമാണ് ക്രിസ്റ്റോഫ് ജാഫർലോട്ട് , പ്രതിനവ് അനിൽ എന്നിവർ ചേർന്ന് തയ്യാറാക്കിയ ഇന്ത്യാസ് ഫസ്റ്റ് ഡിക്റ്റേറ്റർ ഷിപ് വളരെ സമഗ്രമായ കൃതിയാണ് .അതെ പോലെ അക്കാലത്തെ സംഭവങ്ങൾ സ്റാൻഫോർഡ് സർവകലാശാല ഡിജിറ്റൽ ആയി സംരക്ഷിച്ചിരിക്കുന്നു.അശോകയുണിവേര്സിറ്റിയിലും രേഖകൾ സംരക്ഷിച്ചിരിക്കുന്നു .കേരളത്തിൽ കുടുതലായി സാഹിത്യരൂപത്തിലാണ് ചരിത്രം സൂക്ഷിക്കപ്പെടുന്നത് എന്നതും ഒരു കൌതുകം .

എത്ര തേച്ചു മാച്ചു കളഞ്ഞാലും അടിയന്തരാവസ്ഥയുടെ ഓർമ്മകൾ സ്വതന്ത്ര ഇന്ത്യയെ ചൂഴ്ന്നു നിൽക്കും .നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികൾ എത്ര കാർക്കശ്യത്തോടെയാണ് നമുടെ ഭരണഘടന തയ്യാർ ആക്കിയതെങ്കിലും അതിൽ സ്വർണ്ണലിപികളിൽ എഴുതപ്പെട്ടിരിക്കുന്ന അവകാശങ്ങളും നിയമങ്ങളും എന്തിനും തയ്യാറായി ഒരുമ്പെട്ടിറങ്ങുന്ന ഒരു ഭരണാധികാരിക്കോ ഒരു പ്രസ്ഥാനത്തിനോ തകർത്തു ജനങ്ങളെ അരക്ഷിതരാക്കാൻ കഴിയുമെന്ന യാഥാർത്ഥ്യം മറക്കരുത് ..ഡിജിറ്റൽ ലോകത്തിൽ ആരെയും ബന്ദികൾ ആക്കാവുന്ന ഈ കാലത്ത് നിതാന്തമായ ജാഗ്രത മാത്രമാണ് അതിനു ഒരു പ്രതിവിധി .പക്ഷെ വേലി തന്നെ വിളവു തിന്നുന്ന ഈ കാലം മറികടക്കാൻ ശക്തമായ സന്നാഹങ്ങൾ ഉണ്ടാകണം .ജനാധിപത്യത്തിന്റെ എല്ലാ തൂണുകളും ഒന്നിച്ചു പരാമവധി ശ്രമിച്ചാൽ മാത്രമേ നമ്മുടെ സ്വാതന്ത്ര്യം സ്ഥിരമായി നിലനിൽക്കൂ . സ്വതന്ത്ര ഇന്ത്യ എന്ന ആശയം ചിരമായി നിൽക്കാൻ ഓരോ നിമിഷവും ഓരോ മുന്നറിയിപ്പായി മാറണം .


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

● രാഷ്ട്രീയം /സമൂഹം
**അടിയന്തരാവസ്ഥയുടെ 50 വർഷങ്ങൾ**


# രാത്രി മുതൽ രാത്രി വരെ




## അടിയന്തരാവസ്ഥ – കഥയും ചരിത്രവും



**അടിയന്തരാവസ്ഥ പ്രമേയമാക്കി എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ പി കെ ശ്രീനിവാസൻ എഴുതിയ ഡോക്യുഫിക്ഷനാണ് രാത്രി മുതൽ രാത്രി വരെ. ഒരു തലമുറയെ അടിമുടി വിറപ്പിച്ച ആ പീഡനകാലത്തിൻറെ കെടുതികൾ ഓർമ്മയുടെ സിരകളിൽ ഇന്നും വിട്ടുമാറാതെ നിൽക്കുന്നു. ഇരുപത്തൊന്നു മാസത്തെ തീക്ഷ്ണവും തീവ്രവുമായ മാനസിക ഭാവങ്ങൾ സൃഷ്ടിച്ച കെട്ടുകാഴ്ചകൾ ആ തലമുറയിലുള്ളവർക്ക് വിസ്മരിക്കാനാവില്ല. ആ രാഷ്ട്രീയ ഭീകരതയുടെ നിഴൽച്ചിത്രങ്ങൾ ഇന്നും നമ്മെ വേട്ടയാടുന്നു . ഡീസി ബുക്സ് പ്രസിദ്ധീകരിച്ച രാത്രി മുതൽ രാത്രി വരെ എന്ന നോവലിലെ,ഇംഗ്ലീഷിൽ Midnight Knock എന്ന പേരിൽ Blaze Media പുറത്തിറക്കിയ നോവലിലെ പ്രധാനപ്പെട്ട ചില ഭാഗങ്ങളാണ് ഇവിടെ കൊടുക്കുന്നത്. അതും കേരളവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ. അറിയപ്പെടാത്ത ചില താരങ്ങളുടെ കഥയാണിത്**




**◉ പി കെ ശ്രീനിവാസൻ**



### 'സ്ട്രീറ്റ്' എന്ന മാസിക നടത്തുന്നു എന്നതാണ് അയാൾ ചെയ്ത കുറ്റം'

**അധ്യായം പതിമൂന്നിൽ നിന്ന്**

ഒരു ദിവസം സന്ധ്യക്കാണ് വാൻനിറയെ പൊലീസുകാർ പാളയത്തിലെ രാമനിലയത്തിൽ തിരക്കുപിടിച്ചു എത്തുന്നത്, അവരുടെ ലക്ഷ്യം സ്ട്രീറ്റു മാസികയുടെ എഡിറ്റർ സുഭാഷ് ചന്ദ്രബോസാണ്. ബോസ് അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ എഡിറ്റു ചെയ്യുന്ന തിരക്കിലായിരുന്നു.

അസിസ്റ്റൻറ് കമ്മീഷണർ അകത്തേക്ക് വന്നു. 'നിങ്ങളെ അറസ്റ്റ് ചെയ്തിരിക്കുന്നു. ഒപ്പം വരണം'

ഒന്നും മിണ്ടാതെ ബോസ് എഴുന്നേറ്റു.

എനിക്ക് ഷർട്ട് മാറണം,' ബോസ് പറഞ്ഞു.

പൊലീസ് പുറത്തു കാവൽ നിന്നു. രാമനിലയത്തിൻറെ മുറ്റത്ത് സുഹൃത്തുക്കളൊക്കെ നിൽക്കുന്നുണ്ടായിരുന്നു. എഴുന്നേറ്റ് നിൽക്കാനാവതില്ലാത്ത ഒരാളെ അറസ്റ്റുചെയ്യാൻ അസിസ്റ്റൻറ്കമ്മിഷണർ ഉൾപ്പെടെ വമ്പിച്ച പൊലീസ് സന്നാഹം! സുഹൃത്തുക്കൾ നിശബ്ദരായി നിൽക്കുന്നു.

ബോസ് സിപിഐ എംഎൽ അനുഭാവി ആയിരുന്നെങ്കിലും സ്വന്തമായി എന്തെങ്കിലും വിശ്വാസം ഉണ്ടായിരുന്നോ എന്നുപോലും സംശയമാണ്. ഒറ്റക്ക് സ്ട്രീറ്റ് എന്ന മാസിക നടത്തുന്നു എന്നതാണ് അയാൾ ചെയ്ത കുറ്റം. അടിയന്തരാവസ്ഥയുടെ ദുരൂഹതകൾ വർദ്ധിക്കുന്ന കാലത്ത് ബോസിനു മാത്രമായി ഒന്നും ചെയ്യാൻ കഴിയില്ല. തൻറെ മുറി പൂട്ടാൻ ആരെയോ ഏൽപ്പിച്ച ബോസ് പുറത്തിറങ്ങി.

'ഉം. ജീപ്പിലേയ്ക്ക് കയറൂ.'

താക്കുധാരിയായ ഒരു പൊലീസുകാരൻ പറഞ്ഞു.

ജീപ്പിൽ വേറെ മൂന്നു പേരുണ്ടായിരുന്നു. സിപിഐ എംഎൽ അനുഭാവികളായിരുന്നു അവരും.

വഴുതക്കാട് പൊലീസ് സ്റ്റേഷനിലേക്കാണ് അവരെ കൊണ്ടുപോയത്. നാലുപേരേയും ഒരുമേശയുടെ കാലിൽ ബന്ധിച്ചു. അനങ്ങാൻ പോലുമാകാതെ ദിവസങ്ങൾ അവിടെ കിടന്നു. നാലഞ്ച് ദിവസങ്ങൾക്ക് ശേഷം ശാസ്തമംഗലം ക്യാമ്പിലേക്ക് മാറ്റി.

പിപി പ്രസ് സഹദേവൻറെ നിർദേശമനുസരിച്ച് അന്നുരാത്രി തന്നെ സ്ട്രീറ്റിൻറെ പഴയ ലക്കങ്ങളും പുതിയ ലക്കത്തിൻറെ മാറ്ററുകളും അടങ്ങുന്ന ഫയലുകളും ബോസിൻറെ അനിയൻ സഞ്ജീവ് ഘോഷ് ചാക്കിൽകെട്ടി എവിടെയോ കൊണ്ടുപോയി കത്തിച്ചു. എന്തായാലും പിറ്റേദിവസം ഓഫീസ് റെയ്ഡ് ചെയ്യാൻ പൊലീസ് വരുമെന്നായിരുന്നു പ്രസ്സുടമ അറിയിച്ചത്.

രണ്ടുമൂന്നു ദിവസം കഴിഞ്ഞ് രാമനിലയത്തിലെ വിമൂകത കനംതൂങ്ങി നിൽക്കുന്ന പരിസരത്ത് വച്ചാണ് ബോസിൻറെ അനിയൻ സഞ്ജീവിനെ കാണുന്നത്. അയാൾക്ക് ഒന്നും പറയാൻ കഴിയുന്നില്ല.

സൗഹൃദത്തിൻറെ വാക്കുകൾ തൊണ്ടയിൽ കുരുങ്ങിക്കിടന്നു. എങ്കിലും ബുദ്ധിമുട്ടി പറഞ്ഞുതുടങ്ങി:

'അണ്ണൻറെ മാസികയുടെ സർവരേഖകളും അവിടെ നിന്ന് രാത്രിതന്നെ ഞാൻ മാറ്റിയിരുന്നു. ഇല്ലെങ്കിൽ സിപിഐ എംഎൽ പത്രത്തിൻറെ എഡിറ്റർ എന്ന നിലക്ക് കൂടുതൽ തെളിവുകൾ കണ്ടെത്താൻ പൊലീസിന് കഴിയുമായിരുന്നു.'

സ്ട്രീറ്റിൻറെ നടത്തിപ്പിൽ ബോസിൻറെ സഹായിയായി നിന്നത് സഞ്ജീവായിരുന്നു. ബോസിൻറെ കുഞ്ഞമ്മയുടെ മകനാണ് കൊല്ലത്തെ പെരിനാട്ടുള്ള അഞ്ചാലുംമൂട്ടിലെ സഞ്ജീവ്ഘോഷ്. അവരുടെ കുടുംബത്തിലെ ഒട്ടുമിക്ക പേരുകളും ബംഗാളി ചാർച്ചയുള്ളതായിരുന്നു എന്നത് എനിക്ക് കൗതുകമായി തോന്നി. – സുഭാഷ്ചന്ദ്രബോസ്, സഞ്ജീവ്ഘോഷ്, ജ്യോതിർഘോഷ്...

സ്ട്രീറ്റിൻറെ കോപ്പികൾ കത്തിച്ചുകളഞ്ഞതിലാണ് സഞ്ജീവിന് സങ്കടം. അയാൾ യൂണിവേഴ്സിറ്റി കോളെജിൽ എംഎസിക്കു പഠിക്കുന്നു. ബോസ് അനിയാ എന്നാണ് സഞ്ജീവിനെ വിളിക്കുന്നത്. അതിനാൽ സഞ്ജീവ് സുഹൃത്തുക്കൾക്കെല്ലാം അനിയനായി.

## വിജയൻ ഇൻക്വിലാബ് എന്ന നാടകം അവതരിപ്പിച്ചതോടെയാണ് ഭരണകൂടത്തിന് നോട്ടപ്പുള്ളിയായത്...

### അധ്യായം പതിനാലിൽ നിന്ന്

വിജയൻ പിടിയിലായി ഒരാഴ്ച കഴിഞ്ഞാണ് ഞാൻ വർക്കലയിൽ എത്തുന്നത്. പൊതുജനത്തിൻറെ ലേഖകൻ എന്ന നിലക്കല്ല വെറുതേ കാര്യങ്ങൾ അറിയാനുള്ള വ്യഗ്രത. മാത്രമല്ല എൻറെ പല സുഹൃത്തുക്കളും വർക്കലയിലുണ്ട്. അടിയന്തരാവസ്ഥയിലെ ക്രൂരമർദ്ദനങ്ങൾ നടന്നതിൻറെ പേരിൽ കുപ്രസിദ്ധമായിത്തീർന്ന രണ്ടു ക്യാമ്പുകളായിരുന്നു ശാസ്തമംഗലവും കക്കയവും. ശാസ്തമംഗലം ക്യാമ്പിലെ രക്തസാക്ഷിയായിരുന്നു വർക്കല വിജയൻ. സിപിഐ എംഎല്ലിൻറെ രഹസ്യപ്രവർത്തകനായിരുന്നു വിജയൻ. മൈതാനത്തിന് സമീപമുള്ള റെയിൽവേ ഗേറ്റിന് തൊട്ടടുത്തായി യെനാൻ എന്ന ബുക്സ്റ്റാൾ നടത്തുകയായിരുന്നു. നിശബ്ദനായ പാർട്ടിപ്രവർത്തകൻ. ധാരാളം സൗഹൃദങ്ങൾ വളർത്തിയിരുന്ന വിജയന് സാഹിത്യത്തിലും പ്രത്യേകിച്ച് നാടകത്തിലും കമ്പമായിരുന്നു. ജനങ്ങൾക്കുവേണ്ടി നല്ലകാര്യങ്ങൾ ചെയ്യുന്നതിൽ തൽപരൻ – സമ്പന്നനായ അമ്മാവൻറെ പുരയിടത്തിലെ മരച്ചീനിയും മറ്റും പാവപ്പെട്ട ദളിതർക്ക് പങ്കുവച്ചാണ് ജനങ്ങൾക്കിടയിൽ ശ്രദ്ധേയനായത്.

നാടകത്തോട് അതിയായ കമ്പമുള്ള വിജയൻ ഇൻക്വിലാബ് എന്ന നാടകം അവതരിപ്പിച്ചതോടെയാണ് ഭരണകൂടത്തിന് നോട്ടപ്പുള്ളി ആയതെന്ന് പത്രപ്രവർത്തകനായ കെ ജയപ്രകാശ് എന്നോട് ഒരിക്കൽ പറഞ്ഞിരുന്നു. രംഗബോധവും നാടകത്തോടുള്ള അഭിനിവേശവും ആദ്യനാടകത്തിൽ നിന്നു തന്നെ വ്യക്തമായിരുന്നു എന്നതായിരുന്നു ജയപ്രകാശിൻറെ അഭിപ്രായം. തൻറെ നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന പ്രകൃതക്കാരൻ.

അടിയന്തരാവസ്ഥയുടെ കിരാതനാളുകൾ ഉയർത്തെഴുന്നേറ്റപ്പോൾ നക്സലൈറ്റു പ്രസ്ഥാനവുമായി ബന്ധമുള്ള നിരവധി ചെറുപ്പക്കാരുടെ പട്ടിക ക്രൈംബ്രാഞ്ച് തയ്യാറാക്കിയിരുന്നു. അതിൽ വർക്കല വിജയനും ഉണ്ടായിരുന്നു. വിജയൻറെ യെനാൻ ബുക്

സ്റ്റാളിൽ വിൽക്കുന്ന പുസ്തങ്ങളെപ്പറ്റിയായിരുന്നു പൊലീസ് ഏജൻറുമാരെവിട്ടു അന്വേഷിച്ചത്. അതിൽ മാവോസേതൂങ്ങിൻറെ സാഹിത്യവും മറ്റും ഉണ്ടായിരുന്നു. അതോടെ പൊലീസ് ഉറപ്പിച്ചു, വിജയൻ നക്സലൈറ്റ് ആണെന്നും രാജ്യദ്രോഹിയാണെന്നും. മാത്രമല്ല സുഹൃദ്സദസ്സുകളിൽ കരുണാകരൻറെ പൊലീസിനെ നിശിതമായി വിമർശിക്കാനും വിജയൻ അമാന്തിച്ചില്ല.

ആദ്യലക്കംതന്നെ നിരോധിക്കപ്പെട്ട യെനാൻ മാസികയോട് വിജയന് വല്ലാത്ത അഭിനിവേശമായിരുന്നു. അതിൻറെ പ്രവർത്തകരെല്ലാം അയാളുടെ സുഹൃത്തുക്കളും. പാർട്ടിക്കാര്യങ്ങൾക്ക് വർക്കല വന്നാൽ അവർ വിജയനോടൊപ്പമായിരിക്കും താമസിക്കുക. വർക്കലയിലെ പ്രശോഭനായിരുന്നു വിജയൻറെ അടുത്ത സുഹൃത്ത്. എസ്എൻ കോളജിൽ നിന്ന് ബിരുദമൊക്കെ കഴിഞ്ഞു വിപ്ലവചിന്താഗതിയുമായി കഴിയുന്ന കാലത്താണ് പ്രശോഭൻ വിജയനുമായി കൂടുതൽ അടുക്കുന്നത്. വിജയൻറെ വിപ്ലവവീര്യം പ്രശോഭനെ വല്ലാതെ ആകർഷിച്ചിരുന്നു.

പ്രശോഭൻറെ വീട്ടിൽ അമ്മയും പ്രായപൂർത്തിയായ സഹോദരിയും മാത്രമാണുള്ളത്. സഹോദരി പ്രീഡിഗ്രിക്ക് പഠിക്കുന്നു. അച്ഛൻ നേരത്തേ രോഗം പിടിപെട്ട് മരിച്ചുപോയതിനാൽ അയാൾക്കായിരുന്നു വീടിൻറെ ചുമതല. ഗൾഫിൽപോയി എന്തെങ്കിലും തൊഴിൽ സംഘടിപ്പിക്കണമെന്നായിരുന്നു അയാളുടെ മോഹം. കുറച്ചുകഴിഞ്ഞ് എല്ലാം ശരിയാകുമെന്ന് വിജയൻ ആശ്വസിപ്പിക്കുമായിരുന്നു.

പൊലീസ് റോന്തുചുറ്റുന്നതിനാൽ തൽക്കാലം ബുക്സ്റ്റാൾ അടക്കുകയാണെന്ന് വിജയൻ പ്രശോഭനോടു പറഞ്ഞിരുന്നു. അടിയന്തരാവസ്ഥയുടെ കർട്ടൺ വീണാലേ ഇനി അടുത്ത രംഗത്തേക്ക് മേക്കപ്പിടാനാവൂ എന്ന് വിജയൻ പറയുമായിരുന്നു. ഇതിനകം പല സുഹൃത്തുക്കളും കരുണാകരൻറെ ഉരുട്ടൽ കേന്ദ്രങ്ങളിൽ അകപ്പെട്ടിരിക്കുന്നു.

എങ്ങോട്ടാണ് ഒളിവിൽ പോകുന്നതെന്ന് വിജയൻ പറഞ്ഞില്ല. തിരുവനന്തപുരം നഗരത്തിന് സമീപം ഉണ്ടാകും. അടുത്ത ദിവസം വൈകുന്നേരം അഞ്ച് മണിക്ക് കിഴക്കേകോട്ട ബസ്റ്റാൻഡിന് അടുത്തുള്ള ജൂസ് കടയുടെ മുന്നിൽ വരാം. അവിടെ ആകുമ്പോൾ ആരും സംശയിക്കില്ല. അങ്ങനെ അവർ പിരിയുന്നു. വിജയനോട് സഹകരിക്കുന്നത് അപകടമാണെന്ന് ചില സുഹൃത്തുക്കൾ ഓർമ്മിപ്പിക്കാതിരുന്നില്ല. പക്ഷേ അതൊന്നും പ്രശോഭനെ പിൻതിരിപ്പിച്ചില്ല.

അന്ന് വൈകിയാണ് പ്രശോഭൻ വീട്ടിലെത്തിയത്. അപ്പോഴാണ് പുറത്ത് ഒരു ജീപ്പ് വന്നു നിൽക്കുന്ന ശബ്ദം കേട്ടത്. നാലഞ്ച് പൊലീസുകാർ വീട്ടിലേക്ക് ഓടിക്കയറി വന്നു. പ്രശോഭനെ പിടികൂടി.

'എവിടെയാടാ അവൻ? നിൻറെ സുഹൃത്ത് വിജയൻ?'

പൊലീസിനെ കണ്ടപാടേ അമ്മയും മകളും കരയാൻ തുടങ്ങി. പൊലീസ് ആവർത്തിച്ചു:

'പറയെടാ, അവനെവിടെ? '

'എനിക്കറിയില്ല'

'നിനക്കറിയാം. നിന്നെക്കൊണ്ട് പറയിപ്പിക്കുന്ന വിദ്യ ഞങ്ങൾക്കറിയാം. പറഞ്ഞില്ലെങ്കിൽ നിൻറെ കുടുംബത്തെ ഞങ്ങൾ കുളംതോണ്ടിയിട്ടേ പോകൂ.?

പ്രശോഭൻ ആകെ ധർമ്മസങ്കടത്തിലായി. അവൻ പറഞ്ഞു:

'വാസ്തവത്തിൽ അവനെക്കുറിച്ച് എനിക്ക് ഒന്നുമറിയില്ല. ഞാനവനെ കണ്ടിട്ട് മാസങ്ങളായി. എന്നെ വെറുതേ എന്തിനാണ് ഉപദ്രവിക്കുന്നത്??

പൊലീസുകാരൻ വീണ്ടും പറഞ്ഞു:

'ഞങ്ങൾക്കറിയാം. നീ കള്ളം പറയുകയാണെന്ന്. നീ എവിടെ വച്ചാണ് അവനെ കാണാമെന്ന് പറഞ്ഞിരുന്നതു? പറയൂ.'

പൊലീസുകാർ അടവുകൾ മാറ്റിയിട്ടും പ്രശോഭൻ വഴങ്ങിയില്ല. പൊലീസ് സംഘത്തിലെ ഒരു തടിയൻ അയാളെ വീടിന് പുറത്തേക്ക് വിളിച്ചു കൊണ്ടുപോയി. എന്നിട്ട് വളരെ രഹസ്യമായി പറഞ്ഞു:

'അവൻ എവിടെ ഉണ്ടെന്നു നിനക്കറിയാം. നീ അത് ഞങ്ങളോടു പറയണം. ഇല്ലെങ്കിൽ ആ നിൽക്കുന്ന അഞ്ച് പൊലീസുകാർ ഇന്നു രാത്രി നിൻറെ ഈ വീട്ടിൽ അന്തിയുറങ്ങും. നോക്കൂ, നല്ല ആരോഗ്യമുള്ള പയ്യന്മാർ. വെറുതെ അല്ല. നിൻറെ സഹോദരിയോടൊപ്പം. നേരം വെളുക്കുമ്പോൾ നിൻറെ സഹോദരിയുടെ അവസ്ഥ എന്താകുമെന്ന് നിന്നോട് ഞാൻ പറഞ്ഞുതരേണ്ടതില്ലല്ലോ? അതിനാൽ വിജയൻ എവിടെയുണ്ടെന്ന് പറഞ്ഞോ. സഹോദരി വേണോ, വിജയൻ വേണോ??

പ്രശോഭൻ ഒരുനിമിഷം മിണ്ടാതെ നിന്നു. അവൻറെ മനസ്സിൽ എവിടെ നിന്നോ ഭയം ഇരച്ചുകയറി. കരുണാകരൻറെ പൊലീസാണ്. അവർ പറയുന്നത് ചെയ്യുമെന്ന് ഉറപ്പാണ്. പ്രശോഭൻ അറച്ചറച്ചു പറഞ്ഞു:

'ഞാനവനെ നാളെ ഒരിടത്തു കാണാമെന്ന് പറഞ്ഞിട്ടുണ്ട്.'

'വെരി ഗുഡ്. അങ്ങനെ നേർവഴിക്ക് വാ. ഗുഡ് ബോയ്. വരൂ നമുക്ക് പോകാം. നാളെമതി. നാളെ അവനെ നമുക്ക് ഒരുമിച്ചുകാണാം. അതല്ലേ അതിൻറെ ശരി. അതുവരെ നീ ഞങ്ങളോടൊപ്പം ഉണ്ടാകും. എന്തായാലും പാവം നിൻറെ സഹോദരിയും അമ്മയും രക്ഷപ്പെട്ടു.' തടിയൻ പൊലീസുകാരൻ പറഞ്ഞു.

പ്രശോഭനേയും ജീപ്പിൽ കയറ്റി അവർ യാത്രയായി.

അന്നു രാത്രി വഴുതക്കാട് കമ്മിഷണറാഫീസിലെ പൊലീസ്സ്റ്റേഷനിലാണ് പ്രശോഭനെ താമസിപ്പിച്ചത്.

പിറ്റേന്ന് വൈകുന്നേരം നാലുമണിക്ക് നാല് പൊലീസുകാർ മഫ്ടിയിൽ അവനെ കിഴക്കേകോട്ടയിലേ

ക്ക് കൊണ്ടുപോയി. ജീപ്പ് അകലെ നിർത്തി. അവൻ പറഞ്ഞപടി രണ്ടു പൊലീസുകാർ ജൂസ്സ്കടയുടെ സമീപം നിന്നു. വിജയൻ അകലെ നിന്ന് വരുന്നത് പ്ര ശോഭൻ കണ്ടു.

ഓടിരക്ഷപ്പെടാൻ ആംഗ്യം കാണിച്ചു. വിജയനു സം ഗതി മനസ്സിലായി. അയാൾ റോഡ് ക്രോസ് ചെയ്തു ഓടിത്തുടങ്ങി. പക്ഷേ അടുത്തുള്ള മഫ്ടി പൊലീ സുകാർ വിജയൻറെ പിന്നാലെ ഓടി. കള്ളൻ കള്ളൻ എന്നു നിലവിളിച്ചുകൊണ്ടാണ് അവർ ഓടിയത്. താസിയാതെ പൊലീസുകാർ അയാളെ പിടികൂ ടി. തടിയൻമാരായ പൊലീസുകാ രുടെ കൈകളിൽ വിജയൻ പുഴുവി നെപ്പോലെ പിടയുന്നത് അകലെ നിന്ന പ്രശോഭൻ കാണുന്നുണ്ടാ യിരുന്നു. 'നീയെന്നെ ചതിച്ചോടാ പ്രശോഭാ' എന്ന് പറയുന്നപോ ലെ വിജയനിൽ നിന്ന് ഒരുനോട്ടം കൊഴിഞ്ഞുവീഴുന്നത് പ്രശോഭൻ കണ്ടു.

ശാസ്തമംഗലം ക്യാമ്പിൽ ഉണ്ടായിരുന്ന സതീശൻ എന്ന തട വുകാരനാണ് പിന്നീട് നടന്ന സംഭ വങ്ങൾ വിവരിച്ചത്. മാസങ്ങൾക്ക് ശേഷം ഞാൻ അയാളെ തമ്പാന്നൂർ ബസ്സ്റ്റാൻഡിൽ വച്ച് കണ്ടിരുന്നു. അന്നയാൾ പറഞ്ഞു:

കപിലൻ, അന്നു വൈകിട്ടു വിജയനേയും എന്നേയും ജയറാം പടിക്കലിൻറെ മുറിയിൽ കൊണ്ടു പോയി കെട്ടിയിട്ടു. പിറ്റേദിവസം വൈകുന്നേരം സിഐ ഷൺമു ഖദാസ് ടെന്നീസ് കഴിഞ്ഞുവന്നു. അയാൾ നന്നായി മദ്യപിച്ചിരുന്നു. വന്നപാടെ വിജയനെ ചവുട്ടിയു രുട്ടാൻ തുടങ്ങി. ഇടിയും ചുവി ട്ടും കൂടി ആയപ്പോൾ വിജയൻ വല്ലാതെ നിലവിളിച്ചു. 'എടാ പട്ടീ ഇനിയെന്നെ അടിക്കരുത്,' എന്ന് വിജയൻ ഉറക്കെ ആക്രോശിച്ചു. കലികയറിയ ഷൺമുഖദാസ് വീ ണ്ടും ചുവുട്ടി. വിജയൻ ബോധംകെട്ടു വീണു. പിറ്റേന്ന് ഞായറാഴ്ച്ച ആയിരുന്നു. ഞങ്ങളെ സെല്ലിലേക്കു കൊണ്ടു പോയില്ല. അന്നു പകൽമുഴുവൻ വിജയൻ വേ ദനകൊണ്ടു പിടയുന്നുണ്ടായിരുന്നു. വൈകിട്ട് നാലര മണിയോടെ വിജയൻ ഛർദിക്കാൻ തുടങ്ങി. ആഹാര മൊന്നും കഴിക്കാതിരുന്നതിനാൽ ഒരുതരം മഞ്ഞവെള്ള മാണ് വായിൽ നിന്ന് പുറത്തേക്കുവന്നത്. മരണവെപ്രാ ളത്തോടെ വിജയൻ പിടഞ്ഞു. തുടർന്ന് ഒരു ചുമയോടെ രക്തം ഛർദ്ദിച്ചു. എൻറെ ഷർട്ടിലും മുണ്ടിലും ചോരതെ റിച്ചു. നാക്കുതള്ളി അവസാനത്തെ പിടച്ചിൽ. പിന്നെ നിശ്ചലനായി. രണ്ടുതുള്ളി കണ്ണീരും ഒഴുകിയിറങ്ങുന്ന തു കാണാമായിരുന്നു.? സതീശൻ അതു പറയുമ്പോൾ തൊണ്ട അടഞ്ഞിരുന്നു.



വിജയൻറെ മൃതശരീരം പൊൻമുടിയിൽ കൊണ്ടുപോയി കത്തിച്ചുകളഞ്ഞു എന്നാണ് സതീശൻ പറഞ്ഞത്.

----

**അധ്യായം പതിനാലിൽ നിന്ന്**

തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ അടിയന്തരാവസ്ഥാ വിരുദ്ധപ്രകടനം ഉണ്ടാകുമെന്ന സൂചന ലഭിച്ചതു കൊണ്ടാണ് ഞാൻ രാവിലെ അവിടെ എത്തിയത്. വലിയ ആൾക്കൂട്ടമൊന്നും കാണാനില്ല. എന്നാൽ പത്തുമണിയോടെ പുത്തരിക്കണ്ടം മൈതാനിയിലുള്ള ഗാന്ധിപ്രതിമയുടെ മുന്നിൽ ഖദർവസ്ത്രധാരികളായ നാലോളം സർവോദയപ്രവർത്തകർ നിൽക്കുന്നുണ്ട്. അവരുടെ കൈയിൽ ചെറിയ പ്ളക്കാർഡുകളുണ്ട്. കറുത്ത തുണികൊണ്ട് വായ മൂടിക്കെട്ടിയിരിക്കുന്നു. പ്ലക്കാർഡിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്:

'ഉപവാസസത്യഗ്രഹം
പൗരസ്വാതന്ത്ര്യം അനുവദിക്കുക
ജനനേതാക്കളെ വിട്ടയക്കുക.'

പ്രായമുള്ള സാമൂഹ്യപ്രവർത്തകരായ നാലുപേരാണ് സംഘത്തിലുള്ളത്. കോഴിക്കോട് രാമനാട്ടുകരയിൽ പാവങ്ങൾക്കുവേണ്ടി സർവോദയ സ്ക്കൂൾ നടത്തുന്ന രാധാകൃഷ്ണമേനോൻ, മീനച്ചൽ ഉഴവൂരിലെ ജോർജ് കുര്യൻ, കൊട്ടാരക്കര വെട്ടിക്കരയിലെ രാമചന്ദ്രൻപോറ്റി, എറണാകുളം ഗാന്ധിപീസ് ഫൗണ്ടേഷനിലെ ഐസക്ജോർജ് എന്നിവരാണ് മുന്നിൽ നിൽക്കുന്നത്. അവർ മുദ്രാവാക്യം വിളിക്കുന്നില്ല. രാധാകൃഷ്ണമേനോൻ ഗാന്ധിമാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന വ്യക്തിയാണെന്ന് എനിക്കറിയാം. സേവാഗ്രാമിൽ ഗാന്ധിമാർഗ്ഗത്തിലൂടെ ജീവിച്ച മനഷ്യൻ. ഒരിക്കൽ ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ട്. വിനോഭ ഭാവേയുടെ ഭൂദാനപ്രസ്ഥാനത്തിൽനിന്ന് ലഭിച്ചഭൂമിയിൽ സ്കൂൾ നടത്തുന്ന രാധാകൃഷ്ണമേനോൻ പൊതുജനത്തിന് പ്രിയംകരനാണ്.

തികച്ചും നിശബ്ദരായി ഉപവാസസത്യഗ്രഹം നടക്കുമ്പോൾ അവിടെ പൊലീസ് ജീപ്പ് വന്നുനിന്നു. ഒരു പൊലീസ് ഉദ്യോഗസ്ഥൻ അതിൽ നിന്നിറങ്ങി ഉപവാസക്കാരുടെ സമീപമെത്തി. അയാൾ പരുക്കൻ ശബ്ദത്തിൽ ആരാഞ്ഞു:

'ഇവിടെ നിങ്ങൾ എന്തു ചെയ്യുന്നു??

'ഞങ്ങൾ അടിയന്തരാവസ്ഥക്കെതിരെ ഉപവസിക്കുകയാണ്. പൗരസ്വാതന്ത്ര്യം പുന:സ്ഥാപിക്കുന്നതിനും അറസ്റ്റിലായ ജനനേതാക്കളെ വിട്ടയക്കുന്നതിനും വേണ്ടിയാണ് ഈ ഉപവാസ സത്യഗ്രഹം.' രാധാകൃഷ്ണമേനോൻ പറഞ്ഞു.

തങ്ങൾ ഇന്ന് ഉപവാസം നടത്തുമെന്ന് കളക്ടറേയും പൊലീസ് കമ്മിഷണറേയും അറിയിച്ചിട്ടുണ്ടെന്ന ന്യായീകരണമൊന്നും അംഗീകരിക്കാൻ പൊലീസ് തയ്യാറായില്ല. ക്രിമിനലുകളെ കൈകാര്യം ചെയ്യുന്ന രീതിയിൽ പൊലീസ് അവരെ വാനിൽക്കയറ്റി കൊണ്ടുപോയി.

ഈ കേസിൻറെ പുതുമകൊണ്ടാണ് ഞാൻ പിന്തുടർന്നത്. അവരെ അഞ്ചുതവണ കോടതികയറ്റി. കാരണമൊന്നും കാണിക്കാതെ ലോക്കപ്പിലിട്ടു. അവരുടെ പ്രായം പോലും പൊലീസ് മാനിച്ചില്ല. കുറ്റക്കാരനാണെന്ന് സമ്മതിച്ചാൽ പൊലീസ് മുറ ആരംഭിക്കും. പലതരത്തിലും പ്രതികളെ കൈകാര്യം ചെയ്യുന്നത് ജയിലിൽ അവർ കാണുന്നുണ്ട്. എല്ലാം വിചാരണത്തടവുകാർ. സെപ്റ്റംബർ അഞ്ചിന് അതായത് 38 ദിവസത്തെ കസ്റ്റഡിക്കുശേഷം ചാർജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചു. അതിൽ പറഞ്ഞതെല്ലാം കള്ളമായിരുന്നു. സെക്ഷൻ 43 അനുസരിച്ച് മജിസ്ട്രേറ്റ്കോടതി രണ്ടുമാസത്തെ വെറുംതടവിന് ശിക്ഷിച്ചു. കേസ് ബലപ്പെടുത്താൻ പൊലീസ് എഫ്ഐആറിൽ അവർ വിളിച്ചതായി എഴുതിപ്പിടിപ്പിച്ച മുദ്രാവാക്യങ്ങൾ ഇതായിരുന്നു:

'ഇന്ദിരാ ഭരണം തുലയട്ടെ.

ഇന്ദിരാ മന്ത്രിസഭയിലെ ജഗജീവൻ റാം,

ചവാൻ എന്നിവർ വീട്ടുതടങ്കലിൽ.

സ്വന്തം പ്രജകളെ തമ്മിലടിപ്പിച്ച് ഇന്ദിരാജനാധിപത്യം

ഭാരതമക്കളേയും ജനനേതാക്കളേയും വേട്ടയാടുന്നു.

സ്വേച്ഛാധിപതി ഇന്ദിര പത്രങ്ങളുടെ വായ്മൂടിക്കെട്ടി'

ഇങ്ങനെയുള്ള മുദ്രാവാക്യങ്ങൾ വിളിച്ചിരുന്നു എന്നാണ് കോടതിയിൽ സമർപ്പിച്ച ഭാഷ്യം. ക്രൈം 242/75 യു/ എസ് 43 ഓഫ് ഡിഐആർ 1971 എന്ന നമ്പരിലാണ് കേസ് രജിസ്റ്റർ ചെയ്തത്. ശിക്ഷ അനുഭവിക്കുകയല്ലാതെ മറ്റുമാർഗ്ഗമൊന്നുമില്ലെന്ന് രാധാകൃഷ്ണമേനോന് ബോധ്യമായി. പൊലീസും കോടതിയും തങ്ങളോട് കാണിച്ച ചതി പുറം ലോകമറിയണമെന്ന ചിന്ത അദ്ദേഹത്തിൽ കലശലായി.

തൻറെ സഹപാഠിയായ ഡോക്ടർ കെ എൻ രാജിന് ഓഗസ്റ്റ് 23 ന് ജയിലിൽനിന്ന് അദ്ദേഹം കത്തെഴുതി.

' പ്രിയപ്പെട്ട രാജ്,

കഴിഞ്ഞ ഒരുമാസമായി ഞാൻ തിരുവനന്തപുരം സബ് ജയിലിലാണ്. താങ്കളുമായി ബന്ധപ്പെടാൻ ഇവിടെ നിർവാഹമില്ലാത്തതിനാലാണ് കത്തെഴുത്തു നീണ്ടുപോയത്. ജൂലായ് 26 മുതൽ ഞാൻ തടങ്കലിലാണ്. മൂന്ന് സർവോദയ പ്രവർത്തകരോടൊപ്പം അടിയന്തരാവസ്ഥക്കെതിരെ ഉപവസിച്ചതാണ് ഞങ്ങൾ ചെയ്ത കുറ്റം. താങ്കൾ കോഴിക്കോട്ട് ഉണ്ടെന്ന് അറിയാൻ കഴിഞ്ഞു.

എത്രദിവസം ഈ തടങ്കലിൽ കഴിയണമെന്ന് അറിയില്ല.

ഡിഐആർ പ്രകാരം ഞാനിപ്പോഴും വിചാരണത്തടവുകാരനാണ്. സൗകര്യപ്പെടുമെങ്കിൽ ബന്ധപ്പെടുമ

ല്ലോ.

– രാധാകൃഷ്ണൻ

വാസ്തവത്തിൽ അദ്ദേഹത്തിൻറെ കുറിമാനം സെൻറർഫോർ ഡെവലപ്മെൻറിലെ ഡോക്ടർ രാജിനെ അമ്പരപ്പിച്ചു. ജയിലിൽ പിടിച്ചിടാവുന്ന കുറ്റമൊന്നും തൻറെ ഉറ്റചങ്ങാതി ചെയ്യില്ലെന്ന് അദ്ദേഹത്തിനറിയാം. ഡോക്ടർ രാജ് മറുകുറി എഴുതി.

'താങ്കൾ ഏതുതരത്തിലാണ് ഇന്ത്യക്ക് ഭീഷണിയായിത്തീർന്നതെന്ന് എനിക്ക് ചിന്തിക്കാൻകൂടി കഴിയുന്നില്ല. കാര്യങ്ങൾ ഒരു കോമിക് ട്രാജഡി ആയിത്തീരുകയാണോ? എന്തുചെയ്യണമെന്ന് എനിക്ക് നിശ്ചയമില്ല. താങ്കൾക്കെതിരെ കൈക്കൊണ്ട നടപടിയുടെ വെളിച്ചത്തിൽ ഇന്ത്യയുടെ ഭാഗമാകാൻ എനിക്കെങ്ങനെ കഴിയും? താമസിയാതെ തമ്മിൽ കാണാമെന്ന പ്രതീക്ഷയോടെ

കെഎൻ രാജ്'

താമസിയാതെ രാജ് ആഭ്യന്തരമന്ത്രി കെ കരുണാകരനു കത്തെഴുതി:

'പ്രിയ ശ്രീ കരുണാകരൻ,

എൻറെ സുഹൃത്ത് ശ്രീ കെ രാധാകൃഷ്ണൻ ഡിഐആർ അനുസരിച്ച് തിരുവനന്തപുരം സബ് ജയിലിൽ കഴിയുകയാണെന്ന് അറിയാൻ കഴിഞ്ഞു. അദ്ദേഹത്തെ സന്ദർശിക്കാൻ എന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിൻറെ അറസ്റ്റുമായി ബന്ധപ്പെട്ട കേസിനെക്കുറിച്ച് പ്രധാനമന്ത്രിക്ക് എഴുതിയ കത്തിൻറെ പകർപ്പുകൂടി ഇതോടൊപ്പം വയ്ക്കുന്നു.

കെ എൻ രാജ്'

അതോടൊപ്പം മുഖ്യമന്ത്രി അച്യുതമേനോനും അദ്ദേഹം എഴുതി:

'പ്രിയ അച്യുതമേനോൻ,

പ്രധാനമന്ത്രിക്ക് ഞാനെഴുതിയ കത്തും മറ്റ് രേഖകളും അയക്കുന്നു. എല്ലാ കാര്യങ്ങളും ഇതിൽനിന്ന് വ്യക്തമാണ്. രാഷ്ട്രീയ കാര്യങ്ങളിൽനിന്ന് കഴിയുന്നത്ര അകലം പാലിക്കാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്. (ജീവിതത്തിൽ എൻറെ വഴി മറ്റൊന്നാണെന്ന് താങ്കൾക്കും അറിവുള്ളതാണല്ലോ). രണ്ടു മാസമായി രാജ്യത്ത് നടക്കുന്ന സംഭവവികാസങ്ങൾ നിശബ്ദമായി കണ്ടുകൊണ്ടിരിക്കാൻ എനിക്കാവുന്നില്ല. താങ്കളെ ബുദ്ധിമുട്ടിക്കുകയാണെങ്കിൽ ക്ഷമിക്കുക.

കെ എൻ രാജ്'

'പ്രിയ മിസിസ് ഗാന്ധി,

ഡിഐആർ അനുസരിച്ച് തിരുവനന്തപുരം സബ്ജയിലിൽ കഴിയുന്ന എൻറെ സുഹൃത്ത് രാധാകൃഷ്ണൻറെ കത്തും ഞാനെഴുതിയ മറുപടിയും അയക്കുന്നു.

എൻറെ വിശ്വാസമനുസരിച്ച് തികച്ചും ഗാന്ധിയനാണ് ലോക്കപ്പിൽ കഴിയുന്ന രാധാകൃഷ്ണൻ. അദ്ദേഹം എൻറെ സഹപാഠിയാണ്. 35 വർഷമായി എനിക്ക് അദ്ദേഹത്തെ അറിയാം. സ്വാതന്ത്യ സമരവുമായി ബന്ധപ്പെട്ട് ജയിൽവാസം അനുഭവിച്ചിട്ടുള്ള അദ്ദേഹത്തിൻറെ ദേശസ്നേഹത്തെ ആർക്കും ചോദ്യം ചെയ്യാനാവില്ല. അമ്പതുകളിൽ സേവാഗ്രാമിൽ അന്തേവാസികളായിരുന്ന രാധാകൃഷ്ണനും ഭാര്യ നിർമ്മലയും ഇപ്പോൾ കേരളത്തിലാണ് താമസിക്കുന്നത്. ആചാര്യ വിനോബഭാവേ കോഴിക്കോട്ടു സംഭാവന നൽകിയ ഭൂമിയിൽ മുപ്പതോളം സാധുകുടുംബങ്ങളെ സംരക്ഷിക്കുകയും അവരുടെ കുട്ടികൾക്കുവേണ്ടി സ്കൂൾ നടത്തുകയും ചെയ്യുന്നു.

രാധാകൃഷ്ണൻ ആർക്കെങ്കിലും ഭീഷണിയാകുമെന്നു എനിക്ക് വിശ്വസിക്കാനാവുന്നില്ല. അത്തരത്തിലുള്ള ഒരാളെ ഡിഐആർ പ്രകാരം തടവിലിട്ടിരിക്കുന്ന സർക്കാറിൻറെ നയങ്ങളോട് യോജിക്കാൻ എനിക്കാവുന്നില്ല. ഈ നയങ്ങൾക്കെതിരെ തുറന്ന പ്രതിഷേധം ഉണ്ടായില്ലെങ്കിൽ അതിനു കാരണം അത്തരം പ്രതിഷേധങ്ങളുടെ എല്ലാ തരത്തിലുള്ള ആശയപ്രകാശന രീതികളും ആവിഷ്ക്കാര ശൈലികളും അടച്ചുപൂട്ടിയെന്നാണ്. മൂല്യവത്തായ പ്രതിഷേധ മുറകളിൽപോലും തെല്ലും വിശ്വാസമില്ല എന്നതാണ് ഏറ്റവും വലിയ ദാരുണാവസ്ഥ. ഏറെ അസഹിഷ്ണുത ഉണ്ടാക്കുന്ന പ്രകൃതത്തിൻറെ വർദ്ധിച്ചുവരുന്ന തെളിവുകളുടെ മുന്നിൽ ഇതുവരെ നിശബ്ദത പാലിച്ചവരിൽ ഞാനും ഉൾപ്പെടുന്നു. പക്ഷേ അതാണ് ശരിയെന്ന് എനിക്ക് എന്നെത്തന്നെ ബോധ്യപ്പെടുത്താൻ കഴിയാതെ മൗനം പാലിക്കുന്നത് ഫലത്തിൽ ഭീരുത്വത്തിൻറെ വഴി തെരഞ്ഞെടുക്കുന്നതല്ലേ എന്ന ഘട്ടം വന്നിരിക്കുന്നു. നിങ്ങൾക്ക് ഈ കത്തെഴുതാനുള്ള സ്വാതന്ത്ര്യം ഞാൻ എടുക്കുന്നതിൻറെ ഒരേയൊരു കാരണവും ഇതു തന്നെ.

കെ എൻ രാജ്'

അദ്ദേഹം ഈ കത്ത് സുഹൃത്തും പ്രധാനമന്ത്രിയുടെ സെക്രട്ടറിയുമായ പിഎൻ ധർ വഴിയാണ് പ്രധാനമന്ത്രിക്ക് എത്തിച്ചത്.

' പ്രിയപ്പെട്ട പ്രൊഫസർ ധർ,

പ്രധാനമന്ത്രിക്ക് എഴുതിയ കത്ത് താങ്കൾക്കയക്കുന്നു. അവരുടെ കൈകളിൽ തന്നെ ഇത് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ എൻ രാജ്'

എന്നാൽ സുഹൃത്തായ രാധാകൃഷ്ണമേനോനെ ജയിലിൽ സന്ദർശിക്കണമെന്ന ആവശ്യമുന്നയിച്ച കത്തിന് മറുപടിപോലും കരുണാകരൻ കൊടുത്തില്ല. മാത്രമല്ല സുരക്ഷാ കാരണങ്ങളാൽ ജയിലിൽ കഴിയുന്ന തടവുകാർ സുഹൃത്തുക്കൾക്കും രാഷ്ട്രീയ നേതാക്കൾക്കും കത്തുകളെഴുതാൻ പാടില്ലെന്ന ഉത്തരവും സെപ്തംബർ നാലിന് കരുണാകരൻ പാസാക്കി.

കെഎൻ രാജിന് രാധാകൃഷ്ണമേനോൻ എഴുതിയ കത്തുകളും തുടർന്നുണ്ടായ സംഭവവികാസങ്ങളും

ആഭ്യന്തരമന്ത്രിയെ ഇതിനകം വെട്ടിലാക്കി. സർവോദയക്കാരെ കള്ളക്കേസ്സിൽ കുരുക്കിയതിൽ കരുണാകരന് തെല്ലും മനസ്സാക്ഷിക്കുത്തുണ്ടായില്ല.

എന്നാൽ ഇന്ദിരക്ക് കെഎൻ രാജ് എഴുതിയ കത്ത്



ദൽഹിയിൽ പ്രകമ്പനങ്ങൾ സൃഷ്ടിച്ചു. കത്ത് ഇന്ദിരയുടെ കൈയിൽ കിട്ടി. അവരുടെ പ്രൈവറ്റ് സെക്രട്ടറി എൻ കെ ശേഷനോട് മറുപടി കൊടുക്കാൻ ചട്ടംകെട്ടി.

എൻകെ ശേഷൻ രാജിനെഴുതി:

' പ്രിയ ഡോക്ടർ രാജ്,

പ്രധാനമന്ത്രി താങ്കളുടെ കത്ത് 1975 സെപ്തംബർ 12 ന് വായിച്ചു. രാധാകൃഷ്ണനെ തടവിലാക്കിയതുമായി ബന്ധപ്പെട്ട് എഴുതിയ കത്തും പ്രധാനമന്ത്രിക്ക് കിട്ടി. താങ്കൾക്ക് എഴുതാൻ അവർ എന്നോടുപറഞ്ഞു.

കത്ത് കിട്ടിയ ഉടൻ പ്രധാനമന്ത്രി കരുണാകരനെ വിളിച്ചു വിവരങ്ങൾ ആരാഞ്ഞു. മഹാത്മാഗാന്ധിപ്രതിമയുടെ മുന്നിൽ നിയമലംഘനം നടത്തിയതിന് ശ്രീ രാധാകൃഷ്ണനേയും മറ്റ് മുന്നു പേരേയും ജൂലായ് 26 ന് അറസ്റ്റുചെയ്തു കേസ്സെടുത്തു. ആഗസ്റ്റ് 26 നും 27 നും കോടതിയിൽ ഹാജരാക്കി. മജിസ്ട്രേറ്റ് കോടതി അവർക്ക് രണ്ടു മാസത്തെ തടവുശിക്ഷ വിധിച്ചു. ശിക്ഷാ കാലാവധി അവസാനിക്കുന്ന സെപ്റ്റംബർ 26 ന് മോചിപ്പിക്കും.

എൻ കെ ശേഷൻ'

സെപ്തംബർ 26 ന് രാധാകൃഷ്ണമേനോനും മറ്റു മൂന്നു സർവോദയപ്രവർത്തകരും ശിക്ഷ കഴിഞ്ഞ് ജയിലിൽനിന്ന് പുറത്തിറങ്ങുമ്പോൾ ഞാനും അവിടെ എത്തിയിരുന്നു. അന്നുതന്നെ അദ്ദേഹത്തിന് ട്രെയിനിൽ കോഴിക്കോട്ടേയ്ക്ക് പോകണം. രണ്ടു മാസമായി ഹെഡ്മാസ്റ്റർ സ്കൂളിൽ എത്തുന്നില്ലെങ്കിൽ അത് സർവീസ് ചട്ടങ്ങൾക്കു ബാധകമാകും. റെയിൽവേസ്റ്റേഷനിലേക്ക് ഞാനും പിന്തുടർന്നു.

ട്രെയിൻ കാത്തിരിക്കുമ്പോൾ ഞാനദ്ദേഹത്തിൻറെ സമീപം ചെന്നു സ്വയം പരിചയപ്പെടുത്തി.

'മാഷേ, നമസ്കാരം. ഞാൻ പൊതുജനം വാരികയുടെ റിപ്പോർട്ടറാണ്. കപിലൻ. മാഷിനെ ഞാൻ മുമ്പ് കോഴിക്കോട് രാമനാട്ടുകര സ്കൂളിൽവന്ന് കണ്ടിട്ടുണ്ട്.?

'അതെ, ഞാൻ ഓർക്കുന്നു. സാധാരണക്കാരൻറെ വിദ്യാഭ്യാസത്തെക്കുറിച്ചോ മറ്റോ സംസാരിച്ചു അല്ലേ? പിന്നെ എന്താണ് കപിലന് അറിയേണ്ടത്?'

' മാഷേ, രണ്ടുമാസം ജയിലിൽ കഴിയേണ്ടിവന്നു. താങ്കളുടെ മാനസികാവസ്ഥ എനിക്കറിയാം. എങ്കിലും അറിയാനുള്ള താൽപ്പര്യംകൊണ്ട് ചോദിക്കുകയാണ്. അവിടെ താങ്കൾക്കും സർവോദയ സുഹൃത്തുക്കൾക്കും ഉണ്ടായ അനുഭവം എന്തായിരുന്നു. ചെറുതായൊന്നു വിശദീകരിക്കാമോ?' കൈയിലുള്ള തുണിസഞ്ചി റെയിൽവേസ്റ്റേഷനിലെ ബഞ്ചിൽ വച്ചശേഷം അദ്ദേഹം പതുക്കെ പറഞ്ഞു തുടങ്ങി:

'ഗാന്ധി പ്രതിമക്ക് മുന്നിൽ അവകാശങ്ങൾക്കുവേണ്ടി ഉപാവാസമിരിക്കുന്നത് കുറ്റകരമാണെന്നു അന്നെനിക്ക് മനസ്സിലായി. ഞാൻ ഗാന്ധിയുടെ ആശ്രമത്തിൻറെ ശുദ്ധവായുവേറ്റ് അദ്ദേഹത്തിൻറെ ആദർശങ്ങളിൽ ആകൃഷ്ടനായി വളർന്നവനാണ്. അടിയന്തരാവസ്ഥയുടെ പേരിൽ നെയ്തെടുക്കുന്ന കൊള്ളരുതായ്മകളും പൊളിവചനങ്ങളും വാരിവിതറുന്ന ഭരണകൂടത്തിൻറെ കൈവിലങ്ങുകൾ പിച്ചിച്ചീന്താൻ ഞങ്ങൾ ഒരുക്കമാണ്. എൻറെ സുഹൃത്ത് കെഎൻ രാജും ചോദിച്ചതും കപിലൻ ചോദിച്ചതു തന്നെയാണ്. ജയിൽവാസത്തിൽ ഉണ്ടായ ഭീകരതകൾ എന്തായിരുന്നു.? ഞങ്ങൾക്ക് ക്രൂരമായ പീഡനമൊന്നും ഏറ്റുവാങ്ങേണ്ടിവന്നില്ല. പക്ഷേ ഞങ്ങൾക്ക് ചുറ്റും നടന്ന ക്രൂരതകൾ സഹിക്കാവുന്നതിലും അധികമായിരുന്നു.

'എസ്എഫ്ഐ, സിഐടിയു, മാർക്സിസ്റ്റ്പാർട്ടി, റിബൽ ലീഗ്, കോൺഗ്രസ് (ഒ) തുടങ്ങിയ സംഘടനകളിലെ യുവാക്കളെ അതികഠിനമായാണ് പീഡിപ്പിച്ചത്. അതും ഞങ്ങളുടെ മുന്നിൽവച്ച്. അവരെ കൈകാര്യം ചെയ്യുന്നരീതി സഹിക്കാവുന്നതല്ല. ഗാന്ധിപീസ്ഫൗണ്ടേഷൻറെ ലഘുലേഖകൾ വിതരണം ചെയ്തതിൻറെ പേരിൽ ഒരു പ്രവർത്തകനെ അറസ്റ്റുചെയ്തുകൊണ്ടുവന്ന് ദിവസങ്ങളോളം ലോക്കപ്പിലിട്ട് മർദ്ദിച്ച് അവശനാക്കിയത് ഞാൻ നേരിൽകണ്ടതാണ്. അയാളുടെ ശരീരത്തിൻറെ പിൻഭാഗത്ത് രക്തം ഒലിച്ചിറങ്ങുന്ന നിരവധി മുറിവുകൾ കാണാമായിരുന്നു. അയാളെ നെടുമങ്ങാട് പൊലീസ്സ്റ്റേഷനിൽ നിന്നാണ് കൊണ്ടുവന്നത്. ലോക്കുചെയ്ത മുറികളിൽ നിന്ന് നിരന്തരം യുവാക്കളുടെ നിലവിളികൾ കേൾക്കാമായിരുന്നു. അറസ്റ്റുചെയ്തപ്പോൾ വാങ്ങിവച്ച പണം ചോദിച്ചതിന് ഇരുപതുവയസ്സു തോന്നിക്കുന്ന ഒരു വിദ്യാർത്ഥിയെ കുനിച്ചുനിർത്തി ഇടിക്കുന്നത് എൻറെ മുന്നിൽ വച്ചാണ്. ക്രമസമാധാനത്തിൻറെ പേരിൽ പൊലീസ് സ്റ്റേഷനുകളിലും ജയിലുകളിലും നടക്കുന്ന മുന്നാംമുറക്ക് ഇത്രയും വർഷമായിട്ടും മാറ്റമൊന്നും സംഭവിച്ചിട്ടില്ല എന്നതാണ് സകടകരം. അടിയന്തരാവസ്ഥയുടെ പേരിൽ അധികാരികൾ അഴിഞ്ഞാടുന്ന തെരുകൂത്തിന് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും കൂട്ടുനിൽക്കുന്നത് കാണുമ്പോൾ നമ്മുടെ ജനാധിപത്യത്തിൻറെ തകർച്ചയാണ് ഒരു ഗാന്ധിയനായ എൻറെ മനസ്സിൽ തിരയടിച്ചു ഉയർന്നത്.'

അത്രയും പറഞ്ഞപ്പോൾ അദ്ദേഹം വികാരാധീനനായി. ടവ്വൽ എടുത്തു ദൈന്യമായ മുഖംതുടച്ചു. എൻറെ ചോദ്യങ്ങൾ അദ്ദേഹത്തെ നോവിച്ചോ എന്നെനിക്ക് സംശയമായി.

## സി ആർ സുലോചന എന്ന പതിനാറുകാരിയുടെ ദുരന്തകഥ

**അധ്യായം പതിനെട്ടിൽ നിന്ന്**

നക്സലൈറ്റുകൾ അവതരിപ്പിച്ച അക്ഷൗഹണി എന്ന നാടകത്തിൽ സുലോചന അഭിനയിച്ചിരുന്നു. ആ പെൺകുട്ടിയുടെ അധ്യാപകനായ മധുമാഷ് ആവശ്യപ്പെട്ടതനുസരിച്ചാണ് അഭിനയിച്ചത്. മറ്റൊരു നാടകത്തിലും സി ആർ സുലോചന അഭിനയിച്ചിട്ടുണ്ട്. മാനന്തവാടി മണിആക്ഷനിൽ പങ്കെടുത്തവരെ ക്രൈംബ്രാഞ്ച് തേടുന്ന സമയം. മധുമാഷിനേയും പികെ ദാമോദരനേയും പൊലീസ് അന്വേഷിച്ചു നടക്കുന്നു. ഒളിവിൽ പോയ അവരെ പലതരത്തിൽ ശ്രമിച്ചിട്ടും പിടികിട്ടിയില്ല. ഒടുവിൽ അവരുമായി നാടകത്തിൽ സഹകരിച്ചതിൻറെ പേരിൽ സുലോചനയെ അറസ്റ്റുചെയ്തു. സാംസ്കാരിക പരിപാടിയിൽ പങ്കെടുത്തു മടങ്ങുമ്പോഴാണ് ബത്തേരി പൊലീസ് സ്റ്റേഷനിലെ പൊലീസും ക്രൈംബ്രാഞ്ചും സുലോചനയെ കസ്റ്റഡിയിലെടുക്കുന്നത്. ആദ്യം സുൽത്താൻബത്തേരി പൊലീസ് ലോക്കപ്പിലിട്ടു. പിന്നെ റസ്റ്റ്ഹൗസിൽ കൊണ്ടുപോയി മർദ്ദിച്ചു. പല സ്റ്റേഷനുകളിലും മാറിമാറി കൊണ്ടുപോയി. മധുമാഷും കെ വേണുവും ദാമോദരൻമാസ്റ്ററും എവിടെ എന്ന് ചോദിച്ചുകൊണ്ടായിരുന്നു മർദ്ദനം. അറിയില്ലെന്നായിരുന്നു മറുപടി. ഒരു സ്ത്രീയോട് കാണിക്കേണ്ട സാമാന്യ മര്യാദയും പരിഗണനയും അവർ വിസ്മരിച്ചിരുന്നു. ചൂരൽകൊണ്ട് കാലിൽ ആഞ്ഞടിച്ചു. തുടയിലെ മാംസമൊക്കെ ചിതറിത്തുടങ്ങി. ചക്കോരത്തുകളം, മാലൂർ ക്യാമ്പുകളിൽ മാറിമാറി കൊണ്ടുപോയി മർദ്ദിച്ചു. മാനന്തവാടിയിൽ നടന്ന സംഭവത്തിൻറെ അടിസ്ഥാനത്തിൽ മധുമാസ്റ്ററും നാടകട്രൂപ്പിൽപ്പെട്ട ചിലരുണ്ടായിരുന്നത്രേ. അതാണവർ മധുമാസ്റ്ററേയും ദാമോദരൻമാസ്റ്ററേയും കസ്റ്റഡിയിലെടുക്കാൻ നടക്കുന്നത്.

ഗസ്റ്റ്ഹൗസിൽ രണ്ട് ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. ഒരാൾ പ്രായമുള്ളയാൾ. മറ്റൊരാൾക്ക് അത്ര പ്രായമില്ല. അവർ ചോദിച്ചു:

'ദാമോദരനേയും മധുവിനേയും അറിയാമോ നിനക്ക്?'

'അറിയാം. അവരെൻറെ അദ്ധ്യാപകരാണ്.'

അവർ എവിടെയാണ് ഒളിച്ചിരിക്കുന്നതെന്നായി അടുത്ത ചോദ്യം. കള്ളം പറയരുതെന്ന് പറഞ്ഞുകൊണ്ട് ചെറുപ്പക്കാരൻ മുഖത്തടിച്ചു. കൊല്ലുമെന്നും ജഡംപോലും പുറത്തുകാണിക്കില്ലെന്നും ഇരുവരും ഭീഷണി മുഴക്കി. സ്റ്റഡിക്ലാസ് നടത്തിയതിനെപ്പറ്റിയും അതിൽ പങ്കെടുത്തവരെ പറ്റിയുമൊക്കെ പറഞ്ഞുകൊടുക്കണമെന്നായി. വീണ്ടും ലോക്കപ്പിലേക്ക് എറിഞ്ഞു. പിറ്റേന്ന് രാത്രി ഒൻപതു മണിക്ക് ലോക്കപ്പ് തുറന്നു.

പുറത്തു റോഡിൽ ഒരു നീലവാൻ നിൽക്കുന്നത് സുലോചന കണ്ടു. മുപ്പതോളം വയസ്സുള്ള ഒരാളെ കൈവിലങ്ങുവച്ച് അവരതിൽ ഇരുത്തിയിരിക്കുന്നു. അതിൽ കയറ്റി.

'എവിടേക്ക് കൊണ്ടുപോകുന്നു?? സുലോചന ഇടറിയ ശബ്ദത്തിൽ ചോദിച്ചു.

' നിന്നെ കൊല്ലാൻ കൊണ്ടുപോകുന്നു,' ഒരാൾ ക്രൂര ഭാവത്തിൽ പറഞ്ഞു.

വാൻ ഇരുട്ടിലൂടെ ഓടാൻ തുടങ്ങി. ചുരമിറങ്ങിയും കയറിയും വണ്ടി ഓടുകയാണ്. ഒടുവിൽ കോഴിക്കോട് എത്താറായെന്ന് സുലോചനക്ക് തോന്നി. നടക്കാവ് പൊലീസ്സ്റ്റേഷനിൽ വണ്ടി നിർത്തി. മറ്റുള്ളവരെ അവിടെ ഇറക്കി. സുലോചനയുമായി വണ്ടി മുന്നോട്ടു നീങ്ങി. ഇനി ഒന്നും ചോദിച്ചിട്ടു കാര്യമില്ല. വണ്ടി ഏതോ വനിതാ പൊലീസ്സ്റ്റേഷനിൽ ചെന്നുനിന്നു. ഉദ്യോഗസ്ഥർ പുറത്തിറങ്ങി വിളിച്ചു. ഉറങ്ങിക്കിടന്നിരുന്ന രണ്ടു വനിതാ പൊലീസുകാർ ചാടിയെഴുന്നേറ്റ് പുറത്തേക്ക് വന്നു. ഏതോ ദുസ്വപ്നം കണ്ടപോലെ ഞെട്ടിയുണർന്നാണ് അവരുടെ വരവ്. സുലോചനയെ അവരെ ഏൽപ്പിച്ചിട്ട് വന്നവർ വണ്ടിയുമായി സ്ഥലം വിട്ടു.

രണ്ടു ദിവസമായി പൊലീസ് വലയത്തിലാണ്. വിശപ്പും ദാഹവുമുണ്ട്. ഒരുതരം ഭയം മനസ്സിൽ പതിയിരിക്കുന്നു. കുടിവെള്ളം ചോദിച്ചിട്ടുപോലും ബത്തേരി സ്റ്റേഷനിൽനിന്ന് കൊടുക്കാൻ പൊലീസ് വിസമ്മതിച്ചു. പിറ്റേന്ന് വൈകുന്നേരംവരെ ഒരേയിരുപ്പാണ്. വനിതാ എസ്ഐ വന്നു. വിശക്കുന്നു, എന്തെങ്കിലും തരണമെന്ന് സുലോചന പറഞ്ഞു. അവർ കൈ മലർത്തി. രാത്രി ബത്തേരിയിൽ നിന്നുവന്ന ക്രൈംബ്രാഞ്ചിലെ പൊലീസുകാർ വന്നു സുലോചനയെ വാനിൽകയറ്റി. വാൻ ഏറെനേരം ഓടി. പിന്നെ ഇരുട്ടിൻറെ ഭീകരത നിറഞ്ഞ അന്തരീക്ഷത്തിലാണ് ചെന്നെത്തിയത്. വലിയൊരു കെട്ടിടം. ഈ മുറിയിലേക്ക് അവർ സുലോചനയെ കൊണ്ടുപോയി. അവിടെ കാലുംനീട്ടിയിരുന്ന യുവാവിനെ തിരിച്ചറിഞ്ഞു. തലേദിവസം ബത്തേരിയിൽ തന്നെകയറ്റിയ ജീപ്പിലിരുന്ന ആളാണ്. അടികൊണ്ടു പുളയുകയും നിലവിളിക്കുകയും ചെയ്തു.

ഉടൻതന്നെ അയാളെ അവിടെനിന്ന് രണ്ടു പൊലീസുകാർ മറ്റെവിടേക്കോ കൊണ്ടുപോയി. തലനരച്ച ഒരാൾകൂടി അവിടേക്ക് വന്നു. അയാൾ മദ്യപിച്ചിരുന്നു എന്ന് ആ ചുവന്ന കണ്ണുകൾ കണ്ടാലറിയാം. കാലുകളും വാക്കുകളും ഉറയ്ക്കുന്നില്ല. സിനിമയിലെ ചില ഹാസ്യ കഥാപാത്രങ്ങളെപ്പോലെ അയാൾ നിന്നാടുകയാണ്.

അയാൾ പറഞ്ഞു:

'അഴിക്കെടീ സാരി'

സുലോചനയെ കൊണ്ടുവന്ന പൊലീസുകാരനും ആക്രോശിച്ചു:

'സാരി, അഴീക്കെടി?

'ഞാനൊന്നും ചെയ്തിട്ടില്ല സാറൻമാരെ. എന്നെയൊന്നും ചെയ്യരുതേ. എനിക്കൊന്നുമറിയില്ല.' സുലോചന കരഞ്ഞുകലങ്ങിയ കണ്ണുകളോടെ കൈകൂപ്പി യാചിച്ചു.

'സാരി അഴിക്കാനല്ലേടീ പറഞ്ഞത്. നീ അനുസരിക്കില്ല അല്ലേടീ..' ചെറുപ്പക്കാരൻ അലറി.

സുലോചന വിറയലോടെ സാരി അഴിച്ചു.

'ചുവരിൽ ചാരിനിൽക്ക്'

അയാളുടെ അടുത്ത അട്ടഹാസം. പിന്നെ ഒരു പ്രസംഗം ആയിരുന്നു.

'എല്ലാം തുറന്നു പറയൂ. എന്നാൽ അടിക്കില്ല. നിൻറെ അമ്മ നിന്നെ കൊണ്ടുപോകാൻ വന്നിട്ടുണ്ട്. വിടണമെങ്കിൽ എല്ലാം പറയണം. നേരുതന്നെ പറയണം. ഇല്ലെങ്കിൽ കൊന്ന് കൊക്കയിൽ കൊണ്ടുപോയി എറിയും. പറയെടീ മധുമാസ്റ്ററും മറ്റേ മാസ്റ്ററും എവിടേടീ??

'നാടകത്തിൽ അഭിനയിച്ചു. അല്ലാതെ അവരെപ്പറ്റി എനിക്കൊന്നുമറിയില്ല.'

സുലോചന എങ്ങനെയെങ്കിലും പറഞ്ഞൊപ്പിച്ചു.

'നിന്നെ അറിയിച്ചുതരാം?

എല്ലാം തുറന്നു പറയൂ. എന്നാൽ അടിക്കില്ല. നിൻറെ അമ്മ നിന്നെ കൊണ്ടുപോകാൻ വന്നിട്ടുണ്ട്. വിടണമെങ്കിൽ എല്ലാം പറയണം. നേരുതന്നെ പറയണം. ഇല്ലെങ്കിൽ കൊന്ന് കൊക്കയിൽ കൊണ്ടുപോയി എറിയും. പറയെടീ മധുമാസ്റ്ററും മറ്റേ മാസ്റ്ററും എവിടേടീ??

'നാടകത്തിൽ അഭിനയിച്ചു. അല്ലാതെ അവരെപ്പറ്റി എനിക്കൊന്നുമറിയില്ല.'

സുലോചന എങ്ങനെയെങ്കിലും പറഞ്ഞൊപ്പിച്ചു.

നിന്നെ അറിയിച്ചുതരാം?

അടുത്ത മുറിയിലേക്ക് കൊണ്ടുപോയി. പല തവണ തലപിടിച്ച് ഭിത്തിയിൽ ഇടിച്ചുകൊണ്ട് മദ്യപിച്ച ആൾ പറഞ്ഞു:

'പറയിപ്പിച്ചു തരാമെടീ'

കാൽനീട്ടി ചുമരിൽ ചാരിയിരുത്തിയശേഷം ചെറുപ്പക്കാരൻ അവളുടെ കാൽമുട്ടിൽ ചവിട്ടിക്കയറി നിന്നു.

പറയെടീ' അയാൾ വീണ്ടും ആക്രോശിച്ചു.

മറ്റൊരാൾ പാദത്തിൽ അടിച്ചുതുടങ്ങി.

അമ്മോ? സുലോചന നിലവിളിച്ചു. ചുമരിൽ തലയിടിച്ചുകൊണ്ട് അവൾ പറഞ്ഞു, ?എനിക്കൊന്നുമറിയില്ല. എന്നെ രക്ഷിക്കണേ.?

ചെറുപ്പക്കാരൻ കാലിൽനിന്ന് താഴെയിങ്ങി. പിന്നെ മുറിക്കകത്ത് തൂങ്ങിക്കിടന്ന ഒരു കയർ കാണിച്ചുകൊണ്ടു പറഞ്ഞു:

നിന്നെ തൂക്കിക്കൊല്ലാനുള്ള കയറാണ്. കണ്ടോ? ചാവണ്ടെങ്കിൽ സത്യം പറ. പറഞ്ഞില്ലെങ്കിൽ നിന്നെ കത്തിച്ച് ചാമ്പലാക്കും.?

സുലോചനയുടെ സാരി മടക്കിക്കൊടുത്തു.

പുറത്ത് വാനിലേക്ക് നടത്തി.

കെട്ടിടത്തിൻറെ മുകളിൽ നിന്ന് നിലവിളി കേൾക്കുന്നുണ്ടായിരുന്നു.

'അയ്യോ കൊല്ലല്ലേ, അമ്മേ ഇനിയെന്നെ തല്ലല്ലേ.?

ആരെയും കരയിപ്പിക്കുന്ന നിലവിളിയാണെന്ന് സുലോചനക്ക് തോന്നി.

ഒരാൾ മുകളിൽനിന്ന് പുറത്തേക്ക് ഇറങ്ങിവന്നു. എന്നിട്ട് ചോദിച്ചു:

ഇവളാണോ സുലോചന??

എന്നിട്ടയാൾ അവളോടു പറഞ്ഞു,

നിന്നെ നക്സലൈറ്റ് ആക്കുന്നുണ്ട്.?

പൊലീസ്വാൻ വനിതാ സ്റ്റേഷനിലേക്കു നീങ്ങി. പിറ്റേ ദിവസം അവിടെ കഴിച്ചുകൂട്ടിയെങ്കിലും പകൽ ക്രൈംബ്രാഞ്ചുകാർ ആരുംവന്നില്ല. വിശപ്പ് സഹിക്കാൻ വയ്യാതായപ്പോൾ വനിതാ പൊലീസുകാരോടു കരഞ്ഞുപറഞ്ഞു:

എനിക്ക് വിശപ്പു സഹിക്കാൻ വയ്യ. എന്തെങ്കിലും തരണേ.?

അവർ ഉത്തരമൊന്നും പറഞ്ഞില്ല.

പുതിയറയിൽ ക്രൈംബ്രാഞ്ചിൻറെ ഓഫീസിലേക്കാണ് കൊണ്ടുപോകുന്നതെന്ന് അവരുടെ സംഭാഷണത്തിൽ നിന്ന് സുലോചനക്ക് മനസ്സിലായി.

ശരീരം മൊത്തത്തിൽ വേദനയാണ്. കാൽമുട്ടിലും മറ്റും രക്തംവാർന്നു കട്ടപിടിച്ചുനിൽക്കുന്നു. നീരായതിനാൽ നടക്കാനാവുന്നില്ല.

രാത്രി ആരോ വന്നുവിളിച്ചു, ?സാർ വന്നു?

ഭയഭക്തിബഹുമാനത്തോടെ വനിതാ പൊലീസുകാർ ചാടിയെഴുന്നേറ്റ് അറ്റൻഷനായി.

സാറിനു കാണണമെന്നു പറയുന്നു,? അവർ പറഞ്ഞു.

നടക്കാൻ ഒട്ടുംവയ്യ.? സുലോചന പറഞ്ഞു.

പിടിച്ചുവലിച്ചു കൊണ്ടുവാ?സാറിൻറെ കൽപ്പന.

അവർ കൽപന അനുസരിച്ച് പിടിച്ചുവലിച്ചു. കാലുകൾ നിലത്തുനിർത്താൻ കഴിയുന്നില്ല. സൂചികൾ കൊത്തിവലിക്കുന്നപോലെ വേദന. കണ്ണുകളിൽ അസഹ്യമായ വേദന.

കറുത്തുതടിച്ച ഒരു പൊലീസ് ഓഫീസർ. അയാളുടെ ക്രൂരമായ നോട്ടം. അയാൾ ഏതോ ഉന്നതനായ ഓഫീസർ ആയിരിക്കണം.

വാനിൽ കയറ്റ്,? തുറിച്ചുനോക്കിക്കൊണ്ട് അയാൾ പറഞ്ഞു.

വാനിൽ കയറിയപ്പോൾ അയാൾ പറഞ്ഞു:

ഞാനും അങ്ങോട്ടാണ്. നിന്നെ വേണ്ടപോലെ കാണിച്ചുതരാം.?

വാൻ ഇരുട്ടിലൂടെ ഏറെദൂരം ഓടി. മറ്റൊരു സ്ഥലത്താണ് എത്തിച്ചേർന്നത്. അടുത്ത ദിവസം പുതിയറ ക്രൈംബ്രാഞ്ച് ഓഫീസിലേക്കു കൊണ്ടുപോയി. ശരീരത്തിൽ മൊത്തം വേദനയാണ്. വീണ്ടും വാനിൽക്കയറ്റി കൊണ്ടുപോയി.

പഴയൊരു കെട്ടിടത്തിൽ എത്തി. കറുത്ത ഒരു ഓഫീസർ സുലോചനയെ ചെറിയൊരു മുറിയിലേക്കു കൊണ്ടുപോയി. സാരി അഴിക്കാൻ അയാൾ കൽപ്പിച്ചു. സാരി അഴിച്ചു. പാവാട അഴിക്കാൻ പറഞ്ഞു. അതും അഴിച്ചു. എന്നിട്ടും അയാൾക്ക് മതിവന്നില്ല. അടിവസ്ത്രം അഴിക്കാൻ പറഞ്ഞു. കരഞ്ഞതല്ലാതെ അഴിച്ചില്ല. അയാൾ വീണ്ടും നിർബന്ധിച്ചു. അവൾ സമ്മതിച്ചില്ല. ഒടുവിൽ തലമുടി പിടിച്ചു ചുവരിൽ ഇടിക്കാൻ തുടങ്ങി. ചെറിയൊരു മൽപ്പിടുത്തംതന്നെ നടന്നു. പിന്നെ ചുമരിനോട് മുഖംതിരിഞ്ഞു നിൽക്കാൻ പറഞ്ഞു.

പെട്ടെന്ന് വലതുകാലിൻറെ മാംസപേശി കൊത്തിയറുത്തപോലെ പിടഞ്ഞു. പെട്ടെന്ന് താഴെവീണു. നീണ്ട ചൂരൽകൊണ്ട് അടിച്ചതാണ്. അടിയേറ്റ ഭാഗത്തെ മാംസം ചിതറിപ്പോയി. കാൽപൊട്ടി ചോര ഒലിച്ചുതുടങ്ങി. പിന്നെ ബോധംകെട്ട് താഴെവീണു. നേരം വെളുത്തിട്ടാണ് ബോധം തെളിഞ്ഞത്. അടുത്തുള്ള വനിതാ പൊലീസിനോട് സുലോചന ഭക്ഷണം വേണമെന്നു പറഞ്ഞു.

അമ്മ വന്നാൽ പണം വാങ്ങിത്തരാം. എനിക്ക് എന്തെങ്കിലും വാങ്ങിത്തരൂ,?

ആ പൊലീസുകാരി ആരോടും പറയരുതെന്ന് പറഞ്ഞു എന്തോ വാങ്ങിത്തന്നു. ഒരാഴ്ചക്ക് ശേഷം കിട്ടുന്ന ആഹാരം. ആർത്തിയോടെ വാരിക്കഴിച്ചു.

'ആ കറുത്ത ഓഫീസർ ആരാണ്?' അവരോട് സുലോചന ചോദിച്ചു,

'എസ്പി ലക്ഷ്മണ'

രണ്ടുമൂന്നു ദിവസം മർദ്ദനം തുടർന്നു. ഫോട്ടോഗ്രാഫർ വന്നു ചുമരിൽ ചാരിനിർത്തി ഫോട്ടോയെടുത്തു. വിട്ടയക്കാനുള്ള കടലാസ്സാണെന്ന് പറഞ്ഞു ചില രേഖകളിൽ ഒപ്പിടുവിച്ചു. അത് മിസ ഓർഡർ ആയിരുന്നു എന്നു അറിയില്ലായിരുന്നു. അന്നുതന്നെ കണ്ണൂർ ജയിലിലേക്കു കൊണ്ടുപോയി. ജയിലിൽ മന്ദാകിനി ഉണ്ടായിരുന്നു. അമ്മ പല തവണ വന്നിട്ടും കാണാൻ അനുവദിച്ചില്ല.

## 'എന്നോടൊപ്പം അറസ്റ്റിലായവരെക്കൂടി മോചിപ്പിച്ചാൽ ഈ ഓഫർ സ്വീകരിക്കാൻ തയ്യാറാണ്.'

**അധ്യായം 32 ൽ നിന്ന്**

പൂജപ്പുര സെൻട്രൽ ജയിലിൽനിന്ന് പുറത്തിറങ്ങിവന്ന സ്ട്രീറ്റിൻറെ പത്രാധിപർ സുഭാഷ് ചന്ദ്രബോസ് വളരെ അവശനായിരുന്നു. അയാളുടെ ഇപ്പോഴത്തെ കോലം കപ്പോൾ എനിക്ക് തന്നെ അസ്വാസ്ഥ്യം നിയന്ത്രിക്കാനായില്ല. രാമനിലയത്തിൽനിന്ന് 20 മാസം മുൻപ് അയാളെ പൊലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോകുമ്പോൾ ഞാനും അവിടെ ഉണ്ടായിരുന്നതാണ്. ചാർമിനാർ സിഗരറ്റിൽ അഭയം തേടിയിരുന്ന പഴയ ബോസിനെ ഇന്ന് ഒറ്റനോട്ടത്തിൽ കാൽ സുഹൃത്തുക്കൾക്കുപോലും തിരിച്ചറിയാൻ പ്രയാസമാണ്. പഴയ കേരളകൗമുദി പത്രത്തിൻറെ താളിൽ പൊതിഞ്ഞ മുഷിഞ്ഞ ഷർട്ടും മുണ്ടുമായാണ് ബോസ് ക്യാമ്പിൽനിന്ന് ഇറങ്ങിവന്നത്. അയാൾ ആരോടും സംസാരിക്കാതെ നടന്നു.

അടിയന്തരാവസ്ഥ അരങ്ങു തകർക്കുന്ന വേളയി

ലാണ് രാമനിലയത്തിൽനിന്ന് രായ്ക്കു രാമാനം ബോസിനെ പൊലിസ് കസ്റ്റഡിയിലെടുക്കുന്നത്. പത്രം നടത്തി എന്നതായിരിക്കണം ബോസ് ചെയ്ത കുറ്റം. സഹോദരിയുടെ ഭർത്താവായ തിരുനല്ലൂർ കരുണാകരൻ ബോസിനെ അന്നുതന്നെ മോചിപ്പിക്കാൻ ശ്രമിച്ചിരുന്നു. കവിയും അധ്യാപകനുമൊക്കെയായ തിരുനല്ലൂർ വിചാരിച്ചാൽ ബോസിനെ മോചിപ്പിക്കാനാവും.



കരുണാകരനുമായി ബന്ധപ്പെട്ടു. ബോസിനോടൊപ്പം നാലഞ്ചുപേരെ അന്ന് അകത്താക്കിയിരുന്നു. ചില ഉപാധികളോടെ ബോസിനെ മാത്രം വിട്ടയക്കാമെന്ന് കരുണാകരൻ സമ്മതിച്ചതുമാണ്. ഒരു മേശയുടെ കാലിലാണ് നാലഞ്ചുപേരെ കെട്ടിയിട്ടിരുന്നത്. ഒരു പൊലീസുകാരൻ അഞ്ചാംദിവസം ചെറിയൊരു പേപ്പറിൽ ബോസിനു ഒരറിയിപ്പ് എത്തിക്കുന്നു.

‘ ബോസിനെ മാത്രം മോചിപ്പിക്കാൻ ആഭ്യന്തരമന്ത്രി തയ്യാറാണ്.‘

‘എന്നോടൊപ്പം അറസ്റ്റിലായവരെക്കൂടി മോചിപ്പിച്ചാൽ ഈ ഓഫർ സ്വീകരിക്കാൻ തയ്യാറാണ്.‘

ബോസ് അതേ പേപ്പറിൽ എഴുതി പൊലീസുകാരനെ ഏൽപ്പിച്ചു. ആ നിർദ്ദേശം അംഗീകരിക്കാൻ കരുണാകരൻ തയ്യാറായിരുന്നില്ല.

ഇരുപത്തൊന്നു മാസത്തിനുശേഷം തിരിച്ചെത്തുമ്പോൾ രാമനിലയം ആകെ മാറിയിരുന്നു. അടിയന്തരാവസ്ഥ എൽപ്പിച്ച കറുത്ത പാടുകൾ ആ അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നത് ബോസിന് കാണാമായിരുന്നു. സ്ട്രീറ്റിൻറെ ഓഫീസും അടഞ്ഞു കിടക്കുന്നു. മൂന്നുവർഷം മുടക്കം കൂടാതെ സ്ട്രീറ്റ് മാസിക ഇവിടെ നിന്നാണ് യാത്രതിരിച്ചത്. രാവും പകലുമിരുന്നു എഴുതിയുാക്കുന്ന

മാറ്റുകൾ അനിയൻ സഞ്ജീവാണ് പിപി പ്രസിൽ എത്തിക്കുന്നത്. മറ്റൊന്നും സമയത്തിന് അച്ചടിച്ചു കൊടുത്തില്ലെങ്കിലും ബോസിൻറെ ജോലി പെട്ടെന്നുതീർത്തു കൊടുക്കും. കവർ ഉൾപ്പെടെ 36 പേജുവരുന്ന സ്ട്രീറ്റ് മാസിക ഒരുക്കാൻ വൈഷമ്യങ്ങൾ നിരവധി ഉണ്ടായിന്നു. 1975 ൽ ഏപ്രിലിൽ ഇറക്കേണ്ട ലക്കത്തിൻറെ പണി നടക്കുമ്പോഴാണ് അടിയന്തരാവസ്ഥാ പ്രഖ്യാപനം ഇടിത്തീപോലെ വീഴുന്നത്.

1975 ഏപ്രിലിൽ ഇറങ്ങേണ്ട ലക്കം തയ്യാറാക്കുന്നതിനിടയിലാണ് കാര്യങ്ങൾ വഷളാകുന്നത്. മാർച്ചിൽ ചെയ്തുവന്ന ലക്കം പൂർത്തിയാക്കി പ്രസിൽ കൊടുക്കാനായില്ല. അതിനുമുമ്പ് പൊലീസെത്തി തന്നെ കൊണ്ടുപോയ കാര്യം ബോസിൻറെ ഓർമ്മയിൽ തെകിട്ടി വന്നു. ആ പേജുകളൊക്കെ രണ്ടു ദിവസത്തിനകം സഞ്ജീവ് പെരിനാട് അഗ്നിക്കിരയാക്കിയെന്ന് പിന്നീട് ബോസറിഞ്ഞു. ഏതാനും കോപ്പികൾ ഭദ്രമായി സൂക്ഷിച്ചുവച്ചത് തിരുനെല്ലൂരിൻറെ മകൻ വിനോദനാണ്. അക്കാര്യം പലർക്കും അറിയില്ലായിരുന്നു.

തൻറെ മുറിയുടെ മുന്നിൽ ഏറെനേരം നിന്നപ്പോൾ മാനേജർ ബാലകൃഷ്ണൻ വന്നു. ആ മുറി തനിക്ക് വേണ്ടി അവിടെ ഉണ്ടാകുമെന്ന വിശ്വാസത്തിലായിരുനു ബോസ്. ഇരുപതു മാസമായി വാടക കൊടുക്കാറില്ല എന്നറിയാം. എന്തായാലും സ്ട്രീറ്റ് വീണ്ടും ഇറക്കണം. അതിന് രാമനിലയത്തിലെ മുറി കൂടിയേതീരൂ. ചിന്തിച്ചു നിൽക്കുന്ന ബോസിൻറെ സമീപത്തേക്ക് ബാലകൃഷ്ണൻ വന്നു. അയാൾ ഒരു പ്രഖ്യാപനംപോലെ അറിയിച്ചു:

'സാറേ, ആ മുറി കഴിഞ്ഞ ഒന്നര വർഷമായി മറ്റൊരാളിൻറെ പേരിലാണ്. എൽഐസിയിൽ ജോലി ചെയ്യുന്ന ഒരാളാ അവിടെ താമസിക്കുന്നത്. മാത്രമല്ല, സാർ മടങ്ങിവന്നാൽ മുറി കൊടുക്കേതില്ലെന്ന് മാനേജ്മെൻറ് ചട്ടം കെട്ടിയിരിക്കുകയാണ്.' മാനേജർ പയ്യൻറെ വിഷയാവതരണം ബോസിനെ അസ്വസ്ഥമാക്കി.

അയാൾ നിശബ്ദനായി നിന്നു. പഴയകാല സുഹൃത്തുക്കളായ ലെനിൻരാജേന്ദ്രനും ആർ ഗോപിനാഥനും യു ജയചന്ദ്രനുമൊക്കെ അവിടെ എത്തിയിരുന്നു. ബോസിൻറെ കാര്യത്തിൽ അവർക്കും ഉൽക്കണ്ഠ ഉണ്ടായിരുന്നു. ഇനി ബോസ് എന്തുചെയ്യും.? മൂന്നുനാല് വർഷം താമസിക്കുകയും മറ്റുള്ളവർക്ക് അന്തിയുറങ്ങാൻ സൗകര്യമൊരുക്കുകയും ചെയ്തമുറി ഇന്ന് തനിക്ക് അന്യമായിരിക്കുന്നു.

ജയചന്ദ്രൻ മുന്നോട്ടു വന്നു ചോദിച്ചു:

'ബോസേ ഇനിയെന്താണ് ചെയ്യുക? മറ്റൊരിടം കത്തെണം. അതുവരെ ഇവിടെ കഴിഞ്ഞല്ലേ പറ്റൂ.'

അവരെ ശ്രദ്ധിക്കാനോ അവരുടെ സംശയങ്ങൾക്ക് ഉത്തരം കണ്ടെത്തൊനോ ബോസിന് കഴിയുമായിരുന്നില്ല. പൊലീസ് പീഡനങ്ങളിൽ ചിന്തയും ശരീരവും തകർന്നിരിക്കുന്നു. മനസ്സ് ആകെ അസ്വസ്ഥമാണ്. ഇനി പൂർവസ്ഥിതിയിലെത്താൻ കഴിയുമോ? ബോസിൻറെ മൗനം വളർന്നു പന്തലിച്ചപ്പോൾ സുഹൃത്തുക്കൾ ആശങ്കയിലായി.

അപ്പോഴാണ് പിന്നിൽനിന്ന് ബോസിൻറെ ശുഷ്ക്കിച്ച തോളിൽ ഒരു കൈ വീഴുന്നത്.

തിരിഞ്ഞുനോക്കുമ്പോൾ പിന്നിൽ സ്ഥിരം പുഞ്ചിരിയുമായി നിൽക്കുന്ന ഇഎൻ മുരളീധരൻനായർ. യുഗരശ്മിയുടെ പത്രാധിപരായിരുന്ന അദ്ദേഹത്തിൻറെ ഓഫീസ് തൻറെ മുറിയുടെ തൊട്ടടുത്താണ്.

അദ്ദേഹമൊരു താക്കോൽ നീട്ടിക്കൊണ്ടുപറഞ്ഞു:

'ബോസേ, താങ്കൾക്ക് ഇവിടെ മുറിയില്ല എന്ന വിഷമം വേണ്ട. തൊട്ടടുത്താണല്ലോ യുഗരശ്മിയുടെ ഓഫീസുമുറി. അത് താങ്കൾക്ക് എത്ര കാലം വേണമെങ്കിലും ഉപയോഗിക്കാം. ആരും ഇറക്കിവിടില്ല.'

മുരളീധരൻനായരുടെ വാക്കുകൾ ബോസിന് അവിശ്വസനീയമായിത്തോന്നി. അയാൾക്ക് സങ്കടം അടക്കാനായില്ല. ആ കൈകളിൽ ബോസ് അമർത്തിപ്പിടിച്ചു. തന്നോട് ഈ മനുഷ്യൻ പ്രകടിപ്പിക്കുന്ന സ്നേഹവായ്പ്പിനു അതിർവരമ്പുകൾ ഇല്ലായിരുന്നല്ലോ! താക്കോൽ സ്വീകരിക്കുമ്പോൾ ഈ ഭൂമുഖത്ത് വീണ്ടും ജീവിക്കാൻ തനിക്ക് അർഹത വന്നിരിക്കുന്നു എന്ന് ബോസിൻറെ മനസ്സ് ഉരുവിട്ടു.

മുരളീധരൻനായർ മാനേജർ പയ്യനെ വിളിച്ചു പറഞ്ഞു:

'ബാലകൃഷ്ണാ, ഇതെൻറെ അനുജനാണ്. എൻറെ മുറിയുടെ അവകാശം ഇന്നുമുതൽ

ഇയാൾക്കാണ്. മാസാമാസം വാടക പതിവുപോലെ ഞാൻ തരുന്നതാണ്.'

മുരളീധരൻനായർ തിരിഞ്ഞു ബോസിനോട് പറഞ്ഞു:

ബോസേ, സ്ട്രീറ്റ് വീണ്ടും പുറത്തിറങ്ങണം. എൻറെ സഹകരണവും സഹായവും എപ്പോഴും ഉണ്ടാകും. ബോസിന് ഇപ്പോൾ വേണ്ടത് വിശ്രമമാണ്. പോയി കുളിച്ച് ഒന്ന് വൃത്തിയായി ഉറങ്ങു. എല്ലാം ശരിയാകും.?

സുഭാഷ് ചന്ദ്രബോസ് പത്രപ്രവർത്തനരംഗത്ത് എത്തുന്നതിന് മുമ്പേ യുഗരശ്മിയുമായി സാഹിത്യ പത്രപ്രവർത്തന രംഗത്തുവന്നു മാറ്റങ്ങൾ സൃഷ്ടിച്ച വ്യക്തിയാണ് മുരളീധരൻനായർ. എം ഗോവിന്ദൻറെ

സമീക്ഷയായിരുന്നു അദ്ദേഹത്തിൻറെ മാർഗദർശി. അത്തരത്തിൽ സാഹിത്യ പത്രപ്രവർത്തനത്തിൻറെ അമരത്തു നിൽക്കുകയും ഒടുവിൽ ഔദ്യോഗിക തിരക്കുകാരണം പിൻമാറുകയും ചെയ്ത മുരളീധരൻനായർക്ക് ബോസിനോട് പ്രത്യേക മമതയൊന്നും പ്രകടിപ്പിക്കേ കാര്യമില്ല.

വിപ്ലവത്തിൻറെ പാദരേണുക്കളെ തഴുകേ കാര്യവുമില്ല. രാമനിലയത്തിൻറെ ഗേറ്റ്

കടന്നുപോകുന്നതിന് മുമ്പ് മൗനിയായി നിന്ന സുഭാഷ് ചന്ദ്രബോസിൻറെ സമീപമെത്തി അദ്ദേഹം പറഞ്ഞു:

'കാലം ആർക്കും മാപ്പുകൊടുക്കില്ല. നിങ്ങളെപ്പോലുള്ള യുവാക്കളാണ് അത് തെളിയിക്കേത്. 21 മാസം ഇന്ത്യൻ ജനത അനുഭവിച്ച നരകയാതനയിൽ നിന്നാണ് അഗ്നിസ്ഫുലിംഗങ്ങൾ ഉയിർത്തെഴുന്നേൽക്കേണ്ടത്. വടക്കേ ഇന്ത്യയിലെ ജനങ്ങൾ ഏറ്റുവാങ്ങിയ കഷ്ടപ്പാടുകൾ താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ നടന്നതൊന്നും അത്രക്ക് വലുതല്ല. അതിനാൽ ഇനിയുള്ള ചുവടുകൾ കരുതലോടെയാവണം. നമുക്ക് പുതിയൊരു ലോകത്തെ വരവേൽക്കാം, അതിനുവേണ്ടി പ്രവർത്തിക്കാം',

സുഹൃത്തുക്കളുടെ സഹായത്തോടെ യുഗരശ്മിയുടെ മുറിതുറന്നു അകത്തുകയറുമ്പോൾ നഷ്ടപ്പെട്ടുപോയ സ്വപ്നങ്ങളുടെ സോപാനങ്ങളിലേക്ക് താൻ നടന്നു കയറുകയാണോ എന്ന് ബോസിന് തോന്നിക്കാണണം. മാസങ്ങളായി നഷ്ടപ്പെട്ടു കിടന്ന നിശ്ചയദാർഢ്യം തിരിച്ചു പിടിക്കാനുള്ള ശ്രമങ്ങൾ ബോസിൻറെ മനസ്സ് ആരംഭിച്ചിരുന്നു.


India Press Club of North America
IPCNA
11th
INTERNATIONAL
MEDIA
CONFERENCE
& AWARD NIGHT
2025
'The largest bulb on the planet - located in Edison, NJ'
SHERATON
PLATINUM SPONSOR
SAJAN & MINI SAJAN
SAJ GROUP
HOTELS & RESORTS
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

അടിയന്തരാവസ്ഥയുടെ 50 വർഷങ്ങൾ
/കോളം



# പഴയ അടിയന്തരാവസ്ഥയും പുതിയ രാഷ്ട്രീയ കാലാവസ്ഥയും

**ഒ.കെ. ജോണി**

ഇന്ത്യ കണ്ട ഏറ്റവും വലിയ മതേതര ജനാധിപത്യവാദിയായ ജവഹർലാൽ നെഹ്രുവിന്റെ ഭരണകാലത്ത് ജനിച്ച എന്റെ തലമുറയ്ക്ക് സ്വാഭാവികമായും അദ്ദേഹവും രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുമായിരുന്നു ആരാധനാബിംബങ്ങൾ. ഹൃദ്യമായ ചിരിയോടെ സംഭാഷണത്തിൽ മുഴുകിയ ഗാന്ധിജിയുടെയും ചാച്ചാ നെഹ്രുവിന്റെയും ആ മനോഹരമായ ഫോട്ടോ ഇതെഴുതുമ്പോഴും എന്റെ ചുമരിലുണ്ട്.



പ്രിയപ്പെട്ട ഇന്ദു എന്ന് സംബോധനചെയ്തുകൊണ്ട് ചാച്ചാ നെഹ്രു മകൾച്ചയച്ച കത്തുകൾ വായിക്കാനിടയായതോടെ നെഹ്രുവിനോടെന്നപോലെ പുസ്തകവായനയോടും കുട്ടിക്കാലത്തുതന്നെയുണ്ടായ ആഭിമുഖ്യം ഗാഢമായ കാലത്താണ് ഇന്ദു എന്ന ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയാവുന്നതും അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുന്നതും.

അരനൂറ്റാണ്ടിനുമുമ്പ്, ഇന്ത്യയിലെ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുമ്പോൾ അതുവരെയുണ്ടായിരുന്ന ജനാധിപത്യക്രമത്തിന്റെ സവിശേഷതയെക്കുറിച്ചോ അതിന് അവലംബമായ ഭരണഘടനയെക്കുറിച്ചോ ഇന്ത്യയെന്ന മതേതര ജനാധിപത്യ റിപ്പബ്ലിക്കിന്റെ ഉദാരമാനവികതയെക്കുറിച്ചോ ഗൗരവപൂർവ്വം ആലോചിക്കാനിടയായിട്ടില്ലാത്ത ഒരു ജൂനിയർ കോളജ് വിദ്യാർത്ഥി

യായിരുന്നു ഞാൻ.

അതേസമയം വായനയെയും സാഹിത്യത്തെയും ഗൗരവകരമായിക്കണ്ടിരുന്ന ഒരാളെന്ന നിലയിൽ സഖാവ് പി.ഗോവിന്ദപ്പിള്ളയുടെയും ദേശാഭിമാനി വാരിക പത്രാധിപരായിരുന്ന എം.എൻ.കുറുപ്പിന്റെയും പ്രേരണയാൽ ഇന്നത്തെ പു.ക.സയുടെ മുന്നോടിയായിരുന്ന ദേശാഭിമാനി സ്റ്റഡി സർക്കിളുമായി അടുത്ത ബന്ധംപുലർത്താനുമിടയായി.

അക്കാലത്താണ് ഇടതുപക്ഷത്തോടും, വിശേഷിച്ച് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയോടുമുള്ള ആഭിമുഖ്യം ശക്തമായത്. ഏതെങ്കിലുമൊരു സംഘടനയുടെ അച്ചടക്കം അംഗീകരിച്ചുകൊണ്ട് അതിന്റെ അംഗമോ പ്രവർത്തകനോ ആവാനുള്ള വൈമുഖ്യംമൂലം ഞാൻ വെറുമൊരു സഹയാത്രികൻ മാത്രമായിരുന്നു. എന്നാൽ അടിയന്തരാവസ്ഥ നിലവിൽ വന്നതോടെ രാജ്യത്തെമ്പാടും നടക്കുന്ന പൗരാവകാശലംഘനങ്ങളെക്കുറിച്ച് രഹസ്യമായി ലഭിച്ചുകൊണ്ടിരുന്ന വാർത്തകൾ വെറുമൊരു കാഴ്ചക്കാരനായിരുന്ന എന്നെ ക്രമേണ പാർട്ടിയുമായി അടുക്കുവാൻ നിർബ്ബന്ധിതനാക്കിയെന്നതാണ് വാസ്തവം. പാർട്ടിയുമായി എന്നെ അടുപ്പിച്ച കൽപ്പറ്റയിലെ ഇ.എസ്. കൃഷ്ണമൂർത്തിയെന്ന മുതിർന്ന പാർട്ടി സഖാവ് വഴി ലഭിച്ചിരുന്ന എസ്.എഫ് ഐയുടെ ഇംഗ്ലീഷിലുള്ള സൈക്ലോസ്റ്റൈൽചെയ്ത ബുള്ളറ്റിൻ രഹസ്യമായി ക്ലാസുകളിലെത്തിക്കുകയെന്ന ചുമതലയാണ് ഞാനാദ്യമായി ഏറ്റെടുത്തത്.

എസ്.എഫ്.ഐ ന്യൂസ് ലെറ്റർ പോലെതന്നെ രഹസ്യമായെത്തിയിരുന്ന ആർ.എസ്. എസ്സിന്റെ കുരുക്ഷേത്രം എന്നൊരു വാർത്താപത്രികയും പതിവായി കോളജിലെത്തിയിരുന്നു. പത്രങ്ങൾക്ക് സെൻസർഷിപ്പുണ്ടായിരുന്നതിനാൽ ഈ രണ്ട് രഹസ്യ പ്രസിദ്ധീകരണങ്ങളിലൂടെയാണ് രാജ്യമെമ്പാടും നടക്കുന്ന സർക്കാരിന്റെ ജനാധിപത്യവിരുദ്ധ നടപടികളെക്കുറിച്ചും പൊലീസതിക്രമങ്ങളെക്കുറിച്ചും അറിയാൻ കഴിഞ്ഞിരുന്നത്. ആ അറിവാണ് വാസ്തവത്തിൽ എന്നെ കൂടുതൽക്കൂടുതൽ രാഷ്ട്രീയത്തോടടുപ്പിച്ചത്.

> **എഫ് ഐയുടെ ഇംഗ്ലീഷിലുള്ള സൈക്ലോസ്റ്റൈൽ ചെയ്ത ബുള്ളറ്റിൻ രഹസ്യമായി ക്ലാസുകളിലെത്തിക്കുകയെന്ന ചുമതലയാണ് ഞാനാദ്യമായി ഏറ്റെടുത്തത്. എസ്.എഫ്.ഐ ന്യൂസ് ലെറ്റർ പോലെതന്നെ രഹസ്യമായെത്തിയിരുന്ന ആർ.എസ്. എസ്സിന്റെ കുരുക്ഷേത്രം എന്നൊരു വാർത്താ പത്രികയും പതിവായി കോളജിലെത്തിയിരുന്നു. പത്രങ്ങൾക്ക് സെൻസർഷിപ്പുണ്ടായിരുന്നതിനാൽ ഈ രണ്ട് രഹസ്യ പ്രസിദ്ധീകരണങ്ങളിലൂടെയാണ് രാജ്യമെമ്പാടും നടക്കുന്ന സർക്കാരിന്റെ ജനാധിപത്യവിരുദ്ധ നടപടികളെക്കുറിച്ചും പൊലീസതിക്രമങ്ങളെക്കുറിച്ചും അറിയാൻ കഴിഞ്ഞിരുന്നത്. ആ അറിവാണ് വാസ്തവത്തിൽ എന്നെ കൂടുതൽക്കൂടുതൽ രാഷ്ട്രീയത്തോടടുപ്പിച്ചത്.**

ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടിക്കുവേണ്ടിയുള്ള ഗാനമേളയിൽ പങ്കെടുക്കാൻ വിസമ്മതിച്ച ഗായകൻ കിഷോർ കുമാറിന് ആകാശവാണി വിലക്കേർപ്പെടുത്തിയെന്ന വാർത്ത എസ്.എഫ്.ഐ ബുള്ളറ്റിനിലൂടെയാണ് ഞങ്ങളറിയുന്നത്. പ്രധാനപ്പെട്ട രാഷ്ട്രീയ നേതാക്കളെല്ലാം ജയിലിൽ അടയ്ക്കപ്പെട്ടതിനുശേഷമായിരുന്നു ഇത്. ഏകാധിപതികളെപ്പോലെ വാഴുന്ന പ്രധാനമന്ത്രി ഇന്ദിരയും യൂത്ത് കോൺഗ്രസ് നേതാവായി ഉയർത്തപ്പെട്ട മകൻ സഞ്ജയ് ഗാന്ധിയും കേരളത്തിലെ വലതുപക്ഷ ഗവൺമെന്റും അടിയന്തരാവസ്ഥയുടെ മറവിൽ നടത്തുന്ന അടിച്ചമർത്തലുകളുടെകൂടി പശ്ചാത്തലത്തിൽ കിഷോർ കുമാറിന് ഏർപ്പെടുത്തിയ വിലക്കിനെതിരെ ഞങ്ങൾ ഏതാനും സുഹൃത്തുക്കൾ ചേർന്നു കറുപ്പ് ബാഡ്ജണിഞ്ഞ് നടത്തിയ മൗനജാഥയോടെയാണ് അതിന് നേതൃത്വം നൽകിയ ഞാൻ രഹസ്യപ്പൊലീസിന്റെ നോട്ടപ്പുള്ളിയായത്. അതിനിടെ മൃണാൾസെന്നിനെയും സത്യജിത് റായിയെയും പോലുള്ള സംവിധായകരുടെ ആർട്ട് സിനിമകൾ പ്രദർശിപ്പിക്കുവാനായി കോളജിൽ ഞങ്ങളാരംഭിച്ച ഫിലിം സൊസൈറ്റി സജീവമായതോടെ പലരും ഞങ്ങളെ നക്സലൈറ്റുകളായി മുദ്രകുത്തിയെന്നതാണ് തമാശ. നക്സലൈറ്റ് ഗ്രൂപ്പുകളിൽപ്പെട്ട ചിലരെല്ലാം വിദ്യാർത്ഥികളുമായി ബന്ധപ്പെടുന്നുണ്ടായിരുന്നുവെങ്കിലും ഞങ്ങളാരും അതിന്റെ ഭാഗമായിരുന്നില്ല.

നക്സലൈറ്റ് മുദ്ര ചാർത്തപ്പെടുകയും പൊലീസിനെ പേടിച്ച് നടക്കേണ്ടിവരികയുംചെയ്ത ആ കാലത്താണ് നമ്മൾ വിട്ടുനിന്നാലും നമ്മെ വരിഞ്ഞുമുറുക്കുന്ന യാഥാർത്ഥ്യമാണ് രാഷ്ട്രീയം എന്ന തിരിച്ചറിവിലേക്ക് ഞാനുണർന്നത്. അധികാര കേന്ദ്രങ്ങളിൽ നിന്നെല്ലാം എത്രയോ അകലെ ജീവിക്കുന്ന എന്നെപ്പോലുള്ള നിസ്സാരരായ മനുഷ്യരെപ്പോലും വേട്ടയാടുന്ന ഒരു ഭരണകൂടയന്ത്രത്തെ ഭയന്നുജീവിക്കാൻ നിർബ്ബന്ധിതമായ ആ ഇരുണ്ട കാലമാണ് ജനാധിപത്യത്തിന്റെ വിലയെന്തെന്ന് എന്നെ പഠിപ്പിച്ചതും. അക്കാലത്ത് പ്രചാരമാർജ്ജിച്ച ആധുനിക സാഹിത്യവുമായുള്ള തന്മയീഭാവംമൂലം അരാഷ്ട്രീയവാദിയായി സ്വയം സങ്കൽപ്പിച്ചിരുന്ന എന്നെ രാഷ്ട്രീയബോധത്തിലേക്കുണർത്തിയതും അടിയന്തരവസ്ഥയാണ്.



**സുലോച്ചനയും അജിതയും**



**സുലോചന രാമകൃഷ്ണൻ**

പ്രതിപക്ഷ നേതാക്കളെയും രാഷ്ട്രീയബന്ധങ്ങളൊന്നുമില്ലാത്ത നിരപരാധികളായ യുവാക്കളെയുമെല്ലാം രാജ്യത്തിന്റെ ശത്രുക്കളായി മുദ്രകുത്തി ജയിലിലടയ്ക്കുകയും പൗരാവകാശങ്ങൾ എടുത്തുകളയുകയും പത്രങ്ങൾക്ക് സെൻസർഷിപ്പ് എർപ്പെടുത്തുകയും അടിയന്തരാവസ്ഥയെ അനുകൂലിച്ചില്ലെന്നതിന്റെ പേരിൽ കിഷോർ കുമാറിനെപ്പോലുള്ള വലിയ കലാകാരന്മാർ പ്രതികാരനടപടികൾക്കിരയാവുകയുംചെയ്ത ആ ഇരുണ്ട കാലത്ത് ഇന്ദിരയെയും അവരുടെ ഏകാധിപത്യഭരണത്തെയും ഇരുപതിന പരിപാടിയെയും സഞ്ജയ് ഗാന്ധിയുടെ അഞ്ചിന പരിപാടിയെയും പ്രകീർത്തിക്കുവാൻ കേരളത്തിലെ ചില സാംസ്കാരിക നായകന്മാരും നായികമാരും മത്സരിക്കുന്ന കാലവുമായിരുന്നു അത്.

അവരിലൊരാളായ സുഗതകുമാരിയുടെ പ്രിയദർശിനി നിന്നെ സ്നേഹിക്കുന്നു ഞാൻ എന്ന കവിതയും അവരുടെ യൂത്ത് കോൺഗ്രസ് വേദിയിലെ പ്രഭാഷണവും സുഗതകുമാരിക്കവിതകളുടെ ആസ്വാദകനായ എനിക്ക് വലിയ ആഘാതമായിരുന്നു.

പാർട്ടിയുമായുള്ള അനൗപചാരിക ബന്ധംമൂലം യുവജനസംഘടയുടെ പ്രാദേശിക സെക്രട്ടറിയായി

> **ഏകാധിപതികളെപ്പോലെ വാഴുന്ന പ്രധാനമന്ത്രി ഇന്ദിരയും യൂത്ത് കോൺഗ്രസ് നേതാവായി ഉയർത്തപ്പെട്ട മകൻ സഞ്ജയ് ഗാന്ധിയും കേരളത്തിലെ വലതുപക്ഷ ഗവൺമെന്റും അടിയന്തരാവസ്ഥയുടെ മറവിൽ നടത്തുന്ന അടിച്ചമർത്തലുകളുടെകൂടി പശ്ചാത്തലത്തിൽ കിഷോർ കുമാറിന് ഏർപ്പെടുത്തിയ വിലക്കിനെതിരെ ഞങ്ങൾ ഏതാനും സുഹൃത്തുക്കൾ ചേർന്നു കറുപ്പ് ബാഡ്ജണിഞ്ഞ് നടത്തിയ മൗനജാഥയോടെയാണ് അതിന് നേതൃത്വം നൽകിയ ഞാൻ രഹസ്യപ്പൊലീസിന്റെ നോട്ടപ്പുള്ളിയായത്.**

അതിനകം ഞാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. സുഗതകുമാരിയെയും അടിയന്തരാവസ്ഥാനുകൂലികളായ വലതുപക്ഷ സാംസ്കാരികപ്രവർത്തകരെയും വിമർശിച്ചുകൊണ്ട് ഞാനെഴുതിയ ഒരു ലഘുലേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചതോടെ സംഘടനയുടെ സെക്രട്ടറിസ്ഥാനത്തുനിന്ന് നിഷ്കാസിതനായെന്നു മാത്രമല്ല, ഞാനൊരു നക്സലൈറ്റാണെന്ന് പാർട്ടിയും നാട്ടുകാരും ഉറപ്പിക്കുകയുംചെയ്തു. അക്കാലത്ത് വയനാട്ടിൽ സ്കൂൾ അദ്ധ്യാപകരായിരുന്ന മധുമാസ്റ്റർ, സിവിക് ചന്ദ്രൻ, ദാമോദരൻ, ബാലകൃഷ്ണൻ, ഇലക്കാട് മുരളീധരൻ തുടങ്ങിയ നക്സലൈറ്റ് പ്രവർത്തകരുമായുള്ള പരിചയം അവരുടെ സംശയത്തെ ബലപ്പെടുത്തുകയുംചെയ്തു. ഇടതുപക്ഷ കലാ -സാംസ്കാരികപ്രവർത്തനങ്ങളോടല്ലാതെ നക്സലൈറ്റുകളുടെ ഗൂഢവാദപരവും അപ്രായോഗികവുമായ രാഷ്ട്രീയ നിലപാടുകളോട് അന്നുമിന്നും എനിക്കൊരു ആഭിമുഖ്യവുമുണ്ടായിട്ടില്ലെന്നതാണ് വാസ്തവം. കാട്ടിലൊരു പഴുക്കില കൊഴിഞ്ഞാൽപ്പോലും വിലപിക്കുന്ന ലോലഹൃദയരായി ഭാവിക്കുന്ന സുഗതകുമാരിയെപ്പോലുള്ള എഴുത്തുകാർ ഏകാധിപതികളുടെ വാഴ്ത്തുപാട്ടുകാരാവുന്നതിനേക്കാൾ വലിയ അശ്ലീലമില്ലെന്ന് ചൂണ്ടിക്കാട്ടുന്ന നിർദ്ദോഷമായൊരു ലഘുലേ

ഖയായിരുന്നു അത്. ലഘുലേഖ പിൻവലിക്കപ്പെട്ടെങ്കിലും അടിയന്തരാവസ്ഥയെ എതിർത്തിരുന്ന ആർ.എസ് .എസ്സ് ഔദ്യോഗിക പ്രസിദ്ധീകരണമായ കേസരി വാരിക അത് പ്രാധാന്യത്തോടെ പുന:പ്രസിദ്ധീകരിക്കുകയുംചെയ്തു. (പിൽക്കാലത്ത് ബാബ്റി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ അതിനെ പരോക്ഷമായി ന്യായീകരിച്ചുകൊണ്ട് സുഗതകുമാരി ഇന്ത്യാ ടുഡേ മലയാളം പതിപ്പിന് നൽകിയ അഭിമുഖത്തെ മുൻനിർത്തി ഞാനെഴുതിയ വിമർശനക്കുറിപ്പിൽ ആ പഴയ കഥയും ആവർത്തിച്ചിരുന്നു. അത് പാർട്ടിയുടെ സൈദ്ധാന്തിക പ്രസിദ്ധീകരണമായ ചിന്തയിൽ പ്രസിദ്ധീകരിച്ചത് സുഗതകുമാരിയുടെ ബന്ധുകൂടിയായ സഖാവ് പി. ഗോവിന്ദപ്പിള്ളയായിരുന്നുവെന്ന സ്വകാര്യ കൗതുകവുമുണ്ട്..)

അടിയന്തരാവസ്ഥക്കാലത്ത് രഹസ്യപ്പൊലീസിന്റെ നോട്ടപ്പുള്ളിയായിരുന്ന ഞാൻ ചില കോൺഗ്രസ് നേതാക്കളുടെ ഇടപെടലുകൾകൊണ്ടുമാത്രമാണ് തലനാരിഴയക്ക് അത്ഭുകരമായി രക്ഷപ്പെട്ടത്. അടുത്ത പരിചയക്കാരിൽപ്പലരും അറസ്റ്റുചെയ്യപ്പെടുകയും ക്രൂരമായ പീഡനങ്ങൾക്കിരയാവുകയുംചെയ്തു. ഒന്നിലേറെത്തവണ എന്നെക്കാണാനും പുസ്തകങ്ങൾ കൈമാറാനും വീട്ടിലെത്തിയിരുന്ന നക്സലൈറ്റ് പ്രവർത്തകരായിരുന്ന മീനങ്ങാടിയിലെ മുഹമ്മദാലിയും സുലോചനയുമാണ് തടവിൽ കൊടിയ മർദ്ദനങ്ങൾക്കിരയായത്. അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട് ഒരു മാസംതികയുന്നതിനുമുമ്പ് മിസ നിയമപ്രകാരം അറസ്റ്റിലായ സുലോചനയെ ഒരു മാസത്തോളം ലക്ഷ്മണയുടെ നേതൃത്വത്തിൽ കസ്റ്റഡിയിൽ പീഡിപ്പിച്ചതിനുശേഷമാണ് പതിനാറ് മാസക്കാലം കണ്ണൂർ ജയിലിലടച്ചത്. അന്നത്തെ പൊലീസ് മർദ്ദനത്തോടെ നിത്യരോഗിയായി വിശ്രമജീവിതം നയിക്കുന്ന മുഹമ്മദാലിയെ പിന്നീടൊരിക്കലേ കാണാനിടയായിട്ടുള്ളൂ. ഈ കുറിപ്പെഴുതുന്നതിനിടെ ഓർമ്മ പുതുക്കാനായി ഫോണിൽ വിളിച്ചപ്പോൾ സുലോചന പറഞ്ഞു: ' അന്ന് കുറേ പീഡനങ്ങൾ സഹിക്കേണ്ടിവന്നുവെങ്കിലും എന്നെ സാമൂഹികപ്രതിബദ്ധതയുള്ള ഒരു രാഷ്ട്രീയജീവിയാക്കിമാറ്റിയത് അടിയന്തരാവസ്ഥയിലെ ദുരനുഭവങ്ങളാണ്. അല്ലെങ്കിൽ മഹാഭൂരിപക്ഷം സ്ത്രീകളെയുംപോ

**അധികാര കേന്ദ്രങ്ങളിൽ നിന്നെല്ലാം എത്രയോ അകലെ ജീവിക്കുന്ന എന്നെപ്പോലുള്ള നിസ്സാരരായ മനുഷ്യരെപ്പോലും വേട്ടയാടുന്ന ഒരു ഭരണകൂടയന്ത്രത്തെ ഭയന്നുജീവിക്കാൻ നിർബ്ബന്ധിതമായ ആ ഇരുണ്ട കാലമാണ് ജനാധിപത്യത്തിന്റെ വിലയെന്തെന്ന് എന്നെ പഠിപ്പിച്ചതും. അക്കാലത്ത് പ്രചാരമാർജ്ജിച്ച ആധുനിക സാഹിത്യവുമായുള്ള തന്മയീഭാവംമൂലം അരാഷ്ട്രീയവാദിയായി സ്വയം സങ്കൽപ്പിച്ചിരുന്ന എന്നെ രാഷ്ട്രീയബോധത്തിലേക്കുണർത്തിയതും അടിയന്തരവസ്ഥയാണ്.**

ലെ 'ഞാനുമെന്റെ കുടുംബവും ഒരു തട്ടാനും' എന്ന മട്ടിലായിപ്പോയേനെ എന്റെ ജീവിതം.' പാവപ്പെട്ട ഗ്രാമീണ സ്ത്രീകൾക്കായുള്ള ഒരു സന്നദ്ധസംഘടനയുടെ സജീവ പ്രവർത്തകയാണ് ഈ പ്രായത്തിലും, പ്രാരബ്ധങ്ങൾക്കിടയിലും സുലോചന.

അടിയന്തരാവസ്ഥക്ക് അയവുവരുത്താൻ ഇന്ദിരാഗാന്ധി നിർബ്ബന്ധിതമായ കാലത്താണ് പരിചയക്കാരനായ സിവിക് ചന്ദ്രന്റെ നേതൃത്വത്തിൽ വയനാട് സാംസ്കാരികവേദി എന്നൊരു സംഘടനരൂപീകരിക്കുന്നത്. വയനാട്ടിൽ ഒരു സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ടെന്നും  അതിന്റെ കൺവീനറാകണമെന്നുമുള്ള സിവിക് ചന്ദ്രന്റെ നിർബ്ബന്ധത്തിന് ഞാൻ വഴങ്ങുകയായിരുന്നു. സിവിക്ക് തന്നെയായിരുന്നു അതിന്റെ മുഖ്യ സംഘാടകൻ. സച്ചിദാനന്ദനും അന്തരിച്ച കഥാകൃത്ത് യു.പി. ജയരാജും പങ്കെടുത്ത, ജനകീയ പങ്കാളിത്തത്തോടെ നടത്തപ്പെട്ട ആ ദ്വിദിന ക്യാമ്പിൽവെച്ചാണ് സാംസ്കാരികവേദിയുടെ പ്രസിദ്ധീകരണമായ പ്രേരണയുടെ പ്രഥമലക്കം പ്രകാശനംചെയ്തത്. ഒരു സംഘടനയുമായും ബന്ധമില്ലാത്ത എന്നെപ്പോലുള്ള സാഹിത്യ-കലാ തൽപ്പരരായ യുവാക്കളെ ആകർഷിക്കാനുള്ള നക്സലൈറ്റുകളുടെ ഒരു ഗൂഢപദ്ധതിയുടെകൂടി ഭാഗമായിരുന്നു ആ ക്യാമ്പ്. അതെന്തായാലും, തീവ്രവിപ്ലവരാഷ്ട്രീയത്തിൽനിന്ന് ഇസ്ലാമിക മതമൗലികവാദികളുടെ വർഗ്ഗീയരാഷ്ട്രീയത്തിന്റെ പിന്നണിപ്പടയാളികളായി പണിയെടുക്കുമ്പോഴും വിപ്ലവനാട്യം ഉപേക്ഷിക്കാത്ത സിവിക് ചന്ദ്രനെപ്പോലുള്ള മുതിർന്ന ആക്ടിവിസ്റ്റുകളുടെ വലയിലകപ്പെടാതെ മാനം രക്ഷിക്കാനായെന്നതുമാത്രമാണ് അടിയന്തരാവസ്ഥയെക്കുറിച്ചോർക്കുമ്പോഴുള്ള ഏക ആശ്വാസം.

ഒന്നരപ്പതിറ്റാണ്ടുകാലമായി, ഭരണഘടനയെ നിലനിർത്തിക്കൊണ്ടുതന്നെ ഭരണഘടനാസ്വാതന്ത്ര്യങ്ങളെ നിഷേധിക്കുന്ന സമഗ്രാധിപത്യസ്വഭാവം പ്രകടിപ്പിക്കുന്ന ഒരു ഭരണകൂടം അടിച്ചേൽപ്പിച്ച അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ നിഴലിൽ ഇരുന്നുകൊണ്ടാണ് അരനൂറ്റാണ്ടിനുമുമ്പ് വെറും 21 മാസം നീണ്ടുനിന്ന ഇന്ദിരാഗാന്ധിയുടെ രാഷ്ട്രീയ അടിയന്തരാവസ്ഥയെക്കുറിച്ച് നാമിപ്പോൾ ഓർമ്മിക്കുന്നത്. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന

ഭരണകൂടങ്ങൾതന്നെ ജനങ്ങൾക്കെതിരാവുന്ന പ്രവണതയെ ഏഴര പതിറ്റാണ്ടുകാലം ഒട്ടൊക്കെ അതിജീവിക്കുവാൻ നമുക്ക് കഴിഞ്ഞത് എഴുതപ്പെട്ട മഹത്തായ ഒരു ഭരണഘടനയുടെ പരിരക്ഷ ഉണ്ടായിരുന്നതുകൊണ്ടാണ്. എന്നാൽ, പ്രഖ്യാപിക്കപ്പെട്ട ഒരു അടിയന്തരാവസ്ഥ ഇല്ലാതെതന്നെ ഭരണഘടന നൽകുന്ന അഭിപ്രായപ്രകടന സ്വാതന്ത്ര്യംപോലുള്ള പ്രാഥമികമായ പൗരാവകാശങ്ങളെപ്പോലും കുത്സിതമാർഗ്ഗങ്ങളിലൂടെ നിരോധിക്കുവാനും പ്രതിപക്ഷത്തെ രാജ്യദ്രോഹികളായി ചിത്രീകരിക്കുവാനും കഴിയുമെന്നാണ് ഇന്നത്തെ ഇന്ത്യനവസ്ഥ നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

ഭരണഘടനാസ്ഥാപനങ്ങളെ സങ്കുചിതമതാൽപ്പര്യങ്ങൾക്കായി വരുതിയിലാക്കുവാനും ഭരണകൂടത്തെ വിമർശിക്കുന്ന പ്രതിപക്ഷ നേതാക്കളെയും മാദ്ധ്യമപ്രവർത്തകരെയും ബുദ്ധിജീവികളെയുമെല്ലാം കള്ളക്കേസുകളിൽപ്പെടുത്തി നിശ്ശബ്ദരാക്കാനും തടവിലിട്ട് പീഡിപ്പിക്കുവാനും കഴിയുമെന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ഇന്ത്യനവസ്ഥയെ വേണമെങ്കിൽ അടിയന്തരാവസ്ഥയുടെ പ്രച്ഛന്നരൂപത്തിലുള്ള ഒരാവർത്തനമായി വിശേഷിപ്പിക്കുകയുമാവാം. അടിയന്തരാവസ്ഥക്കാലത്ത് ജയിലിൽക്കിടന്ന് രോഗിണിയായി മരിച്ച സ്നേഹതാ റെഡ്ഡിയെ ഓർമ്മിക്കുന്നവർപോലും ജി.എൻ. സായിബാബയെയും സ്റ്റാൻ സ്വാമിയെയും കൽബുർഗിയെയും ഗൗരി ലങ്കേഷിനെയും പോലുള്ളവരെക്കുറിച്ച് സംസാരിക്കുവാൻ ഭയപ്പെടുന്ന കാലമാണിത്.

സ്വാതന്ത്ര്യപ്രാപ്തിയോടെ തന്നെ ശക്തിപ്രാപിച്ച ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന് തങ്ങൾ ഭാഗഭാക്കായിട്ടില്ലാത്ത ദേശീയ പ്രസ്ഥാനത്തെത്തെയും ഇന്ത്യൻ നാഷനൽ കോൺഗ്രസിനെയും പിന്തള്ളിക്കൊണ്ട് സ്വന്തം വർഗ്ഗീയരാഷ്ട്രീയത്തെ ബദലായി പ്രതിഷ്ഠിക്കുവാനുള്ള അനുകൂലസാഹചര്യം സൃഷ്ടിച്ചത് ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥയായിരുന്നു. അടിയന്തരാവസ്ഥയെ എതിർത്തുകൊണ്ട് മുഖ്യധാരാ രാഷ്ട്രീയത്തിൽ ഇടം നേടാനും ക്രമേണ ഭരണാധികാരം ഉറപ്പിക്കുവാനും കഴിഞ്ഞതോടെയാണ് മതേതര ജനാധിപത്യം എന്ന ഇന്ത്യയുടെ മഹത്തായ സങ്കൽപ്പം മതാധിഷ്ഠിത രാഷ്ട്രസങ്കൽപ്പത്തിലേക്ക് പരിണമിച്ചത്. കോൺഗ്രസിനുമേൽ ബിജെപി നേടിയ ആ വിജയം വാസ്തവത്തിൽ ജനാധിപത്യത്തിന്റെതന്നെ പരാജയമാണ്. 1975–ൽ സ്വന്തം രാഷ്ട്രീയ നിലനിൽപ്പിനായി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ഇന്ദിരാ ഗാന്ധിക്കും അവരുടെ പാർട്ടിക്കും അതിന് കനത്ത വില നൽകേണ്ടിവന്നു. പഴയ അടിയന്തരാവസ്ഥയേക്കാൾ ജനാധിപത്യവും ഭരണഘടനയും വെല്ലുവിളി നേരിടുന്ന ഇതുപോലൊരു സന്ദർഭം സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ വേറെയുണ്ടായിട്ടില്ല.

1975–ൽ കോളജ് വിദ്യാർത്ഥിയായിരിക്കേ അടിയന്തരാവസ്ഥയിലെ പൊലീസ് വാഴ്ച്ചയെ ഭയന്ന് ജീവിക്കേണ്ടിവന്ന യുവാക്കളിൽ ഒരാളായതിനാൽ അന്നത്തെ പ്രഖ്യാപിത അടിയന്തരാവസ്ഥയും ഇന്നത്തെ അപ്രഖ്യാപിത അടിയന്തരാവസ്ഥയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനാവുന്നുമുണ്ട്. ഇന്നത്തെ ദുർബ്ബലമായ പ്രതിപക്ഷത്തെ അവഗണിച്ചുകൊണ്ട് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാതെതന്നെ ഹിന്ദുത്വ അജണ്ടകൾക്കനുസൃതമായി ഭരണഘടന പൗരന് നൽകുന്ന സമസ്താവകാശങ്ങളും കവർന്നെടുക്കുവാൻ ബി.ജെ.പി ഭരണകൂടത്തിന് അനായാസം കഴിയുന്നുമുണ്ട്. ഈ ഏകാധിപത്യപ്രവണതയെ അവർ പ്രതിരോധിക്കുന്നത് 1975–ലെ ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥയെച്ചൂണ്ടിയാണെന്നതാണ് കൗതുകകരമായൊരു വൈപരീത്യം.

ബിജെപി ഭരണകൂടത്തിന്റെ അപ്രഖ്യാപിത അടിയന്തരാവസ്ഥയെ നിസ്സാരവൽക്കരിക്കുവാനോ സാധൂകരിക്കുവാനോ ആണ് അമ്പത് വർഷങ്ങൾക്കുശേഷവും അടിയന്തരാവസ്ഥയുടെ പേരിൽ ഇന്നത്തെ മുഖ്യ പ്രതിപക്ഷമായ കോൺഗ്രസിനെ വിമർശിച്ചുകൊണ്ടിരിക്കുന്നതെന്നും വിസ്മരിച്ചുകൂടാ. അടിയന്തരാവസ്ഥയുടെ ക്രൂരതകൾ എണ്ണിയെണ്ണിപ്പറയുന്നവർ ഇന്നത്തെ ഭരണകൂടാതിക്രമങ്ങളെക്കുറിച്ച് മൗനംപാലിക്കുന്നത് സംഘപരിവാര ഭക്തികൊണ്ട് മാത്രമായിരിക്കണമെന്നില്ല; ഭയംകൊണ്ടുമാവാം. ഈ വർത്തമാനകാല യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ദുസ്വപ്നംപോലെ കഴിഞ്ഞുപോയ അടിയന്തരാവസ്ഥയെക്കുറിച്ച് സംസാരിക്കുന്നത് ആത്മവഞ്ചനയും ജനവഞ്ചനയുമാണ്.

**ഒന്നിലേറെത്തവണ എന്നെക്കാണാനും പുസ്തകങ്ങൾ കൈമാറാനും വീട്ടിലെത്തിയിരുന്ന നക്സലൈറ്റ് പ്രവർത്തകരായിരുന്ന മീനങ്ങാടിയിലെ മുഹമ്മദാലിയും സുലോചനയുമാണ് തടവിൽ കൊടിയ മർദ്ദനങ്ങൾക്കിരയായത്. അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട് ഒരു മാസംതികയുന്നതിനുമുമ്പ് മിസ നിയമപ്രകാരം അറസ്റ്റിലായ സുലോചനയെ ഒരു മാസത്തോളം ലക്ഷ്മണയുടെ നേതൃത്വത്തിൽ കസ്റ്റഡിയിൽ പീഡിപ്പിച്ചതിനുശേഷമാണ് പതിനാറ് മാസക്കാലം കണ്ണൂർ ജയിലിലടച്ചത്. അന്നത്തെ പൊലീസ് മർദ്ദനത്തോടെ നിത്യരോഗിയായി വിശ്രമജീവിതം നയിക്കുന്ന മുഹമ്മദാലിയെ പിന്നീടൊരിക്കലേ കാണാനിടയായിട്ടുള്ളൂ**


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

നോവൽ/

## ഒന്നാമത്തെ ദിവ്യ രഹസ്യം



ജോസഫ് എബ്രാഹം

**കന്യാമറിയത്തിൻറെയും യൗസേപ്പ് പിതാവിന്റെയും ജീവിതത്തിലേക്ക് കടന്നു ചെല്ലുന്ന ,ആ ജീവിതത്തിലെ നിത്യ രഹസ്യത്തെ നിർദ്ധാരണം ചെയ്യുന്ന ജോസഫ് എബ്രഹത്തിന്റെ നോവൽ ഒന്നാമത്തെ ദിവ്യ രഹസ്യത്തിലെ ശക്തമായ ഒരു ഭാഗം . ആറാം അധ്യായത്തിന്റെ വശ്യത അത്രെയും ആകർഷിക്കും**



*വര:* മറിയം ജാസ്മിൻ

അധ്യായം –6

# കന്യാവ്രതക്കാരുടെ കാവൽക്കാരൻ

ജീവിത നാൾവഴിയിൽ കാര്യങ്ങൾ മാറിമറിഞ്ഞിരുന്നത് എന്നുമെൻറെ ഹിതമനുസരിച്ചായിരുന്നില്ല. കാറ്റതിനു ഇഷ്ടമുള്ള ദിക്കിലേക്ക് വീശും എന്നു പറയുമ്പോലെ എൻറെ ജീവിതം ഒരു നിശ്ചയവുമില്ലാതെ അങ്ങിനെ ഒഴുകിനടന്നു. എല്ലാം ഞാൻ വിട്ടുകൊടുത്തിരുന്നു. ആഗ്രഹിക്കുംപോലെ ജീവിതത്തെ കൊണ്ടുപോകാനാവില്ലെന്ന ബോധ്യം വന്നനാൾ മുതൽ ജീവിതത്തെ കുറിച്ചുള്ള വ്യഗ്രതയുപേക്ഷിക്കാൻ ഞാൻ ശീലിച്ചിരുന്നു. ജീവിതത്തെ യതിനെ നിയന്ത്രിക്കുന്ന നിയതാവിനായി വിട്ടുകൊടുത്തു കേവലം ഒരു കാഴ്ചക്കാരനായി ഞാൻ മാറി.

ഇതാ ഞാൻ മറ്റൊരു മനോഹരമായ കരയിലെത്തിയിരിക്കുന്നുവെന്നു തോന്നി. അങ്ങിനെയപ്രതീക്ഷിതവും അവിചാരിതവുമായി ദേവാലയ മൂപ്പന്മാരുടേയും പുരോഹിതതരുടെയും ബന്ധുമിത്രാദികളുടേയും സാന്നിധ്യത്തിൽ എൻറെ വിവാഹനിശ്ചയം കഴിഞ്ഞു. പതുക്കെ, തുടർമാനമായി വിവാഹത്തിന്റെ ഒരുക്കങ്ങളിലേക്ക് മിരിയാമിൻറെ വീട്ടുകാർ കടന്നു.

‘ മതി യഹോവേ... എല്ലാം നിന്റെ അരുളപ്പാടു പോലെ സംഭവിക്കുന്നു... ‘

യഹോവയെ സ്തുതിക്കാനായി ആകാശത്തേക്ക് കൈകൾ ഉയർത്തിയപ്പോൾ തെളിഞ്ഞ ആകാശം ശുഭലക്ഷണമായി കൺമുന്നിൽ വിടർന്നു. മുയൽ കുഞ്ഞുങ്ങളെ പോലെ വെൺമേഘങ്ങൾ തന്റെ സന്തോഷം ആഘോഷിക്കാൻ ആകാശത്തിൽ പായുന്നു...

ഇനി ഞാൻ, എന്റെ ആശാൻ ശൗൽ പറയും പോലെ ഒരു സ്വപ്നജീവിയല്ല. യാഥാർത്ഥ്യമായ ഒരു ജീവിതമാണ് തൊട്ടരികിലുള്ളത്. മാത്രമല്ല, മിരിയാം ഇപ്പോഴെന്റെ മനസിൽ വിട്ടൊഴിയാതുണ്ട്.

സാമ്പത്തികമായി നല്ല നിലയിലായിരുന്നു മിരിയാമിന്റെ വീട്ടുകാർ. അവർ ആർഭാടമായി ഏഴുനാൾ നീണ്ടുനിൽക്കുന്ന വിവാഹചടങ്ങുകൾ

**ഒരുങ്ങി ഇറങ്ങിയ മിരിയാം അതീവ സുന്ദരിയായിരുന്നു. അവിടെയെത്തിച്ചേർന്ന അതിഥികളും ബന്ധുക്കളും അവളിൽ നിന്നും ദൃഷ്ടികളെടുക്കാതെ, അവളുടെ സൗന്ദര്യത്തിൽ വിസ്മയംപൂണ്ട് നിന്നു. ശരാശരി ഉയരമുള്ള ശരീരം, കുലീനത വിളിച്ചോതുന്ന ഉയർന്ന നെറ്റിത്തടം, നീണ്ട വടിവൊത്ത നാസിക, ചുവപ്പും സ്വർണ്ണാരാശിയും ഇടകലർന്ന ധാരാളിത്തത്തോടെ തിങ്ങിനിറഞ്ഞ കേശഭാരം, കറുത്ത പുരികങ്ങൾ, നമ്രതായാലും നാണത്താലും പാതിമയങ്ങിയ കൺപീലികളിൽ പ്രണയവശ്യത. നല്ല രൂപഭംഗിയും കുലീനത്തവും വിളിച്ചോതുന്ന ചുണ്ടുകളും മനോഹരമായ വായും അല്പം കൂർത്ത താടയും അവളുടെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടി.**

ഒരുക്കി. സീയോൻ മലയിൽ ഒരു വാടകവീട് അതിനായി കണ്ടെത്തി. ജെറുസലേം ദേവാലയ വിദ്യാലയത്തിലെ അധ്യാപകരും അവളുടെ കൂട്ടുകാരും അതിഥികളായി ക്ഷണിക്കപ്പെട്ടു. മിരിയാമിന്റെ അമ്മയായ അന്നയുടെയും, പിതാവായ ജോക്കിമിൻറെ ബന്ധുക്കളും വന്നെത്തി.

മിരിയാം വളരെ സവിശേഷമായ വിവാഹ വസ്ത്രങ്ങൾ അണിഞ്ഞാണ് വന്നത്.

വെളുത്ത രോമ കുപ്പായം അടിയിൽ ധരിച്ചു. കൈകൾ അതേ ഇനത്തിൽ പെട്ട തുണികൾകൊണ്ട് മനോഹരമായി പൊതിഞ്ഞിരുന്നു. ഉടുപ്പിനു പുറമേ മുന്തിയതരം മുത്തുകളും തുന്നിച്ചേർത്ത അതിലോലമായ തുണികൊണ്ടുള്ള ഒരു മേലങ്കിയുമായിരുന്നു അവളുടേത്. മേലങ്കിയുടെ മുൻഭാഗം തുറന്നു കിടന്നിരുന്നു. ഇളം നീല നിറത്തിലുള്ള ഈ മേലങ്കിയിന്മേൽ ഇടവിട്ട് പച്ച നിറത്തിലുള്ള ഇലകളോടു കൂടിയ ചുവപ്പ്, വെള്ള, മഞ്ഞ നിറങ്ങളിൽ റോസാപ്പൂ ചിത്രങ്ങൾ ചിത്രതുന്നലുകളായി പതിച്ച് ആ വിവാഹ വസ്ത്രം മനോഹരമാക്കിയിരുന്നു. വീതികൂടിയ ചുരുക്കുകളുള്ള മേലങ്കി, അവളുടെ കാലിന്റെ ഉപ്പൂറ്റിയെ സ്പർശിച്ച് നിലംമുട്ടെ ചേർന്ന് കിടന്നു.

ഒരുങ്ങി ഇറങ്ങിയ മിരിയാം അതീവ സുന്ദരിയായിരുന്നു.

അവിടെയെത്തിച്ചേർന്ന അതിഥികളും ബന്ധുക്കളും അവളിൽ നിന്നും ദൃഷ്ടികളെടുക്കാതെ, അവളുടെ സൗന്ദര്യത്തിൽ വിസ്മയംപൂണ്ട് നിന്നു. ശരാശരി ഉയരമുള്ള ശരീരം, കുലീനത വിളിച്ചോതുന്ന ഉയർന്ന നെറ്റിത്തടം, നീണ്ട വടിവൊത്ത നാസിക, ചുവപ്പും സ്വർണ്ണാരാശിയും ഇടകലർന്ന ധാരാളിത്തത്തോടെ തിങ്ങിനിറഞ്ഞ കേശഭാരം, കറുത്ത പുരികങ്ങൾ, നമ്രതായാലും നാണത്താലും പാതിമയങ്ങിയ കൺപീലികളിൽ പ്രണയവശ്യത. നല്ല രൂപഭംഗിയും കുലീനത്തവും വിളിച്ചോതുന്ന ചുണ്ടുകളും മനോഹരമായ വായും അല്പം കൂർത്ത താടയും അവളുടെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടി.

മണവാളന്റെ വേഷത്തിൽ ഞാനും തെളിമയോടെയായിരുന്നപ്പോൾ. ഇളം നീല നിറത്തിലുള്ള ഒരു ഒരു മുഴുനീളക്കോട്ടായിരുന്നു എന്റെ വിവാഹ വസ്ത്രം. നെഞ്ച് മുതൽ അരക്കെട്ട് വരെ സ്വർണ്ണനിറമുള്ള ചരട് കൊണ്ട് മുറുക്കിയും ബാക്കി കുടുക്കൾ വച്ച് മുറുക്കുന്ന തരത്തിലും തയിച്ച ഒരു വസ്ത്രം. മിരിയാമിന്റെ വിവാഹവസ്ത്രവുമായി അതിന് നല്ല ചേർച്ചയായിരുന്നു. ലളിതവും മനോഹാരവുമായ ആ വസ്ത്രത്തിൽ സദസിൽ നിന്നപ്പോൾ എനിക്കു നല്ല ആത്മവിശ്വാസം തോന്നിയിരുന്നു.

ഏഴുനാൾ നീണ്ടുനിന്ന വിവാഹ ആഘോഷങ്ങൾക്ക് ശേഷം മിരിയാം മാതാപിതാക്കളോടൊപ്പം നസറത്തിലേക്ക് യാത്രയായി.

ഞാനെൻറെ കുടുംബമായ ബേത്ലഹേമിലേക്കും. അവിടെ ചെന്നു കുടുംബസ്വത്തുക്കളുടെ കാര്യങ്ങളിൽ ഒരു തീർപ്പുണ്ടാക്കാൻ വേണ്ടിയായിരുന്നു എന്റെ യാത്ര.

മിരിയാമിന്റമ്മ അന്നയും മിരിയാമും നസറത്തിലുള്ള അവരുടെ ഭവനത്തിലേക്കു പോയി. വിവാഹശേഷം മിരിയാമിനും എനിക്കും താമസിക്കാനായി നസറത്തിലൊരു ചെറിയഭവനം അന്ന ഒരുക്കിയിരുന്നു. ഞാൻ കൂടെയില്ലാത്തതിനാൽ അവൾ അമ്മയുടെ കൂടെത്തന്നെ താമസിച്ചു. ഞാൻ യാത്രയിൽ തന്നെയായിരുന്നു. ബേത്ലഹേമിൽ നിന്നും തിരിച്ചു വന്നിട്ട് രണ്ടുദിവസം മാത്രമെ നസറത്തിലെ വീട്ടിൽ കഴിഞ്ഞുള്ളൂ. ചില ബന്ധു വീടുകളിൽ മിരിയാമുമൊരുമിച്ചു വിരുന്നുകൾക്ക് പോയി.

അതുകഴിഞ്ഞ് ഞാൻ വീണ്ടും മറ്റൊരു യാത്രയ്ക്കൊരുങ്ങി. അത് സമറിയക്കടുത്തുള്ള ജസ്രീലിലെ ശൗലിന്റെ വീട്ടിലേക്കായിരുന്നു. എൻറെ പണിയായുധങ്ങളെല്ലാം അവിടെയാണ്. എനിക്കവിടെ എൻറെ വീട്ടിൽ പോകണം, മക്കളെ കാണണം. പണിയായുധങ്ങൾ കൊണ്ടുവന്നു നസറത്തിൽ ചെറിയയൊരു പണിപ്പുരയുണ്ടാക്കണം. കൂടാതെ കുറച്ചു മരയുരുപ്പടികളും കൊണ്ടുവരണം. വീട്ടിലിരുന്നുള്ള ജോലികൾ ചെയ്താൽ മതിയെന്നു തീരുമാനിച്ചു. അതുകഴിഞ്ഞ് മക്കളെയും കൂട്ടി തിരിച്ചു വന്നു നസറത്തിൽ താമസം തുടങ്ങണം. മക്കൾ ഇപ്പോൾ ഉള്ളത് മെൽക്കയുടെ വീട്ടുകാരുടെ സംരക്ഷണയിലാണ്.

ശൗലിന്റെ അടുക്കൽ എത്തിയപ്പോഴാണ് വിവരങ്ങളെല്ലാമറിയുന്നത്.

തന്റെ രണ്ടാം വിവാഹനിശ്ചയം നടത്തിയ വിവരം അറിഞ്ഞപ്പോൾ തന്നെ മൂത്തമകൻ ഡാനിയൽ കരച്ചിലും എതിർപ്പും പ്രകടിപ്പിച്ചിരുന്നു. അവൻ ദേഷ്യം സഹിക്കാതെ വീട്ടുസാധനങ്ങളൊക്കെ തല്ലിത്തകർത്ത് നശിപ്പിച്ചിരുന്നു. അവനു മറ്റൊരു അമ്മ വേണ്ടയെന്ന വാശി

**ശൗലിന്റെ അടുക്കൽ എത്തിയപ്പോഴാണ് വിവരങ്ങളെല്ലാമറിയുന്നത്. തന്റെ രണ്ടാം വിവാഹനിശ്ചയം നടത്തിയ വിവരം അറിഞ്ഞപ്പോൾ തന്നെ മൂത്തമകൻ ഡാനിയൽ കരച്ചിലും എതിർപ്പും പ്രകടിപ്പിച്ചിരുന്നു. അവൻ ദേഷ്യം സഹിക്കാതെ വീട്ടുസാധനങ്ങളൊക്കെ തല്ലിത്തകർത്ത് നശിപ്പിച്ചിരുന്നു. അവനു മറ്റൊരു അമ്മ വേണ്ടയെന്ന വാശിയായിരുന്നു. ഞാൻ വല്ലാത്ത ധർമ്മ സങ്കടത്തിലായി.**

യായിരുന്നു. ഞാൻ വല്ലാത്ത ധർമ്മ സങ്കടത്തിലായി.

ഒരു കന്യകയ്ക്ക് വിവാഹവാഗ്ദാനം നടത്തി മടങ്ങി വന്നതാണ്. വാഗ്ദാനം നടത്തിയതോ ജറുസലേം ദേവാലയത്തിലെ പ്രധാനപുരോഹിതന്റെയും അദ്ദേഹം പിതൃസ്ഥാനത്ത് നിൽക്കുന്ന യുവതിക്കു മുൻപിലും. മകൻറെ എതിർപ്പോർത്ത് പതറിയപ്പോൾ ശൌലും ഭാര്യയുമാണ് ധൈര്യം പകർന്നത്.

'സാരമില്ല, വിവാഹം കഴിച്ചുവരുന്ന രണ്ടാനമ്മയുടെ നന്മയിലും സ്നേഹത്തിലും ഡാനിയൽ മാറും. അവൻ അവളെ രണ്ടാനമ്മയായിട്ടല്ല ശരിക്കും അമ്മയായി സ്വീകരിക്കും. ജോസഫ്, ഇത് ദൈവഹിതമാണ്. നീ ധൈര്യമായി പോയിവരൂ '

ശൗലിന്റെ ആശീർവാദം വാങ്ങിയാണ് വിവാഹത്തിനു പോയത്. എന്നാലിപ്പോൾ കാര്യങ്ങൾ ആകെ തകിടം മറിഞ്ഞിരിക്കുന്നു. ഡാനിയൽ സഹോദരങ്ങളെയും വീടിനെയും ഉപേക്ഷിച്ചു എങ്ങോട്ടോ പോയിരിക്കുന്നു. അവന്റെ ഇറങ്ങിപ്പോക്ക് മനസിനെ വല്ലാതെ ഉലച്ചു കളഞ്ഞു.

എന്റെ അവസ്ഥ മനസിലാക്കി ശൗൽ പറഞ്ഞു.

''ജോസെഫെ, നീ വിഷമിക്കാതെ. അവൻ എവിടെപ്പോകനാണ്? തിരികെ വരും. ഇല്ലെങ്കിൽ ഞാൻ തേടിപ്പിടിച്ചു കൊണ്ടുവരും. നീയിപ്പോൾ ഒന്നും ആലോചിച്ചു വിഷമിക്കേണ്ട. മക്കളുടെ കാര്യങ്ങൾ ഞങ്ങൾ നോക്കികൊള്ളാം.''



ശൗൽ എന്നെ ആശ്വസിപ്പിച്ചു .

മിരിയാമിന് നൽകാനായി ഒരു വിവാഹ സമ്മാനം നൽകി ശൗലിന്റെ ഭാര്യ എസ്തേർ പറഞ്ഞു.

''ജോസഫ്, നീ മിരിയാമിൻറെ അടുക്കൽ പോകൂ. കാര്യങ്ങൾ എല്ലാം ക്രമപ്പെടുത്തിയശേഷം മക്കളെയും കൂട്ടികൊണ്ടുപോകാൻ വരൂ. അതു വരേയ്ക്കും ഒന്നുമോർത്തു വിഷമിക്കേണ്ട. മക്കൾക്ക് ഒരു അമ്മയെ കിട്ടിയതിൽ തീർച്ചയായും മരിച്ചു പോയ നിന്റെ മെൽക്കയുടെ ആത്മാവ് സന്തോഷിക്കും. അവൾ കാണുന്നുണ്ടാകും നിന്റെ കഷ്ടതകൾ''

എസ്തറിന്റെ ആശ്വാസവാക്കുകളിൽ എന്റെ മനസു തണുത്തു.

വിവാഹ നിശ്ചയം കഴിഞ്ഞപ്പോൾ മുതലേ ഓരോന്നാലോചിച്ചു മനസിൻറെ സ്വസ്ഥത പോയതാണ്. ആരൊക്കെ ആശ്വസിപ്പിച്ചെങ്കിലും ഇതുവരെയും അത് വിട്ടുമാറിയിട്ടില്ല.

കാര്യമിങ്ങനെയൊക്കെയാണങ്കിലും മിരിയാമിനെ കുറിച്ച് ഓർക്കുമ്പോൾ മനസും ശരീരവും കോരിത്തരിക്കും. ആ നിർമ്മലത

യെ ചേർത്തുപിടിക്കുന്ന ആസക്തിയുടെ ഉന്മാദത്തിലേക്ക് മനസ്സു വീണ്ടുമെടുത്തുചാടി. പക്ഷെ ഇതുവരേയ്ക്കും അവളുടെ മുഖം പിടിച്ചുയർത്തി ഒന്നു ഉമ്മവെക്കുവാനോ, കൊതിതീരെ കാണുവാനോ ഒരുമിച്ചൊരുരാത്രി ശയിക്കുവാനോ കഴിഞ്ഞിട്ടില്ല. നസറത്തിലെ വീട്ടിൽ കഴിഞ്ഞപ്പോൾ മിരിയാം ലജ്ജയാലാവാം മുഖത്തു നോക്കിയില്ല. ഇളം പ്രായമുള്ള ഒരു കന്യകയ്ക്ക് മധ്യവയസിലെത്തിയ ഒരു പുരുഷനോടടുക്കാൻ കൂടുതൽ സമയം വേണ്ടി വരുമായിരിക്കും. അവളെ മനസില്ലാമനസോടെങ്കിലും തനിയെ ഉറങ്ങാൻ ഞാൻ വിടുകയായിരുന്നു. അവളുടെ മനസും ശരീരവും തനിക്കായി സന്നദ്ധമാകുന്നത് വരെ കാത്തിരിക്കാൻ ഞാൻ തീരുമാനിച്ചു. അവൾ അപ്പോഴും കൗമാരം കടക്കാത്ത ഒരു കന്യകയായിരുന്നു. അവളെ കീഴടക്കാൻ, മോഹങ്ങൾ ഒരു കാട്ടുകുതിരയായി കുതിച്ചു പായുന്നു. വന്യമായി മിരിയാമിനെ പുണരുവാനായി കരങ്ങൾ കൊതിക്കുകയും, പുരുഷത്വം ഉദ്ദിതമായി ശരീരമാകെ ആസക്തിയാൽ വിളറിപിടിച്ചെങ്കിലും, മനസിനെയടക്കാൻ പരിശീലിച്ചതു കൊണ്ട് ക്ഷമയോടെ കാത്തിരിക്കുകയാണ്.

ആയിടെയാണ് മിരിയാമിന്റെ ബന്ധുവായ എലിസബത്ത് ഗർഭിണിയായ വിവരം അവളറിഞ്ഞത്. വന്ധ്യയെന്നു കരുതിയിരുന്ന എലിസബത്ത് വാർദ്ധക്യത്തിലേക്ക് കടന്നിരുന്നെങ്കിലും അപ്പോൾ ആറുമാസം ഗർഭിണിയായിരുന്നു. അവളെ പോയി കാണാനും കുറച്ചുകാലം അവളെ സഹായിച്ചുകൊണ്ട് കൂടെ കഴിയാനും മിരിയാം ആഗ്രഹിച്ചു. എൻറെ പുതുപെണ്ണിനെ അറിയുന്നതിന് മുൻപ് അവളുടെ നിലാവ് പോലുള്ള ഉടൽ കോരിക്കുടിക്കുന്നതിനു മുൻപ് അവളെ പിരിയുകയെന്നത് എന്നെ സംബന്ധിച്ചു വലിയ നിരാശയുണ്ടാക്കിയെങ്കിലും മനസില്ലാ മനസ്സോടെ സമ്മതിച്ചു.

പക്ഷെ എന്നിൽ നിന്നും താൽക്കാലികമായി അകന്നു നിൽക്കാനൊള്ളൊരു അവസരമായിട്ടാണ് അവളതിനെ കണ്ടതെന്നു ഞാൻ മനസ്സിലാക്കി. എങ്കിലുമെനിക്കത് സമ്മതമായിരുന്നു. കാരണം പ്രായമായ ഒരു സ്ത്രീയുടെയൊപ്പമവൾ നിൽക്കുമ്പോൾ സങ്കോചമോ ഭയമോ കൂടാതെ അവളുടെ ആശങ്കകൾ പങ്കുവയ്ക്കാനും ഭർത്താവൊത്തുള്ള കുടുംബജീവിതത്തിൻറെ രഹസ്യവിജ്ഞാനങ്ങൾ ഏലിസബത്തിൽ നിന്നും മനസിലാക്കാനും കഴിയുമല്ലോ? എനിക്കും ഒരു ഇടവേള ആവശ്യമെന്ന് തോന്നിയിരുന്നു. കുറച്ചു കുടുംബകാര്യങ്ങളും ജോലികാര്യങ്ങളും ക്രമപ്പെടുത്തിയെടുക്കേണ്ടതുണ്ട്. മനസിൽ ഉരുണ്ടുകൂടി കിടക്കുന്ന പ്രശ്നങ്ങൾക്ക് ഉത്തരം ലഭിക്കാൻ ധ്യാനത്തിൻറെ ഇടവേളയാവശ്യമാണെന്നും തോന്നിയിരുന്നു.

എല്ലാവർഷവും പെസഹാക്കാലത്ത് ജറുസലേം ദേവാലയത്തിൽ ആരാധനയ്ക്കായി പോവുക പതിവായിരുന്നു. അക്കൊല്ലവും നേർച്ചകാഴ്ചകളുമായി ദേവാലയത്തിലേക്ക് പുറപ്പെടാൻ തയ്യാറെടുത്തു. ഹെബ്രോനടുത്തുള്ള യൂദായിലായിരുന്നു എലിസബത്ത് താമസിച്ചിരുന്നത്. ജറുസലെമിനു പോകുന്ന കൂട്ടത്തിൽ മിരിയാമും എന്നോടൊപ്പം എലിസബത്തിന്റെ വീട്ടിലേക്കുള്ള യാത്രയ്ക്കൊരുങ്ങി.

കഴുതപ്പുറത്ത് ചുമടുമായി നസറത്തിൽ നിന്നും തെക്ക് ദിശയിൽ ഞങ്ങൾ യാത്ര തുടങ്ങി. ഒരു പകലിന്റെ യാത്രയ്ക്കൊടുവിൽ 'ഡോതൻ' കുന്നിലെത്തി. അന്നു രാത്രിയവിടെ തങ്ങാൻ തീരുമാനിച്ചു. എൻറെ പിതാവിന്റെ സുഹൃത്തായ നാഥാന്റെ ഭവനത്തിലെത്തിചേർന്നു. അദ്ദേഹവും ബേത്‌ലഹേമിൽ നിന്നുള്ള ആളായിരുന്നു. ജെറുസലേമിലേക്കുള്ള എൻറെ യാത്രകളിൽ പതിവായി രാത്രി കഴിച്ചുകൂട്ടാറുള്ളത് നാഥാന്റെ ഭവനത്തിലായിരുന്നു. നാഥാനും ഭാര്യ റൂത്തും ചേർന്ന് മിരിയാമിനെയും എന്നെയും സ്നേഹത്തോടെ സ്വീകരിച്ചു. ഞങ്ങളുടെ വിവാഹത്തിനവർ വന്നിരുന്നു. അവരുടെ ആഥിത്യം സ്വീകരിച്ചു കുറച്ചുദിവസമവിടെ തങ്ങാൻ അവർ നിബന്ധിച്ചുവെങ്കിലും പിന്നീടൊരിക്കലാകാമെന്നും പറഞ്ഞ് പുലർച്ചെ തന്നെ യാത്ര തുടർന്നു. അവിടെ നിന്നും ഒരുപകൽ നേരത്തെ യാത്രയുണ്ട് എലിസബത്തിൻറെയും അവളുടെ ഭർത്താവായ സക്കറിയയുടെയും ഭവനത്തിലെത്താൻ. സക്കറിയ ഒരു പുരോഹിതനായിരുന്നു.

യാത്രയിലുടനീളം മിരിയാമിൻറെ മനസ്സിൽ വലിയ സംഘർഷമായിരുന്നു. അവളധികമൊന്നും മിണ്ടിയില്ല. അവളുടെ മനസ്സിൽ എന്തോ സംഘർഷം നടക്കുന്നുണ്ടെന്നു തോന്നി. യാത്രയിൽ ഞാൻ ആലോചിക്കുകയായിരുന്നു. എൻറെയീ വിവാഹമൊരു തെറ്റായ തീരുമാനമായിരുന്നുവോ? ഒരു പക്ഷെയിനി എൻറെ പ്രായവും അവളുടെ പ്രാ

**ആയിടെയാണ് മിരിയാമിന്റെ ബന്ധുവായ എലിസബത്ത് ഗർഭിണിയായ വിവരം അവളറിഞ്ഞത്. വന്ധ്യയെന്നു കരുതിയിരുന്ന എലിസബത്ത് വാർദ്ധക്യത്തിലേക്ക് കടന്നിരുന്നെങ്കിലും അപ്പോൾ ആറുമാസം ഗർഭിണിയായിരുന്നു. അവളെ പോയി കാണാനും കുറച്ചുകാലം അവളെ സഹായിച്ചുകൊണ്ട് കൂടെകഴിയാനും മിരിയാം ആഗ്രഹിച്ചു. എൻറെ പുതുപെണ്ണിനെ അറിയുന്നതിന് മുൻപ് അവളുടെ നിലാവ് പോലുള്ള ഉടൽ കോരിക്കുടിക്കുന്നതിനു മുൻപ് അവളെ പിരിയുകയെന്നത് എന്നെ സംബന്ധിച്ചു വലിയ നിരാശയുണ്ടാക്കിയെങ്കിലും മനസില്ലാ മനസ്സോടെ സമ്മതിച്ചു.**

യവും തമ്മിലുള്ളന്തരം അവളിൽ ചെടിപ്പുണ്ടാക്കിയിട്ടുണ്ടോ? ദേവാലയ അധികൃതരുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന അവളുടെ സമ്മതം ആരും ചോദിച്ചിട്ടുണ്ടാകില്ല, ദൈവത്തിനു സമർപ്പിക്കപ്പെട്ട കന്യകയായതിനാൽ അവളുടെ മാതാപിതാക്കൾക്കും വിവാഹകാര്യത്തിൽ വലിയ ഇടപെടലുകൾ നടത്താൻ കഴിയുമായിരുന്നില്ല. ഒരുപക്ഷെ, മിരിയാമിന്റെ മനസിൽ ഒരു പുരുഷസങ്കല്പമുണ്ടാകാം. ഞാനാകട്ടെ അതിനൊട്ടും അനുരൂപമായിരിക്കില്ല. ചെറുപ്പക്കാരിയായ അവളുടെ സ്വപ്നങ്ങളിൽ തീർച്ചയായും ഒരു യുവകോമളൻ ഭർത്താവു തന്നെയായിരിക്കും ഉണ്ടായിരിക്കുക.

പുരോഹിതർ പറയുന്നത് അനുസരിക്കുകയല്ലാതെ അവൾക്കു മറ്റുവഴികൾ ഇല്ലായിയിരിക്കാം. ഞാനുമീ വിവാഹത്തിന് സമ്മതിക്കാൻ പാടില്ലായിരുന്നു. ഒരുകണക്കിനു പറഞ്ഞാൽ എൻറെ മകളാകാൻ മാത്രം പ്രായമുള്ള, കൗമാരം കടക്കാത്ത ഒരു പെൺകുട്ടിയോട് ഇഷ്ടം തോന്നിയത് വലിയ തെറ്റായിപ്പോയി. രണ്ടാമത്, ഒരു വിവാഹം വേണമായിരുന്നുവെങ്കിൽ അതൊരു മുതിർന്ന സ്ത്രീയായാൽ മതിയായിരുന്നു. പക്ഷെ ദേവാലയത്തിലെ പ്രധാന പുരോഹിതൻറെ തീരുമാനമെതിർക്കാൻ എനിക്കു കഴിയില്ലായിരുന്നു.

തുടക്കത്തിലെ തന്നെ എല്ലാം പിഴച്ചുപോയെന്നു തോന്നി. സ്വന്തം മക്കളുടെ എതിർപ്പും, കെട്ടിയ പെണ്ണിൻറെ ഇഷ്ട്ടക്കുറവും എല്ലാം കൊണ്ടും ജീവിതത്തിൽ അതുവരെയുണ്ടായിരുന്ന ശാന്തതയും സ്വസ്ഥതയും നഷ്ട്ടമായി. മിരിയാമിന്റെ മുഖത്തെ മ്ലാനതയും മൗനവും ശ്രദ്ധിച്ചു. നസറത്തിൽ നിന്നും യാത്ര തുടങ്ങിയിട്ട് ഇതുവരെ പരസ്പരമൊന്നും കാര്യമായി മിണ്ടിപ്പറഞ്ഞില്ല. മൗനത്തിൻറെ രണ്ടറ്റങ്ങളായിരുന്നു ഞങ്ങൾ. തലേന്നു രാത്രിയിൽ നാഥാൻറെ ഭവനത്തിൽ ഒരേ മുറിയിൽ കഴിഞ്ഞെങ്കിലും, ഞാൻ കിടപ്പുമുറിയിലേക്ക് ചെല്ലുമ്പോഴേക്കും അവൾ, മുറിയുടെ ഒരു മൂലയിൽ വിരിച്ച വിരിപ്പിൽ ഉറക്കം നടിച്ചുകഴിഞ്ഞിരുന്നു. എന്നിട്ടും അവളോടൊന്നും ചോദിച്ചില്ല. അന്നത്തെ യാത്രയിലും ലജ്ജകൊണ്ടും യാത്രാക്ലേശം കൊണ്ടുമാണ് അവൾ മൗനിയായിരിക്കുന്നതെന്ന് ആശ്വസിക്കാൻ ഞാൻ ശ്രമിച്ചു.

നടപ്പിന്റെ കഠിനതയ്ക്കുമപ്പുറം ചിന്തകളുടെ ചൂടിൽ വിയർത്തപ്പോൾ കൈത്തലം കൊണ്ട് നെറ്റിയൊന്നു തുടച്ചു. ആ സ്പർശത്തിലൊന്നറിഞ്ഞു. നെറ്റി ഒരുപാടു മുകളിലേക്ക് കയറിയിരിക്കുന്നു, തലനിറയെ ചുരുണ്ട മുടിനിറഞ്ഞ യവ്വനം ഓർത്തു. മെൽക്കയ്ക്ക് വളരെ ഇഷ്ടമായിരുന്നു എൻറെ ചുരുണ്ട മുടിയിഴകൾ. അവൾ അതിലൂടെ വിരലോടിക്കുമ്പോൾ ഞാൻ അവളുടെ മടിയിൽ തലചായ്ച്ചു കണ്ണടച്ച് വെറുതെ കിടക്കുമായിരുന്നു. ഭാര്യയായ മിരിയാമിനൊപ്പം നടക്കുമ്പോഴും മെൽക്കയെകുറിച്ചുള്ള ചിന്തകളിലേക്ക് എൻറെ മനസ് സഞ്ചരിച്ചു. നിമിഷാർദ്ധം കൊണ്ട് യുഗങ്ങൾ പിന്നിട്ടു തിരിച്ചുവരാൻ കഴിയുന്ന ഒരു അത്ഭുത പ്രതിഭാസമാണല്ലോ മനുഷ്യൻറെ മനസ് .



അതിരാവിലെ തുടങ്ങിയ നടപ്പ് സായാഹ്നത്തോടെ പ്രപ്തിയിലെത്തി. ചെറിയൊരു കുന്നിൻമുകളിലാണ് സക്കറിയയുടെ ഭവനം.

**യാത്രയിലുടനീളം മിരിയാമിൻറെ മനസ്സിൽ വലിയ സംഘർഷമായിരുന്നു. അവളധികമൊന്നും മിണ്ടിയില്ല. അവളുടെ മനസ്സിൽ എന്തോ സംഘർഷം നടക്കുന്നുണ്ടെന്നു തോന്നി. യാത്രയിൽ ഞാൻ ആലോചിക്കുകയായിരുന്നു. എൻറെയീ വിവാഹമൊരു തെറ്റായ തീരുമാനമായിരുന്നുവോ? ഒരു പക്ഷെ യിനി എൻറെ പ്രായവും അവളുടെ പ്രായവും തമ്മിലുള്ളന്തരം അവളിൽ ചെടിപ്പുണ്ടാക്കിയിട്ടുണ്ടോ? ദേവാലയ അധികൃതരുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന അവളുടെ സമ്മതം ആരും ചോദിച്ചിട്ടുണ്ടാകില്ല, ദൈവത്തിനു സമർപ്പിക്കപ്പെട്ട കന്യകയായതിനാൽ അവളുടെ മാതാപിതാക്കൾക്കും വി വാഹകാര്യത്തിൽ വലിയ ഇടപെടലുകൾ നടത്താൻ കഴിയുമായിരുന്നില്ല.**

അതിനു താഴെയായി ചെറുതല്ലാത്തയൊരു അരുവിയൊഴുകുന്നുണ്ട്. രാവിലെ മുതൽ തന്നെ പുറത്തേക്ക് കണ്ണും നട്ട് എലിസബത്തിരുപ്പാണ്. മിരിയാം തന്നെ സന്ദർശിക്കാൻ വരുമെന്നവൾ തലേന്നു രാത്രിയിൽ സ്വപ്നം കണ്ടിരുന്നതായി പറഞ്ഞു. എലിസബത്തിനപ്പോൾ അറുപതു വയസു കഴിഞ്ഞിരുന്നു. നല്ല ഉയരമുണ്ട്, മെലിഞ്ഞ ശരീരപ്രകൃതം. മിരിയാം ദൂരേ നിന്നുതന്നെ എലിസബത്തിനെ കണ്ടിരുന്നു, അവളുടെ മുഖം പ്രസന്നമായി. ഒരു തടവറയിൽ നിന്നും പുറത്തിറങ്ങിയ ആശ്വാസത്തോടെ അവൾ എന്നെ വിട്ടു മുൻപോട്ട് ഓടിച്ചെന്നു അവരെ ആലിംഗനം ചെയ്തു.

സക്കറിയയുടെ ഭൃത്യൻ വന്നെൻറെ കയ്യിൽ നിന്നും കഴുതയെ ഏറ്റുവാങ്ങി, ജീനിയഴിച്ചു മാറ്റി കഴുതയ്ക്ക് വെള്ളവും ആഹാരവും നൽകി. ഞാൻ സക്കറിയയെ കാണുവാൻ അകത്തേയ്ക്ക് ചെന്നു. അദ്ദേഹമെന്നെ ആലിംഗനം ചെയ്തു അക്കാലത്ത് സക്കറിയയുടെ സംസാരശേഷി നഷ്ട്ടപ്പെട്ടിരുന്നു. സക്കറിയയും ഞാനും ഒരുമേശയുടെ ഇരുപുറവുമായിരുന്നു. സക്കറിയ ഒരു എഴുത്തുപലകയിൽ എഴുതികൊണ്ട് എന്നോട് സംസാരിച്ചു. മിരിയാമും എലിസബത്തും അകത്ത് മുറിയിൽ ദീർഘസംഭാഷണത്തിൽ മുഴുകി.

ജൂലിയൻ കലണ്ടർ പ്രകാരം അതൊരു മാർച്ച് മാസമായിരുന്നു. അന്നു രാത്രി, വളരെ സുന്ദരവും നിലാവുള്ളതുമായിരുന്നു. സക്കറിയുടെ വീടിനു പുറത്തെ പൂന്തോട്ടത്തിലായിരുന്നു ഞങ്ങളത്താഴം കഴിച്ചത്. ധാരാളം വിഭവങ്ങളും മാംസവും വീഞ്ഞും സക്കറിയ ഒരുക്കിയിരുന്നു. അത്താഴശേഷവും ഏറെനേരം ഞങ്ങൾ പൂന്തോട്ടത്തിൽ ചിലവഴിച്ചു. നല്ല നിലാവും കുളിർക്കാറ്റും. പ്രകൃതിയിലെ സകല ജീവജാലങ്ങളും പരസ്പരം പ്രണയിച്ചും സന്തോഷിച്ചും ഇണ ചേർന്നിരിക്കാൻ കൊതിക്കുന്ന രാവിൽ, ഞാൻ ഏകനായിരുന്നു. അല്പംമാറി മിരിയാമും എലിസബത്തും എന്തോ ഗൗരവമായ സംഭാഷണത്തിലേർപ്പെടുന്നത് കണ്ടു. ഇടയ്ക്ക് എലിസബത്ത് എഴുന്നേറ്റു എന്തോ പറയാനായി എൻറെ അടുക്കലേക്കു വരാൻ ശ്രമിക്കുന്നതും മിരിയാം അവളെ തടയുന്നതും കണ്ടു. അവരുടെ സംസാരത്തിലെന്തോ ദുരൂഹതയുണ്ടോ?

* * *

ഞാൻ,ദൂരെ...നിലാവിലേക്ക് കണ്ണും നട്ടിരുന്നു.

മനസിലൂറിവന്ന വിഷാദത്തിനൊപ്പം, ചിന്തകൾ ചരിത്രത്തിലേക്ക് അറിയാതെ കാൽ കുഴഞ്ഞ് നീങ്ങി....

അലക്സാണ്ടർ ചക്രവർത്തിയുടെ ഉടവാൾ സിദ്ധാർത്ഥ ഗൗതമൻറെ കാൽച്ചുവട്ടിൽ സമർപ്പിക്കുന്ന കാഴ്ചയും ഒരു പുഞ്ചിരിയോടെ സിദ്ധാർത്ഥ ഗൗതമൻ ചതുരസത്യം, അഷ്ടമാർഗ്ഗം എന്നിവയെപറ്റി ചക്രവർത്തിയുടെ മുമ്പിൽ വിവരിക്കുന്നതും കേട്ടു.

'തൃഷ്ണയെ വൈരാഗ്യം കൊണ്ട് നിഹനിക്കുകയാണ് ദുഃഖത്തെ ദുരീകരിക്കുവാനുള്ള മാർഗ്ഗം. ആഴത്തിൽ വേരുറപ്പിച്ചിരിക്കുന്ന തൃഷ്ണയിൽ നിന്നും വിമുക്തനാകുമ്പോൾ മനുഷ്യൻ സ്വതന്ത്രനും ദു:ഖപീഡകളും ഇല്ലാത്തവനാകും.'

എന്തിനാണിപ്പോൾ മിരിയാമിൽ നിന്നും എന്റെ മനസ് മറ്റൊന്നിലേക്ക് പിന്തിരിഞ്ഞു പാഞ്ഞോടുന്നത്?

അന്നുരാത്രിയിൽ ഞാൻ വേഗമുറങ്ങി. മിരിയാം അപ്പോഴും ഏലിസബത്തിൻറെ മുറിയിൽ സംഭാഷണത്തിലായിരുന്നു. അന്നവൾ അവിടെ, ഏലിസബത്തിൻറെ മുറിയിൽ തന്നെയുറങ്ങി.

അവർക്കെന്താണ് ഇത്രമാത്രം സംസാരിക്കാനുണ്ടായിരുന്നത്?

മിരിയാമിനെ കടിച്ചുകീറുന്ന ചെന്നായായി ഞാൻ മാറുമോയെന്നായിരിക്കാം അവളുടെ ഭയം.

അതായിരിക്കാം അവൾ താനുമായി അടുക്കാത്തത്? ഇനി ഇവൾക്ക് മറ്റാരെങ്കിലുമായിട്ട് പ്രണയബന്ധം ....?

സംശയത്തിന്റെ ചെകുത്താന്മാർ തലയ്ക്കുള്ളിൽ ഉഴറി നടന്നു.

രാവിലെ തന്നെ ഞാൻ യാത്ര പുറപ്പെടാനൊരുങ്ങി. ജറുസലേമിലെ പെസഹാ പെരുന്നാൾ കഴിഞ്ഞു തിരികെ നസറത്തിലെത്തണം. മിരിയാം മൂന്ന് മാസക്കാലം ഏലിസബത്തിന്റെ കൂടെ നില്ക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. എനിക്കതൊട്ടും ഇഷ്ടമായിരുന്നില്ല. വിവാഹശേഷം അതുവരെ, ഒരുനാൾ പോലും ഒരുമിച്ചുറങ്ങാൻ കഴിയാത്തതിൽ എനിക്കു വല്ലാത്ത നിരാശയും ദേഷ്യവും തോന്നി. എന്തൊക്കെയായാലും ഞാനവളെ വിവാഹം ചെയ്ത പുരുഷനാണ്. ആ സത്യം മിരിയാം ഇനി അംഗീകരിച്ചേ പറ്റൂ. എത്രകാലം അവൾക്കിങ്ങനെ എൻറെ പൗരുഷത്തെയും മോഹങ്ങളെയും വെല്ലുവിളിക്കാൻ കഴിയും? തൃഷ്ണയൊതുക്കി വൈരാഗിയാവാൻ ഞാൻ

താപസനോ, ജരാനരകൾ ബാധിച്ച വൃദ്ധനുമല്ല. ഒരു പെണ്ണിനെ ആവേശത്തോടെ പുണരാനും അനുഭവിക്കാനും കെൽപ്പുള്ള പച്ച മനുഷ്യനാണ്.

മിരിയാമിൻറെ മൗനവും അവഗണയും എനിക്ക് അപമാനമായി തോന്നാൻ തുടങ്ങിയിരുന്നു. ഇത്രയുംനാൾ അവളൊരു ഇളം പ്രായക്കാരിയും ഞാനൊരു മുതിർന്ന പുരുഷനുമായതിനാൽ അവളുടെ സങ്കോചം മാറട്ടെയെന്നു കരുതി ഞാൻ കാത്തിരിക്കുകയായിരുന്നു. ഇതിപ്പോൾ വിവാഹശേഷം മൂന്നു മാസം ഞാനില്ലാതെ വേറിട്ടിട്ടുള്ള അവളുടെ ജീവിതമെന്നു പറയുന്നത് എനിക്കൊട്ടും സ്വീകാര്യമല്ലായിരുന്നെങ്കിലും, എലിസബത്തിന് വാർധക്യത്തിൽ ഒരു കുഞ്ഞുണ്ടാകാൻ പോകുമ്പോൾ മിരിയാം കൂടെ നിൽക്കുന്നത് ഒരു സഹായം ആയിരിക്കുമെന്ന് എലിസബത്ത് അപേക്ഷിച്ചപ്പോൾ സമ്മതിക്കാതിരിക്കാൻ കഴിഞ്ഞില്ല.

മൂന്നു മാസം കഴിഞ്ഞു ജൂൺ മാസം മിരിയാമിനെ കൂട്ടികൊണ്ട് വരാനായി യാത്രതിരിച്ചു. അക്കുറി പകുതിദൂരം മാത്രം എനിക്ക് യാത്രചെയ്താൽ മതിയായിരുന്നു. ഡോതൻ കുന്നിൻറെ താഴ്‌വാരം വരെ സക്കറിയായുടെ ഭൃത്യർ അവളെയും കൂട്ടി വന്നിരുന്നു.

മിരിയാമിനെ കാണാൻ കൊതിച്ചു നാളുകൾ എണ്ണികഴിഞ്ഞിരുന്ന ഞാൻ അവളെ കണ്ട് വല്ലാതായിപ്പോയി. ഞാൻ പ്രതീക്ഷിച്ച പെണ്ണല്ലായിരുന്നു അവളപ്പോൾ. മിരിയാമിന്റെ ശരീരപ്രകൃതം കണ്ടതോടെ ഞാനാകെ തകർന്നു പോയി. അവൾ ഗർഭിണിയായതിൻറെ പ്രകടമായ ലക്ഷണങ്ങൾ എനിക്ക് മനസ്സിലാക്കാൻ പറ്റി.

ഞാൻ തൊടാത്ത പെണ്ണ് ! മനസ് നീറി.

യാത്രയിലുടനീളം അവൾ നിശബ്ദയായിരുന്നു. അവളോടെന്തെങ്കിലും ചോദിക്കുവാനുള്ള ശക്തിയെനിക്കില്ലായിരുന്നു. ഉള്ളിലെ നീറ്റൽ മാറാൻ, മനസിനൊരു ആശ്വാസം ലഭിക്കാൻ ഉത്തരങ്ങൾക്കായി ചികഞ്ഞുകൊണ്ടിരുന്നു.

വിവാഹശേഷം നേരെ ബേത്‌ലഹേമിലേക്ക് പോയി. സഹോദരനിൽ നിന്നും വസ്തുസംബന്ധമായ പണമിടപാടുകൾ തീർത്തു ചെറിയൊരു വീട് പണിയാനുള്ള പ്രാരംഭ നടപടികൾ ഞാൻ തുടങ്ങി വച്ചു.

ആ സമയം മിരിയാം മാതാപിതാക്കൾക്കൊപ്പം നസറത്തിലെ അവരുടെ വീട്ടിൽ താമസിച്ചു.

ഞാൻ പിന്നെ നസറത്തിൽ തിരികെയെത്തി.

**എന്തിനാണിപ്പോൾ മിരിയാമിൽ നിന്നും എന്റെ മനസ് മറ്റൊന്നിലേക്ക് പിന്തിരിഞ്ഞു പാഞ്ഞോടുന്നത്? അന്നുരാത്രിയിൽ ഞാൻ വേഗമുറങ്ങി. മിരിയാം അപ്പോഴും ഏലിസബത്തിൻറെ മുറിയിൽ സംഭാഷണത്തിലായിരുന്നു. അന്നവൾ അവിടെ, ഏലിസബത്തിൻറെ മുറിയിൽ തന്നെയുറങ്ങി. അവർക്കെന്താണ് ഇത്രമാത്രം സംസാരിക്കാനുണ്ടായിരുന്നത്?**

മിരിയാമിന്റെ വീട്ടുകാർ നൽകിയ വീട്ടിൽ ഞങ്ങൾ താമസമാക്കിയെങ്കിലും രാത്രിയിൽ അവൾ ഉറങ്ങിയിരുന്നത് വീടിനോട് ചേർന്നുള്ള അവളുടെ അമ്മ വീട്ടിലായിരുന്നു. ആ വീട്ടിലെയും അയൽ വീടുകളിലെയും കുട്ടികളായിരുന്നു പകൽ മുഴുവനുമവളുടെ കൂട്ടുകാർ. ഭർത്താവായിട്ടും അവളുടെ കൂടെ ഒരിക്കൽ പോലും ഇതുവരെ ശയിക്കാൻ എനിക്കിടയായിട്ടില്ല.

പിന്നെയെങ്ങിനെ അവൾ ഗർഭിണിയായി ? അതോ ഇനിയവൾ ഗർഭിണി ആയിരിക്കില്ലേ എൻറെ വെറും തോന്നൽ മാത്രമോ? ഇല്ല, അതാവില്ല. മെൽക്കയുടെ നാലു ഗർഭകാലവും നേരിൽ കണ്ടയെനിക്ക് മനസിലാകും. മിരിയാം ഗർഭിണിയാണന്ന്. അവൾ പിഴച്ചിരിക്കുന്നു, അതിൽ സംശയം വേണ്ട. അവൾ ഗർഭിണിയാണെന്ന കാര്യം ഞാൻ മനസ്സിലാക്കിയോയെന്നു ഭയന്നു മിരിയാമെന്നോട് മന:പൂർവം മിണ്ടാതിരിക്കുന്നതാണെന്നു എനിക്കു മനസ്സിലായി.

' ഹൊ ദൈവമേ എന്തൊരു നാണക്കേട്'

എന്റെ മനസ്സിലപ്പോൾ ഒരു കടൽ ഇളകിമറിയുകയായിരുന്നു....

എനിക്ക് വല്ലാതെ ദേഷ്യം തോന്നി. കയ്യിലിരിക്കുന്ന വടികൊണ്ട് മിരിയാമിന്റെ മുതുക് അടിച്ചു പൊളിക്കുവാനും അവളെ വിചാരണയ്ക്കായി പുരോഹിതർക്ക് ഏല്പ്പിച്ചു കൊടുക്കാനും എൻറെ മനസു പറഞ്ഞു കൊണ്ടിരുന്നു. എങ്കിലും ഞാൻ ദേഷ്യം നിയന്ത്രിക്കാൻ ശ്രമിച്ചു. മനസ്സിനെ അടക്കാനായി മുന്നിൽ നടക്കുന്ന പാവം കഴുതയുടെ മുതുകിൽ കാരണമില്ലാതെ വടികൊണ്ട് തുരുതുരെ അടിച്ചു ദേഷ്യമടക്കി. ആ സാധുജീവി വേദനകൊണ്ട് കരഞ്ഞു കുതറിയപ്പോൾ മിരിയാം തിരിഞ്ഞെന്നെ ദയനീയമായൊന്നു നോക്കി. അവളുടെയാ നോട്ടം കണ്ടതോടെ കാറ്റുനിലച്ചപോൾ എൻറെ കോപമടങ്ങി. പക്ഷെ, എങ്കിലുമെന്റെ ഹൃദയം നീറുന്നുണ്ടായിരുന്നു.

ഞാൻ ചതിക്കപ്പെട്ടു എന്ന വിചാരത്തെ നിയന്ത്രിക്കാനെനിക്ക് കഴിഞ്ഞില്ല. എങ്കിലും ഞാൻ അതാരോടും പറയുവാനോ അവൾക്കു അപമാനം വരുത്തി വയ്ക്കാനോ തുനിഞ്ഞില്ല. എൻറെ വിശപ്പും ദാഹവും വിട്ടൊഴിഞ്ഞു, അവൾ കൈവിട്ടുപോയെന്ന വേദനയാൽ ഹൃദയം സദാ വിഷാദിച്ചുകൊണ്ടിരുന്നു. മരണം വന്നു ചേർന്നിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോയി, എൻറെ മക്കളെ ഓർത്തപ്പോൾ ഞാൻ തളർന്നു. എങ്കിലുമെനിക്ക് ചോദിക്കാനോ അറിയാതിരിക്കാനോ ആവുമായിരുന്നില്ല. കോപം സങ്കടമായി മാറി. എൻറെ കണ്ണുകൾ നിറഞ്ഞു.

''മിരിയാം നീ എന്തിനെന്നോടിങ്ങനെ ചെയ്തു. ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്നറിയാമോ?''

മിരിയാം ഒന്നും പറഞ്ഞില്ല. എന്തുമറുപടി പറയുമെന്നറിയാതെ അവൾ പകച്ചുനിന്നു. കോപാകുലനായ ഭർത്താവിൻറെ ഭർത്സനങ്ങൾ കാത്തിരുന്ന അവൾ എൻറെ കണ്ണുനീരിൽ ഏറെ തകർന്നിട്ടുണ്ടാവണം. അവൾ പൊട്ടിക്കരഞ്ഞു കൊണ്ട് ഓടിപ്പോയി കിടക്കയിൽ വീണു. അവളുടെ മൌനം എൻറെ മനോഭാരത്തെ ഇരട്ടിയാക്കി.

മിരിയാം ഇതെല്ലാം മുൻകൂട്ടി കണ്ടിരിക്കണം. അവൾ കൂടുതൽ ചിന്താഗ്രസ്തയും നിശബ്ദയുമായി. ഒരു മേൽക്കൂരയുടെ കീഴിൽ ഞങ്ങൾ അന്യരായി മിണ്ടാതിരുന്നു. അവൾക്കു എന്തൊക്കയോ എന്നോട് പറയണമെന്നുണ്ടയിരുന്നു. പക്ഷെ , എന്നെ കാണുമ്പോൾ, എൻറെ മുഖത്ത് നോക്കാനാവാതെ അവൾ ദൈന്യതയോടെ മുഖം താഴ്ത്തി കണ്ണീരോടെയിരുന്നു. അവളുടെ മൗനമായിരുന്നു എന്നെയേറെ വേദനിപ്പിച്ചത്. അവൾ പറ്റിയ തെറ്റ് ഏറ്റുപറഞ്ഞു എന്നോട് മാപ്പ് പറഞ്ഞിരുന്നെങ്കിൽ ഞാൻ അവളോട് ഒരുപക്ഷെ ക്ഷമിക്കുമായിരുന്നു എൻറെ മനസ്സിനും അല്പം ശാന്തി കൈവരുമായിരുന്നു.

പക്ഷെ അവൾ ഒന്നും മിണ്ടിയില്ല. എനിക്കു മുഖം തരാതിരിക്കാൻ അവൾ കൂടുതലും ചിലവഴിച്ചത് അവളുടെ വീട്ടിലും ബന്ധുക്കളുടെ കൂടെയുമായിരുന്നു. അതെനിക്ക് ഏറെ അവമതിയായി തോന്നി.

കുറച്ചുനാൾ കഴിഞ്ഞു. എൻറെ മനസ് അപ്പോഴേക്കും എല്ലാത്തിനോടും സമരസപ്പെട്ടിരുന്നു. എൻറെ കോപമടങ്ങി, മനസ് വിഷാദത്തിൽ നിന്നും കരകയറി. എനിക്കപ്പോൾ മിരിയാമിനോട് സഹതാപം തോന്നി. അവളെ കുറച്ചുകൂടി മനസിലായെന്നു തോന്നി. അവളുടെ ഇളം മനസ്സിനോട് ചേർന്നുനിന്നു കൊണ്ട് ഞാൻ ചിന്തിച്ചുനോക്കി. ഞാൻ അവൾക്കു ചേർന്ന പുരുഷനല്ലെന്നു അപ്പോൾ എനിക്കു ബോധ്യമായി.

അവൾക്കു ഒരു തെറ്റ് പറ്റിയിട്ടുണ്ടാകാം. അല്ലെങ്കിൽ ആരെങ്കിലും അവളെ വഴിപിഴപ്പിച്ചിട്ടുണ്ടാകാം.

എന്റെ മനസു വല്ലാതെ കാടുകയറി.

**മിരിയാമിനെ കാണാൻ കൊതിച്ചു നാളുകൾ എണ്ണികഴിഞ്ഞിരുന്ന ഞാൻ അവളെ കണ്ട് വല്ലാതായിപ്പോയി. ഞാൻ പ്രതീക്ഷിച്ച പെണ്ണല്ലായിരുന്നു അവളപ്പോൾ. മിരിയാമിന്റെ ശരീരപ്രകൃതം കണ്ടതോടെ ഞാനാകെ തകർന്നു പോയി. അവൾ ഗർഭിണിയായതിൻറെ പ്രകടമായ ലക്ഷണങ്ങൾ എനിക്ക് മനസ്സിലാക്കാൻ പറ്റി. ഞാൻ തൊടാത്ത പെണ്ണ്! മനസ് നീറി.**

അവൾക്കൊരു കാമുകനുണ്ടായിരിക്കാം. അവന്റെ സമ്മാനവും വയറ്റിലിട്ട് അവളെന്തിന് എന്നെ സ്വീകരിച്ചു? ഒരുപക്ഷെ അവൾക്കു പുരോഹിതർ പറയുന്നത് അനുസരിക്കാതെ നിവർത്തിയില്ലാതിരുന്നിരിക്കാം. എന്നാലും ഞാനവളെ അത്യധികം സ്നേഹിച്ചിരുന്നത് കൊണ്ട് അവളെ കാണുമ്പോൾ എന്റെയുള്ളിൽ സങ്കടം വന്നിരുന്നു.

അന്നു വൈകുന്നേരത്തോടെ ഞാൻ മറ്റൊരു യാത്രക്കായി എല്ലാ ഒരുക്കവും നടത്തി. എല്ലാവരും ഉറക്കമാകുമ്പോൾ ഇരുളിൻറെ മറപറ്റി അവിടെ നിന്നും ഒളിച്ചോടുക. ആളുകൾ പറയുമായിരിക്കും ഗർഭിണിയായ ഭാര്യയെ ഉപേക്ഷിച്ചു കടന്നുകളഞ്ഞ നീചനാണ് ഞാനെന്ന്. അതുസാരമില്ല, ഇപ്പോൾ അതാണ് രണ്ടുപേർക്കും നല്ലത്. കുറ്റം എൻറെതു മാത്രം ആയിക്കൊള്ളട്ടെ. അപ്പോൾ മിരിയാമിന് അപമാനത്തിൽ നിന്നും രക്ഷപ്പെടാനാവുമല്ലോ?

വല്ലവന്റെയും കുഞ്ഞിന്റെ പിതാവായി അപമാനം സഹിച്ചുകൊണ്ട് അവളോടൊത്ത് ജീവിക്കുന്ന നാണക്കേടിൽ നിന്നുമെനിക്ക് രക്ഷപ്പെടണം. ശിഷ്ടകാലം ഓർമ്മയിൽ സൂക്ഷിക്കാൻ എനിക്കെൻറെ മെൽക്കയുടെ ഓർമ്മകൾ മതി, സന്തോഷിക്കാൻ അവളെനിക്കു സമ്മാനമായി നൽകിയ മക്കൾ മാത്രം മതി.

പക്ഷെ,യാത്രയ്ക്കുള്ള സമയം അടുത്ത് വന്നതോടെ എല്ലാം മാറി മറിഞ്ഞു. എൻറെ മനസിലപ്പോൾ ഗർഭിണിയായ ഒരു പെൺകുട്ടിയുടെ ദയനീയ മുഖം പ്രത്യക്ഷമായി. ഞാനിവളെ ഈ അവസ്ഥയിൽ ഉപേക്ഷിച്ചുപോയാൽ അതവൾക്കു അപമാനം വരുത്തുകയേ ഉള്ളൂ. ഇപ്പോൾ ഞാനും മിരിയാമും മാത്രം അറിയുന്ന ഈ രഹസ്യം എൻറെ തിരോധാനത്തോടെ കൂടുതൽ സങ്കീർണ്ണമായ വിഷയമായി മാറാൻ ഇടയുണ്ട്. ആളുകൾ അവളെ ചോദ്യം ചെയ്താൽ, സത്യാവസ്ഥ പറയാതിരിക്കാൻ അവൾക്കാവില്ല. അതോടെ അവളെ വ്യഭിചാരകുറ്റം ചുമത്തി വിചാരണ നടത്തി, പൊതുസമൂഹത്തിൽ വച്ച് കല്ലെറിഞ്ഞ് കൊല്ലും. ഇപ്പോൾ എൻറെയുള്ളിലെ അപമാനം ഞാൻ മാത്രമേ അറിയുന്നുള്ളൂ. ഞാനതങ്ങ് സഹിച്ചാൽ അതുമൂലം മിരിയാമിനും അവളുടെ വീട്ടുകാർക്കും ഉണ്ടാകുന്ന നിത്യമായ അപമാനവും സങ്കടവും ഇല്ലാതാകും.

ഞാനെൻറെ ആത്മാവിലേക്കുറ്റുനോക്കി, കണ്ണുകൾ അടച്ചു ധ്യാനിച്ചു. എൻറെ യുള്ളിൽ നിന്നും കോപത്തിൻറെ ഹിംസാത്മക ചിന്തകൾ ഇല്ലാതാകുന്നതും ഉള്ളിൽ ആത്മപ്രകാശം നിറയുന്നതായും അനുഭവപ്പെട്ടു. എങ്കിലും ചിലപ്പോൾ എന്റെ മനസ് ചെകുത്താൻ ബാധിച്ച പോലെയാണ്. അങ്ങോട്ടുമിങ്ങോട്ടും പല സ്വഭാവങ്ങളോടെ അത് ചാടിക്കളിച്ചു കൊണ്ടിരിക്കും.

ധ്യാനത്തിൽ നിന്നുമുണർന്നു കണ്ണുതുറന്നു. കാൽക്കൽ സമർ

പ്പിച്ച ഒരു പനിനീർ കണക്കെ മിരി
യാം എൻറെ കാലുകളിൽ കെട്ടിപ്പി
ടിച്ചു  കിടക്കുന്നത് ഞാൻ കണ്ടു.
എല്ലാ കുറ്റവും ക്ഷമിക്കണേയെന്ന
ഒരു പ്രാത്ഥനപോലത് എനിക്കനുഭ
വപ്പെട്ടു.

അവൾ പശ്ചാത്താപത്താലെന്ന
വണ്ണം വിമ്മി വിമ്മിക്കരഞ്ഞു.

ഞാൻ  കൈകൾ കൊണ്ട് അവളു
ടെ ശിരസിൽ തലോടി. അവൾ കര
ഞ്ഞ് ദയനീയമായി എന്നെ നോക്കി
യാചനാ സ്വരത്തിൽ പറഞ്ഞു.

''നാഥാ അങ്ങെന്നെയുപേക്ഷി
ച്ചു പോകുവാൻ തീരുമാനമെടുത്തു
വെന്ന്  എനിക്കറിയാം,

ദയവായി എന്നെ ഉപേക്ഷിച്ചു
പോകരുതേ....

എന്നെ വിശ്വസിക്കൂ ....ഇത്
എനിക്ക് ദൈവം തന്ന കുഞ്ഞാണ്.''

കണ്ണീരോടുള്ള  ആ യാചന കേട്ട്
എൻറെ ഉള്ളം പിടഞ്ഞു. എൻറെ
കണ്ണുകൾ  നിറഞ്ഞു. എങ്കിലും
പെട്ടെന്ന്  എൻറെയുള്ളിലൊളിച്ചിരി
ക്കുന്ന ചെകുത്താൻമറ നീക്കി
പുറത്തുവന്നെന്നെ ഉപദേശിച്ചു. ഒരു
പുശ്ചം നിറഞ്ഞ ചിരി ചെകുത്താ
ന്റെ ചുണ്ടിൽ വിരിഞ്ഞു.

'പിന്നെ...മനുഷ്യർക്ക് കുഞ്ഞു
ണ്ടാക്കലല്ലേ ദൈവത്തിൻറെ പണി?

പെരുങ്കള്ളിയാണിവൾ. ജോ
സഫെ, ഇവളെ വിശ്വസിച്ചു നീ
വഞ്ചിതനാകരുത്. ദേവാലയത്തിനു
തൊട്ടടുത്തായിരുന്നില്ലേ അവളുടെ
പൊറുതി.ഏതെങ്കിലും പുരോഹിത
സന്തതിയായിരിക്കുമത്. ഉറപ്പ്....

പുരോഹിതർ നിന്നോടു  പറഞ്ഞ
തെല്ലാം പച്ചക്കള്ളം. അവർ വേറെ
ആരെയും ദേവാലയത്തിലേക്ക്
വിളിപ്പിച്ചില്ല, അങ്ങിനെ വിളിപ്പിച്ചി
രുന്നെങ്കിൽ  നിൻറെ പേര് മാത്രം
എങ്ങിനെ വിട്ടുപോകും?.  നീയൊരു
പാവമെന്നറിഞ്ഞു നിൻറെ തലയിൽ
ഈ ഗർഭം അവർ കെട്ടിവച്ചതാണ്.

നീയൊരു വിഡ്ഢിയാകരുത്.
ഇലകൾ ഇല്ലാതിരുന്ന മരക്കൊ
മ്പിൽ എങ്ങിനെയാണ്  പൂവ്  വിടരു
ന്നത്? അതങ്ങിനെ വിശ്വസിക്കാൻ



പൂക്കൾ ഉണ്ടാകുന്നതു  നീ കണ്ടു
വോ? ഇല്ലല്ലോ.  ദേവാലയത്തിൽ മു
ന്നേ ഒളിപ്പിച്ചുവെച്ച ഒരു പൂമരക്കമ്പ്
എടുത്തു നിൻറെ കയ്യിൽ തന്നിട്ട്,
ഇവളെ കെട്ടുന്നത് ദൈവഹിതമെ
ന്നു പറഞ്ഞു നിന്നെ കബളിപ്പിച്ചതാ
ണ്.

പെണ്ണിന് പേടിയായതുകൊണ്ട്
നിൻറെ കൂടെ കിടന്നില്ല. അതു
കൊണ്ട് മാത്രം  നീ സത്യം തിരിച്ച
റിഞ്ഞു.  അല്ലെങ്കിൽ നീയൊന്നും
അറിയുമായിരുന്നില്ല.

ഇവളെ മോശയുടെ നിയമപ്ര
കാരം വിചാരണ ചെയ്യണം. അതാ
വേണ്ടത് .

ഒറ്റച്ചവിട്ട് കൊടുത്താ അവള്
സത്യം പറയും. അതോടെ പ്രശ്നം
തീരും. അതാ ഇപ്പോ നീ ചെയ്യേണ്ട
ത്.

ചിന്തകൾ പലവിധത്തിൽ മന
സ്സിൽ പാഞ്ഞുനടന്നു.

കണ്ണുനീരുകൊണ്ടവൾ പിന്നെ
യുമെന്റെ പാദങ്ങൾ  കഴുകി. കണ്ണു
നീരിന്റെ നനവ് എന്റെ ദുഷ്ചിന്തക
ളെ മാറ്റി. ചെകുത്താന്റെ ഉപദേശം
കേൾക്കാൻ നിന്നില്ല ഞാൻ. വാടി
തളർന്നു എൻറെ കാൽച്ചുവട്ടിൽ
കിടക്കുന്ന പെൺകുട്ടിയോടുള്ള
അനുകമ്പയാൽ ഹൃദയംവിങ്ങി.
എൻറെ കണ്ണുകൾ നിറഞ്ഞു. ഞാന
വളെ പിടിച്ചെഴുന്നേൽപ്പിച്ച് അവളു
ടെ മൂർദ്ധാവിൽ ചുംബിച്ചാശ്ലേഷിച്ചു
കൊണ്ട്  കരഞ്ഞു. അവളെൻറെ
മാറിൽ മുഖം ചേർത്ത്  ഏറെനേരം
കരഞ്ഞു.

''നാഥാ അങ്ങ് ശ്രദ്ധയോടെ
കേൾക്കണം. ഈ നിമിഷം വരെ
ഇതൊക്കെ എങ്ങിനെ പറയണ

മെന്നു എനിക്കറിയില്ലായിരുന്നു. എൻറെ ഉദരത്തിൽ ഒരു ശിശു വളരുന്നുണ്ടെന്ന സത്യം എങ്ങിനെ പറയുമെന്നോർത്തു ലജ്ജയും ഭയവും മൂലം ഞാനുരുകയായിരുന്നു. ഈ രഹസ്യത്തിന്റെ ഭാരത്താൽ ഓരോ നിമിഷവും ഉമിത്തീയിലെന്നപോൽ ഞാൻ വെന്തു നീറുകയായിരുന്നു.

ഞാനങ്ങയെ ഒരുപാടു വേദനിപ്പിച്ചു. എൻറെ പെരുമാറ്റ രീതികൾ അങ്ങേയ്ക്ക് അവഗണനയും അപമാനവുമായി മാറിയെന്നെനിക്കറിയാം. ലോകമെന്തെന്നറിയാത്ത ഒരു കൗമാരക്കാരി മാത്രമാണ് ഞാനിപ്പോഴും. എന്തു ചെയ്യണമെന്നു എനിക്കറിയില്ലായിരുന്നു.

ഇതൊരു ദൈവീകമായ രഹസ്യമാണ്. അതൊറ്റയ്ക്ക് ചുമക്കാനുള്ള ത്രാണിയെനിക്കില്ല. അങ്ങിതു കേട്ടാലും. ഈ രഹസ്യം ദൈവം ലോകത്തിന് വെളിവാക്കുന്ന കാലത്തോളം നമ്മൾ രണ്ടാളും മാത്രമെ ഇതറിയാവൂ.''

അനന്തരം അവൾ ദൂതൻ പ്രത്യക്ഷപ്പെട്ട് വെളിപ്പെടുത്തിയ ആ ദൈവീക രഹസ്യം എന്നോട് പങ്കുവെച്ചു. മിരിയാം പറഞ്ഞത് സത്യമോ മിഥ്യയോ എന്നറിയാതെ ഞാനേറെ നേരം ആലോചിച്ചുകൊണ്ടിരുന്നു. അവളാകട്ടെ അവളുടെ വലിയൊരു ഭാരം ഇറക്കിവെച്ച ശാന്തതയിൽ ഉറക്കംപിടിച്ചു. അന്നാദ്യമായി അവൾ എൻറെ കിടക്കയിൽ ഉറങ്ങാൻ തയ്യാറായി.

മിരിയാമിൻറെ നിഷ്കളങ്കതയിൽ അപ്പോൾ എനിക്ക് അവിശ്വാസം തോന്നിയില്ല, പക്ഷെ പുരുഷസംസർഗം ഇല്ലാതെ എങ്ങിനെ ഒരു ശിശു ഉദരത്തിൽ രൂപം കൊള്ളും? മനസിൽ നിന്നും സംശയം വിട്ടുമാറാനായി . കുറച്ചുനേരം ധ്യാനത്തിൽ മുഴുകി.....

ഇസ്രയേൽ ജനത്തിന്റെ പന്ത്രണ്ടു ഗോത്രങ്ങളിൽ ദാവീദിന്റെ ഗോത്രമാണ് എന്റേത്.

ദൈവപുത്രൻ ഭൂമിയിൽ പിറക്കുന്നത് ദാവീദിന്റെ ഗോത്രത്തിൽ നിന്നുമായിരിക്കുമെന്ന പ്രവചനങ്ങൾ വ്യാഖാനിച്ചു പുരോഹിതർ പലവുരു പറയുന്നത് കേട്ടറിഞ്ഞിട്ടുണ്ട്. ജെറുസലേം ദേവാലയത്തിൽവച്ചു കണ്ടുമുട്ടിയപ്പോൾ മഹാപുരോഹിതനായ ശിമയോൻ എന്നെ ആശ്ലേഷിച്ച് കൊണ്ട് പറഞ്ഞത് എനിക്കോർമ്മ വന്നു.

''എൻറെ കർത്താവിൻറെ ഭൂമിയിലെ പിതാവിനെ കാണുവാൻ കർത്താവ് ഇന്നെനിക്കു ഭാഗ്യം നൽകിയിരിക്കുന്നു''

എന്നായിരുന്നു അന്നദ്ദേഹം പറഞ്ഞത്. എങ്കിലുമെൻറെ ഭവനത്തിൽ ദൈവപുത്രൻ പിറക്കുമോയെന്ന ചിന്ത എന്നെ അലട്ടികൊണ്ടിരുന്നു.അത്തരം ചിന്തകൾ എൻറെ മനസ്സിൽനിന്നും വിട്ടൊഴിയാതെ എന്നുമുണ്ടായിരുന്നു. യഥാർത്ഥത്തിൽ മിരിയാം പറഞ്ഞതിലെനിക്ക് വിശ്വാസമുണ്ടായിരുന്നു, ഇല്ലാതെ പോയത് എനിക്ക് എന്നിലുള്ള വിശ്വാസമായിരുന്നു.

എന്തായാലും ആ ഒരു രാത്രിയോടെ എൻറെ ജീവിതം മാറിമറിഞ്ഞു. ദൈവ പുത്രൻറെ അമ്മ, ദൈവപുത്രനെ ഉദരത്തിൽ പേറുന്ന അമ്മയെൻറെ തൊട്ടടുത്ത്.

അതോടെ മിരിയാമിനെ കാണുമ്പോൾ എന്നിലെ പുരുഷതൃഷ്ണകൾ അകന്നു പോകുന്നത് ഞാനറിഞ്ഞു. മിരിയാമിനെ പിന്നീട് ഞാൻ നോക്കിയത് ഭക്തിയോടു കൂടി മാത്രം. അവളെ സേവിക്കുവാൻ മാത്രമാണ് ഞാൻ എൻറെ ജീവിതം മാറ്റിവച്ചത്. എൻറെ ഈ മനംമാറ്റം മിരിയാമിനെ വളരെ വിഷമിപ്പിച്ചു. ഭർത്താവിനു വിധേയയായി ഒരു സാധാരണ വീട്ടമ്മയായി, എൻറെ മക്കളെയും പ്രസവിച്ചു ജീവിക്കാൻ ആഗ്രഹിച്ച അവൾ എൻറെ പെരുമാറ്റവുമായി പൊരുത്തപ്പെടാൻ പാടുപെട്ടു. ഒരു തരത്തിൽ പറഞ്ഞാൽ ജിവിതം മുഴുവനും കന്യാവ്രതത്തോടെ ജീവിക്കാൻ ഞാനവളെ നിർബന്ധിക്കുകയായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഞാൻ അവളുടെ കന്യാവ്രതത്തിന്റെ കാവൽക്കാരനായി, അല്ലെങ്കിൽ അതേ പിന്നീടെനിക്ക് കഴിയുമായിരുന്നുള്ളു.

ഇന്നു തിരിഞ്ഞു നോക്കുമ്പോൾ അതെല്ലാം മിരിയാമിനോട് കാണിച്ച വലിയ അനീതിയാണന്നു മനസ്സിലാകുന്നു. ദാമ്പത്യസുഖമറിഞ്ഞു ജീവിക്കാനുള്ള ഒരു സ്ത്രീയുടെ ആഗ്രഹത്തിനു ഞാനൊട്ടും വില നൽകിയില്ല. എൻറെ വിചാരങ്ങൾ ശരിയാണെന്ന മൂഢവിശ്വാസത്താൽ മിരിയാമിന്റെ യൌവ്വനത്തെ ഞാൻ അവഗണിച്ചു. അതു പാഴാക്കി കളയാൻ ഞാനിടയാക്കി. ഇനി അതെല്ലാം പറഞ്ഞിട്ടു കാര്യമില്ലെന്നറിയാം, ഈ വാർദ്ധക്യത്തിലെ പാശ്ചാത്താപം ഒരു പരിഹാരവും ആവില്ലെന്നുമറിയാം. എങ്കിലും യഹോവേ...

എൻറെ പിഴ,

എൻറെ വലിയ പിഴ.

ഞാൻ കുറ്റബോധത്താൽ നെഞ്ചിലടിക്കുന്നത് ഞാൻ പോലും അറിയുന്നില്ലായിരുന്നു.

**മിരിയാമിനെ പിന്നീട് ഞാൻ നോക്കിയത് ഭക്തിയോടു കൂടി മാത്രം. അവളെ സേവിക്കുവാൻ മാത്രമാണ് ഞാൻ എൻറെ ജീവിതം മാറ്റിവച്ചത്. എൻറെ ഈ മനംമാറ്റം മിരിയാമിനെ വളരെ വിഷമിപ്പിച്ചു. ഭർത്താവിനു വിധേയയായി ഒരു സാധാരണ വീട്ടമ്മയായി, എൻറെ മക്കളെയും പ്രസവിച്ചു ജീവിക്കാൻ ആഗ്രഹിച്ച അവൾ എൻറെ പെരുമാറ്റവുമായി പൊരുത്തപ്പെടാൻ പാടുപെട്ടു. ഒരു തരത്തിൽ പറഞ്ഞാൽ ജിവിതം മുഴുവനും കന്യാവ്രതത്തോടെ ജീവിക്കാൻ ഞാനവളെ നിർബന്ധിക്കുകയായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു.**

● ചെറുകഥ



◉ സിന്ധു തോമസ്

# ഒറ്റ നോട്ട് ₹500



വര: മറിയം ജാസ്മിൻ

ഒരു നോട്ട് കൈയ്യിൽ കിട്ടിയാൽ അതിലെ അക്കത്തേക്കാളേറെ അതിന്റെ ഗന്ധമാണ് മാർട്ടിനെ ആകർഷിക്കാറുള്ളത്. നോട്ട് മൂക്കിനോട് ചേർത്ത് വല്ലാതെ ആവേശത്തോടെ അതിന്റെ ഗന്ധം രുചിക്കുക മാർട്ടിന്റെ പതിവായിരുന്നു.. ഏതെല്ലാം ഗന്ധങ്ങളാണ് ഓരോ നോട്ടും കൊണ്ടുവരുന്നത്.

ചെത്തുകാരൻ രാഘവൻ ചീപ്പു വാങ്ങിയിട്ടു തരുന്ന നോട്ടിന് കള്ളിന്റെ ലഹരി കലർന്ന ഗന്ധം. മീൻകാരൻ മമ്മൂത്ത് ഷെമ്മി കവർ വാങ്ങിയിട്ടുതരുന്ന നോട്ടിന് പച്ച മീനിന്റെ ഗന്ധം. രാഗിണിയക്കൻ ചാന്തും പൊട്ടും വാങ്ങിയിട്ട് തരുന്ന നോട്ടിന് പല വിയർപ്പുകൾ ചേർന്ന് പടർത്തുന്ന സങ്കര ഗന്ധം .. അങ്ങനെ എത്രയെത്ര ഗന്ധങ്ങൾ?

പൂവ് ,നെയ്യ്, നറും തേൻ ,

**ഒരു നോട്ട് കൈയ്യിൽ കിട്ടിയാൽ അതിലെ അക്കത്തേക്കാളേറെ അതിന്റെ ഗന്ധമാണ് മാർട്ടിനെ ആകർഷിക്കാറുള്ളത്. നോട്ട് മൂക്കിനോട് ചേർത്ത് വല്ലാതെ ആവേശത്തോടെ അതിന്റെ ഗന്ധം രുചിക്കുക മാർട്ടിന്റെ പതിവായിരുന്നു.. ഏതെല്ലാം ഗന്ധങ്ങളാണ് ഓരോ നോട്ടും കൊണ്ടുവരുന്നത്.**

കുന്തിരിക്കം, പെർഫ്യൂം, അത്തർ, ബീഡി പുക ...

ദിവസത്തിലൊരിക്കലോ അല്ലെങ്കിൽ രണ്ട് ദിവസത്തിലൊരിക്കലോ അതുമല്ലെങ്കിൽ ആഴ്ചയിലൊരിക്കലോ മാത്രം തന്റെ കൈകളിൽ വന്നെത്തുന്ന ഏതാനു നോട്ടുകളെ അയാൾ അത്രമേൽ സ്നേഹിച്ചിരുന്നു. അൽപ്പായുസ്സിന്റെ കണക്ക് പുസ്തകത്തിലാണ് തന്റെ സ്നേഹത്തിന്റെ വിലയെന്ന് അറിയാതെയല്ല. അക്കങ്ങൾക്കും മൂല്യങ്ങൾക്കുമപ്പുറം പല കൈകൾ മാറി, ബഹുദൂരം താണ്ടി തന്റെ കൈകളിൽ തൽക്കാലത്തേക്കെങ്കിലും എത്തിച്ചേർന്നിരിക്കുന്ന നോട്ടുകളെ, അതിന്റെ ഗന്ധത്തെ, ഏറെ നാളുകളിലെ കാത്തിരിപ്പിന് ശേഷം കൈയിൽ കിട്ടിയ കടിഞ്ഞൂൽ സന്താനത്തെയെന്നപോലെ അപ്പോഴെല്ലാമയാളേറ്റുവാങ്ങും. പിന്നെ നെറുകയിൽ എന്നപോലെയമർത്തി ചുംബിക്കും. ആ ഗന്ധമയാളെ അപ്പോഴൊക്കെ വല്ലാതെ ഉന്മത്തനാക്കും.

ഇടവഴിത്തൊണ്ടിലൂടെയുള്ള മാർട്ടിന്റെ അന്നത്തെ യാത്ര ദുഷ്കരമായിരുന്നു .ഒരു മുറിയിലടുക്കി വയ്ക്കാവുന്നത്ര സാധനങ്ങൾ

തലയിലും കൈയിലുമായിട്ടുണ്ട്. കത്തുന്ന പകൽ .തൊണ്ട വരളുന്നുണ്ട്. രാവിലെ മുതൽ ഓരോ വീടും കയറിയിറങ്ങിയിട്ടും കാര്യമായ കച്ചവടമൊന്നും നടന്നിട്ടില്ല.

തലയിലും കയ്യിലുമുള്ള പായ്ക്കറ്റുകളിലായി അത്യാവശ്യം വേണ്ട വീട്ടുപകരണങ്ങളും, ചില്ലിട്ടതും അല്ലാത്തതുമായ ചിത്രങ്ങളും, കളിപ്പാട്ടങ്ങളും ചാന്തും പൊട്ടുമെല്ലാമുണ്ട്. മുൻപത്തെപ്പോലെ മാർട്ടിന്റെ സാധനങ്ങൾക്ക് ആവശ്യക്കാരില്ല. പണ്ടൊക്കെ മാർട്ടിൻ വരുന്ന ദിവസം നോക്കി വീട്ടമ്മമാരും കുട്ടികളും കാത്തിരിക്കുമായിരുന്നു. പണ്ടൊക്കെ തന്നെ കാണുമ്പോൾ കാത്തിരുന്ന് മുഷിഞ്ഞതിന്റെ പരിഭവം പറഞ്ഞവർ, ഇന്ന് ശല്യക്കാരനായി തന്നെ മുദ്ര കുത്തുന്നു. തനിക്ക് ഈ പണി നിർത്തി വേറെ എന്തെങ്കിലും പണിക്ക് പോയിക്കൂടെ??? കാലം മാറിടോ, പഴയപോലെ ഒന്നുമല്ല വീട്ടിലിരുന്ന് ഓർഡർ ചെയ്താൽ മതി  പറയുന്ന സാധനം പിള്ളേര്  വീട്ടിൽ എത്തിക്കുീ.നാട് ഓടുമ്പോൾ നടുവേ. വാക്കുകൾ കിട്ടാതെ സ്ഥിരം ഇടങ്ങളിൽ നിന്ന് ഇറങ്ങി പോരുമ്പോൾ മുന്പിൽ വീണ്ടും,നാല് വയറുകൾ, നാലായിരം ആവശ്യങ്ങൾ.

ഇടവഴിത്തൊണ്ടിറങ്ങി തീരുന്നിടത്ത് മെയിൻ റോഡ് തുടങ്ങുന്നു . റോഡിന് തീ പിടിക്കുമോ?തീപിടിച്ച പകൽ ചൂടിലയാൾ ഓരം ചേർന്ന് നടന്നു. റോഡിലൂടെ ഓൺലൈൻ മാർക്കറ്റിങ്ങിന്റെ ബാഗുകളും തൂക്കി തലങ്ങും വിലങ്ങും പായുന്ന മോട്ടോർബൈക്കുകൾ. അതിൽ ജീവിതത്തിനായി പണിയെടുക്കുന്ന ചെറുപ്പക്കാർ .താൻ ഈ കാലത്തിന് പറ്റിയ ആളല്ല എന്നയാൾക്ക് അപ്പോഴൊക്കെ തോന്നാറുണ്ട് . കുതിക്കുന്ന കാലത്തിനൊപ്പം മുടന്തി നടന്നാൽ എവിടെ വരെ എത്താൻ.അപ്പനായി തുടങ്ങിയ കച്ചവടമാണ്. കൂടെ നടക്കാൻ പ്രാപ്തിയായ കാലം മുതലേ താനും ഉണ്ട്.

അന്നൊക്കെ എന്ത് രസമായിരുന്നു. ഓരോ വീട്ടിലും കയറി തിണ്ണയിലിരുന്ന് ,കെട്ടഴിച്ച്, സാധനങ്ങൾ വിറ്റ്, സംഭാരമോ ചായയോ കുടിച്ച് , നാട്ടുവർത്തമാനങ്ങൾ പറഞ്ഞ്, സന്തോഷത്തോടെ ഇറങ്ങി പോന്നിരുന്ന കാലം. പണം വാങ്ങിയിരുന്നത് മാർട്ടിനാണ്.

**പണ്ടൊക്കെ തന്നെ കാണുമ്പോൾ കാത്തിരുന്ന് മുഷിഞ്ഞതിന്റെ പരിഭവം പറഞ്ഞവർ, ഇന്ന് ശല്യക്കാരനായി തന്നെ മുദ്ര കുത്തുന്നു. തനിക്ക് ഈ പണി നിർത്തി വേറെ എന്തെങ്കിലും പണിക്ക് പോയിക്കൂടെ??? കാലം മാറിടോ, പഴയപോലെ ഒന്നുമല്ല വീട്ടിലിരുന്ന് ഓർഡർ ചെയ്താൽ മതി  പറയുന്ന സാധനം പിള്ളേര്  വീട്ടിൽ എത്തിക്കുീ. നാട് ഓടുമ്പോൾ നടുവേ. വാക്കുകൾ കിട്ടാതെ സ്ഥിരം ഇടങ്ങളിൽ നിന്ന് ഇറങ്ങി പോരുമ്പോൾ മുന്പിൽ വീണ്ടും,നാല് വയറുകൾ, നാലായിരം ആവശ്യങ്ങൾ.**

‘മോനേ ... മാർട്ടീ... വേണ്ട അതിൽ എന്തെല്ലാം അഴുക്കുകൾ കാണും.‘ നോട്ടുകൾ മൂക്കിനോട് ചേർത്ത് മണക്കുന്നതു കാണുമ്പോൾ അപ്പച്ചൻ പറയും.

‘ അഴുക്കോ? മിട്ടായി ,കളിപ്പാട്ടങ്ങൾ ... എന്തു വേണമെങ്കിലും കാശ് വേണം; ‘ പലപ്പോഴും തോന്നിയതല്ലാതെ അപ്പച്ചനോട് തർക്കിക്കാൻ പോയിട്ടില്ല.

അന്നത്തേപ്പോലെയല്ലയിപ്പോൾ . എല്ലാ വീടുകൾക്കും വലിയ മതിലുമതിനു ചേർന്ന ഗേറ്റുമുണ്ട്.

കയറിച്ചെല്ലാനാവാത്ത അവസ്ഥ. കയറിച്ചെന്ന് ബെല്ലടിച്ചാൽ തന്നെ കാണുന്ന മുഖങ്ങളിൽ ഒരു താല്പര്യക്കുറവ് .അവർക്ക് ആവശ്യമില്ലാത്ത എന്തൊക്കെയോ കാണും പോലെ.

മാർട്ടിനൊരു വെയ്റ്റിംങ് ഷെഡ്ഡിൽ ചുമടിറക്കി ഇരുന്നു. കൊടും ചൂടിൽ അയാളൊന്ന് മയങ്ങി. റോഡ് വാഹനങ്ങളുടെ പാച്ചിലിൽ ഇരമ്പുന്നുണ്ടെങ്കിലും കൺപോളകൾ ഭാരമേറി അടയുന്നു . എത്ര നേരം അങ്ങനെയിരുന്നുവെന്ന് അറിയില്ല.ഉറക്കത്തിൽ എത്രയെത്ര കാഴ്ചകളാണ് അകക്കണ്ണിൽ തെളിഞ്ഞത്.

ഗ്രാമത്തിലെ വീട്... അതിന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥ, പട്ടിണിയോട് പടവെട്ടുന്ന ഭാര്യ. നിറം മങ്ങിയ ചിത്രങ്ങൾ പോലെ രണ്ട് പെൺമക്കൾ ...

കണ്ണുതുറന്നപ്പോഴേക്കും വെയിൽ ചാഞ്ഞിരുന്നു. വായുവിൽ നിറയെ പൊടിപടലങ്ങൾ പാറിനടക്കുന്നു .നേർത്തൊരു കാറ്റ് തണുപ്പിച്ചയാളെ  കടന്നു പോയി. തന്നെക്കൂടാതെ വെയ്റ്റിംങ് ഷെഡ്ഡിൽ മറ്റൊരാൾ  കൂടിയുണ്ടെന്ന് മാർട്ടിൻ തിരിച്ചറിഞ്ഞു. ഒരു ഭിക്ഷക്കാരനാണ്.അയാളുടെ കൈയ്യിലെ പാത്രത്തിൽ കുറേ നോട്ടുകൾ. എത്രയെത്ര ഗന്ധങ്ങൾ ആയിരിക്കും ആ നോട്ടുകൾക്ക് !

വീടിനേപ്പറ്റിയുള്ള ഓർമ്മയയാളുടെ മനസ്സിന്റെ ഭാരമേറ്റി. വീട്ടിലേക്കൊന്ന് വിളിക്കണമെന്ന് തോന്നി. കട്ടകളിൽ അക്കങ്ങൾ മാഞ്ഞ പഴയ ഫോണിൽ ഭാര്യയുടെ മൂന്ന് മിസ്ഡ് കാളുകൾ ! അവൾ വിളിക്കുന്നതിന്റെ കാര്യമറിയാവുന്നതു തന്നെ. മൂത്തവൾക്ക് ഫീസ് കൊടുക്കേണ്ട തീയതി കഴിഞ്ഞു.

‘ഹലോ’’ കാതങ്ങൾക്കപ്പുറത്തു നിന്ന് ഭാര്യയുടെ ചിലമ്പിച്ച ശബ്ദം .അയാൾക്കതൊരു തേങ്ങൽ പോലെ തോന്നി. ‘എന്താ അച്ചായാ ഫോണെടുക്കാത്തെ?എന്തെങ്കിലും കഴിച്ചോ? കൊച്ചിന്റെ ഫീസടക്കണ്ടേ? ’’ഒറ്റ ശ്വാസത്തിൽ ഒത്തിരി ആവലാതികൾ .

‘അടയ്ക്കാം ‘ അത്ര മാത്രം പറഞ്ഞ്  ഫോൺ കട്ട് ചെയ്തു.

നാളെ രാവിലെ അവൾക്ക് 500/ രൂപാ മണിയോർഡർ അയക്കണം. മുഷിഞ്ഞു കീറിയ ബാഗിന്റെ ചെറിയ കള്ളിയിൽ കിടന്ന അഞ്ഞൂറ് രൂപയുടെ നോട്ട് കൈയ്യിലെടുത്തയാൾ തിരിച്ചും മറിച്ചും നോക്കി. ഇന്ന് ഉച്ച തിരിഞ്ഞത് മുതൽ  വീണ്ടും വീണ്ടും തന്നെ അസ്വസ്ഥതയിലേക്ക് തള്ളിയിടുന്ന നോട്ട്.

ഒരു ഭയപ്പാടോടെ മാർട്ടിനത്

തന്റെ മൂക്കിനോട് ചേർത്തു.അതെ ഗന്ധം!

അയാൾക്ക് തല മരയ്ക്കുന്നതു പോലെ തോന്നി.തൊണ്ടക്കുഴിയിൽ പിറവിയെടുത്തൊരു ഓക്കാനത്തെ അയാൾ ശബ്ദം ഉണ്ടാക്കാതെ പുറത്തേക്ക് ഒഴുക്കി.നോട്ട് അതെപടി തിടുക്കത്തിൽ ബാഗിലേക്ക് തിരികെ വച്ച് അയാൾ ആകാശച്ചെരുവിലേക്ക് മിഴികളയച്ചിരുന്നു.

പല വീടുകൾ കയറിയിറങ്ങി നടന്നെങ്കിലും കാര്യമായ കച്ചവടമൊന്നും നടന്നിരുന്നില്ല ഇന്നത്തെ പകലിൽ..ചിലർ കൊട്ടിയടച്ചിരിക്കുന്നത് മനസിന്റെ വാതിലുകളാണ്. അതവർ ഒരിയ്ക്കലും ഒരു സാധാരണക്കാരന്റെ മുന്നിൽ തുറക്കില്ല. കോൺക്രീറ്റ് മതിലുകളും റിമോട്ട് കൺട്രോളിൽ നിയന്ത്രിക്കുന്ന ഗെയ്റ്റുകളും ജീവിതസമരത്തിനു മുന്നിൽ പ്രതിരോധങ്ങൾ തീർക്കുന്നു. ക്ഷീണിച്ചവശനായി നടക്കുന്നതിനിടയിലാണ് ഉച്ചയോടടുത്ത സമയത്ത് മലർക്കെ തുറന്നു കിടക്കുന്ന ഒരു പഴയ ഗെയ്റ്റ് ശ്രദ്ധയിൽ പെട്ടത് .തുറന്നിട്ട ഗെയ്റ്റ് ഒരു പതിവ് കാഴ്ചയായിരുന്നില്ല അയാൾക്ക്.മാർട്ടിൻ ഗെയ്റ്റ് കടന്ന് പൂമുഖത്തെത്തി കാളിംങ് ബെല്ലിൽ മെല്ലെ വിരൽ തൊട്ടു.

ഒരു നിമിഷം അയാളുടെ കണ്ണുകൾ പൂമുഖ വാതിലിന്റെ മുകളിലേക്ക് പോയി. അയാൾ അന്ന് പോയ വീടുകളിലെല്ലാം പൂമുഖവാതിലിന്റെ മുകളിലായി ഏതെങ്കിലുമൊരു ദൈവത്തിന്റെ ചിത്രമോ, അറബിയിൽ എഴുതിയ സൂറത്തുകളോ കാണാമായിരുന്നു പക്ഷേ ഈ വീട്ടിൽ മാത്രം!

'ദാ വരുന്നു.' അകത്തുനിന്ന് അല്പം കഴിഞ്ഞപ്പോൾ പതിഞ്ഞൊരു ശബ്ദം.

വാതിൽ തുറന്ന് മധ്യവയസ്സു കഴിഞ്ഞ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചാണ് പുറത്തേക്ക് വന്നത് . ചുമടിറക്കി വച്ച് കിതപ്പോടെ നിൽക്കുന്ന മാർട്ടിനെ നോക്കി ഇരുവരും ചിരിച്ചു.

''തുറന്നിട്ട ഗെയ്റ്റുീ ഹൃദയം തുറന്ന ചിരിയുീ' അയാൾക്ക് എന്തോ അപ്പോൾ കരയാനാണ് തോന്നിയത്.



'ഞങ്ങളൊരു യാത്ര പോകാനുള്ള തയ്യാറെടുപ്പിലാണ്,അതാണ് വാതിൽ തുറക്കാൻ വൈകിയത്,എന്താണാവോ'' സൗമ്യമായ ശബ്ദത്തിൽ പുരുഷ ശബ്ദം

'ഞാനിതു വഴിയൊക്കെ സാധനങ്ങൾ വിൽക്കാൻ വരാറുള്ളതാണ്.ഇവിടെയാദ്യമാണ്. എന്റെ കൈയ്യിൽ നിന്നും എന്തെങ്കിലുമൊന്ന് വാങ്ങിയാൽ വലിയ ഉപകാരമായിരുന്നു. ഇന്ന് കച്ചവടമൊന്നും നടന്നില്ല.' മാർട്ടിൻ ദൈന്യതയോടെ പറഞ്ഞു നിർത്തി. ഭർത്താവ് ഭാര്യയുടെ കണ്ണുകളിലേക്കൊന്ന് നോക്കി.

'താങ്കൾ തന്നെ ഇഷ്ടമുള്ളതെന്തെങ്കിലും തന്നേക്കൂ'

താങ്കൾ! മാർട്ടിന് കാതുകളെ വിശ്വസിക്കാനായില്ല. തന്നെ ആളുകൾ എന്തെല്ലാമാണ് വിളിക്കാറുള്ളത് .ആക്രി, വളപ്പാണ്ടി, പലവക, തുണിപ്പാണ്ടി .... അങ്ങനെ ഓരോരുത്തർക്കും തോന്നും പോലെ!സ്വന്തം പേര് താൻ തന്നെ മറന്നു പോയ അവസ്ഥ.

എന്താണ് ഇവർക്ക് കൊടുക്കുക. ദൈവങ്ങളുടെ ചിത്രങ്ങൾ പലതുണ്ട് കൈയിൽ. ഏതാണ് കൊടുക്കുക ? യേശു? കൃഷ്ണൻ? ഗുരുദേവൻ?ഇതുമല്ലങ്കിൽ അറബിയിൽ എഴുതിയ സൂറത്തുകൾ?അവരുടെ സ്വത്വം വെളിവാക്കുന്ന ഒരടയാളത്തിനായി അയാൾ ഭിത്തിയിൽ തിരഞ്ഞു. ഇല്ല .. ഒന്നും മനസ്സിലാകുന്നില്ല.അയാളുടെ ചിന്തകൾക്ക് അർദ്ധവിരാമമിട്ടവർ ഒരുമിച്ചൊരു ചിത്രം തിരഞ്ഞെടുത്തു ഗാന്ധിജിയുടെ ചില്ലിട്ടൊരു ചിത്രം.

'ഇരുനൂറ്റൻപത് രൂപാ '

അദ്ദേഹമത് സന്തോഷത്തോടെ വാങ്ങിയ ശേഷം ഭാര്യയെ ഒന്ന് നോക്കി. ആ നോട്ടത്തിന്റെ അർത്ഥം വായിച്ചെടുത്തതിനാലാവാം തിടുക്കത്തിലകത്തേക്കു പോയി, അൽപനേരം കഴിഞ്ഞ് തിരികെ വന്നവർ മാർട്ടിന്റെ കൈയ്യിലേക്ക് ഒരു അഞ്ഞൂറു രൂപാ നോട്ട് വച്ചു കൊടുത്തു. അയാൾ തന്റെ ബാഗിൽ ബാലൻസ് കൊടുക്കാനുള്ള തിരച്ചിൽ തുടങ്ങി.

'വേണ്ട! അത് താങ്കൾ വച്ചോളൂ.. '

'അയ്യോ സാർ ... ബാക്കിയുണ്ട് തരാം...' മാർട്ടിൻ ചില്ലറക്കായി വെറുതെ തപ്പിപ്പെറുക്കി നിന്നു.

''പോകാനുള്ള സമയം ഇപ്പോൾ തന്നെ വൈകി, താങ്കൾ പൊയ്ക്കോളൂ ' വീടിന്റെ വാതിലുകൾ അയാൾക്ക് മുന്നിൽ മെല്ല അടഞ്ഞു.

അയാൾക്കപ്പോഴും അമ്പരപ്പ് മാറിയില്ല. പതിവുപോലെ നോട്ട് മൂക്കിനോട് ചേർത്ത് ശ്വാസം ഉള്ളിലേക്ക് വലിച്ചു '.

തനിക്കു ചിര പരിചിതമല്ലാത്ത ആ ഗന്ധത്തിൽ അയാൾ തല കുടഞ്ഞു. പിന്നെ മെല്ലെ യാഥാർത്ഥ്യത്തിന്റെ നടുക്കത്തിലേക്ക് കൂപ്പുകുത്തി. അതിരൂക്ഷമായ ഗന്ധം . ഇതെന്താണിങ്ങനെ ?അവിടെ വച്ച് ഒരിക്കൽ കൂടി മണത്തു നോക്കുവാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ വീട്ടിലേക്ക് അയക്കുവാനായി ആകെയുള്ളത് ലോകത്തെ എല്ലാ ദുർഗ്ഗന്ധങ്ങളും ഒരുമിച്ചുചേർന്ന ഈ ഒരേയൊരു നോട്ടുമാത്രം

വെയ്റ്റിംഗ് ഷെഡ്ഡിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയപ്പോഴേക്കും ഇരുൾ പരന്നു തുടങ്ങിയിരുന്നു .നോട്ട് ഭദ്രമായി ബാഗിനുള്ളിൽ വച്ചിട്ടും ആ ഗന്ധം തന്നെ പിന്തുടരുന്നത് പോലെ. നാഗരികതയുടെ കുതിപ്പുകൾക്ക് അരികിലൂടെ ഓരം ചേർന്ന് കിതച്ച് മുന്നോട്ട് നടക്കുന്ന മാർട്ടിന്റെ മനസ്സും അസ്വസ്ഥമായിരുന്നു.

നഗരപ്രാന്തത്തിലുള്ള റെയിൽവേ കോളനിയിലെ തന്റെ താൽക്കാലിക താവളത്തിലെ കാലൊടിഞ്ഞ കസേരയിൽ ഇരുന്ന് ബാഗിൽ നിന്ന് നോട്ട് പുറത്തെടുത്തു. ആവേശത്തോടെയാണ് എന്നും കൈയിൽ വന്ന് ചേരാറുള്ള നോട്ടുകൾ മണത്തു നോക്കാറുള്ളത്. ഇന്ന് പതിവില്ലാതെ കൈകൾ വിറക്കുന്നു. മെല്ലെ 500 രൂപ നോട്ട് മൂക്കിനോട് ചേർത്തതും അസഹ്യതയോടെ അയാളത് വലിച്ചെറിഞ്ഞു .മടക്കു കട്ടിലിലെ കീറപ്പായയിൽ ഇന്ത്യൻ റുപ്പി ഉറങ്ങാതെ കിടന്നു .മകളുടെ ഫീസ് അടയ്ക്കാൻ ,വീട്ടു ചെലവിന് കൊടുക്കാൻ, തന്റെ ചെലവുകൾക്ക്...

**ഒരു ഭയപ്പാടോടെ മാർട്ടിനത് തന്റെ മൂക്കിനോട് ചേർത്തു. അതെ ഗന്ധം! അയാൾക്ക് തല മരയ്ക്കുന്നതു പോലെ തോന്നി. തൊണ്ടക്കുഴിയിൽ പിറവിയെടുത്തൊരു ഓക്കാനത്തെ അയാൾ ശബ്ദം ഉണ്ടാക്കാതെ പുറത്തേക്ക് ഒഴുക്കി. നോട്ട് അതെപടി തിടുക്കത്തിൽ ബാഗിലേക്ക് തിരികെ വച്ച് അയാൾ ആകാശച്ചെരുവിലേക്ക് മിഴികളയച്ചിരുന്നു.**

എല്ലാത്തിനും കൂടി ആകെയുള്ള ഒരു കറൻസി. അതിന്റെ ഗന്ധം. അയാൾ നിസ്സഹായനായി പുറത്തേക്കിറങ്ങി. റെയിൽവേ സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന ഗുഡ്‌വാഗൺ സ്റ്റാർട്ട് ചെയ്ത് പരിസരമാകെ കുലുക്കി കുതിച്ചു തുടങ്ങി.ഷെഡിന്റെ തകര മേൽക്കൂര ഒന്നുലഞ്ഞു. എന്തോ ഓർത്തിട്ടെന്ന പോലെ മാർട്ടിൻ അകത്തേക്ക് കയറി. ഇനി, എല്ലാം വെറും തോന്നലാണങ്കിലോ? എത്രയോ കശാപ്പുശാലകൾ വഴിയരികിലുണ്ട്. അവിടെ ഏതെങ്കിലും കശാപ്പ്കാരൻ വഴി അവർക്ക് കൈമാറി കിട്ടിയ നോട്ടാണെങ്കിലോ?

അയാൾ ഒരു പ്രത്യേക മുഖഭാവത്തോടെ കസേരയിൽ ഉറച്ചിരുന്നു. കണ്ണുകൾ ഇറക്കി അടച്ചുപിടിച്ച് തന്റെ കൈവിരലിൽ ആഞ്ഞു കടിച്ചു. വിരൽ മുറിഞ്ഞ് ചോരയൊഴുകി.അത് മൂക്കിനോട് ചേർത്തുപിടിച്ചു .

അതെ,മനുഷ്യരക്തത്തിന്റെ ഗന്ധം . നോട്ടിനു തന്റെ രക്തത്തിനു ഒരേ ഗന്ധം.അയാളുടെ പ്രവർത്തികൾക്ക് അസാധാരണമായ വേഗം കൈവന്ന പോലെ. നോട്ട് എടുത്ത് മടക്കി, ഉപയോഗിച്ച് തീരാറായ പൗഡർ ടിന്നിന്റെ അടപ്പിനിടയിലൂടെ അകത്തേക്കിട്ടു. നേരം വെളുക്കുമ്പോഴേക്കും ശരിയാകും. എവിടെനിന്നോ കിട്ടിയ ഒരു ആത്മബലത്തിലയാൾ ഉറങ്ങാൻ കിടന്നു.

നേരത്തെ ഉണർന്നിട്ടും ടിൻ തുറന്നു നോക്കാൻ ധൈര്യം വരുന്നില്ല .ബക്കറ്റ് കയ്യിലെടുത്ത് പൊതു ടാപ്പിൽ നിന്ന് വെള്ളം പിടിച്ച് റെയിൽവേ പാളത്തിലൂടെ മുന്നോട്ടു നടന്നു. പ്രഭാതകൃത്യങ്ങൾക്കുശേഷം തിരിച്ചെത്തിയ മാർട്ടിൻ ധൈര്യം സംഭരിച്ച് നോട്ട് പുറത്തെടുത്തു. വിറയ്ക്കുന്ന കൈകളോടെയത് മൂക്കിനോടടുപ്പിച്ചു.

ഇല്ല ! ഒരു മാറ്റവും വന്നിട്ടില്ല . കൈ പൊള്ളിയാലെന്നതുപോലെ നോട്ട് താഴെയിട്ടു. കട്ടിലിന്റെ തലയ്ക്കിലിരുന്ന് ഫോൺ വിറയ്ക്കുന്നു. ഭാര്യയാണ് രാവിലെ തന്നെ .

'കാശ് അയക്കില്ലേ? അവൾക്ക് ഇന്ന് ക്ലാസ്സിൽ കയറാൻ കഴിയുമോ എന്നറിയില്ല .ഒട്ടും താമസിക്കല്ലേ ഇവിടുത്തെ കാര്യങ്ങൾ അറിയാമല്ലോ.'

' അയക്കാം; 'ഒരു മറുപടിയിൽ എല്ലാം ഒതുക്കി അയാൾ ഫോൺ കട്ട് ചെയ്തു.

അയക്കാം... അയക്കാം... അയക്കണം .....കുറെ നേരം അയാൾ അങ്ങനെ തന്നെ പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ ,എങ്ങനെയാണ് രക്തത്തിൻറെ അതി രൂക്ഷ മണമുള്ള ഈ നോട്ട് അയക്കുക ? പോസ്റ്റ് ഓഫീസിലെ കൂർത്ത നോട്ടങ്ങൾ മുന്പിൽ തെളിയുന്നു.

വയ്യ, രാവിലെ തന്നെ ആളിത്തുടങ്ങിയ വെയിലിലേക്ക് സാധനങ്ങൾ എടുത്ത് ഇറങ്ങുകയല്ലാതെ വഴിയില്ല.ഏതായാലും മണിയോഡർ ഫോം പൂരിപ്പിക്കാം. എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ വേറെ ഒരു നോട്ട് കിട്ടിയാൽ അയക്കാം. പൂരിപ്പിച്ച ഫോം ബാഗിലിട്ട് നിറയെ സാധനങ്ങളുമായി അയാൾ തെരുവിലേക്ക് ഇറങ്ങി. ഇല്ല ,പല വാതിലുകൾ മുട്ടിയിട്ടും തുറക്കുന്നില്ല .വീണ്ടും വീണ്ടും ഭാര്യയുടെ കോൾ പഴയ ഫോണിനെ അസ്വസ്ഥമാക്കുന്നു. പണമയക്കാൻ മനസ്സ് വരുന്നില്ല .

തോറ്റുപോയ ഒരു പകലിന്റെ ഭാരവും പേറിയയാൾ തിരികെ റെയിൽവേ കോളനിയിലേക്ക് നടന്നു.,

താൻ വീടിനും കൊള്ളരുതാത്തവനായി എന്ന തോന്നലിലയാൾ നീറി. മറ്റൊരു മാർഗ്ഗവുമില്ല. രക്തഗന്ധം പരത്തി ബാഗിനുള്ളിൽ കിട

ക്കുന്ന നോട്ട് മാത്രമാണ് ആശ്രയം. അയാൾ അവസാന പരീക്ഷണത്തിനായി തയ്യാറെടുത്തു.

വിൽക്കുവാനായി കരുതിയിരുന്ന ഏറ്റവും മണമുള്ള സോപ്പ് എടുത്ത് ആ കവറിനുള്ളിൽ 500 രൂപ നോട്ട് ഭദ്രമായി പൊതിഞ്ഞു വച്ചു .'

'ഈ നോട്ടിന്റെ ഭാവി ഇന്നറിയാം. ഒന്നുകിൽ സാധാരണ പോലെ വിയർപ്പിന്റെയോ മത്സ്യത്തിന്റെയോ എണ്ണയുടെയോ, ബീഡിയുടെയോ, പൂവിന്റെയോ ഒക്കെ ഗന്ധമുള്ള ഒരു നോട്ടായി മാറുക .അല്ലെങ്കിൽ രൂക്ഷ ഗന്ധം പരത്തി ആർക്കും വേണ്ടാത്ത തായി തീരുക.'

സോപ്പ് കവറിൽ നോട്ട് ഭദ്രമായി പൊതിഞ്ഞ് വച്ചയാൾ ഉറങ്ങാൻ കിടന്നു. ഉറക്കത്തിൽ മാർട്ടിൻ തനിക്ക് നോട്ട് തന്ന ഭർത്താവിനെയും ഭാര്യയെയും പലപ്രാവശ്യം സ്വപ്നം കണ്ടു .മാർട്ടിന്റെ പതിവുകളിലേക്ക് പ്രഭാതം അരിച്ചെത്തി. പ്രഭാതകൃത്യങ്ങൾക്ക് ഇരുളിന്റെ നേർത്ത മറ തേടി പോകുന്നതിനു

മുമ്പ്തന്നെ അയാൾ സോപ്പ് കൂട് കയ്യിലെടുത്ത് നോട്ട് പുറത്തെടുത്തു. അസഹ്യമായ ഗന്ധം !അത് മുറിയിലും പരിസരത്തും എല്ലാം പടർന്നതുപോലെ. അയാൾ നോട്ട് മുറിയിൽ ഉപേക്ഷിച്ച് മുറിക്ക് പുറത്തിറങ്ങി. തിരക്കേറിവരുന്ന തെരുവിലൂടെ ലക്ഷ്യമില്ലാത്തവനെ പോലെ നടന്നു.

വിൽപ്പനക്കായി സാധനങ്ങൾ കൈയ്യിലില്ലാതെയുള്ള അയാളുടെ നടത്തം കണ്ട പരിചയക്കാർ സൂക്ഷിച്ചു നോക്കി.

അയാളെ നന്നായി വിയർക്കുന്നുണ്ടായിരുന്നു. ഇടയ്ക്കിടെ മൊബൈലിന്റെ ബെൽ.ആരാണ് വിളിക്കുന്നതെന്ന് നോക്കാനുള്ള ധൈര്യം നഷ്ടപ്പെട്ടിരിക്കുന്നു.

ആ വീടിന്റെ മുന്നിലായയാൾ നിന്നു. അവിടമാകെ നിശ്ശബ്ദത ചൂഴ്ന്നു നിൽക്കുന്നു. അയാളുടെ കണ്ണുകൾ ഗെയ്റ്റിനെ തലോടി,ഒരു ഞെട്ടലിനോടുവിലയാൾ തിരിച്ചറിഞ്ഞു-ഗേയ്റ്റ് പുറത്തു നിന്ന് പൂട്ടിയിരിക്കുന്നു. താഴിൽ തുണികൊണ്ട് പൊതിഞ്ഞ് സീൽ ചെയ്തിരിക്കുന്നു. കുറേയേറെ ആശങ്കകൾ ഒന്നിനു പുറകെ മറ്റൊന്നായി മനസ്സിലേക്ക് തള്ളിക്കയറി വരുന്നു.

' ആരാ.. എവിടുന്നാ 'മാർട്ടിനെ കണ്ട് അവിടേക്ക് വന്ന ഒരപരിചിതൻ ചോദിച്ചു. അയാളുടെ ശബ്ദം ഒരു അഗാധഗർത്തത്തിൽ നിന്നും എന്ന പോലെ മുഴക്കമുള്ളതായിരുന്നു.

' നിങ്ങൾ അവരുടെ ആരെങ്കിലുമാണോ? രണ്ടാളുടെ ബോഡി പോസ്റ്റ്മാർട്ടം കഴിഞ്ഞ് നാട്ടിലേക്ക് കൊണ്ടുപോയല്ലോ. നിങ്ങൾ കഴിഞ്ഞതൊന്നുമറിഞ്ഞില്ലേ?'മാർട്ടിൻ ഉത്തരത്തിന് വേണ്ടി പരതവേ അയാൾ വീണ്ടും ഒരു കാര്യം കൂടി പറഞ്ഞ് നടന്നു കഴിഞ്ഞിരുന്നു.

അതെന്ത് എന്ന് മാർട്ടിൻ കേൾ

രൂക്ഷഗന്ധം അവരുടേതാണോ???

ഇപ്പോൾ കണ്ട അപരിചിതൻ ആരാണ്? എല്ലാം തന്റെ തോന്നലുകൾ മാത്രമാണോ?

ചോദ്യങ്ങൾക്ക് നടുവിൽ നില തെറ്റിത്തുടങ്ങിയ അയാൾ അവിടെ നിന്നും ഓടുകയായിരുന്നു. താങ്കൾ..തന്നെ ആരോ പിൻതുടരുന്നത് പോലെ! ഒളിച്ചേ മതിയാവൂ മുറിയിലെത്തിയ അയാൾ അലുമിനിയം പാത്രത്തിൽ നിറച്ചു വച്ചിരുന്ന ക്ലോറിൻ ചുവയുള്ള വെള്ളം ആർത്തിയോടെ കുടിച്ചു. ചൂടിൽ പഴുത്ത തകര മേൽക്കൂരക്ക് കീഴിലെ ചെറിയ മുറി ഒരു ചൂള പോലെ അനുഭവപ്പെട്ടു.

അയാൾ ഭ്രാന്തനേപ്പോലെ നോട്ടിനായി തിരഞ്ഞു.കട്ടിലിന്റെ അടിയിൽ നിന്നും കിട്ടിയ നോട്ട് മാർട്ടിൻ

**ഉറക്കത്തിൽ മാർട്ടിൻ തനിക്ക് നോട്ട് തന്ന ഭർത്താവിനെയും ഭാര്യയെയും പലപ്രാവശ്യം സ്വപ്നം കണ്ടു .മാർട്ടിന്റെ പതിവുകളിലേക്ക് പ്രഭാതം അരിച്ചെത്തി. പ്രഭാതകൃത്യങ്ങൾക്ക് ഇരുളിന്റെ നേർത്ത മറ തേടി പോകുന്നതിനു മുമ്പ്തന്നെ അയാൾ സോപ്പ് കൂട് കയ്യിലെടുത്ത് നോട്ട് പുറത്തെടുത്തു. അസഹ്യമായ ഗന്ധം !അത് മുറിയിലും പരിസരത്തും എല്ലാം പടർന്നതുപോലെ. അയാൾ നോട്ട് മുറിയിൽ ഉപേക്ഷിച്ച് മുറിക്ക് പുറത്തിറങ്ങി. തിരക്കേറി വരുന്ന തെരുവിലൂടെ ലക്ഷ്യമില്ലാത്തവനെ പോലെ നടന്നു.**

ക്കുന്നതെയുണ്ടായിരുന്നില്ല. അപരിചിതൻ കാഴ്ചയിൽ നിന്നും മറയും വരെ മാർട്ടിൻ ചലനമറ്റ് നിന്നു.

ഒത്തിരി നാളുകൾക്ക് ശേഷം അടുത്തകാലത്ത് തന്നോട് സ്നേഹത്തോടെ കാരുണ്യത്തോടെ ഇടപ്പെട്ട രണ്ടുപേരുടെ മുഖങ്ങൾ ഈ ഗെയ്റ്റനപ്പുറം കണ്മുൻപിൽ തെളിഞ്ഞു വരുന്നു.

താങ്കൾ..

വിദൂരതയിൽ നിന്നൊരു ശബ്ദം ഒഴുകിവരുന്നു.

അവരുടെ ഈ വീടും പരിസരവും ഉത്തരമില്ലാത്ത ഒരുപാട് ചോദ്യങ്ങളും.

അവർക്ക് എന്താണ് പറ്റിയത്???

തനിക്കവർ തന്നത് കൈയ്യിലുണ്ടായിരുന്ന അവസാനത്തെ നോട്ടാണോ?

ആ നോട്ടിൽ നിന്നും വമിക്കുന്ന

ഒരിക്കൽ കൂടി മണത്തു നോക്കുന്നതിനായി നിവർത്തി'. ഭയപ്പാടോടെ നോട്ട് മൂക്കിനോട് ചേർത്തു. ഇല്ല ... രക്തത്തിന്റെ രൂക്ഷ ഗന്ധമില്ല.

'കടം കേറി മൂടിയതിന് ജീവനൊടുക്കീട്ട് വല്ല കാര്യമൊണ്ടോ?'ആ വീടിന് പുറത്തു വച്ച് കണ്ട അപരിചിതന്റെ ശബ്ദം കാതുകളിൽ വന്ന് ഇരമ്പുന്നു.

മാർട്ടിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.തന്റെ കണ്ണുനീരിൽ ചോരമണക്കുന്നതായി ഒരു ഞെട്ടലോടെ അയാൾ തിരിച്ചറിഞ്ഞു .

കൈയ്യിലിരുന്നു വിറച്ച പഴകി മുഷിഞ്ഞ നോട്ടിന്റെ ഒരരികിൽ ഗാന്ധിജിയുടെ ചിരി.

ആ മുഖത്തെ വട്ടക്കണ്ണടക്കു പിന്നിൽ അനുകമ്പ നിറഞ്ഞ കണ്ണുകൾക്കൊപ്പം തന്നെ നോക്കുന്ന രണ്ടു ജോഡി കണ്ണുകൾ.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ




വ്യത്യസ്ത ചലച്ചിത്രങ്ങളിലും ഇന്ത്യയുടെ സംസ്കാരത്തിലും ചരിത്രത്തിലും താല്പര്യം ഉള്ളവർക്കും ഈ ചിത്രം നൽകുന്ന സംഭാവന അവഗണിക്കാനാവില്ല.

# ഫുലെ
# ചരിത്രത്തിന്റെ പുനരാവിഷ്ക്കാരം

ഏബ്രഹാം തോമസ്

അനന്ത് മഹാദേവനെ ഞാൻ പരിചയപ്പെടുന്നത് 1980 ലാണ്. തൃശ്ശൂർകാരനായ അനന്ത് ബോംബെ പബ്ലിസിറ്റി സർവിസ്സിൽ ജോലി ചെയ്യാൻ എത്തിയതായിരുന്നു. അക്കാലത്തു ഞാൻ മറ്റു പ്രസിദ്ധീകരണങ്ങൾക്കൊപ്പം മാതൃഭൂമി ദിനപത്രത്തിലും ആഴ്ചപ്പതിപ്പിലും സിനിമ നിരൂപണങ്ങളും ഫീച്ചറുകളും എഴുതിയിരുന്നു . ഇവ വായിച്ചു ഏതാണ്ട് ഒരു ആരാധകനെപോലെയാണ് അനന്ത് എന്നെ പരിചയപ്പെട്ടത്. ബോംബെ പബ്ലിസിറ്റി സർവീസ് പല രാജ് കപൂർ ചിത്രങ്ങൾക്കും തിരക്കഥയും സംഭാഷണവും കെ എ അബ്ബാസിനും രാജ് കപൂറിനുമൊപ്പം എഴുതിയ വി പി സാട്ടെയുടെ പ്രധാന ഉടമസ്ഥതയിലുള്ള സ്ഥാപനമായിരുന്നു. അക്കാലത്തു മിക്കവാറും ചിത്രങ്ങളുടെ പരസ്യജോലികളും പ്രീവ്യൂകളും ഈ സ്ഥാപനമായിരുന്നു നടത്തിയിരുന്നത്. എല്ലാ ആഴ്ചയുടെ ആരംഭത്തിലും ഞാൻ മഹാദേവനുമായി ബന്ധപ്പെട്ടാണ് പ്രസ് ഷോ കളെ കുറിച്ച് അറിഞ്ഞി

**20 ഓളം ഹിന്ദി ചിത്രങ്ങൾ സംവിധാനം ചെയ്ത അനന്തിന്റെ പുതിയ ചിത്രമാണ്'ഫുലെ'. പേര് സൂചിപ്പിക്കുന്നത് പോലെ മഹാരാഷ്ട്രയിലെ സാമൂഹ്യ പരിഷ്കർത്താക്കളായിരുന്ന ജ്യോതിറാവു ഫുലെയുടെയും ഭാര്യ സാവിത്രിഭായ് ഫുലെയുടെയും കഥയും അവർക്കു നേരിടേണ്ടി വന്ന കടുത്ത എതിർപ്പുകൾ അവർ എങ്ങനെ നേരിട്ടു എന്നതിന്റെയും നേർചിത്രമാണ് അവതരിപ്പിക്കുന്നത്.**

രുന്നത്. വളരെ വേഗം മുന്നോട്ടു പോകാൻ താല്പര്യപെട്ടിരുന്ന അനന്ത് തുടർന്ന് ഹിന്ദി, ഇംഗ്ലീഷ് നാടകങ്ങളിലും പ്രത്യക്ഷപെട്ടു. പിന്നീട് ഹിന്ദി ടെലിവിഷൻ സീരിയലുകളിലും ഹിന്ദി ചലച്ചിത്രങ്ങളിലും അഭിനയിച്ചു. ഹിന്ദി സിനിമകൾക്ക് തിരക്കഥയും സംവിധാനവും നിർവഹിച്ചു പ്രസിദ്ധനായി. ആ ദിനങ്ങളിൽ ഞാൻ അനന്തിനെ ഇന്റർവ്യൂ ചെയ്യുകയും ഉണ്ടായി. അനന്ത് മഹാദേവൻ എന്ന പേരിൽ അറിഞ്ഞിരുന്ന ഇദ്ദേഹം പിന്നീട് തന്റെ പേര് അനന്ത് നാരായൺ മഹാദേവൻ എന്നാക്കി. 2002 ൽ അനന്തിന്റെ സംവിധാനത്തിലുള്ള ആദ്യ ഹിന്ദി ചിത്രം, 'ദിൽ വിൽ പ്യാർ വ്യാർ' പുറത്തു വന്നു.




ഇതിനകം 20 ഓളം ഹിന്ദി ചിത്രങ്ങൾ സംവിധാനം ചെയ്ത അനന്തിന്റെ പുതിയ ചിത്രമാണ് 'ഫുലെ'. പേര് സൂചിപ്പിക്കുന്നത് പോലെ മഹാരാഷ്ട്രയിലെ സാമൂഹ്യ പരിഷ്കർത്താക്കളായിരുന്ന ജ്യോതിറാവു ഫുലെയുടെയും ഭാര്യ സാവിത്രിഭായ് ഫുലെയുടെയും കഥയും അവർക്കു നേരിടേണ്ടി വന്ന കടുത്ത എതിർപ്പുകൾ അവർ എങ്ങനെ നേരിട്ടു എന്നതിന്റെയും നേർചിത്രമാണ് അവതരിപ്പിക്കുന്നത്. തികച്ചും യാഥാസ്ഥിതികരായിരുന്ന ഒരു സമൂഹത്തിൽ പെൺകുട്ടികൾക്ക് പഠിക്കുവാൻ സൗകര്യം ഏർപ്പെടുത്തുന്ന ഫുലെയും ഭാര്യയും അസ്വീകാര്യരായി മാറി. ആ സമൂഹത്തിൽ മാറ്റം കൊണ്ടുവരാൻ ഈ ദമ്പതികളുടെ കഠിന പ്രയത്നം വേണ്ടി വന്നു. സ്വന്തം പിതാവിൽ നിന്നും സമൂഹത്തിൽ നിന്നും ഗ്രാമത്തിൽ നിന്നും ഒറ്റപെടലുകളും ജ്യോതിറാവുവിന് വലിയ പ്രതിസന്ധികളായി. ബ്രിട്ടീഷ് ഭരണം നിലവിലുള്ളതിനാൽ പെൺകുട്ടികളെ അദ്ധ്യാപികമാരാക്കുവാനും ആദ്യം എതിർപ്പുകൾ ഉണ്ടായി. പിന്നീട് ബ്രിട്ടീഷ് ഭരണാധികാരികളുടെ പൂർണ സഹകരണത്തോടെ 200 ൽ അധികം സ്കൂളുകൾ തുടങ്ങുവാനും ആയിരക്കണക്കിന് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നത് സാധ്യമാക്കുവാനും ഫുലെ ദമ്പതികൾക്ക് കഴിഞ്ഞു.

**സാവിത്രിബായ് ഫുലെയായി പത്രലേഖ പോളിന് വലിയ അവസരം ലഭിച്ചിട്ടില്ല. നമ്മുടെ ചിത്രങ്ങളിൽ ഒന്നുകിൽ സ്ത്രീ കഥാപാത്രങ്ങൾ നിഷ്പ്രഭരായിരിക്കും. അല്ലെങ്കിൽ സർവ്വപ്രധാനരും. ഈ പ്രവണതകൾ പിന്തുടരുന്നവരാണ് മിക്കവാറും തിരക്കഥാകൃത്തുക്കളും സംവിധായകരും.**

പത്തൊൻപതാം നൂറ്റാണ്ടിലെ ഇന്ത്യ പുനരാവിഷ്ക്കരിക്കുക അത്ര എളുപ്പമല്ല. ചരിത്രം എന്തായിരുന്നു എന്ന് വളരെ പരിമിതമായ അറിവുള്ള പ്രേക്ഷക സമൂഹത്തിനു മുന്നിലേക്കാണ് അനന്ത് ചിത്രം എത്തിച്ചിരിക്കുന്നത്. ഒരു ചലച്ചിത്രകാരൻ എന്ന നിലയിൽ എത്രമാത്രം സ്വാതന്ത്ര്യം അദ്ദേഹം എടുത്തു എന്നറിയില്ല. പ്രതീക് ഗാന്ധിയാണ് ഫുലെയായി അഭിനയിച്ചിരിക്കുന്നത്. ഒരു ഓതർ ബാക്ക്ഡ് റോളിൽ ഗാന്ധി തിളങ്ങിയിട്ടുണ്ട്. സാവിത്രിബായ് ഫുലെയായി പത്രലേഖ പോളിന് വലിയ അവസരം ലഭിച്ചിട്ടില്ല. നമ്മുടെ ചിത്രങ്ങളിൽ ഒന്നുകിൽ സ്ത്രീ കഥാപാത്രങ്ങൾ നിഷ്പ്രഭരായിരിക്കും. അല്ലെങ്കിൽ സർവ്വപ്രധാനരും. ഈ പ്രവണതകൾ പിന്തുടരുന്നവരാണ് മിക്കവാറും തിരക്കഥാകൃത്തുക്കളും സംവിധായകരും. വിനയ് പാഠക്, സുരേഷ് വിശ്വകർമ, സുശീൽ പാണ്ഡേ, വിശാൽ തിവാരി, ജോയ് സെൻഗുപ്ത, അമിത് ബെഹ്ൽ, അക്ഷയ് ഗൗരവ് തുടങ്ങിയവർ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിച്ചു. സുനിത റായ് കാമറ ചലിപ്പിച്ചു. റോണക് ഫഡ്നിസ് ചിത്ര സംയോജനവും നിർവഹിച്ചു. ഇരുവരുടെയും സംഭാവനകൾ കുറവുകൾക്കതീതമാണ്. രോഹൻ -രോഹൻ ടീമിന്റെ സംഗീതവും കേൾക്കാൻ ഇമ്പമുള്ളതാണ്.

അനന്തിന് ധാരാളം സംസ്ഥാന, ദേശീയ അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. ഫുലെയും അനന്തിന് കൂടുതൽ പുരസ്കാരങ്ങൾ നൽകാനാണ് സാധ്യത. വ്യത്യസ്ത ചലച്ചിത്രങ്ങളിലും ഇന്ത്യയുടെ സംസ്കാരത്തിലും ചരിത്രത്തിലും താല്പര്യം ഉള്ളവർക്കും ഈ ചിത്രം നൽകുന്ന സംഭാവന അവഗണിക്കാനാവില്ല.

ചെറുകഥ

# തർപ്പണം

ശ്രീനിവാസൻ ഭാസ്ക്കരൻ


വര: പി ആർ രാജൻ

ഞാൻ ആ മനുഷ്യനെ എന്നും കാണും. ഞാൻ അവിടെ താമസം തുടങ്ങിയിട്ട് നാലു മാസമേ ആയിട്ടുണ്ടായിരുന്നുള്ളു. നേരത്തെ നഗര മദ്ധ്യത്തിൽ തന്നെയായിരുന്നു താമസം. പാലക്കാട് അത്ര വികസിച്ച സ്ഥലമല്ല. അവിടെ ഇപ്പോഴും അംബരചുംബികളായ കെട്ടിടങ്ങൾ അങ്ങനെയില്ല. റൂമിന് പുറത്തിറങ്ങി ദൂരേക്ക് നോക്കിയാൽ കോട്ടപ്പോലെ മലനിരകൾ കാണാം. അതൊരു മനോഹരമായ കാഴ്ചയാണ്. ഒരു ഛായാച്ചിത്രം പോലെ. കറുത്ത് കരിവാളിച്ച മലനിരകൾ. അതിൽ നിന്നും ആ മലനിരകളുടെ ദൂരം നമുക്ക് ഊഹിക്കാം. പാലക്കാട് ചൂടുകൊണ്ടു പ്രസിദ്ധമാണ്. പനകളുടെ നാട്. മെയ് മാസത്തിൽ ചൂടുകൊണ്ടു പച്ചപ്പന നിന്നുകത്തുന്ന സ്ഥലം.

ഞാൻ നഗരമദ്ധ്യത്തിൽ നിന്നും ഒലവക്കോട് റെയിൽവേ സ്റ്റേഷനടുത്തേക്ക് താമസം മാറ്റിയത് യാത്രാസൌകര്യം പ്രമാണിച്ചാണ്. ക്ലാസ്സെടുക്കാൻ എനിക്ക് ആലപ്പുഴയിൽ വരേണ്ടതായിട്ടുണ്ടായിരുന്നു. എല്ലാ ആഴ്ചയും.

ഞാൻ താമസിച്ചിരുന്ന ലോഡ്ജിന്റെ താഴെ ഒരു ചെറിയ തട്ടുകടയുണ്ട്. ഒറ്റമുറിക്കട. അവിടെ ചായയും ചെറുകടികളും കിട്ടും. ചിലപ്പോൾ പൂരിയും കിഴങ്ങുകറിയും കാണും. ചായ പുറത്തിരുന്ന് കഴിക്കണം. സ്ഥലപരിമിതിയാണു കാരണം.

മിക്ക ദിവസങ്ങളിലും ഞാൻ ചായ കുടിക്കുമ്പോൾ അവിടെ ഒരു ഭിക്ഷക്കാരൻ ഇരിക്കുന്നുണ്ടാകും. ഞാൻ അവനും ചായ വാങ്ങിക്കൊടുക്കും. ഒരു മുപ്പതു മൂപ്പത്തഞ്ചിനടുത്ത് പ്രായം വരുന്ന ഭിക്ഷക്കാരൻ. പ്രാകൃത രൂപം. എന്നും കൈലിയും ഷർട്ടുമായിരുന്നു വേഷം. അത് പരമാവധി മുഷിഞ്ഞിരിക്കും. അതുകൊണ്ടുതന്നെ മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കാതിരിക്കാൻ അവൻ ദൂരെ മാറിയിരിക്കും. അവന്റെ മുതുകിൽ ഒരു മുഴയുണ്ടായിരുന്നു. എന്നാൽ അവന് കൂന് ഉണ്ടായിരുന്നില്ല.

ഞാൻ ചില ദിവസങ്ങളിൽ ചായ കുടിച്ചിട്ടു പോരുമ്പോൾ അവനു കൂടെ ചായക്കുള്ള പണം കടക്കാരന് കൊടുത്തിട്ടു പോരും. ചായ കടക്കാരൻ അവന് കൊടുക്കും എന്ന വിശ്വാസത്തിൽ.

ഞാൻ ചായ കുടിക്കുമ്പോഴാണ് അയാളും ചായ കുടിക്കാൻ വരിക. അയാൾ എന്റെ സമീപത്തിരിക്കും. പക്ഷേ ഒന്നും മിണ്ടില്ല. എന്നോടു മാത്രമല്ല ആരോടും. എന്നും അലക്കിത്തേച്ച പാറ്റ്സും ഷർട്ടുമിട്ട് ടിപ്ടോപ്പായാണ് കടയിൽ വരുന്നത്. താമസിക്കുന്നതാകട്ടെ കടയിൽ നിന്നും കഷ്ടിച്ച് അൻപത് മീറ്റർ മാത്രം ദൂരമുള്ള ഒരു മുറിയിലും. ആയാൾക്ക് ഒരു എഴുപത്തഞ്ചു വയസ്സു മതിക്കും. ഏറെയും കഷണ്ടി ബാധിച്ച തല. മുടി നന്നായി നരച്ചതാണ്. വണ്ണം അധികമില്ല. എന്നും വൈകിട്ട് ടീ ഷർട്ട് ഇൻ ചെയ്തു ഷൂ ഒക്കെ

ധരിച്ച് ആ മനുഷ്യൻ നടന്നുപോകും. റയിൽവേ സ്റ്റേഷന് സമീപത്തേക്ക്. നീട്ട് നുവർന്ന് കാല് നീട്ടി വലിച്ചു വെച്ചാണ് നടപ്പ്. മഹാത്മാ ഗാന്ധിയുടെ നടപ്പിനെ അനുസ്മരിപ്പിക്കുന്ന നടപ്പ്.

ഞാൻ താമസിക്കുന്നതിന്റെ അടുത്ത കെട്ടിടത്തിലാണ് ആ മനുഷ്യൻ താമസിക്കുന്നത്. രണ്ടു കെട്ടിടവും ഒരാളുടെ തന്നെയാണ്. ഒരു സെയ്തലവിയുടേത്. സെയ്തലവി പെരിന്തൽമണ്ണക്കാരനാണ്. ലോഡ്ജ് ബിൽഡിങ് നിർമ്മിച്ചത് ഒരു അഡിഗ യായിരുന്നു. കന്നടക്കാരൻ. ദേവേന്ദ്ര അഡിഗ. അഡിഗയ്ക്ക് മുൻപ് പാലക്കാട് കുറച്ച് ബിസിനസും മറ്റു കാര്യവും ഉണ്ടായിരുന്നു. ആ സമയത്താണ് ഈ ബിൽഡിങ് ഉണ്ടാക്കുന്നത്. മുപ്പത്തഞ്ചു വർഷം മുമ്പ്. അടുത്തടുത്ത രണ്ടു ബിൽഡിങുകൾ. ഒരു ബിൽഡിങ്ങിന് രണ്ടു നിലയും മറ്റേ ബിൽഡിങ്ങിന് മൂന്നു നിലയും. രണ്ടും ലോഡ്ജ് എന്ന നിലയിൽ പ്രവർത്തിക്കുന്നു. ഒരു ബിൽഡിങ്ങിന്റെ മുൻഭാഗത്ത് നിരപ്പു കടകൾ ആണുള്ളത്. താഴത്തെ നിലയിൽ. മറ്റേ ബിൽഡിംഗ് പൂർണമായും ലോഡ്ജായാണ് പ്രവർത്തിക്കുന്നത്. മൂന്നു നിലയിലും കൂടി എകദേശം ഒരു അൻപത്തഞ്ച് അറുപത് മുറികൾ ഉണ്ടാവും. അഡിഗ പിന്നീട് ലോഡ്ജ് സെയ്തലവിക്ക് വിൽക്കുകയായിരുന്നു.

എന്നും രാവിലെ അയാൾ ഹിന്ദു പത്രം വായിക്കും. ഇളം വെയിൽ കൊണ്ടുകൊണ്ട് കെട്ടിടത്തിന്റെ ഏറ്റവും മുകളിലുള്ള അരമതിലിൽ ഇരുന്നാണ് വായന. അങ്ങനെ രാവിലെ ഒരു എട്ടര വരെ ഹിന്ദു പത്രം വായിച്ചതിനുശേഷം ഞാൻ താമസിക്കുന്ന ബിൽഡിങ്ങിന്റെ ഫ്രണ്ടിലുള്ള ചെറിയ ചായക്കടയിലെത്തും. അപ്പോൾ മിക്കവാറും ഞാനവിടെയുണ്ടാകും. അവിടുന്ന് ചായ കുടിച്ചിട്ട് അയാൾ ഒലവക്കോട് റെയിൽവേ സ്റ്റേഷന്റെ ഭാഗത്തേക്ക് നടക്കും. എപ്പോഴും വെയിൽ ആയാലും മഴയായാലും ആ മനുഷ്യൻറെ കയ്യിൽ ഒരു കുട ഉണ്ടായിരിക്കും. അത് മടക്കിച്ചുരുട്ടി കയ്യിൽ വച്ചിരിക്കും.

അങ്ങനെ ടിപ്ടോപ്പ് ആയിട്ട് ആരോടും സംസാരിക്കാതെ നടന്നു പോകുന്ന ആ മനുഷ്യനെ പലപ്പോഴും ഞാൻ വഴിയിൽ വച്ച് കാണാറുണ്ട്. പക്ഷേ ആ മനുഷ്യൻ നമ്മളെ കണ്ടഭാവം പോലും കാണിക്കില്ല. ഞങ്ങൾ രണ്ടും ഒരേ കോമ്പൗണ്ടിൽ താമസിക്കുന്ന വാടകക്കാരാണ് എന്നുള്ള ഒരു തിരിച്ചറിവ് അല്ലെങ്കിൽ ധാരണ ആ മനുഷ്യന് ഇല്ല എന്ന് തോന്നിയിരുന്നു. ഡിമെൻഷ്യ ബാധിച്ച ഒരു വ്യക്തിയാണ് അയാളെന്ന് തോന്നും അയാളുടെ ഭാവം കാണുമ്പോൾ. അതുകൊണ്ടു ഞാനും അയാളെ പരമാവധി അവഗണിക്കുകയായിരുന്നു പതിവ് അന്നുവരെ.

അന്ന് ഞാൻ ചായകുടിക്കാന് കടയിൽ ചെല്ലുമ്പോൾ അയാൾ അവിടെയുണ്ട്. പതിവുപോലെ ആ ഭിക്ഷക്കാരനും. ഞാന് ചായകുടി കഴിഞ്ഞു പോരുമ്പോള് 'അവനൊരു ചായ കൊടുത്തേക്കൂ' എന്നു പറഞ്ഞ് അതിന്റെ തുക കൂടി കടക്കാരനെ ഏലപ്പിച്ചിട്ടു നടക്കുമ്പോൾ അയാൾ എന്നെ പിന്നിൽ നിന്നും വിളിച്ചു.

''ഹലോ''

ഞാൻ നിന്നു. അയാൾ എന്റെ അടുത്തു വന്നു. എന്നിട്ട് ചോദിച്ചു.

''നിങ്ങൾ ആ ഭിക്ഷാക്കാരന് ചായ കൊടുക്കാനായി പൈസ കടക്കാരനെ ഏൽ പ്പിച്ചുവല്ലോ. മുൻപും നിങ്ങൾ ഇങ്ങനെ ചെയ്യുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ കടക്കാരൻ പൈസ വാങ്ങുന്നതല്ലാതെ ആ ഭിക്ഷാക്കാരന് ചായ കൊടുക്കാറില്ല. അറിയാമോ.''

ഞാൻ ഒന്നും മിണ്ടിയില്ല.

''നിങ്ങളെ അവൻ ഗ്രാന്റായി വഹിപ്പിക്കുകയാണ്. പിന്നെ ആ ഭിക്ഷക്കാരനും ഒട്ടും മോശമല്ല.'' അയാൾ പറഞ്ഞു.

അപ്പോഴും ഞാൻ മൌനം പാലിച്ചു.

അയാൾ എന്റെ നേരെ കൈ നീട്ടി.

''ഞാൻ ജോസഫ്.''

അങ്ങനെ നാലുമാസമായി സ്ഥിരമായി കണ്ടുകൊണ്ടിരുന്ന എന്റെ അയൽക്കാരനെ ഞാൻ പരിചയപ്പെട്ടു.

''ജോസഫ് ശാമുവൽ അന്തർപ്പുര. അതാണ് പൂർണമായ പേര്.'' അയാൾ പറഞ്ഞു.

''ഞാൻ വൈശാഖ്. അദ്ധ്യാപനാണ്'' ഞാൻ പറഞ്ഞു.

''ജോസഫ് ശാമുവൽ അന്തർപ്പുര. നല്ല ഗമാൽറ്റിയുള്ള പേരാണല്ലോ.''

''ഗമാൽറ്റി പേരിലേയുള്ളൂ.'' അയാള് പറഞ്ഞു.

അവിടെവെച്ചു ഞങ്ങൾ നല്ല സുഹൃത്തുക്കളായി.

''അന്തർപ്പുര..?'' ഞാൻ അർദ്ധോക്തിയിൽ നിർത്തി.

''കുടുംബപ്പേരാ. കുടുംബം എന്നു പറയാൻ ഞാൻ മാത്രമേയുള്ളൂ ഇപ്പോൾ. ഒരു ചേച്ചിയുണ്ടായിരുന്നു. കോയമ്പത്തൂരിൽ കെട്ടിച്ചുവിട്ടത്. അവര് രണ്ടു വർഷം മുൻപ് മരിച്ചു.''

ഒരു നിമിഷത്തെ മൌനത്തിനു ശേഷം അയാൾ തുടർന്നു.

''പണ്ട് കുടുംബത്തിൽ ദാരിദ്ര്യവും പട്ടിണിയുമൊക്കെയാണെങ്കിലും സന്തതികൾക്ക് ഒരു കുറവുമില്ലായിരുന്നു. നല്ല പ്രത്യുൽപാദന ശേഷിയുള്ള ബ്രീഡായിരുന്നു എന്റെ അമ്മ. കൂടുതൽ പ്രസവിക്കുന്നവർക്ക് കൂടുതൽ ബഹുമതിയുള്ള കാലം. പത്തു മക്കളും അമ്മയും കൂടി വന്നാൽ ഭദ്രകാളിയും എണീറ്റ് ബഹുമാനിക്കുമെന്ന് പറഞ്ഞിരുന്ന കാലം. ഇന്ന് നേരെ തിരിച്ചായി. പ്രത്യുല്പാദന ശേഷിയുണ്ടെന്ന് കാണിക്കാൻ ഒന്ന് പേറും. അതില് നിർത്തും. കൂടിയാൽ രണ്ട്. മൂന്നായാല് നാണക്കേടാ. അന്ന് അഭിമാനം. ഇന്ന് നാണക്കേട്. കാലത്തിന്റെ ഒരു പോക്കേ.

ജനസംഖ്യ കുറയുന്നത് ഒരു വലിയ കുഴപ്പമാണ്. രാജ്യത്തിന് തന്നെ. അതില്ലാത്ത ഒരു രാജ്യമേയുള്ളൂ. നമ്മുടെ ഇന്ത്യ. കാരണം നമ്മുടെ പ്രധാന ഉല്പാദനം പ്രത്യുല്പാദനമാണ്. അതുകൊണ്ടു ജന

സംഖ്യയ്ക്ക് അഴിവില്ല. കുറഞ്ഞത് ഒരു അൻപത് വർഷത്തേക്ക്. പക്ഷേ മറ്റ് ലോക രാജ്യങ്ങളിൽ അങ്ങനെയല്ല. റഷ്യയിൽ വ്ലാഡിമിർ പുടിൻ പറഞ്ഞത് കേട്ടില്ലേ ജോലി സമയത്തും ഇടവേളകളിൽ മൈഥുനത്തിൽ ഏർപ്പെട്ട് സുന്ദരിമാർ കൂടുതൽ പ്രസവിക്കാൻ സമയം കണ്ടെത്തണമെന്നാണ് ടിയാന്റെ അഭിപ്രായം.

അവർക്കായി പ്രത്യേക ആനുകൂല്യങ്ങളും പുടിൻ പ്രഖ്യാപിച്ചിട്ടുണ്ട്.'' ജോസഫിന് നല്ല ലോക വിവരമായിരുന്നു.

''ആണും പെണ്ണുമൊക്കെയായി ആറേഴു പേരുണ്ടായിരുന്നു. എനിക്കു താഴെയും മുകളിലുമൊക്കെയായി. പട്ടിണിയും അസുഖവുമൊക്കെയായി കുറെയൊക്കെ ചത്തു. പിന്നെ ഞങ്ങൾ രണ്ടുപേരായി. ഇപ്പോൾ ചേച്ചിയും പോയി.

അപ്പൻ ആദ്യമേ പോയി. സുഖമരണം. പള്ളിപ്പറമ്പിൽ വെച്ച്. ഒരു ഉൽസവ രാത്രിയില്. പിന്നെ അമ്മ ഏതാനും വർഷങ്ങൾ എന്റെ കൂടെയുണ്ടായിരുന്നു. എന്റെ കൌമാരം കഴിയുമ്പോൾ അമ്മയും പോയി. പാമ്പു കടിയേറ്റ് മരിച്ചു. ഒരു ആടുണ്ടായിരുന്നു ഞങ്ങൾക്ക്. അതിന് പുല്ലരിയാൻ പോയതാണ്. അണലിയായിരുന്നു. വിഷകാരിയെ കൂട്ടിക്കൊണ്ട് വരാനുള്ള സമയംപോലും കിട്ടിയില്ല. പിന്നെ ഞാൻ ഒറ്റയ്ക്കായി. ചേച്ചിയുടെ വിവാഹം അതിനും മുൻപേ കഴിഞ്ഞിരുന്നു.'' ജോസഫ് തുടർച്ചയായി പറഞ്ഞുകൊണ്ടിരുന്നു.

''ജീവിതം ലക്ഷ്യശൂന്യമായി പോകുമ്പോഴാണ് അവളെ കണ്ടത്. ഞങ്ങൾ തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നു.''

''ഇന്റർകാസ്റ്റ്?'' ഞാൻ ചോദിച്ചു.

''ഹെയ്. ഒരേ കാസ്റ്റ് തന്നെ. പണം. പണത്തിന്റെ അന്തരം കാര്യമായി ഉണ്ടായിരുന്നു.'' ജോസഫ് പറഞ്ഞു.

''എൽസി. എന്റെ അയൽക്കാരിയാണ്. ഞാൻ അവളെ മുൻപ് കണ്ടിട്ടില്ല. അവൾ ഊട്ടിയിലാണ് പഠിച്ചത്. പത്താം ക്ലാസ് വരെ. ബോർഡിങ് സ്കൂൾ പ്രോഡക്ട് ആണ്. നാട്ടിൽ രണ്ടുമാസമേ അവൾ ഉണ്ടായുള്ളൂ. പിന്നെ ടൌണിൽ കോളേജിൽ ചേർന്നു. പ്രീഡിഗ്രിക്ക്. അവൾ നാട്ടിലുണ്ടായിരുന്ന ആ രണ്ടുമാസത്തെ പള്ളിപ്പോക്കാണ് ഞങ്ങളെ അടുപ്പിച്ചത്. ഞാൻ പള്ളി ക്വയറിൽ ഇടയ്ക്ക് കയറി നിൽക്കുമായിരുന്നു. ക്വയറിന് വേണ്ടി കുറച്ചു ഭക്തിഗാനങ്ങൾ എഴുതിയിട്ടുണ്ട്. സ്ഥിരമായ അവളുടെ പള്ളിവരവാണ് തുടക്കം''.

''കൂട്ടുപുരികം അശുഭ:ലക്ഷണമാണോ?'' ജോസഫ് ചോദിച്ചു.

''സൌന്ദര്യ ശാസ്ത്രം നോക്കുന്നവർക്ക് അത് അങ്ങനെയാണ്. ലക്ഷണശാസ്ത്രത്തിൽ രാക്ഷസമന:സ്ഥിതിക്കാർക്ക് തീറെഴുതി കൊടുത്തിട്ടുള്ളതാണ് കൂട്ടുപുരികവും ചുവന്ന കണ്ണുകളും. ക്രൌര്യത്തിന്റെ ലക്ഷണമാണത് ' ഞാൻ പറഞ്ഞു.

> **ഇതിന്റെയിടയ്ക്ക് പാരലൽ കോളേജിൽ പോയി ബി. കോം എടുത്തു. പിന്നെ ടെസ്റ്റ് എഴുത്തായി. ഒന്നും കിട്ടിയില്ല. അവൾക്കന്നേരം കല്യാണ ആലോചനകൾ മുറുകുന്ന സമയം. അവൾ ഡിഗ്രീ സെക്കന്റിയർ ആയി അപ്പോൾ. വീട്ടിൽ ബഹളം വെച്ചു ഡിഗ്രി കഴിയുന്നതുവരെ അവൾ കല്യാണം തള്ളിക്കൊണ്ട് പോയി. ഡിഗ്രി കഴിഞ്ഞപ്പോൾ ഞങ്ങൾ ഒളിച്ചോടി."**

''എങ്കിൽ അവളുടെ ഹൈലൈറ്റ് അതായിരുന്നു. കൂട്ടുപുരികം. മുടംപല്ല് പെൺപിള്ളാർക്ക് ഒരു നിഷ്കളങ്കത തോന്നിപ്പിക്കും. അല്ലേ?'' അയാൾ ചോദിച്ചു.

''എൽസിക്ക് മുടംപല്ല് ഉണ്ടായിരുന്നു അല്ലേ''? ഞാൻ ചോദിച്ചു.

''ങ്ഹാ. അവൾക്ക് നല്ല നീളമുള്ള ചുരുണ്ട മുടിയുമുണ്ടായിരുന്നു''

''ഉയരം കുറവായിരുന്നു അല്ലേ?'' ഞാൻ ചോദിച്ചു.

''ങ്ഹാ. അതെങ്ങനെ മനസ്സിലായി''

''നീളമുള്ള മുടിയുള്ളവർക്ക് സാധാരണ ഗതിയിൽ ഉയരം കുറവായി കണ്ടുവരാറുണ്ട്'' ഞാൻ പറഞ്ഞു.

''അച്ചനുമായി ഞാൻ നല്ല സ്നേഹബന്ധത്തിലായിരുന്നത് കൊണ്ട് മേടയിൽ നിന്നും ഇടയ്ക്ക് ഭക്ഷണം കിട്ടുമായിരുന്നു. ഞായറാഴ്ചകളിൾ ആദ്യ കുർബാന കഴിഞ്ഞാണ് അച്ചൻ ഭക്ഷണം കഴിക്കുക. അപ്പോൾ ഞങ്ങൾ ക്വയർ സെറ്റും കൂടെക്കൂടും. അപ്പവും മുട്ടക്കറിയുമാണ് മിക്ക ദിവസവും. അച്ചൻ സ്ട്രിക്റ്റ് വെജിറ്റേറിയൻ ആയിരുന്നു. പക്ഷേ കൊച്ചച്ചനും കൈക്കാരന്മാരുമൊക്കെ നോണിന്റെ ആൾക്കാരായിരുന്നു. കൂട്ടത്തിൽ ഞങ്ങളും. പലപ്പോഴും മനസ്സ് നിറച്ചു ഭക്ഷണം കഴിച്ചിരുന്നത് മേടയിൽ നിന്നാണ്. കുർബാന കഴിഞ്ഞാലും കുറച്ചുസമയം പള്ളിയിൽ നിന്നിട്ടെ ഏൽസി പോകുമായിരുന്നുള്ളൂ. അപ്പോൾ ഞാനവിടെ ഉണ്ടാകും.

ടൌണിൽ അവൾ പഠിക്കുന്നത് എനിക്കു സൌകര്യമായിരുന്നു. പണത്തിന്റെ ഷോർട്ടേജ് കാര്യമായി ഉണ്ടായിരുന്നു. അന്ന് ഞാൻ പുര മേഞ്ഞു കൊടുക്കാൻ പോകും. നദിയിൽ വെള്ളപ്പൊക്കത്തിന് വന്ന് മണ്ണിൽ പൂണ്ടുപോകുന്ന തടി മാന്തിയെടുത്ത് ഹോട്ടലുകാർക്ക് വിൽക്കും. പുല്ലുചെത്തി ചന്തയിൽ വിൽക്കും. എല്ലാ വെള്ളിയാഴ്ചയും സിനിമയുടെ അനൌൺസുമെന്റിന് പോകും. കയ്യേല കെട്ടിക്കൊടുക്കാൻ പോകും. കിണർ തേകാൻ പോകും. പാചകത്തിന് പോകും. അങ്ങനെ എത്ര പണികൾ ചെയ്തിരിക്കുന്നു.

ഇതിന്റെയിടയ്ക്ക് പാരലൽ കോളേജിൽ പോയി ബി. കോം എടുത്തു. പിന്നെ ടെസ്റ്റ് എഴുത്തായി. ഒന്നും കിട്ടിയില്ല. അവൾക്കന്നേരം കല്യാണ ആലോചനകൾ മുറുകുന്ന സമയം. അവൾ ഡിഗ്രീ സെക്കന്റിയർ ആയി അപ്പോൾ. വീട്ടിൽ ബഹളം വെച്ചു ഡിഗ്രി കഴിയുന്നതുവരെ അവൾ കല്യാണം തള്ളിക്കൊണ്ട് പോയി.



ഡിഗ്രി കഴിഞ്ഞപ്പോൾ ഞങ്ങൾ ഒളിച്ചോടി.''

''ബോറടിക്കുന്നില്ലല്ലോ''അയാൾ ചോദിച്ചു.

''ഇല്ല. ഇന്ന് ഞായറാഴ്ചയല്ലേ. വേറെ പണിയൊന്നുമില്ലല്ലോ.''ഞാൻ പറഞ്ഞു.

''ങ്ഹാ, എങ്കില് ബാക്കികൂടിപ്പറയാം'' ജോസഫ് പറഞ്ഞു.

''വിവാഹം രജിസ്റ്റർ ചെയ്തു. പിന്നെ ടൌണിലായി ജീവിതം. ഒരു വർക്കിങ് വിമൻസ് ഹോസ്റ്റലിലാക്കി. ഞാൻ ഒരു ലോഡ്ജിലേക്ക് മാറി. ഞാനും അവളും രണ്ടു സ്ഥാപനത്തില് ട്യൂഷനെടുത്ത് തുടങ്ങി. കൃത്യമായി ശമ്പളം കിട്ടിത്തുടങ്ങിയപ്പോൾ ഞങ്ങൾ ഒരു ചെറിയ വീട്ടിലേക്കു മാറി. പിന്നെ ഞങ്ങൾ ഒരു തീരുമാനമെടുത്തു. അങ്ങനെ അവള് മാത്രം ജോലിക്ക് പോയിത്തുടങ്ങി. ഞാൻ സർക്കാർ ജോലിക്ക് പ്രിപ്പയർ ചെയ്തു തുടങ്ങി. എട്ടു മാസം. കഷ്ടപ്പാടിന്റെ എട്ടുമാസം. അപ്പോൾ പോലീസിൽ സിലക്ഷൻ കിട്ടി. അങ്ങനെ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ആയി.

പക്ഷേ എന്റെ പ്രകൃതത്തിന് പറ്റിയ പണിയായിരുന്നില്ല അത്. അത് എനിക്ക് എളുപ്പം മനസ്സിലായി. അപ്പോഴും ഞാൻ ടെസ്റ്റുകൾ എഴുതുന്നുണ്ടായിരുന്നു. ഒന്നര വർഷം പോലീസിൽ പൂർത്തിയായപ്പോൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ കിട്ടി. സ്ഥലം മാറ്റം മാത്രമായിരുന്നു ഒരു പ്രശ്നം. പക്ഷേ അത് ഒരു രക്ഷയുമായിരുന്നു. ഞങ്ങൾ പല സ്റ്റേറ്റിൽ താമസിച്ചു. അതുകൊണ്ട് അവളുടെ വീട്ടുകാരെ പേടിക്കാതെ ജീവിക്കാൻ പറ്റി. അവർ ഞങ്ങളെ എന്നന്നേക്കുമായി എഴുതിത്തള്ളി.

പക്ഷേ എന്നെ അത്ഭുതപ്പെടുത്തിയ കാര്യം വീതം വെപ്പു സമയത്ത് അവൾക്ക് ഒരു വീതം അവർ എഴുതി വെച്ചു എന്നതാണ്. മൂന്നേക്കർ കരപ്പുരയിടം. അതിൽ തെങ്ങാണ്. ഞങ്ങൾ പുരയിടത്തിലേക്ക് പോകാറില്ല. അവളുടെ ഇളയ സഹോദരൻ തേങ്ങ വെട്ടി വിറ്റു കിട്ടുന്ന തുക അവളുടെ അക്കൌണ്ടിലിടും.''

''ചുരുക്കിപ്പറഞ്ഞാൽ ജീവിതം ഇപ്പോൾ സുഭിക്ഷം എന്നർത്ഥം.'' ഞാൻ പറഞ്ഞു. അപ്പോഴും എന്റെ മനസ്സിൽ ഒരു വലിയ ചോദ്യം ബാക്കിയായി. പക്ഷേ ഞാനത് ചോദിക്കാൻ താല്പര്യപ്പെട്ടില്ല.

''അങ്ങനെയാവേണ്ടതാണ്. പക്ഷേ വസ്തുത അതല്ല.'' അയാൾ ഒരു ദീർഘ നിശ്വാസത്തോടെ പറഞ്ഞു.

''പ്രശ്നം എന്റെ മകനാണ്. മൂത്ത മകൻ.'' അവൻ കാരണമാണ് ഞാൻ ഇവിടെ താമസിക്കുന്നത്.

എന്റെ ചോദ്യത്തിന് ഉത്തരമായി.

''എനിക്കു അത്യാവശ്യം നല്ല പെൻഷനുണ്ട്. അതിൽ നിന്നും എല്ലാ മാസവും പതിനായിരം വെച്ചു ഞാനവന് കൊടുക്കും. അവനെന്നെ കണ്ണെടുത്താൽ കണ്ടുകൂടാ. എം. എസ്സി. ഫിസിക്സ് ആണ് അവന്റെ വിഷയം. അത്യാവശ്യം പഠിക്കുന്ന കൂട്ടത്തിലാണ്. പക്ഷേ തല തിരിഞ്ഞു പോയി. അവിവാഹിതനാണ് . ഇപ്പോൾ നാല്പത്തിമൂന്നു വയസ്സ്''

''മീസോഗൈനിസ്റ്റ് ആയിരിക്കും മകൻ. സ്ത്രീകളോട് വിരോധം ഉള്ള യാൾ.'' ഞാൻ പറഞ്ഞു.

“അവനോ? നേരെ തിരിച്ചാണ്. അവന് പെൺട്ടികളോട് ഉള്ള മനോഭാവം വേറൊന്നാണ്. ഒരുമാതിരി കാണാൻ കൊള്ളാവുന്നവരൊക്കെ അവന് കാമുകിമാരാണ്. എന്നാല് ഒരുത്തിയിലും അവൻ ഉറച്ചു നിൽക്കത്തില്ല. അതിന്റെ പേരിൽ കുറെ പ്രശ്നനങ്ങൾ ഉണ്ടായിട്ടുമുണ്ട്. അവന്റെ ജോലി പോയത് പോലും ആ സ്വഭാവം കൊണ്ടാണ്.

കുറച്ചുകാലം മുൻപ് ഇവിടെ കോളേജിൽ അവൻ ഗസ്റ്റ് ലെക്ചർ ആയി കയറി. കൂടെയുള്ള അദ്ധ്യാപികയ്ക്ക് പ്രേമലേഖനം കൊടുത്ത് പ്രശ്നമുണ്ടാക്കി.”

“ഒരു പ്രേമലേഖനം അത്ര പ്രശ്നമാണോ” എനിക്കു സംശയം.

“അവൻ പ്രേമലേഖനം കൊടുത്ത അദ്ധ്യാപികയ്ക്ക് ഭർത്താവും മൂന്നു വയസ്സുള്ള കുട്ടിയുമുണ്ട്. അവർ ആദ്യം പ്രശ്നമാക്കിയില്ല. പിന്നെ നിരന്തരം മെസേജ്, ഫോൺ വിളി, ഒക്കെയായപ്പോളാണ് അവര് പോലീസിൽ കംപ്ലയിന്റ് കൊടുത്തത്. പോലീസ് കേസാ പ്പോൾ അവന്റെ ജോലി പോയി. കേസ് പറഞ്ഞു ഒതുക്കിയെങ്കിലും ജോലി പോയി. പിന്നെ അവൻ എവിടെയും ജോലിക്ക് പോയില്ല. ഗവേഷണം ആണെന്നും പറഞ്ഞ് വീട്ടിൽ ഒരു മുറിയിൽ അടച്ചിരിപ്പാണ്. വരുമാനം ഞാൻ കൊടുക്കുന്ന തുക. ഒരിക്കൽ അവനെയും കൊണ്ട് ഒരു സൈക്കോളജിസ്റ്റിനെ കാണാൻ പോയി. അവനുമായി സംസാരിച്ചു കഴിഞ്ഞു സൈക്കോളജിജിസ്റ്റ് എന്നെ വിളിച്ചു പറഞ്ഞ് അവന് നല്ല തല്ലിന്റെ കുറവാണെന്നാണ്. ആ മാർഗ്ഗവും പരാജയപ്പെട്ടു. അതോടെ അവനെന്നോട് ദേഷ്യമായി. ഒരിക്കൽ ഞങ്ങൾ തമ്മിൽ വഴക്കായപ്പോൾ അവൻ കത്തിയെടുത്ത് എന്നെ കുത്താൻ വന്നു. ഏൽസി കരഞ്ഞു പറഞ്ഞപ്പോൾ ഞാൻ എന്റെ വീട് വിട്ടിറങ്ങി. ഇപ്പോൾ പതിനൊന്നു വർഷമായി ഞാൻ ഇവിടെ കഴിയുന്നു. ഇടയ്ക്ക് ഞാൻ അവിടെപ്പോകും. വീട്ടിൽ കയറില്ല. റോഡിൽ നിന്നു ഭാര്യയെ കാണും. പോരും. ഏൽസി അവന്റെ കൂടെയാണ്. അവളോട് അവന് വലിയ ഉപദ്രവമില്ല. എപ്പോഴും അവൻ ഒരു മുറിയിൽ അടച്ചിരിക്കും. ജന്നലെല്ലാം കറുത്ത പേപ്പർ ഉപയോഗിച്ച് മറച്ചിരിക്കുകയാണ്. ഇരുട്ടിൽ കഴിയാനാണ് അവന്റെ യോഗം. എനിക്ക് ഇവിടേക്കഴിയാനും.” ജോസഫ് പറഞ്ഞു. പിന്നെ അയാൾ മുറിയിലേക്ക് പോയി.

പിന്നെ ഏതാനം ദിവസം ഞാൻ ജോസഫിനെ കണ്ടില്ല. കാരണം ഞാൻ അതിരാവിലെ തന്നെ ക്ലാസ്സെടുക്കാൻ തൃശ്ശൂരിന് പോകുമായിരുന്നു. വരുമ്പോൾ രാത്രിയാകും.

അന്ന് ഒരു വ്യാഴാഴ്ച ആയിരുന്നു. അന്നു ഞാൻ എങ്ങും പോയില്ല. ചായകുടിക്കാന് കടയിലെത്തുമ്പോൾ ജോസഫ് ഉണ്ടവിടെ. അന്ന് ഭിക്ഷക്കാരനെ കണ്ടില്ല. ചായകുടി കഴിഞ്ഞു ഞങ്ങൾ ഒന്നിച്ചു എണീറ്റു. ജോസഫ് കടക്കാരന് പൈസ കൊടുക്കുന്നത് കണ്ടില്ല. അതുകൊണ്ടു നടക്കുമ്പോള് ഞാന് ചോദിച്ചു.

“കടക്കാരൻ ചായയുടെ പൈസ വാങ്ങില്ലെ?”

“ആര് രഘുവോ?” ജോസഫ് ഒന്ന് ചിരിച്ചു. എന്നിട്ട് പറഞ്ഞു.

“നല്ല പുള്ളി. അവൻ മുൻകൂർ എന്റെ കൈയ്യിൽ നിന്നും പണം വാങ്ങിയിട്ടുണ്ട്. ഇടയ്ക്ക് അവൻ കട മെച്ചപ്പെടുത്താൻ, സാധനം വാങ്ങാൻ എന്നൊക്കെപ്പറഞ്ഞു എന്റെ കൈയ്യിൽ നിന്നും എണ്ണായിരവും പതിനായിരവുമൊക്കെ വാങ്ങും. അത് പിന്നെ തിരിച്ചു തരത്തില്ല. ഞാൻ അത് ഇങ്ങനെ ചായകുടിച്ചും പൂരി തിന്നും ഒക്കെ തീർക്കും”.

“കടക്കാരൻ ശരിയായിതന്നെ പണം ഈടാക്കുകയുള്ളോ” ഞാൻ ചോദിച്ചു. “ഭിക്ഷാക്കാരന്റെ ചായ പൈസ വഹിപ്പിക്കുന്ന പാർട്ടിയല്ലേ അതുകൊണ്ടു ചോദിച്ചതാ.”

അയാൾ ചിരിച്ചു. പിന്നെപ്പറഞ്ഞു. “അങ്ങനെ നോക്കിയാൽ നിങ്ങൾക്കിവിടെ ജീവിക്കാൻ പറ്റത്തില്ല. ഒരുപാട് ഫ്രോഡുകളുള്ള സ്ഥലമാണിത്. പ്രത്യേകിച്ചും സാമ്പത്തിക കാര്യങ്ങളിൽ. സാമ്പത്തിക സത്യസന്ധത ഇവിടെ നിങ്ങൾ അധികം പ്രതീക്ഷിക്കരുത്. നമ്മളുടെ കൈയ്യില് നിന്നും വാടക പിരിക്കുന്ന ആ മുസ്തഫയുണ്ടല്ലോ അവൻ ഒരു നമ്പർ വൺ ചെറ്റയാണ്. അഞ്ഞൂറുരൂപ നോട്ടെടുത്ത് വീശിക്കാണിച്ചാൽ അവൻ സ്വന്തം പെണ്ണും പിള്ളയെ വരെ വിറ്റു കാശാക്കും. ആ ടൈപ്പാണവൻ”.

അത് ശരിയാണ് ഇലക്ട്രിസിറ്റി ബില്ലിൽ യൂനിറ്റിന് ഇരട്ടിയിൽക്കൂടുതൽ തുക പിരിച്ചെടുക്കുന്നവനാണ് മുസ്തഫ. അതിന്റെ പേരിൽ ഞാൻ ഒരിക്കൽ അവനുമായി ഒന്ന് ഉടക്കിയതുമാണ്. വലിയ ഫലം ഉണ്ടായില്ല. പണം മുസ്തഫയ്ക്ക് ഒരു വീക്നസ് ആണ്.

മുസ്തഫ അറുപ്പത്തഞ്ച് വയസ്സു വരുന്ന ഒരു ഞൊണ്ടിക്കാലനായിരുന്നു. കണ്ടാൽ യോഗ്യനാണെന്ന് തോന്നും. എപ്പോഴും ധരിക്കുന്നത് വെള്ളവസ്ത്രം ആയിരുന്നു. പക്ഷേ കയ്യിലിരിപ്പ് അത്ര വെളുപ്പ് ആയിരുന്നില്ല. അതാണ് ജോസഫ് ഉദ്ദേശിച്ചത്. അത് ശരിയാണെന്ന് എനിക്കും അറിയാം.

സംസാരിച്ചു വന്ന് എന്റെ റൂമിന്റെ മുന്നിൽ ഞങ്ങൾ നിന്നു. പഴയ കഥയുടെ ബാക്കി കിടക്കുന്നു. അതുകൊണ്ടു ഞാൻ ചോദിച്ചു.

“ഒരു മകനേയുള്ളൂ അല്ലേ”

“അല്ല അവന്റെ ഇളയത് ഒരാളുണ്ട്. അവൻ ബാങ്ക് ഉദ്യോഗസ്ഥനാണ്. വിവാഹം കഴിഞ്ഞു ചെങ്ങന്നൂരില് കുടുംബമായി ജീവിക്കുന്നു. ഞാൻ ഇടയ്ക്ക് അങ്ങോട്ടു പോകും. പക്ഷേ സ്ഥിരമായി അവന്റെ കൂടെപ്പോയി താമസിച്ചാൽ ഇടയ്ക്ക് എൽസിയെ കാണാൻ പറ്റാതെ വരും. പിന്നെ എനിക്കു പെൻഷൻ ഉണ്ടല്ലോ. അതുകൊണ്ടു ഇവിടെ താമസിക്കുന്നു. സ്വന്തം വീട്ടിൽ അന്യനായിപ്പോയ വ്യക്തിയാണ് ഞാൻ.” ജോസഫ് ദൂരേക്ക് നോക്കി നിന്നു.

അല്പം കഴിഞ്ഞ് അയാൾ തുടർന്നു. “കഴിഞ്ഞ ജന്മത്തിലെ ശത്രുവാണ് ഈ ജന്മം സന്തതിയാവുന്നത് എന്നു പറയുന്നത് ശരിയാണ്. എന്റെ കാര്യത്തിൽ അത് തികച്ചും വാസ്തവമാണ്”

എനിക്കയാളെ ആശ്വസിപ്പിക്കണം എന്നു തോന്നി. ഞാൻ പറഞ്ഞു.

''നിങ്ങളുടെ മകൻ നിങ്ങളുടെ ശരീരത്തിന്റെ പിന്തുടർച്ചയാവാം. പക്ഷേ നിങ്ങളുടെ വ്യക്തിത്വത്തിന്റെ ബാക്കിയല്ല. അത് ഒരു വേറിട്ട ജീവനാണ്. അതിനെ അങ്ങനെ തന്നെ കാണണം. ഖലീൽ ജിബ്രാൻ പറഞ്ഞതാണ്.''

''ഖലീൽ ജിബ്രാൻ?''

'' ങ്ഹാ, അറബി പ്രണയകവി'' ഞാൻ പറഞ്ഞു. അന്ന് ഞങ്ങൾ പിരിഞ്ഞു.

എന്തോ ഖലീൽ ജിബ്രാന്റെ ആ ഒരു തത്വം ജോസഫിന് വലിയൊരു ആശ്വാസമായതുപോലെ തോന്നി. പിന്നീട് പലപ്പോഴും ഖലീൽ ജിബ്രാന്റെ കവിത വായിച്ചിരിക്കുന്ന ജോസഫിനെ ഞാൻ കണ്ടിരുന്നു.

ഒരിക്കൽ ഒലവക്കോട് റെയിൽവേ സ്റ്റേഷനിലേക്ക് ഞാൻ ധൃതിയിൽ നടക്കുമ്പോൾ ഒരു കാഴ്ച കണ്ടു. എനിക്ക് അന്ന് തൃശൂർ പോകണമായിരുന്നു. ഞാൻ നടന്നു വരുമ്പോൾ റോഡിൻറെ ഇടതുവശത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഫ്രണ്ടിലെ വിശാലമായ മുറ്റത്ത് ഇളം വെയിൽ കൊണ്ട് അവൻ ഇരിക്കുന്നു. ഞാൻ എന്നും ചായ വാങ്ങി കൊടുക്കുന്ന പിച്ചക്കാരൻ. അവൻ എന്തോ കടലാസ്സുകൾ ചുളിവ് മാറ്റി അടുക്കി വെക്കുന്ന തിരക്കിലാണ്. അവൻറെ മുന്നിൽ ചുരുട്ടിക്കൂട്ടി കുറെ സാധനങ്ങൾ കിടക്കുന്നുണ്ട്. അടുത്ത് വന്നപ്പോൾ ഞാൻ രണ്ടു കാര്യം ശ്രദ്ധിച്ചു. ഒന്ന് അവൻറെ മുതുകിൽ മുഴ ഉണ്ടായിരുന്നില്ല. അവന്റെ പുറത്ത് ഉണ്ടായിരുന്ന മുഴ ട്യൂമർ ആയിരുന്നില്ല. മറിച്ച് അവൻ തോർത്തിൽ ചുരുട്ടികൂട്ടി കെട്ടിവച്ചിരുന്ന വസ്തുവായിരുന്നു. അത് അഴിച്ച് മുന്നിലിട്ടാണ് അവൻ അടുക്കി വയ്ക്കുന്നത്. ഞാൻ അടുത്ത് ചെന്നപ്പോൾ ഞെട്ടിപ്പോയി അൻപതിന്റെയും ഇരുപത്തിന്റെയും പത്തിന്റെയുമൊക്കെ നോട്ടുകൾ. അത് ചുരുട്ടി കൂട്ടി വെച്ചിരിക്കുന്നു. ആ ചുരുട്ടി കൂട്ടി വെച്ചിരിക്കുന്ന നോട്ടുകൾ അവൻ അടുക്കി വയ്ക്കുകയാണ്. ധാരാളം നോട്ടുകൾ മുന്നിൽ കരിയില പോലെ കിടക്കുന്നു. ഞാൻ സമീപത്ത് ചെന്നതോ അവനെ ശ്രദ്ധിക്കുന്നതോ ഒന്നും അവൻ കണ്ടില്ല. അതീവ ശ്രദ്ധയോടെ മുന്നിൽ ചുരുട്ടിക്കൂട്ടിയിരിക്കുന്ന നോട്ടുകൾ നിവർത്തി അടുക്കുന്ന തിരക്കിലായിരുന്നു അവൻ. ഞാൻ അവിടുന്ന് നടന്നു പോയി. പിന്നീടും എന്റെ കൈയ്യിൽ നിന്നും സൌജന്യമായി അവൻ ചായ വാങ്ങിക്കൂടിക്കുമായിരുന്നു.

ഒരു ദിവസം എന്നെ കണ്ടപ്പോൾ ജോസഫ് പറഞ്ഞു.

''എല്ലാ പുരുഷന്മാർക്കും നടക്കാതെ പോകുന്ന ഒരു അന്ത്യാഭിലാഷം

**ഞാൻ ജോസഫിനെ നോക്കി. അയാളുടെ കണ്ണുകളിൽ ഒരു അപേക്ഷ തെളിഞ്ഞു കാണാം. "എന്റെ കാലം കഴിഞ്ഞു എന്ന് നിങ്ങൾ അറിഞ്ഞാൽ എപ്പോഴെങ്കിലും തിരുനെല്ലി യിൽ പോകുമ്പോൾ എനിക്കായി ഒരു പിതൃതർപ്പണം നടത്തണം. ജോസഫ് ശാമുവൽ അന്തർപ്പുരയ്ക്ക് ഇനി ഒരു ജന്മം വേണ്ട."**

ഉണ്ടാകും അല്ലേ?'' ജോസഫ് തുടർന്നു. ''രാജാവായിട്ടും ദശരഥന്റെ അവസാന ആഗ്രഹം നടന്നില്ലല്ലോ.''

''ഗണ്ഡാന്തം'' ഞാൻ പറഞ്ഞു.

''എന്ത് ?''

''അതൊരു ജാതക യോഗമാണ്.''

''എനിക്കുമുണ്ടൊരു അന്ത്യാഭിലാഷം. അത് സാധിക്കുമെന്ന് തോന്നുന്നില്ല. ഞങ്ങളുടെ സഭ അത് അംഗീകരിക്കില്ല''. ഒരു നിമിഷത്തെ ഇടവേളയ്ക്ക് ശേഷം ജോസഫ് പറഞ്ഞു.

''മരിക്കുമ്പോൾ എന്റെ ശരീരം ദഹിപ്പിക്കണം. കുഴിച്ചിടരുത്. ദഹിപ്പിച്ച് ഒരുപിടി ചാരം ഭാരതപ്പുഴയിൽ ഒഴുക്കണം എന്നായിരുന്നു ആഗ്രഹം. നടക്കാത്ത മോഹത്തിന്റെ കൂട്ടത്തിൽ അതും കൂടി.''

''അന്ത്യകർമ്മം ചെയ്യാൻ പറ്റിയ സ്ഥലമേതാണ്.'' ജോസഫ് ചോദിച്ചു.

''ഹിന്ദു രീതിയിൽ പറഞ്ഞാൽ, തമിഴ്നാട്ടിൽ രാമേശ്വരം. കേരളത്തിൽ തിരുനെല്ലി. രണ്ടിടത്തും രാമൻ ദശരഥന് വേണ്ടി പിതൃതർപ്പണം നടത്തി എന്നാണ് വിശ്വാസം.'' ഞാൻ പറഞ്ഞു.

''ആത്മമുക്തിക്ക് മതമില്ലല്ലോ.'' ജോസഫ് പറഞ്ഞു. ''തിരുനെല്ലി എവിടെയാണ്?''

'' വയനാട്''

''പോയിട്ടുണ്ടോ''

''ഉവ്വ്. രണ്ടു പ്രാവശ്യം. എന്റെ സുഹൃത്തുക്കൾ അവിടെയുണ്ട്''

അല്പനേരത്തെ മൌനത്തിനു ശേഷം അയാൾ ചോദിച്ചു.

''അവിടെ കർമ്മം ചെയ്യാനുള്ള ചടങ്ങ് എന്താണ്.''

''അത് കൂടുതൽ ഒന്നുമില്ല. പേരും നാളും അറിഞ്ഞാൽ മതി. പിതൃതർപ്പണം ചെയ്യിക്കാൻ കർമ്മികൾ അവിടെയുണ്ട്. അവിടെ എന്നും പിതൃതർപ്പണം ചെയ്യാം. കാർക്കിടക വാവിന് ആയിരങ്ങൾ അവിടെ വന്നു പിതൃതർപ്പണം നടത്തും''.

''ആത്മശാന്തിക്ക് അല്ലേ.'' അയാൾ ചോദിച്ചു.

''അതേ. അവിടെ പിതൃതർപ്പണം നടത്തിയാൽപ്പിന്നെ പുനർജന്മം ഇല്ലെന്നാണ് വിശ്വാസം'' ഞാൻ പറഞ്ഞു.

''അങ്ങനെയെങ്കിൽ മരണത്തിന് പറ്റിയ നല്ല ദിവസമേതായിരിക്കും.?''

''എന്താ ആത്മഹത്യ ചെയ്യാൻ വല്ല പ്ലാനുമുണ്ടോ?'' എനിക്കു തമാശയാണ് തോന്നിയത്.

''ഹെയ്, എന്റെ ഒരു സുഹൃത്ത് ജനനത്തെപ്പറ്റി പ്രതിപാദിക്കുന്ന ചില ഗ്രന്ഥങ്ങൾ ഉണ്ടെന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്.''

''അഗ്നിപുരാണം'' ഞാൻ പറഞ്ഞു.

''അപ്പോൾ മരണത്തിനും ചില ശാസ്ത്രങ്ങൾ ഉണ്ടാകുമല്ലോ''

''സ്വച്ഛന്ദ മൃത്യുവായ ഭീഷ്മർ തിരഞ്ഞെടുത്തത് ഉത്തരായനത്തിന്റെ തുടക്കമാണ്.''

''അത് എന്നാണ്'' ജോസഫിന് ആകാംഷയായി.

''അത് മകരസംക്രമ ദിനം. പിന്നെ അങ്ങോട്ട് ഉത്തരായനമാണ്.'' ഞാൻ പറഞ്ഞു.

''കലണ്ടറിൽ അത് എന്നുവരും''

''ജനുവരി പതിനാല്'' ഞാൻ പറഞ്ഞു.

''ജനുവരി പതിനാല്. ഇനി മുപ്പത്തിയേഴ് ദിവസം'' ജോസഫ് പതുക്കെപ്പറഞ്ഞു. ''ഇപ്പോൾ ഞങ്ങൾക്ക് വ്രതമാണ്. ഡിസംബറാണല്ലോ. ഇരുപത്തഞ്ചു വരെ. ക്രിസ്തുമസ് ദിനത്തിൽത്തീരും. ഞാൻ എല്ലാ വർഷവും വ്രതം നോക്കും. പക്ഷേ ഇപ്രാവശ്യം ഉത്തരായനം വരെ ഞാൻ നോമ്പ് എടുക്കും.'' ജോസഫ് പറഞ്ഞു. പിന്നെ എന്നോടു ചോദിച്ചു.

''നിങ്ങൾ ഒരു സഹായം ചെയ്യുമോ?''

''എന്ത്?''

ജോസഫ് പെട്ടെന്ന് താഴെക്കിടന്ന ഒരു സിഗരറ്റ് കവർ കീറിയെടുത്ത് അതിന്റെ അകത്ത് എന്തോ എഴുതി എന്നെ ഏല്പിച്ചു. ഞാൻ നോക്കി. അയാളുടെ പേരും നാളും.

''മനുഷ്യന്റെ കാര്യമല്ലേ. വയസ്സ് എഴുപത്തിനാലായി. എപ്പോൾ എന്ത് സംഭവിക്കും എന്നു പറയാൻ പറ്റുകയില്ലല്ലോ''.

ഞാൻ ജോസഫിനെ നോക്കി. അയാളുടെ കണ്ണുകളിൽ ഒരു അപേക്ഷ തെളിഞ്ഞു കാണാം.

''എന്റെ കാലം കഴിഞ്ഞു എന്ന് നിങ്ങൾ അറിഞ്ഞാൽ എപ്പോഴെങ്കിലും തിരുനെല്ലി യിൽ പോകുമ്പോൾ എനിക്കായി ഒരു പിതൃതർപ്പണം നടത്തണം. ജോസഫ് ശാമുവൽ അന്തർപ്പുരയ്ക്ക് ഇനി ഒരു ജന്മം വേണ്ട.''

ഞാൻ ജോസഫിനെ സാകൂതം നോക്കി.

എന്റെ മറുപടി കാക്കാതെ അയാൾ നടന്നു പോയി.

പിന്നെ ജോസഫിനെ ഞാൻ കാണുന്നത് രണ്ടാഴ്ച കഴിഞ്ഞാണ്. ഞാൻ ക്ലാസ്സിന്റെ തിരക്കിലായിപ്പോയി. അപ്പോൾ ജോസഫിന്റെ വിരലിൽ വിവാഹമോതിരം ഉണ്ടായിരുന്നില്ല. ആ മോതിരം ആരും ശ്രദ്ധിക്കും. കനം കുറഞ്ഞ വിരലിൽ തടിയൻ ഒരു മോതിരം. അതില് എൽസി എന്നു കൊത്തിയിരുന്നു.

''മോതിരം എന്ത് ചെയ്തു. വിറ്റോ'' ഞാന് ജോസഫിനോട് ചോദിച്ചു.

''അത് വിളക്കാൻ വേണ്ടി എൽസിയെ ഏൽപ്പിച്ചു''. ജോസഫ് പറഞ്ഞു.

അതൊരു വിചിത്രമായ കാര്യമായി എനിക്കു തോന്നി. കാരണം സ്ഥിരമായി ടൌണിൽ പോകുന്നത് ജോസഫ് ആണ്. എന്നിട്ടും... പക്ഷേ ഞാനതിനെപ്പറ്റി പിന്നീട് ഒന്നും ചോദിച്ചില്ല.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു ഞാൻ ജോസഫിനെ കണ്ടപ്പോൾ ലോഹ്യം പറയുന്ന കൂട്ടത്തിൽ ഞാൻ നാട്ടിൽ പോകുന്ന കാര്യം പറഞ്ഞു.

''ജനുവരി പതിനാലിന് വീട്ടിൽ ചില ചടങ്ങുകൾ ഉണ്ട് അതിൽ പങ്കെടുക്കണം. ഞാൻ പിന്നെ ഒരു മൂന്നു നാലു ദിവസം കഴിഞ്ഞേ വരു.''

''അപ്പോൾ നിങ്ങൾ പതിനാലിന് ഇവിടെയില്ല അല്ലേ?.'' ജോസഫ് ചോദിച്ചു.

''ഇല്ല. പതിനേഴിനോ പതിനെട്ടിനോ എത്തും'' ഞാൻ പറഞ്ഞു.

''ഉം'' ജോസഫ് ഒന്ന് മൂളി. പിന്നെ നടന്നു പോയി.

ഞാൻ നാട്ടിൽ നിന്നും തിരിച്ചു വരുന്നത് പതിനെട്ടിനായിരുന്നു. അപ്പോൾ ദൂരെന്നെ കണ്ടു ലോഡ്ജിന് മുമ്പിൽ ഒരു കറുത്ത കൊടി.

ഞാൻ ചായക്കടയ്ക്ക് മുൻപിലെത്തിയപ്പോൾ രഘു ചോദിച്ചു. ''സർ വരുന്ന വഴിയാ''

''ഉം''

ഞാൻ ബെഞ്ചിലിരുന്നു.

അല്പം കഴിഞ്ഞ് രഘു പതുക്കെപ്പറഞ്ഞു. ''സർ പോയപ്പോൾ ഇവിടെയെന്തെല്ലാം ഉണ്ടായി.'' ഒരു നിമിഷം കഴിഞ്ഞ് അവൻ പറഞ്ഞു. ''ജോസഫ് സർ പോയി സാറേ''

എനിക്കൊന്നും മനസ്സിലായില്ല.

''ജോസഫ് സർ നടക്കാൻ പോകുമായിരുന്നല്ലോ. അന്ന് സർ റയിൽവേ ട്രാക്കിന്റെ സൈടിൽക്കൂടി നടക്കുമ്പോൾ പിന്നിൽ നിന്നു വന്ന ഗുഡ്സ് ട്രെയിൻ ഇടിച്ചു തെറിപ്പിച്ചു. വയലിലേക്ക്. ജോസഫ് സർ ഇടയ്ക്ക് റയിൽവേ സ്റ്റേഷൻ കഴിഞ്ഞ് വയലിൽക്കൂടിയുള്ള ട്രാക്കിലൂടെ നടക്കുന്ന ശീലം ഉണ്ടായിരുന്നു. അതിലൂടെ ഒരുകിലോമീറ്റർ നടക്കുമായിരുന്നു. അങ്ങനെ അന്നും...

വൈകിട്ട് ഒരു അഞ്ചരയായിക്കാണും. വയലിൽ കളിച്ചുകൊണ്ടു നിന്ന കുട്ടികൾ കാണുന്നുണ്ടായിരുന്നു സംഭവം. അവർ ഓടിവന്നു നോക്കുമ്പോൾ വയലിലെ ചെളിയിൽ സർ കമിഴ്ന്നു കിടക്കുന്നു. ശ്വാസം ഉണ്ടായിരുന്നില്ല. ഇടിയില് ശരീരത്തിന്റെ പകുതിയും ഉടഞ്ഞുപോയിരുന്നു.'' രഘു പറഞ്ഞു.

''എന്നായിരുന്നു.''

''പതിനാലിന്.''

ഞാൻ ഞെട്ടി. ''പതിനാലിനോ?.''

''ഉം. പതിനാലിന് വൈകിട്ടായിരുന്നു സംഭവം.'' രഘു പറഞ്ഞു.

''പതിനഞ്ചിന് രാവിലെ തന്നെ അടക്കി. ഉടഞ്ഞുപോയ ശരീരമല്ലേ. അധികം വെച്ചോണ്ടിരിക്കാൻ പറ്റില്ലല്ലോ. ദൂരേന്ന് ആരും വരാനുമുണ്ടായിരുന്നില്ല. ഇളയ മകൻ ചെങ്ങന്നൂരിൽ നിന്നും രാത്രി തന്നെ എത്തിയിരുന്നു.'' രഘു പറഞ്ഞു.

ഞാൻ നിശ്ശബ്ദം എല്ലാം കേട്ടിരുന്നു. ഇപ്പോൾ എല്ലാം വ്യക്തമാകുന്നു.

അടുത്ത ദിവസം ഞാൻ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് വിളിച്ചു. ഒരാഴ്ചത്തെ ലീവ് ആവശ്യപ്പെട്ടു. ക്ലാസ് അതിനു ശേഷം ഫിക്സ് ചെയ്താൽ മതി എന്നു പറഞ്ഞു. അവർക്ക് കുറെ ചോദ്യങ്ങൾ ഉണ്ടായിരുന്നു. ഞാൻ ഒന്നിനും മറുപടി പറഞ്ഞില്ല. പിന്നെ ജോസഫ് സാറിനെ അടക്കിയ പള്ളിയിൽ പോയി. കല്ലറയ്ക്കരുകിൽ അല്പനേരം നിന്നു. പിന്നെ റൂമിൽ വന്ന് കുളിച്ചിട്ട് കിടന്നുറങ്ങി.

വെളുപ്പിനെ നാലുമണിക്ക് എണീറ്റ് തയ്യാറായി. ആ സിഗരറ്റ് കൂട് ഭദ്രമായി പോക്കറ്റിൽ വെച്ചു. പിന്നെ പുറപ്പെട്ടു. തിരുനെല്ലിയിലേക്ക്.

● കവിത



# പൊടീ(ക്കൈ)കൾ

ഡോ. യഹ്‌യ വി.പി

പണ്ട്
കടക്കത്തേക്ക്
പ്രവേശനം നിഷിദ്ധമായിരുന്ന കാലത്ത്
ഭക്ഷണങ്ങൾക്ക് രുചി കൂട്ടാൻ
പാചകത്തിലതിവിദഗ്ധയായ പൊന്നുമ്മ
എന്തെല്ലാം പൊടികളാണ് ചേർത്തിരുന്നത്

പ്രാതലിനു പത്തിരിക്ക്
'അലുമിനിക്കുടുക്ക'യിൽ പൊടിവാട്ടി
ആറിവരുമ്പോൾ
'ഒരാൾക്ക് മൂന്നെണ്ണം മാത്രം'
എന്ന് പുറത്തെഴുതിയ പൊടിയിട്ട്
തുണിക്കോന്തലിൽ തുടച്ച കൈയിൽ
വെളിച്ചെണ്ണ പുരട്ടി
കുഴച്ചു മാവാക്കും.
ഏറ്റവും രുചിയുള്ള മൂന്നാമത്തെ
പത്തിരി കഴിച്ചാൽപ്പിന്നെ
നാല് എന്ന അക്കമേ നിലവിലില്ലാത്തതിനാൽ
കുടുക്കക്കകത്ത് പറ്റിപ്പിടിച്ച
മൊരിഞ്ഞ പൊടി വരണ്ടിയെടുത്ത്
നാവിനെ ശമിപ്പിക്കും

ഒഴിവു ദിവസങ്ങളിൽ
ഉച്ചയ്ക്ക് കഞ്ഞിവെള്ളം
കൊട്ടക്കയിലിലൂടെ താഴോട്ടും
കുമ്പളങ്ങാച്ചാർ അന്തരീക്ഷത്തിലൂടെ
മൂക്കിലോട്ടും പതിക്കുമ്പോൾ
'രണ്ടടിച്ചാൽ കൊണ്ടിടിക്കും'
എന്നെഴുതിയ പൊടിയിട്ട്
ഇത്തിരി ഗൗരവം ചേർത്ത് തൂമിച്ച്
ചിരട്ടക്കയിൽ കൊണ്ടിളക്കും.

അത്താഴത്തിന് ഉണക്ക മീൻ പൊരിക്കുമ്പോൾ
'എട്ടിനു മുന്നേ കട്ട് തിന്നരുത്'
എന്നെഴുതിയ പൊടി
അടർന്നുവീണ ചെറുപുഞ്ചിരിയിലലിയിച്ച്
മീൻ മസാലയിൽ ചേർക്കും.
എന്നിട്ട്
വഴിക്കണക്ക് ചെയ്തുകൊണ്ടിരിക്കുന്ന
കുറിഞ്ഞികളുടെ മുഖത്തേക്ക്
ഒരു നോട്ടം പായിക്കും.
ഏഴു മണി മുതലേ
വായിലൂറിയ വെള്ളം
ഗൃഹപാഠത്തിൽ തെറിച്ചുവീണു തുടങ്ങും

അപൂർവ്വം ചില ദിവസങ്ങളിൽ
'വിശപ്പ്' എന്നുമാത്രമെഴുതിയ
അതീവ രുചിക്കൂട്ടിൻ പൊടി
ചോറിൽ മാത്രം വിതറിയാൽ മതി
കൂട്ടാൻ മറ്റൊന്നും വേണ്ട കഴിക്കാൻ

ഇനിയുമെത്രയെത്ര രുചിക്കൂട്ടുകൾ
പറഞ്ഞുതരാനാവുന്നില്ലെനിക്ക്
പേരുപോലുമില്ലാത്തതിനാൽ

പഴയ കടക്കാരൻ
എങ്ങോ പോയ്മറഞ്ഞു
കടയ്ക്കകത്തേക്ക് പ്രവേശനം ലഭിച്ചു
ക്രെഡിറ്റ് കാർഡുമായി
കടയിൽ കയറിയവർ കടക്കാരായി
വിലകൂടിയ കുട്ടിക്കളികൾ
വാങ്ങാൻ കിട്ടുമിപ്പോഴവിടെ

കമ്പോള നിലവാരമിടിഞ്ഞതിനാൽ
പഴയ പൊടിക്കൂട്ടുകളിലൊന്നു പോലും
ഇപ്പോൾ കാണാനേയില്ല,
മരുന്നിനു പോലും,
മഷിയിട്ടു തിരഞ്ഞാൽ പോലും!

'രണ്ടെടുത്താൽ മൂന്നു ഫ്രീ'
'ഇത്തിരി കഴിച്ചാൽ ഒത്തിരി മിഠായി'
എന്ന പേരുകളിൽ സുലഭമായ

പൊടിക്കൂട്ടുകളാണ്
ഇപ്പോൾ ഞങ്ങളുടെ

യൂട്യൂബ് വഴി ബിരുദമെടുത്ത
പാചകക്കാരി ചേർക്കുന്നത്.

ഫാസ്റ്റ് ഫുഡിന്റെ പത്തിലൊന്ന്
രുചി പോലുമില്ലാത്തതിനാൽ
കുഞ്ഞുങ്ങൾ എല്ലായിപ്പോഴും
വാശിയിലും സമരത്തിലുമാണ്.

കാർട്ടൂൺ കഥാപാത്രങ്ങൾ ഓടി നടക്കുന്ന
പരന്ന വർണ്ണപ്പാത്രത്തിൽ
ഭക്ഷണം വിളമ്പി
മൊബൈൽ വീഡിയോകൾ
ശബ്ദം കൂട്ടി വെച്ച്
നാക്കും മൂക്കും അറിയാതെ
ഭക്ഷണം കഴിക്കുകയാണെന്ന
ദുഃഖസത്യം പോലുമറിയിക്കാതെ
ചിരിക്കാൻ വാ തുറക്കുമ്പോൾ
വയറ്റിലോട്ട് ഒഴിച്ചുകൊടുക്കുകയാണ്
ഞങ്ങളിപ്പോൾ.

അടുത്ത പ്രോ മാക്സ് വേർഷനിൽ
ഒരു ബൈപാസ് നിർമ്മിച്ചു കിട്ടിയാൽ
കുറച്ചുകൂടി ഉപകാരമായേക്കും

ഇനി പുതിയ മസാലക്കൂട്ടുകളൊന്നും
മേടിക്കില്ലെന്ന് നിശ്ചയിച്ചുറച്ച്
അത്യാവശ്യങ്ങൾ മാത്രം മേടിക്കാനായി
സൂപ്പർ മാർക്കറ്റിൽ പോയേക്കാം
എന്നു നീ വ്യാമോഹിക്കേണ്ട

മുന്നോട്ടു മാത്രം നോക്കി നടക്കുമ്പോൾ
ഇരുവശങ്ങളിൽ നിന്നും
'ശ്' എന്ന ശബ്ദമുണ്ടാക്കി
അവ നമ്മുടെ ശ്രദ്ധയാകർഷിക്കും.
ചെവി പൊത്തിപ്പിടിക്കാൻ ശ്രമിച്ചാൽ
കൈവിരൽ നീട്ടി ഇക്കിളിപ്പെടുത്തും

എന്നാലും
തിരിഞ്ഞുനോക്കിപ്പോവരുത്.

അവയുടെ മുഖഭാവമെങ്ങാൻ
കണ്ടുപോയാൽ
കൂട്ടാതെ തിരിച്ചുപോരാനാവില്ല
ഒരിക്കലും.

# ഒരുത്തി

● കവിത



മ്യൂസ് മേരി ജോർജ്

ചിലപ്പോൾ നമ്മൾ നമ്മുടെ ജീവിതത്തോട്
പോലും മിണ്ടാതാകും
ഒതുങ്ങിക്കൂടി ഒതുങ്ങിക്കൂടി
തന്നിൽത്തന്നിൽ
മറഞ്ഞിരിക്കും
മിണ്ടാൻകൂടി ആരുമില്ലെന്ന് നിർണ്ണയിക്കുന്ന
നാളുകൾക്കു ശേഷം
മിണ്ടാനൊരുപാടാളുകൾ
ഉണ്ടെന്നു കരുതി നിർത്താതെ മിണ്ടും
കൂടെ ചിരിക്കാൻ
ആളുകൾ ചുറ്റുമുണ്ടെന്നോർത്ത്
പൊട്ടിച്ചിരിക്കും
കണ്ണീർപ്പുഴയിലൂടെ ഒറ്റക്കൊരു വഞ്ചിയിൽ
തനിച്ചു തുഴയുന്നെന്നോർത്ത്
നിർത്താതെ കരയും
വാതിൽപ്പടിയോളം എത്തി
മുടിയഴിച്ചിട്ടു കരഞ്ഞ കാലവർഷക്കാറ്റു പോലെ
ഒരുത്തിയായി മാറും
അപ്പോഴെല്ലാം അവർ പറയും പാവം കിറുക്കി !

# ആത്മാവിന്റെ തുണ

● കവിത



മുഹമ്മദ്
അഫ്റോസ്
ചേകനൂർ

സഞ്ചാരത്തിന്റെ ഓളങ്ങളിൽ
അറ്റുപോയ ശരീരങ്ങൾ
ആരെയും കാണുന്നില്ല

കാതുകൾക്കു ശ്രവിക്കാൻ
ഒരു ആശ്വാസ വാക്കുപോലും
അവശേഷിച്ചിരിപ്പില്ല

ആത്മാവ് നഷ്ടപെട്ട
ശരീരത്തിൽ കെട്ടിവെച്ച
കല്ലിന്റെ ഭാരം
കുറഞ്ഞതുമില്ല

നനയാത്ത നയനകൾക്ക്
മുമ്പിൽ
കടലെടുത്ത ശരീരങ്ങൾക്ക്
അഭയം ലഭിച്ചതുമില്ല

സമുദ്രത്തിന്റെ ആഴത്തിൽ
തപസ്സിരിക്കുന്ന
ആത്മാക്കൾക്ക് തുണയായി
ശരീരാവശിഷ്ടങ്ങൾ മാത്രം ബാക്കി

**Muthoot Finance USA Inc.**



# You Only NEED A GOLD LOAN To Make Your Dreams A REALITY!



**Just avail a gold loan from Muthoot Finance and experience a host of incredible benefits.**

| Maximum Loan Value | Quick Loan Approval | Easy Documentation |
| --- | --- | --- |
| Get the best loan value for your gold | Fast processing to get you your funds immediately | Hassle-free paperwork for a seamless loan experience |

**Trust the gold loan experts and secure your future today.**

Visit our branches at:

**New York Branch**
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900


**New Jersey Branch**
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200

Live Chat: +91 8078014111

**Muthoot Family - 800 years of Business Legacy**

'ടൈറ്റാനിക്', 'ദി റീഡർ', 'റെവല്യൂഷനറി റോഡ്' എന്നീ ചലച്ചിത്രങ്ങളിലെ കേറ്റ് വിൻസ്ലെറ്റിന്റെ അഭിനയ യാത്ര










# കേറ്റ് വിൻസ്ലെറ്റ് അഭിനയത്തിന്റെ സൂക്ഷ്മതലങ്ങൾ

കൽപന പാണ്ഡേ



കേറ്റ് വിൻസ്ലെറ്റിന്റെ ചലച്ചിത്ര യാത്ര കലാപരമായ വൈവിധ്യത്തിന്റെയും വാണിജ്യപരമായ അപകടസാധ്യതകൾ ഏറ്റെടുക്കുന്നതിന്റെയും മനോഹരമായ ഉദാഹരണമാണ്. 1994-ലെ 'ഹെവൻലി ക്രീച്ചേഴ്സ്' എന്ന ചലച്ചിത്രത്തിലൂടെ അരങ്ങേറ്റം കുറിച്ച അവർ, തന്റെ കരിയറിൽ നിർഭയമായി വെല്ലുവിളി നിറഞ്ഞ ചലച്ചിത്രങ്ങൾ തിരഞ്ഞെടുത്തു. ഈ ചലച്ചിത്രങ്ങളിൽ വിൻസ്ലെറ്റ് അഭിനയിക്കുക മാത്രമല്ല, ആ കഥാപാത്രങ്ങളായി ജീവിക്കുകയും ചെയ്തു.

ജെയിംസ് കാമറൂണിന്റെ 'ടൈറ്റാനിക്' (1997) എന്ന ചലച്ചിത്രത്തിൽ റോസ് ഡിവിറ്റ് ബുക്കാറ്ററിന്റെ പ്രണയപരവും ദാരുണവുമായ റോൾ അവതരിപ്പിച്ചതിനുശേഷം കേറ്റ് വിൻസ്ലെറ്റ് ഒറ്റ രാത്രി കൊണ്ടു ആഗോള പ്രശസ്തയായി . ഈ ചലച്ചിത്രം ഇന്ത്യ ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളിൽ വലിയ പ്രേക്ഷക ശ്രദ്ധ നേടി ,അവരുടെ ഹൃദയം തൊട്ട കഥാപാത്രമായിരുന്നു റോസ് .



അവർ ഈ പുതിയ പ്രശസ്തി ഉപയോഗിച്ച് ബ്ലോക്ക്ബസ്റ്റർ ചലച്ചിത്രങ്ങളുടെ പിന്നാലെ പാഞ്ഞില്ല ; പകരം, അവർ ചെറിയ, കൂടുതൽ സങ്കീർണ്ണവും വെല്ലുവിളി നിറഞ്ഞതുമായ റോളുകൾ തിരഞ്ഞെടുത്തു, അതിലൂടെ അവരിലെ അഭിനേത്രിക്ക് പുതിയ വെല്ലുവിളി നിറഞ്ഞ റോളുകൾ അവതരിപ്പിക്കാൻ കഴിഞ്ഞു. 'ടൈറ്റാനിക്കിന് ' ശേഷം, അവരുടെ പേര് ഇന്ത്യയിൽ 'ടൈറ്റാനിക്കിന്റെ നായിക' എന്ന് നിലയിൽ വ്യാപകമായി അറിയപ്പെട്ടു ., അവരുടെ വൈകാരികവും സ്വതസിദ്ധവുമായ അഭിനയം കാരണം, ഇന്ത്യയിൽ , പ്രത്യേകിച്ച് നഗരങ്ങളിലെ യുവാക്കളിലും സിനിമാ പ്രേമികളിലും അവർ അത്യധികം ജനപ്രിയയായി. പിന്നീട് വന്ന സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളും ചലച്ചിത്ര മേളകളും അവരുടെ സൂക്ഷ്മവും തീവ്രവുമായ റോളുകൾക്ക് ആഗോളതലത്തിൽ അംഗീകാരം നൽകി; 'എറ്റേണൽ സൺഷൈൻ ഓഫ് ദി സ്പോട്ട്ലെസ് മൈൻഡ്', 'ദി റീഡർ', 'സ്റ്റീവ് ജോബ്സ്' എന്നിവയിലെ അവരുടെ അഭിനയം അവർക്ക് അക്കാദമിക്, കലാപരമായ, ചലച്ചിത്ര പ്രേമികളുടെ മനസ്സിൽ പ്രത്യേക സ്ഥാനം നേടിക്കൊടുത്തു.

ബെർണാഡ് ഷ്ലിങ്കിന്റെ നോവലിനെ ആധാരമാക്കി സ്റ്റീഫൻ ഡാൽഡ്രി സംവിധാനം ചെയ്ത 'ദി റീഡർ' (2008) രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ജർമ്മനിയുടെ പശ്ചാത്തലത്തിൽ നടക്കുന്ന ഒരു വേദനാജനകമായ സംഭവമാണ്. 15-ാം വയസ്സിൽ മൈക്കിൾ എന്ന യുവാവ്

**ദി റീഡറിൽ കേറ്റ് വിൻസ്ലെറ്റ് അവതരിപ്പിച്ച ഹന്ന ഷ്മിറ്റ്സിന്റെ റോൾ ഒരു ശക്തമായ പ്രകടനമാണ് ഒരേ സമയം വെറുപ്പും സഹതാപവും ഉളവാക്കുന്ന ഒരു കഥാപാത്രം. അവർ ചലച്ചിത്രത്തിൽ ഒരു രഹസ്യ വ്യക്തിയായി അരങ്ങേറുന്നു; അവളുടെ കർക്കശമായ ഭാവവും കടുപ്പമേറിയ ഭാഷയുടെ ഉപയോഗവും ഒരു സായുധ, ലോകത്തിൽ നിന്ന് വേറിട്ടുനിൽക്കുന്ന സ്ത്രീയെ സൂചിപ്പിക്കുന്നു**

30 വയസ്സുള്ള ഒറ്റപ്പെട്ടു കഴിയുന്ന ഹന്ന ഷ്മിറ്റ്സുമായി (വിൻസ്ലെറ്റ്) സൗഹൃദം സ്ഥാപിച്ച് ശാരീരികമായി അടുക്കുന്നു. പതിവ് കൂടിക്കാഴ്ചകളിൽ, ഹന്ന 15 വയസ്സുള്ള മൈക്കിളിന് പുസ്തകങ്ങൾ നൽകി ഉച്ചത്തിൽ വായിക്കാൻ ആവശ്യപ്പെടുന്നു. ഇങ്ങനെ ദിവസങ്ങൾ തുടരുമ്പോൾ, അവൾ പെട്ടെന്ന് അപ്രത്യക്ഷമാകുന്നു, അവരുടെ ബന്ധം അവസാനിക്കുന്നു. വർഷങ്ങൾക്ക് ശേഷം, നിയമ വിദ്യാർത്ഥിയായ മൈക്കിൾ യുദ്ധ കുറ്റവിചാരണയ്ക്കായുള്ള കോടതിയിൽ ഹാജരാകുമ്പോൾ ഞെട്ടുന്നു, കാരണം ഹന്നയെ നാസി സുരക്ഷാ ഉദ്യോഗസ്ഥയായി ആരോപിച്ച് കോടതിയിൽ വിചാരണ ചെയ്യുകയാണ് , അവൾ നൂറുകണക്കിന് തടവുകാരെ ഒരു തീപിടുത്തത്തിൽ കൊല്ലാൻ അനുവദിച്ചുവെന്നാണ് ആരോപണം ചലച്ചിത്രം രണ്ട് കാലഘട്ടങ്ങളിൽ വികസിക്കുന്നു 1950കളിലെ ആവേശകരവും നിയമവിരുദ്ധവുമായ പ്രണയവും 1960-കളിലെ കോടതി അന്വേഷണവും; ഹന്ന നിരക്ഷരയാണെന്നത് അവർ സമർത്ഥമായി മറച്ചുവച്ചിരുന്നു, അവളുടെ വ്യക്തിത്വം വെളിപ്പെടുമ്പോൾ മൈക്കിൾ (ഒപ്പം പ്രേക്ഷകരും) അവരുടെ മനസ്സിൻറെ സങ്കീർണ്ണത മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ജയിലിൽ, ഹന്ന വായിക്കാൻ പഠിക്കുന്നു, മൈക്കിൾ അവൾക്ക് ടേപ്പുകളിൽ പുസ്തകങ്ങൾ വായിച്ചു അയയ്ക്കുന്നു, അതിലൂടെ അവരുടെ ബന്ധം വീണ്ടും ശക്തമാകുന്നു സിനിമ കുറ്റബോധം, ലജ്ജ, ഹോളോകോസ്റ്റിനിരയായ വിവിധ തലമുറകളുടെ മുറിവുകൾ എന്നിവ സൂക്ഷ്മമായി അവതരിപ്പിക്കുന്നു . വിൻസ്ലെറ്റ് അവതരിപ്പിച്ച ഹന്ന ഷ്മിറ്റ്സിന്റെ റോൾ ഒരു ശക്തമായ പ്രകടനമാണ് ഒരേ സമയം വെറുപ്പും സഹതാപവും ഉളവാക്കുന്ന ഒരു കഥാപാത്രം. അവർ ചലച്ചിത്രത്തിൽ ഒരു രഹസ്യ വ്യക്തിയായി അരങ്ങേറുന്നു; അവളുടെ കർക്കശമായ ഭാവവും കടുപ്പമേറിയ ഭാഷയുടെ ഉപയോഗവും ലോകത്തിൽ നിന്ന് വേറിട്ടുനിൽക്കുന്ന നിഗൂഢയായ സ്ത്രീയെ സൂചിപ്പിക്കുന്നു. മൈക്കിളുമായുള്ള അവളുടെ ബന്ധം ആഴത്തിലാകുമ്പോൾ, അവളുടെ ചിരിയിൽ മറഞ്ഞിരിക്കുന്ന മാനുഷിക ഭാവങ്ങൾ വെളിപ്പെടുന്നു. കോടതി രംഗങ്ങളിൽ അവളുടെ അഭിനയം പ്രത്യേകമായി ശ്രദ്ധേയമാണ് ഹന്നയുടെ

നിരക്ഷരത വെളിപ്പെടുമ്പോൾ, അവൾ തനിക്കെതിരെയുള്ള തെറ്റായ റിപ്പോർട്ടുകളെ എതിർക്കാൻ വിസമ്മതിക്കുമ്പോൾ, വിൻസ്ലെറ്റിന്റെ മുഖത്തു ലജ്ജയും അവജ്ഞയും നിറയുന്നു , അതിൽ നിന്ന് വാക്കുകളേക്കാൾ വലിയ സന്ദേശം ലഭിക്കുന്നു.

പിന്നീട് ജയിലിൽ, അവരെ മൈക്കിളിൽ നിന്ന് ലഭിച്ച ടേപ്പുകളുമായിരിക്കുന്ന വൃദ്ധയായി കാണാം .അത് അവരുടെ ഭൂതകാലവുമായുള്ള പോരാട്ടത്തിന്റെ പ്രതീകമാകുന്നു. വിൻസ്ലെറ്റ് ഹന്നയെ അത്ര മനുഷ്യത്വപരമായ രീതിയിൽ അവതരിപ്പിച്ചു, അതിനാലായിരുന്നു 2009-ൽ അവർക്ക് മികച്ച അഭിനേത്രിയ്ക്കുള്ള ഓസ്കാർ ലഭിച്ചത് , നൈതികമായി ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ ഇടപെടാനുള്ള അവരുടെ കഴിവിന്റെ തെളിവായി ഈ റോൾ .. ഈ റോളിനായി അവർ കഠിനമായി തയ്യാറെടുത്തു വൃദ്ധ സ്ത്രീകളുടെ പെരുമാറ്റം പഠിച്ചു ഹന്നയെ പ്രായത്തിന് അനുയോജ്യമായി കാണിച്ചു, ജർമ്മൻ ഉച്ചാരണത്തിൽ പ്രാവീണ്യം നേടി, അതിലൂടെ അവരുടെ ചിത്രീകരണത്തിന് യഥാതഥത്വം ലഭിച്ചു. അവർ ഹോളോകോസ്റ്റിന്റെ സാക്ഷികളെ കണ്ടു ഹന്നയുടെ മാനസികാവസ്ഥയെക്കുറിച്ച് അന്വേഷിച്ചു, ചരിത്രപരമായ സന്ദർഭങ്ങളും വ്യക്തിഗത മനഃശാസ്ത്രപരമായ വശങ്ങളും അവർ സന്തുലിതമായി അവതരിപ്പിച്ചു .

കേറ്റിന്റെ 'റെവലൂഷനറി റോഡ്' എന്ന ചലച്ചിത്രം നഗരപ്രാന്തത്തിലെ ജനങ്ങളുടെ നിരാശയുടെ ചിത്രീകരണമാണ്. സാം മെൻഡസ് സംവിധാനം ചെയ്ത ചിത്രം റിച്ചാർഡ് യേറ്റ്സിന്റെ 1961-ലെ നോവലിനെ ആധാരമാക്കിയാണ് .1950-കളിലെ നഗര ജീവിതത്തിൻറെ സങ്കീർണ്ണമായ അന്തരീക്ഷത്തിൽ ആണ് കഥ നടക്കുന്നത് ഫ്രാങ്ക്-ഏപ്രിൽ വീലർ ദമ്പതികളുടെ അസംതൃപ്തമായ ജീവിതത്തെക്കു

**'റെവലൂഷനറി റോഡിൽ വിൻസ്ലെറ്റിന്റെ ശരീരഭാഷയും അസ്വസ്ഥമായ നടത്തവും മനസ്സിലെ രോഷവും അവർ ഒരു ഗാർഹിക ജയിലിൽ കുടുങ്ങിയതിൻറെ വികാരങ്ങളെ പ്രകടിപ്പിക്കുന്നു. ഈ ചലച്ചിത്രത്തിലെ ഏറ്റവും ആവേശകരമായ നിമിഷങ്ങൾ ഫ്രാങ്കുമായുള്ള വാദങ്ങളിലാണ്,**

റിച്ച് വെളിച്ചം വീശുന്ന കഥ.. ഫ്രാങ്ക് (ഡികാപ്രിയോ) ഒരു ഓഫീസ് ജോലിക്കാരനാണ് , അതേസമയം ഏപ്രിൽ (വിൻസ്ലെറ്റ്), ഒരു മുൻ അഭിനേത്രി, വീട്ടമ്മയുടെ റോളിൽ താൻ കുടുങ്ങിയതായി അവർക്ക് അനുഭവപെടുന്നു . കൂടുതൽ സമ്പന്നവും സന്തോഷകരവുമായ ജീവിതത്തിന്റെ സാക്ഷാൽക്കാരത്തിനായി



ഏപ്രിൽ പാരീസിലേക്ക് പോകാനുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നു, അത് ആദ്യം ഫ്രാങ്ക് സ്വീകരിക്കുന്നു; എന്നാൽ പിന്നീട് സാമൂഹിക സമ്മർദ്ദത്താൽ അത് മാറുന്നു. ഇത് അവരുടെ വിവാഹത്തിൽ സ്ഫോടനാത്മക സംഭവങ്ങൾ സൃഷ്ടിക്കുന്നു . ഭാര്യാഭർത്താക്കന്മാർ തമ്മിൽ അകലുന്നു ..

അതിന്റെ അവസാനം ഏപ്രിലിന്റെ മൂന്നാമത്തെ ഗർഭധാരണം തടയാനുള്ള ഭയാനകമായ ശ്രമത്തിലാണ് ഈ തീരുമാനം അവളുടെ മരണത്തിന് കാരണമാകുന്നു. ചലച്ചിത്രം ഫ്രാങ്കിന്റെ ശൂന്യമായ ജീവിതത്തിലേക്ക് വിരൽ ചൂണ്ടി അവസാനിക്കുന്നു. 'റെവലൂഷനറി റോഡ്' അമേരിക്കൻ സ്വപ്നത്തിന്റെ കടുത്ത വിമർശനമാണ്, ഇത് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലെ ശുഭാപ്തിവിശ്വാസത്തിന് പിന്നിലുള്ള പൊള്ളത്തരങ്ങൾ വെളിപ്പെടുത്തുന്നു. ഏപ്രിൽ വീലറായി, വിൻസ്ലെറ്റ് അശ്രാന്തമായ തീവ്രതയോടെ അഭിനയിച്ചു. തുടക്കം മുതൽ, സിനിമയിൽ , തിളക്കമുള്ള പുഞ്ചിരിക്ക് പിന്നിൽ മറഞ്ഞിരിക്കുന്നത് നിരാശയും അസംതൃപ്തിയും ഉള്ള ഒരു സ്ത്രീയാണ് ഏപ്രിൽ എന്ന സൂചനയുണ്ട് . .. വിൻസ്ലെറ്റിന്റെ ശരീരഭാഷയും അസ്വസ്ഥമായ നടത്തവും മനസ്സിലെ രോഷവും അവർ ഒരു ഗാർഹിക ജയിലിൽ കുടുങ്ങിയതിൻറെ വികാരങ്ങളെ പ്രകടിപ്പിക്കുന്നു. ഈ ചലച്ചിത്രത്തിലെ ഏറ്റവും ആവേശകരമായ നിമിഷങ്ങൾ ഫ്രാങ്കുമായുള്ള വാദങ്ങളിലാണ്, അവിടെ വിൻസ്ലെറ്റ് ദേഷ്യവും ദുഃഖവും തുറന്നുപറഞ്ഞു. അവളുടെ ഗർഭച്ഛിദ്ര തീരുമാനവും പ്രവൃത്തിയും

മനസ്സിനെ മരവിപ്പിക്കുന്ന സംഭവമാണ്. വിൻസ്ലെറ്റ് ഏപ്രിലിന്റെ ശാന്തമായ ദൃഢനിശ്ചയവും തുടർന്നുള്ള വേദനയും പരിമിതമായ സംഭാഷണങ്ങളിലൂടെ അവതരിപ്പിച്ചു. ഡികാപ്രിയോയുമായുള്ള അവളുടെ രസതന്ത്രം, മുമ്പ് 'ടൈറ്റാനിക്കി'ലെ അഭിനയത്തെ ഓർമ്മപ്പെടുത്തുന്നതാണ് .അവരുടെ തകർച്ചയിലേക്കു പോകുന്ന ബന്ധത്തെ സൂക്ഷ്മമായി അവതരിപ്പിക്കുന്ന . വിൻസ്ലെറ്റിന്റെ ഈ റോളിന് മികച്ച അഭിനേത്രിക്കുള്ള ഗോൾഡൻ ഗ്ലോബ് ലഭിച്ചു.

'ടൈറ്റാനിക്', 'ദി റീഡർ', 'റെ

**'ടൈറ്റാനിക്' ഒരു ചരിത്രപരമായ പ്രണയകഥയാണ്, അതിൽ ദുരന്തത്തിന്റെ പശ്ചാത്തലമുണ്ട്; റോസിന്റെ അടിച്ചമർത്തപ്പെട്ട സമൂഹവാദ ദൃഷ്ടികോണിൽ നിന്ന് സ്വാതന്ത്ര്യം അനുഭവിച്ച വ്യക്തിയിലേക്കുള്ള പരിവർത്തനത്തിന്റെ കഥ, നോസ്റ്റാൾജിക് പുനരാഖ്യാനത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു, അതിൽ വർഗ്ഗം, സ്വാതന്ത്ര്യം തുടങ്ങിയ ശക്തമായ വിഷയങ്ങൾ ഉൾപ്പെടുന്നു.**



വലൂഷനറി റോഡ്' എന്നീ ചലച്ചിത്രങ്ങളിലെ കഥാസന്ദർഭങ്ങൾ താരതമ്യം ചെയ്യുമ്പോൾ, ഓരോ കഥയും വ്യത്യസ്ത ദൃഷ്ടികോണുകളിൽ നിന്ന് മാനുഷിക ബന്ധങ്ങൾ, മാറ്റം ,, സാമൂഹിക പ്രതിസന്ധികൾ എന്നിവക്ക് വ്യഖ്യാനം നൽകുന്നു. 'ടൈറ്റാനിക്' ഒരു ചരിത്രപരമായ പ്രണയകഥയാണ്, അതിൽ ദുരന്തത്തിന്റെ പശ്ചാത്തലമുണ്ട്; റോസിന്റെ അടിച്ചമർത്തപ്പെട്ട സമൂഹവാദ ദൃഷ്ടികോണിൽ നിന്ന് സ്വാതന്ത്ര്യം അനുഭവിച്ച വ്യക്തിയിലേക്കുള്ള പരിവർത്തനത്തിന്റെ കഥ, നോസ്റ്റാൾജിക് പുനരാഖ്യാനത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു, അതിൽ വർഗ്ഗം, സ്വാതന്ത്ര്യം തുടങ്ങിയ ശക്തമായ വിഷയങ്ങൾ ഉൾപ്പെടുന്നു. മറുവശത്ത്, 'ദി റീഡർ' നമ്മോടു അടുത്തു നിൽക്കുന്ന ചലച്ചിത്രമാണ്, അത് ഹന്നയുടെയും മൈക്കിളിന്റെയും ബന്ധത്തിന്റെ വ്യക്തിപരവും ധാർമ്മികവുമായ പ്രത്യാഘാതങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു; അതിന്റെ നോൺ-ലീനിയർ കഥാസന്ദർഭം ഭൂതകാലത്തിലെ പ്രണയവും വർത്തമാനകാലത്തിലെ പ്രത്യാഘാതങ്ങളും സംയോജിപ്പിക്കുന്നു, കുറ്റബോധം, അറിവ് , ഹോളോകോസ്റ്റിന്റെ പാരമ്പര്യം എന്നീ വിഷയങ്ങളിലൂടെ കഥയെ നയിക്കുകയും പ്രേക്ഷകരെ അസ്വസ്ഥരാക്കുന്ന ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു. അതേസമയം, 'റെവലൂഷനറി റോഡ്' ഒരു ഗാർഹിക ദുരന്തമാണ്, അത് ദമ്പതികളുടെ ജീവിതത്തിലെ വികസിക്കുന്ന കഥാസന്ദർഭങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്; അതിന്റെ രേഖീയവും ചുരുങ്ങിയതുമായ കഥാസന്ദർഭം ഫ്രാങ്കിന്റെയും ഏപ്രിലിന്റെയും പ്രതീക്ഷയിൽ നിന്ന് നിരാശയിലേക്കുള്ള അധഃപതനത്തെ പിന്തുടരുന്നു, അതിൽ അനുരൂപത, അപൂർണ്ണമായ സ്വപ്നങ്ങൾ, ലിംഗ റോളുകൾ എന്നീ വിഷയങ്ങളിലൂടെ സാമൂഹിക മിഥ്യാധാരണയുടെ സൂക്ഷ്മമായ ചിത്രീകരണം നടത്തുന്നു . വ്യത്യാസങ്ങൾ ഉണ്ടെങ്കിലും , ഈ മൂന്ന് ചലച്ചിത്രങ്ങളിലും കെണിയിൽ കുടുങ്ങിയ സ്ത്രീയുടെ വ്യത്യസ്ത സാഹചര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു 'ടൈറ്റാനിക്കി'ലെ റോസിന്റെ, 'ദി റീഡർ'ലെ ഹന്നയുടെ, 'റെവലൂഷനറി റോഡ്'ലെ ഏപ്രിലിന്റെ സാഹചര്യങ്ങൾ ഓരോ കഥയും മോചനത്തിനുള്ള ശ്രമങ്ങളെ അന്വേഷിക്കുന്നു: റോസിന് ജാക്ക് വഴി, ഹന്നയ്ക്ക് സാക്ഷരത വഴി, ഏപ്രിലിന് അവളുടെ പാരീസ് സ്വപ്നം വഴി. വിൻസ്ലെറ്റിന്റെ കഥാപാത്രങ്ങൾ ഐഡന്റിറ്റി, സ്വയംഭരണം, സാമൂഹിക പ്രതീക്ഷകൾ എന്നിവയുമായി പോരാടുന്നു, അതിലൂടെ അവരുടെ അഭിനയം ഈ കഥകൾക്ക് മിഴിവ് നൽകുന്നു .

വിൻസ്ലെറ്റിന്റെ വ്യത്യസ്തമായ വേഷങ്ങളിൽ പകർന്നാടി നിൽക്കുന്ന അഭിനയ ശേഷി മാസ്റ്റർ ക്ലാസ്ആയി അംഗീകരിക്കപ്പെടുന്നു. അവരുടെ വൈകാരികമായ ആത്മാർത്ഥത അതിലെ പ്രധാന സവിശേഷതയാണ്; 'ടൈറ്റാനിക്കിൽ റോസിന്റെ ദുഃഖം അവർ അത്യധികം തീവ്രതയോടെ പ്രകടി




പ്പിക്കുന്നു , 'ദി റീഡറിൽ ഹന്നയുടെ ലജ്ജ പ്രേക്ഷകരുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങും ., 'റെവലൂഷനറി റോഡ്'ൽ ഏപ്രിലിന്റെ നിരാശ ആഴത്തിൽ അനുഭവപ്പെടുന്നു. അവർ നാടകീയതയും അമിത പ്രകടനവും ഒഴിവാക്കി കഥാപാത്രത്തിന്റെ സൂക്ഷ്മതകൾക്ക് മുൻഗണന നൽകുന്നു, കഥാപാത്രങ്ങളുടെ ആന്തരിക വികാരങ്ങൾ സ്വാഭാവികമായി വെളിപ്പെടുത്തുന്നു. അവരുടെ ശാരീരിക ഭാഷയും പകർന്നാട്ടവും അപൂർവ്വമാണ് ; അവരുടെ സൂക്ഷ്മമായ ശരീരഭാഷ റോസിന്റെ വ്യത്യസ്ത ഭാവങ്ങളിലൂടെ മോചനത്തിനായുള്ള തൃഷ്ണ പ്രതിഫലിപ്പിക്കുന്നു , ഹന്നയുടെ കാഠിന്യത്തിലൂടെ അവളുടെ അരക്ഷിതത്വം മറയ്ക്കുന്നു, ഏപ്രിൽ അനുഭവിക്കുന്ന മാനസിക സമ്മർദ്ദം അവരുടെ അസ്വസ്ഥതയെ സൂചിപ്പിക്കുന്നു. വിൻസ്ലെറ്റിന്റെ പ്രത്യേക സവിശേഷത അവരുടെ കണ്ണുകളാണ്, അവ പലപ്പോഴും വാക്കുകളേക്കാൾ കൂടുതൽ വാചാലമാണ് .അവരുടെ ശബ്ദ നൈപുണ്യം, അതായത്, ഓരോ റോളിനും അനുയോജ്യമായ ശബ്ദത്തിന്റെ ഉപയോഗം റോസിന് ഉന്നത ക്ലാസ് ഉച്ചാരണം , ഹന്നയ്ക്ക് കഠിനമായ ജർമ്മൻ ഉച്ചാരണം , ഏപ്രിലിന് വൈകാരിക സമ്മർദ്ദം നിറഞ്ഞ ഉച്ചാരണം അവരുടെ കഥാപാത്രങ്ങളെ കൂടുതൽ വിശ്വസനീയവും വൈകാരികവുമാക്കുന്നു. അതേപോലെ ,അവരുടെ കഠിനാധ്വാനം അത്യധികം പ്രശംസനീയമാണ്; 'ടൈറ്റാനിക്കി'നായി അവർ ഐസിൻറെ തണുപ്പുള്ള വെള്ളത്തിൽ അഭിനയിച്ചു ., 'ദി റീഡർ'നായി ഹോളോകോസ്റ്റിൻറെ ഇരകളുടെ കഥകൾ പഠിച്ചു , 'റെവലൂഷനറി റോഡ്'നായി 1950-കളിലെ ലിംഗ ഡൈനാമിക്സ് സൂക്ഷ്മമായി പിന്തുടർന്നു .

ഓൺ-സ്ക്രീൻ രസതന്ത്രത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഡികാപ്രിയോയുമായി രണ്ട് ചലച്ചിത്രങ്ങളിലും 'ദി റീഡർ'ൽ ക്രോസുമായും ഉള്ള പ്രകടനങ്ങൾ അവരുടെ അഭിനയത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു, അതിലൂടെ ഓരോ കഥയിലും അവർ കൂടുതൽ മെച്ചപ്പെടുന്നു . വിൻസ്ലെറ്റിന്റെ ബഹുമുഖമായ കരിയർ, പ്രേക്ഷകരിലുള്ള അവരുടെ ആഴത്തിലുള്ള സ്വാധീനം എന്നിവ ഏഴ് ഓസ്കാർ നോമിനേഷനുകൾ, ഒരു വിജയം, മറ്റ് നിരവധി അവാർഡുകൾ എന്നിവയിലൂടെ വ്യക്തമാകുന്നു . അവരുടെ നിരവധി ഗുണമേന്മയുള്ള ചലച്ചിത്രങ്ങളിൽ, ഈ മൂന്ന് ചലച്ചിത്രങ്ങൾ അവരുടെ അഭിനയ ശേഷി മൂലം എക്കാലവും അവിസ്മരണീയമായിരിക്കും .



# JOYFUL HOME CARE

Caring for your loved ones with a joyful spirit



Joy Mekkatte
CEO

## With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us

# 631-737-1000

**SERVING SUFFOLK, NASSAU & QUEENS COUNTY**

**ഒരു മലയാളി സ്ഥാപനം**

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423

ചെറുകഥ


വര: പി ആർ രാജൻ

# ജനിമൃതികൾക്കപ്പുറത്ത്

രാജീവ് പഴുവിൽ

സൂര്യാസ്തമയം കഴിഞ്ഞ് ഏകദേശം നാലു മണിക്കൂറുകൾ ആയിക്കാണണം. അമ്പലവിളക്കുകൾ അണഞ്ഞു പരിസരം ശൂന്യമായപ്പോൾ വൃദ്ധൻ പതുക്കെ ആൽത്തറയ്ക്കൽ നിന്നെണീറ്റു.

മുന്നിൽ വിരിച്ചിട്ടിരുന്ന തുണിയിൽ, വീണുകിടന്നിരുന്ന നാണയത്തുട്ടുകൾ പെറുക്കിയെടുത്തു. മറ്റെല്ലാം ചുരുട്ടി ഭാണ്ഡത്തിലാക്കി.

സന്തതസഹചാരിയായ മുളവടിയിൽ താങ്ങി എണീറ്റുനിന്നു മൂരി നിവർന്നു. ക്ഷേത്രത്തിനു നേരെ കണ്ണുകൾ പായിച്ചു ഒരു നിമിഷം



ധ്യാനനിരതനായി നിന്നു. പിന്നെ തിരിഞ്ഞു സമീപത്തുള്ള അങ്ങാടിയിലെ കടത്തിണ്ണകളിൽ ഒന്നിലേക്ക് പതുക്കെ നടന്നു.

ഒരു മാസത്തോളമായി അയാൾ ഇവിടെ എത്തിപ്പെട്ടിട്ട്.

ഒരു ദശാബ്ദത്തിനു മുൻപ്, നാട്ടിൽ ജീവിതത്തിലെ കടമകളെല്ലാം തീർന്നു എന്ന് ബോദ്ധ്യമായ അവസരത്തിൽ മക്കളെയും പേരക്കുട്ടികളെയുമെല്ലാം ആശീർവദിച്ചു സ്വമനസ്സാ തീർത്ഥാടനത്തിനിറങ്ങിയ നിമിഷം ഇന്നലെയെന്നപോലെ അയാൾ ഓർത്തു.

അതിനും രണ്ട് വർഷങ്ങൾക്ക് മുൻപ് സഹധർമ്മിണി ശാരദ അയാളെവിട്ട് പരലോകത്തേക്കു പോയിരുന്നു. അന്നുമുതൽ പല പുണ്യസ്ഥലങ്ങളിലേയ്ക്കുള്ള യാത്രകളിൽ ഏർപ്പെട്ടു.

ഒടുവിൽ അവശത അലട്ടിത്തുടങ്ങിയ നാളുകളിൽ ഉത്തർപ്രദേശിലെ ഈ കൊച്ചുഗ്രാമത്തിലെ ക്ഷേത്രപരിസരത്ത് എത്തിപ്പെട്ടപ്പോൾ, എന്തുകൊണ്ടോ ശേഷകാലം ഇവിടെ ഇങ്ങനെ കൂടാം എന്നൊരു ചിന്ത അയാളുടെ മനസ്സിൽ കുടിയേറി.ഈയിടെ ശാരദയെപ്പറ്റിയുള്ള ഓർമ്മകൾ ശക്തിയോടെ അയാളെ മഥിക്കാനും തുടങ്ങിയിരുന്നു.

കടത്തിണ്ണയിലെത്തി കമ്പളം നീർത്തി വിരിച്ചു അയാൾ ചുരുണ്ടുകൂടിക്കിടന്നു. ഒരു കൊച്ചിറയത്തിന്റെ വീതിയുണ്ട് ആ കടത്തിണ്ണയ്ക്ക്.ഒരാൾക്ക് വിസ്തരിച്ചു സുഖമായി കിടക്കാം. അയാളിൽ ഇപ്പോഴും കെട്ടുപോകാതെ അവശേഷിയ്ക്കുന്ന ഗതകാലപ്രൗഢിയുടെ ഒരംശം വായിച്ചറിഞ്ഞിട്ടാകണം, കടയുടമ അയാളെ വിലക്കിയില്ല.

വഴിയരികിലെ വൈദ്യുതപോസ്റ്റിൽ വെളിച്ചത്തിന്റെ ചെറിയ തുണ്ട് മങ്ങിയും പ്രകാശിച്ചും നിന്നു.

ചിരപരിചിതമായ ചീവീടുകളുടെ ശബ്ദത്തിനു ശക്തി കൂടിക്കൂടി വന്നു. സാവധാനം കണ്ണടച്ച് ഉറങ്ങാൻ തുടങ്ങിയപ്പോൾ ഒരു പൂച്ചയുടെ ശബ്ദം.

'മ്യാവൂ'.

'ശ്ശേ , ഇതെവിടുന്നു വന്നു? മനുഷ്യനെ ഉറങ്ങാൻ സമ്മതിയ്ക്കാതെ'.

ഈർഷ്യയോടെ അയാൾ വടിയെടുത്തു നിലത്തടിച്ചു ശബ്ദമുണ്ടാക്കി.

പൂച്ച പടിയിൽ നിന്ന് അയാളെ തന്നെ നോക്കി വീണ്ടും 'മ്യാവൂ' വിളിച്ചതല്ലാതെ എങ്ങും പോയില്ല. അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നു.

തളർച്ചയ്ക്കിടയിൽ അയാളെപ്പോഴോ ഉറങ്ങിപ്പോയി .

രാവിലെ ഉറക്കമുണർന്നപ്പോൾ പൂച്ച തന്നോട് ചേർന്ന് കിടക്കുന്നതു കണ്ടു.

എന്തോ അയാൾ ശല്യപ്പെടുത്താൻ പോയില്ല. പകരം, കുറച്ചു നേരം അതിനെ നോക്കിയിരുന്നു.

അല്പം പ്രായമുണ്ടെന്ന് തോന്നുന്നുവെങ്കിലും, നല്ല വെളുത്ത ഭംഗിയുള്ള ഒരു പെൺപൂച്ച. പിന്നീടുള്ള ദിവസങ്ങളിൽ അതാവർത്തിച്ചു.

രാത്രി എവിടെനിന്നോ ആ പൂച്ച അയാൾക്കടുത്തെത്തി. കൂടെ ചേർന്നുകിടന്നു. കണ്ണുകളിൽ നോക്കി.

അയാളുടെ കയ്യും മുഖവും നക്കിത്തുടച്ചു.

രാവിലെ അയാൾ ക്ഷേത്ര പരിസരത്തേക്ക് പോകുമ്പോൾ പൂച്ചയും എങ്ങോട്ടോ യാത്രയാകും.

അയാളും പൂച്ചയും ഗ്രാമവാസികൾക്കിടയിൽ സംസാരവിഷയമായി. അയാൾക്കാണെങ്കിൽ ഇപ്പോൾ അതിനെ ക്കൂടാതെ ജീവിയ്ക്കാൻ പറ്റില്ലെന്ന അവസ്ഥയായിരിക്കുന്നു.

അന്ന് സന്ധ്യക്ക് മഴ തുടങ്ങി.

വല്ലാത്ത മഴ.

വൃദ്ധൻ നേരത്തെ കടത്തിണ്ണയിലേയ്ക്കെ ത്തിയെങ്കിലും അയാൾ നനഞ്ഞിരുന്നു. ശരീരം വല്ലാതെ വിറയ്ക്കാൻ തുടങ്ങി.

പൂച്ചയെ അവിടെ കണ്ടില്ല.

അയാൾ ചുരുണ്ട് കൂടി വഴിക്കണ്ണുമായി പൂച്ച വരുന്നതും നോക്കിക്കിടന്നു. രാത്രിയുടെ അർദ്ധയാമങ്ങളിലെപ്പോഴോ ഒരു ഞരക്കം കേട്ട വൃദ്ധൻ കണ്ണുകൾ വലിച്ചുതുറക്കാൻ ശ്രമിച്ചു.

പക്ഷേ സാധിക്കുന്നില്ല.

ചെവി വട്ടം പിടിച്ചു 'മ്യാവൂ' ശബ്ദത്തിനു കാതോർത്തു.

ഒന്നും കേൾക്കാനാവുന്നില്ല.

അടുത്തനിമിഷം തന്റെ മുഖം നക്കിത്തുടയ്ക്കുന്നതയാളറിഞ്ഞു.

അവൾ എത്തിയിരിക്കുന്നു.

കൈയ്യൊന്നുയർത്തി ഒന്നു തലോടാൻ വൃദ്ധൻ ആഗ്രഹിച്ചു. പാടുപെട്ടു ശ്രമിച്ചെങ്കിലും അതിനു സാദ്ധ്യമായില്ല.

തന്റെ അവസാനം അടുത്തെത്തിയിരിക്കുന്നോ ? ഒരു ഞെട്ടലോടെ അയാൾ ഓർത്തു.

രണ്ട് കണ്ണുകൾ തന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുകയാണെന്ന തോന്നൽ ഉള്ളിൽ അതിശക്തമായപ്പോൾ അവസാനശക്തിയും സംഭരിച്ചയാൾ കണ്ണുകൾ വലിച്ചു തുറന്നു.

പൂച്ച അയാളെത്തന്നെ ഇമവെട്ടാതെ നോക്കിയിരിക്കുകയാണ്.

ആ കണ്ണുകൾ! ശരീരത്തിൽ എവിടെയോ ഒരു മിന്നൽപ്പിണർ!

പൊടുന്നനെ കോരിത്തരിപ്പോടെ അയാളത് തിരിച്ചറിഞ്ഞു.

ശാരദയുടെ കണ്ണുകൾ!

ഒരു ദശകത്തിനും മുൻപ് തന്നെ വിട്ടുപോയ പ്രിയപ്പെട്ടവൾ ഇവിടെ മറ്റൊരു ദേശത്തിൽ മറ്റൊരു രൂപത്തിൽ തന്റെ അവസാനനാളുകളിൽ കൂട്ടിനായി പുനർജ്ജനിച്ചെത്തിയോ?

ഇത് സംഭവ്യമോ?

'ശാരദേ', വൃദ്ധൻ ആ കണ്ണുകളിൽ ഉറ്റുനോക്കി ഉറക്കെ വിളിച്ചു.

ശബ്ദം പുറത്തു വന്നില്ല.

പക്ഷേ അതു കേട്ടമട്ടിൽ കണ്ണു ചിമ്മിയ പൂച്ച അയാളുടെ മുഖം സ്നേഹത്തോടെ വീണ്ടും നക്കിത്തുടച്ചു.

വിസ്മയം വിടർന്ന കണ്ണുകളിൽ നിന്ന് സന്തോഷാശ്രുക്കൾ ഉതിർന്നു വീഴവേ അയാളൊന്നു പുഞ്ചിരിച്ചു.

ജീവിതത്തിൽ തനിയ്ക്ക് എല്ലാം നേടാനായി യെന്ന ചാരിതാർഥ്യം നിറഞ്ഞ് നിന്നിരുന്ന പുഞ്ചിരി.

നിമിഷങ്ങൾക്കുള്ളിൽ ആ കണ്ണുകളിലെ തിളക്കം നിലച്ചപ്പോൾ, കൺപോളകളിൽ നക്കി അവളവയടച്ചു വെച്ചു.

എന്നിട്ട് വൃദ്ധനോട് ചേർന്ന്കിടന്നു. മഴയപ്പോഴും ആർത്തലച്ചു പെയ്തു കൊണ്ടിരുന്നു.

പിറ്റേന്ന് ഗ്രാമവാസികൾ ആ കാഴ്ച കണ്ടു . കടത്തിണ്ണയിൽ പുഞ്ചിരിയോടെ കിടക്കുന്ന വൃദ്ധന്റെ മരവിച്ച ശവശരീരം.

ആ മുഖത്തോട് മുഖംചേർത്ത് ചത്തുകിടക്കുന്ന പൂച്ചയുടെ തണുത്തു വിറങ്ങലിച്ച ശരീരവും.

മഴ അപ്പോഴും ചന്നംപിന്നം പെയ്തു കൊണ്ടിരുന്നു. അപ്പോൾ.

അകലെയകലെ അനന്തകോടി നക്ഷത്രങ്ങൾക്കുമപ്പുറത്ത്.

ജനിമൃതികൾക്കിടയിലെ നദിക്കരയിൽ ഒരു പാറക്കെട്ടിൽ രണ്ടാത്മാക്കൾ കൈകോർത്തു പരസ്പരം നോക്കിയിരുന്നു.

വീണ്ടും ഒരുമിച്ചൊരു പുനർജ്ജനിയ്ക്ക് ഊഴവും കാത്ത്.



**ഏതു നിമിഷവും തന്റെ ശ്വാസം നിലക്കാമെന്നറിയാമെങ്കിലും, സധൈര്യം രണഭൂവിലേക്കു പോകുന്നൊരു സൈനികന്റെ ആത്മവിശ്വാസമാണ് ദുഷ്കരമായ 108 മണിക്കൂർ താണ്ടാൻ വേദിയിൽ കയറിയ കലാകാരനിൽ ഉണ്ടായിരുന്നത്!**

# മുരളി നാരായണൻ

# പാഴ് മുളം തണ്ടിൽ പാട്ടിന്റെ പാലാഴി

◉ വിജയ് സി.എച്ച്

ബ്രിട്ടീഷുകാരി കാതറിൻ ബ്രൂക്ക് 27 മണിക്കൂറും, 37 മിനിറ്റും, 32 സെക്കന്റും ഫ്ലൂട്ടുവായിച്ചു നേടിയ ഗിന്നസ് റെക്കോർഡ് തളിക്കുളത്തുകാരൻ മുരളി നാരായണൻ പഴങ്കഥയാക്കി. നീണ്ട 108 മണിക്കൂർ നേരം തൃശ്ശൂർ തേക്കിൻകാട് മൈതാനം മറ്റൊരു ചരിത്ര നിർമിതിക്കു സാക്ഷ്യം വഹിച്ചു. കാതറിൻ 2012-ൽ സ്ഥാപിച്ച റെക്കാർഡ്, 2016-ൽ മുരളി ഭേദിച്ചിരുന്നു. 2018-ൽ, കാതറിൻ മുരളിയെ വീണ്ടും പിന്നിലാക്കി. ആ റെക്കോർഡാണ് മുരളിയിപ്പോൾ തകർത്തത്! മുരളി സ്ഥാപിച്ച പുതിയ ലോകറെക്കോർഡ് ഒരുപാടു മുന്നിലായതിനാൽ, പെട്ടെന്നാർക്കും ഭഞ്ജിക്കാൻ കഴിയില്ലെന്നാണ് പൊതുധാരണ.

എന്നാൽ, സംഗീതം മത്സരിക്കാനുള്ളതല്ലെന്ന് മുരളി അടിയുറച്ചു വിശ്വസിക്കുന്നു. തന്റെ ജന്മനാടായ തളിക്കുളത്തു വെച്ചു 2016-ൽ അരങ്ങേറിയ മുരളിയുടെ പ്രഥമ ഗിന്നിസ് പ്രകടനം അതിനാൽ അഭ്യുദയകാംക്ഷികളുടെയും സംഘാടകരുടേയും അഭിപ്രായങ്ങൾ മാനിച്ചായിരുന്നുവെന്ന് മുരളി അസന്ദിഗ്ദ്ധമായി പറയു

**മുരളിയുടെ വേണുവിൽനിന്ന് കർണ്ണാട്ടിക്കും, ഹിന്ദുസ്ഥാനിയും, പാശ്ചാത്യനും, സർവ്വദേശ ഫോകുകളും ഒരുപോലെ ഒഴുകിവന്നു! നിരോഷ്ഠ, ബൗളി, ആഭേരി മുതലായ അത്യുൽകൃഷ്ട രാഗങ്ങളും, ശങ്കരാഭരണം, കല്യാണി, മോഹനം മുതലായ ജനകീയ രാഗങ്ങളുമുൾപ്പെടെ ഇരുനൂറ്റിയമ്പതിൽപരം രാഗങ്ങളും, ആയിരത്തിൽപരം കൃതികളും, മുന്നൂറോളം പ്രശസ്ത സിനിമാ ഗാനങ്ങളും ആരേയും വിസ്മയിപ്പിക്കുന്നവയായിരുന്നു!**





ന്നു. ദാനധർമ്മങ്ങൾ ചെയ്യാൻ എന്തെങ്കിലുമൊരു വരവ് ആ വിജയത്താൽ ഉണ്ടാകുമെന്നതായിരുന്നു പ്രതീക്ഷ.

ഇപ്പോൾ നടത്തിയ 108 മണിക്കൂർ നീണ്ട മാരത്തൻ വേണു ആലാപനത്തിന് കാതറിനെ പിന്നിലാക്കുകയെന്ന ഉദ്ദേശ്യമേ ഇല്ലായിരുന്നുവെന്ന് ഈ ലേഖകന്റെ ഒരു അന്വേഷണത്തിനു പ്രതികരിച്ചുകൊണ്ടു മുരളി വ്യക്തമാക്കി.

കുഞ്ഞുന്നാളിലേ പിതാവിനെ നഷ്ടമായ മുരളിയേയും സഹോദരിയേയും മാതാവ് തങ്കമ്മ വളർത്തിക്കൊണ്ടുവന്നത് കൂലിവേല ചെയ്തും, അയൽക്കാരുടെ അടുക്കളപ്പണിയെടുത്തുമാണെന്നു തുറന്നുപറയുന്നൊരാൾ, കേവലമായ കിടമത്സര ചിന്തകൾക്ക് അതീതനല്ലെങ്കിലേ അതിശയിക്കേണ്ടൂ!

മുരളി, ഈ ഭൂമിയിലെ സമസ്തരുടെയും സമാധാനത്തിനുവേണ്ടി മുരളി മീട്ടുന്നവൻ! നിരാലംബരായവർക്ക് അഭയമായി വൃദ്ധസദനവും, ശരീരം തളർന്നവർക്ക് പുനരധിവാസവുമുൾപ്പെടെ ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനയായ പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയുടെ ജീവരക്തമായ സുമയാണ് ഈ ഗിന്നസ് ചരിത്രങ്ങൾക്കു പിന്നിലെ പ്രചോദനസ്രോതസ്സെന്ന് മുരളി വെളിപ്പെടുത്തി.

ഏതു നിമിഷവും തന്റെ ശ്വാസം നിലക്കാമെന്നറിയാമെങ്കിലും, സധൈര്യം രണഭൂവിലേക്കു പോകുന്നൊരു സൈനികന്റെ ആത്മവിശ്വാസമാണ് ദുഷ്കരമായ 108 മണിക്കൂർ താണ്ടാൻ വേദിയിൽ കയറിയ ആ കലാകാരനിൽ സുമ ദർശിച്ചത്!

ഈയിടെയാണ്, മുരളിയുടെ അടുത്ത രണ്ടു സുഹൃത്തുക്കൾ പുല്ലാംകുഴൽ വായനക്കിടെ കുഴഞ്ഞു വീണു മരിച്ചത്. ഒരാൾ ഗുരുവായൂരും, മറ്റൊരാൾ ബെംഗളുരുവിലും. ശ്വാസകോശങ്ങൾക്ക് അനുഭവപ്പെട്ട ഓവർ സ്ട്രൈനാണ് കാരണമെന്നായിരുന്നു രണ്ടു പേരുടെയും മെഡിക്കൽ റിപ്പോർട്ട്സ്.ഉള്ള് വിങ്ങിപ്പൊട്ടിയിരുന്നുവെങ്കിലും, ഏറ്റെടുത്ത ദൗത്യം ഏട്ടൻ പൂർത്തീകരിക്കുമെന്നതിൽ സുമക്കൊരു സംശയവുമില്ലായിരുന്നു!

അഗതികൾക്കും, അതിദരിദ്രർക്കും, ഭിന്നശേഷിക്കാർക്കും വേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച തന്റെ പിറക്കാത്ത സഹോദരി സുമയുടെ പാദങ്ങളിൽ, ഇതൊരു നേട്ടമാണെങ്കിൽ അത്, മുരളി അർപ്പിക്കുന്നു! ലോക പ്രശസ്തമായ തൃശ്ശൂർ പൂരം കഴിഞ്ഞു അധികം നാളാകും മുമ്പെ മറ്റൊരു ചരിത്ര സംഭവം!

മുരളിയുടെ വേണുവിൽനിന്ന് കർണ്ണാട്ടിക്കും, ഹിന്ദുസ്ഥാനിയും, പാശ്ചാത്യനും, സർവ്വദേശ ഫോകുകളും ഒരുപോലെ ഒഴുകിവന്നു! നിരോഷ്ഠ, ബൗളി, ആഭേരി മുതലായ അത്യുൽകൃഷ്ട രാഗങ്ങളും, ശങ്കരാഭരണം, കല്യാണി, മോഹനം മുതലായ ജനകീയ രാഗങ്ങളുമുൾപ്പെടെ ഇരുനൂറ്റിയമ്പതിൽപരം രാഗങ്ങളും, ആയിരത്തിൽപരം കൃതികളും, മുന്നൂറോളം പ്രശസ്ത സിനിമാ ഗാനങ്ങളും ആരേയും വിസ്മയിപ്പിക്കുന്നവയായിരുന്നു!

അനുപമ മോഹൻ, ഗീതാ പത്മകുമാർ മുതലായ പതിനഞ്ചു പ്രശസ്ത കലാകാരികൾ ഭരതനാട്യവും, കുച്ചിപ്പുടിയും, മോഹിനിയാട്ടവും വേദി

തകർത്താടിയപ്പോൾ, മുരളിയുടെ പുല്ലാംകുഴൽ പിഴവൊട്ടുമില്ലാതെ ചുവടുകൾക്കനുസൃതമായ നാദബ്രഹ്മം തീർത്തു. ഇടകലർന്നെത്തിയ പാശ്ചാത്യ-നാടോടി അവതരണങ്ങളിലും മുരളിയുടെ സ്വാധീനമാണു ഏറെ തെളിഞ്ഞു നിന്നത്.

കുസൃതി നിറഞ്ഞ ഭാവങ്ങളും ശരീരഭാഷയുമായ് നൃത്തമാടി മനുഷ്യമനസ്സുകൾ കീഴടക്കി, ഈയിടെ നവമാധ്യമങ്ങളിൽ നിറഞ്ഞുനിന്ന ഇളംപെൺകുട്ടി വൈഷ്ണവക്ക് മുരളി മുളന്തണ്ട് ഊതിയത് പ്രേക്ഷകർക്ക് വേറിട്ടൊരു അനുഭവമായി!

നാദസ്വരം, വീണ, മിഴാവ്, തിമില, ഉടുക്ക്, മരം മുതലായ നാടൻ ഉപകരണങ്ങൾക്കും, വയലിൻ, വെസ്റ്റേൺ ഫ്ലൂട്ട്, റിതം പേഡ്, സെക്സഫോൺ തുടങ്ങിയ വിദേശ വാദ്യോപകരണങ്ങൾക്കും ഓടക്കുഴൽ ചേരും പടി അകമ്പടി നിന്നു.

ഏഴു തുളകളുള്ള ചെറിയ കുഴലും (ഫോക്), ഒമ്പതു തുളകളുള്ള ഇടത്തരം കുഴലും (കർണ്ണാട്ടിക്), ഏഴു തുളകളുള്ള ബാംസുരി എന്ന വലിയ കുഴലും (ഹിന്ദുസ്ഥാനി), സ്റ്റീലിൽ നിർമ്മിക്കുന്ന വെസ്റ്റേൺ ഫ്ളൂട്ടും (പാശ്ചാത്യം) മുരളിക്കു പ്രിയപ്പെട്ടവ.

സംഗീതമനുസരിച്ചു, ഉദ്ദേശിക്കുന്ന മൂഡ് ആലാപനത്തിൽ കൊണ്ടുവരാൻ, ഈ നാലു തരത്തിൽപ്പെട്ട ഉപകരണങ്ങളും മാറിമാറി മുരളി ഉപയോഗിച്ചിരുന്നു.

മണിക്കൂറിൽ അഞ്ചു മിനിറ്റ് വിശ്രമം എന്ന ഗിന്നസ് അധികൃതരുടെ വ്യവസ്ഥയിൽ വിട്ടുവീഴ്ചയുള്ളത്, കൂടുതൽ മണിക്കൂറുകൾ ബ്രേക്ക് ഇല്ലാതെ ആലപിച്ചാൽ അത്രയും അഞ്ചു മിനിറ്റുകൾ ചേർത്ത സമയം ഒരുമിച്ച് വിശ്രമിക്കാം എന്നുള്ളതിൽ മാത്രമാണ്. മൂന്നു മണിക്കൂർ തുടർച്ചയായി പാടിയാൽ, 15 മിനിറ്റു നേരം ബ്രേക്ക് എടുക്കാമെന്ന്. ഭക്ഷണവും, പ്രാഥമിക കർമ്മങ്ങളും, ഉറക്കവുമെല്ലാം ഇപ്പറഞ്ഞ വിശ്രമവേളയിൽ മാത്രം!

അക്കങ്ങൾ ഡിസ്പ്ളെ ചെയ്യുന്ന ക്ളോക്കു സഹിതം 108 മണിക്കൂർ നേരമുള്ള പ്രകടന വേദിയുടെ വിഡിയോ ആർക്കൈവ്, യാതൊരു വിധ തടസ്സമോ എഡിറ്റിങ്ങോ ഇല്ലാതെയുള്ളതാണ്, അംഗീകാരത്തിനുള്ള ആധാരം. മുരളിയുടെ ആലാപനം നൂറ്റിയെട്ടാമത്തെ മണിക്കൂറിലേക്കു എത്തിക്കൊണ്ടിരുന്ന നിമിഷങ്ങളിൽ, ആനന്ദക്കണ്ണീർ ഒഴുക്കിനിൽക്കുന്ന അദ്ദേഹത്തിന്റെ പത്നി ശെൽവത്തിൻറെയും, മക്കൾ ഭവപ്രിയയുടെയും, ദേവപ്രിയയുടെയും, ശിവപ്രിയയുടെയും ദൃശ്യം, അതു ശ്രദ്ധയിൽപ്പെട്ട സകലരുടെയും കണ്ണുകളെ ഈറനണിയിച്ചു. ലോകചരിത്രം കുറിച്ച ആ ശ്വാസം നിലച്ചില്ലല്ലൊ!

മദ്ധ്യകാല യൂറോപ്പിലെ നാടോടിക്കഥയിൽ പരാമർശിക്കപ്പെടുന്ന മാന്ത്രിക കുഴലൂത്തുകാരനാവാനാണ് മുരളിക്കിഷ്ടം. എലികൾ ഹെമലിൻ നഗരത്തിലെ പൊതുജീവിതം ദുസ്സഹമാക്കിയപ്പോൾ, അവയെ തൻറെ മനോഹര മുരളീനാദത്തിൽ മയക്കി കടലിലേക്കു നയിച്ച് ജനങ്ങളെ രക്ഷിക്കുന്ന 'പൈഡ് പൈപ്പർ' ആയിത്തീരാൻ! മനുഷ്യമനസ്സിലെ വിഴിപ്പുകളാണ് ഈ മൂഷികന്മാർ. സകല തിന്മകളെയും വിദൂരതയിലേക്ക് അകറ്റി മനുഷ്യനെ ശുദ്ധീകരിക്കാനുള്ള ശക്തി 'മായാമുരളി'ക്കുണ്ട്!

താൻ കൊളുത്തിയ സംഗീത മഹായാനത്തിൻറെ നാളം കേരളത്തിലൊ ഭാരതത്തിലൊ മാത്രമല്ല, ഈ ഭൂമികയിലെ സകല രാജ്യങ്ങളിലും വെളിച്ചം വീശണം. ഈ ലോകത്തു നിന്ന് എല്ലാ അശാന്തികളും നീങ്ങി, മാനവസൗഹാർദ്ദം എവിടെയും പുലരട്ടെ!

**ഏഴു തുളകളുള്ള ചെറിയ കുഴലും (ഫോക്), ഒമ്പതു തുളകളുള്ള ഇടത്തരം കുഴലും (കർണ്ണാട്ടിക്), ഏഴു തുളകളുള്ള ബാംസുരി എന്ന വലിയ കുഴലും (ഹിന്ദുസ്ഥാനി), സ്റ്റീലിൽ നിർമ്മിക്കുന്ന വെസ്റ്റേൺ ഫ്ളൂട്ടും (പാശ്ചാത്യം) മുരളിക്കു പ്രിയപ്പെട്ടവ. സംഗീതമനുസരിച്ചു, ഉദ്ദേശിക്കുന്ന മൂഡ് ആലാപനത്തിൽ കൊണ്ടുവരാൻ, ഈ നാലു തരത്തിൽപ്പെട്ട ഉപകരണങ്ങളും മാറിമാറി മുരളി ഉപയോഗിച്ചിരുന്നു.**






# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



സംഗീതം /ഓർമ്മക്കുറിപ്പുകൾ

**മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ എസ് രാജേന്ദ്ര ബാബു പാട്ടിൻറെ കാലം ഓർക്കുന്നു**

എന്റെ സംഗീത വഴികൾ – 6

# സംഘഗായകരുടെ പ്രസക്തി

**എസ്. രാജേന്ദ്ര ബാബു**

എൺപതുകളുടെ തുടക്കത്തിലാണ്. ടിഎസ് മോഹൻ നിർമ്മിച്ച് സംവിധാനം ചെയ്യുന്ന വിധിച്ചതും കൊതിച്ചതും എന്ന മമ്മൂട്ടിച്ചിത്രത്തിന്റെ റെക്കോഡിംഗ് മദിരാശിയിലെ തരംഗിണി സ്റ്റുഡിയോയിൽ നടക്കുന്നു. പൂവച്ചൽ ഖാദറിന്റെ രചനയിൽ രവീന്ദ്രൻ സംഗീതം പകർന്ന മഞ്ചാടിക്കിളിക്കുടിലും പൂചൂടും നേരത്ത് എന്ന ഗാനത്തിന്റെ റിഹേഴ്സൽ പുരോഗമിക്കുകയാണ്. കെ ജെ യേശുദാസും എന്റെ സഹോദരി ലതികയുമാണ് ഗായകർ. ലതികയുടെ തുടക്കകാലം. റെക്കോഡിംഗ് കഴിഞ്ഞപ്പോൾ ഞാൻ ലതികയെ വീട്ടിൽ കൊണ്ടുപോയി വിട്ടിട്ട് വീണ്ടും തരംഗിണിയിൽ വന്നു. തരംഗിണിയിലെ ജീവനക്കാരെല്ലാം എന്റെ സുഹൃത്തുക്കളാണ്.

**ഓർക്കസ്ട്രയുടെയും പാട്ടുകാരുടെയും റിഹേഴ്സൽ കഴിഞ്ഞപ്പോൾ ദാസേട്ടൻ എത്തി. അദ്ദേഹം പാട്ട് പഠിച്ചു കഴിഞ്ഞപ്പോൾ സംഘഗായകരോടും ഓർക്കസ്ട്രയോടും ചേർന്ന് റിഹേഴ്സലും പിന്നെ ടേക്കും. അതിമനോഹരമായ ഒരു വഞ്ചിപ്പാട്ട് സംഘഗായകനായി എന്റെ രംഗപ്രവേശം.**

രവിയേട്ടനുമായുള്ള അടുപ്പം കൊണ്ട് അടുത്ത പാട്ടിന്റെ റെക്കോഡിംഗ് കാണാനുള്ള ആകാംക്ഷയിലാണ് ഞാൻ വീണ്ടും തരംഗിണിയിൽ എത്തിയത്. ആദ്യ ചിത്രമായ ചൂളയിലെ ഗാനങ്ങൾ എല്ലാം ഹിറ്റ് ആയിരുന്നെങ്കിലും കുറേ കാത്തിരിക്കേ വന്നു പുതിയൊരു ചിത്രം രവീന്ദ്രനെ തേടിയെത്താൻ.

ഒരു വഞ്ചിപ്പാട്ടിന്റെ റിഹേഴ്സലാണ് നടക്കുന്നത്. സ്റ്റുഡിയോയുടെ ഒരു ഭാഗത്ത് സി ഒ ആന്റോയും സംഘവും ഇരിപ്പുണ്ട് . എന്നെ കണ്ടയുടൻ രവിയേട്ടൻ അടുത്ത് വിളിച്ചു നീ ആന്റോയുടെ അടുത്ത് ചെല്ല്. കോറസ് പാടാനുള്ള ഭാഗം പറഞ്ഞു തരും.



**ജോൺസണും രാജാമണിയും സംഘഗായകരും റെക്കോഡിംഗ് വേളയിൽ**

**സംഗീതജീവിതത്തിൽ ആരോടെങ്കിലും കടപ്പാട് ഉണ്ടോയെന്ന് ഞാൻ ഒരിക്കൽ ദേവരാജൻ മാസ്റ്ററോട് ചോദിച്ചപ്പോൾ, കെഎസ് ജോർജ്, സുലോചന, സി ഒ ആന്റോ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം, എന്റെ നാടക ഗാനങ്ങൾ ആയിരക്കണക്കിനു വേദികളിൽ അവർ പാടിയതു കൊണ്ടാണ് ദേവരാജൻ എന്നൊരു സംഗീത സംവിധായകനെ ജനങ്ങൾ തിരിച്ചറിഞ്ഞത്.**

അവരോടൊപ്പം നീയും പാട്. അദ്ദേഹം പറഞ്ഞു നിർത്തിയപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ഒരു സങ്കോചം. ഞാൻ ഇതുവരെ കോറസ് പാടിയിട്ടില്ല. പരിചയമില്ല, ഞാൻ രവിയേട്ടനോട് കാര്യം പറഞ്ഞു. അതൊന്നും സാരമില്ല. ഇങ്ങനെയൊക്കെയല്ലേ പരിചയപ്പെടുന്നത്. എല്ലാം ആന്റോ പറഞ്ഞു തരും. പാടിയാൽ പൈസ കിട്ടുമെടാ, രവിയേട്ടൻ എന്നെ പ്രോത്സാഹിപ്പിച്ചു. തുടക്കകാലത്ത് രവിയേട്ടനും ഒരു സംഘഗായകനായിരുന്നല്ലോ. രാമു കാര്യാട്ട് സംവിധാനം ചെയ്ത നെല്ല് എന്ന ചിത്രത്തിനു വേണ്ടി മന്നാഡെയും ജയചന്ദ്രനും സംഘവും പാടിയ കൈയോട് കൈയ് മെയ്യോട് മെയ് എന്ന പാട്ടുൾപ്പെടെ നിരവധി ഗാനങ്ങൾക്ക് രവിയേട്ടൻ കോറസ് പാടിയിട്ടുണ്ട്. ആന്റോ ചേട്ടൻ സഹായിച്ചതോടെ ഞാൻ പാട്ട് പഠിച്ച് റെക്കോഡിംഗിനു തയാറായി. ഓളം മാറ്റി മുമ്പേപോയ് മുളം തോണി ദൂരെ മുങ്ങാത്തോണി... എന്ന പല്ലവി രവിയേട്ടൻ റിഹേഴ്സലിനായി പാടിയപ്പോൾ കാടും മേടും കൂട്ടി ചാലും ചേലും കൂട്ടി നാടിൻ നാലം കാട്ടി തീയും തേനും നീട്ടി.. എന്ന് ഞങ്ങളുടെ സംഘം തുടർ




**സി ഒ ആന്റോയും ലതികയും**



**ആന്റോയും രാമു കാര്യാട്ടും സലിൽ ചൗധരിയും**

ന്നു പാടി.

ഓർക്കസ്ട്രയുടെയും പാട്ടുകാരുടെയും റിഹേഴ്സൽ കഴിഞ്ഞപ്പോൾ ദാസേട്ടൻ എത്തി. അദ്ദേഹം പാട്ട് പഠിച്ചു കഴിഞ്ഞപ്പോൾ സംഘഗായകരോടും ഓർക്കസ്ട്രയോടും ചേർന്ന് റിഹേഴ്സലും പിന്നെ ടേക്കും. അതിമനോഹരമായ ഒരു വഞ്ചിപ്പാട്ട് സംഘഗായകനായി എന്റെ രംഗപ്രവേശം.

മധുരിക്കും ഓർമ്മകളേ മലർമഞ്ചൽ കൊണ്ടുവരൂ, എന്തിനു പാഴ്ശ്രുതി മീട്ടുവതിനിയും, വീടിനു പൊൻമണി വിളക്കു നീ, ഭൂഗോളം തിരിയുന്നു, പാപ്പീ അപ്പച്ചാ... എത്രയെത്ര പാട്ടുകൾ സിഒ ആന്റോ പാടി നമ്മെ വിസ്മയിപ്പിച്ചിട്ടുണ്ട്.

സംഗീതജീവിതത്തിൽ ആരോടെങ്കിലും കടപ്പാട് ഉണ്ടോയെന്ന് ഞാൻ ഒരിക്കൽ ദേവരാജൻ മാസ്റ്ററോട് ചോദിച്ചപ്പോൾ, കെഎസ് ജോർജ്, സുലോചന, സി ഒ ആന്റോ എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം, എന്റെ നാടക ഗാനങ്ങൾ ആയിരക്കണക്കിനു വേദികളിൽ അവർ പാടിയതു കൊണ്ടാണ് ദേവരാജൻ എന്നൊരു സംഗീത സംവിധായകനെ ജനങ്ങൾ തിരിച്ചറിഞ്ഞത്. ദേവരാജൻ മാസ്റ്റർക്കു പോലും കടപ്പാടുള്ള ഗായകനോടൊപ്പമാണ് ഞാൻ ഇപ്പോൾ കോറസ് പാടിയത്. ഒരുകാലത്ത് പ്രശസ്തനായിരുന്ന സിഒ ആന്റോ എന്ന പിന്നണി ഗായകന് ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ പിൽക്കാലത്ത് സംഘഗായകന്റെ കുപ്പായം അണിയേണ്ടി വന്നു എന്നത് പൊള്ളുന്ന ജീവിത യാഥാർത്ഥ്യം. കെജെ യേശുദാസ് രംഗപ്രവേശം ചെയ്ത കാലത്ത് എച്ച്എംവിയിൽ ദേവരാജൻ മാസ്റ്ററുടെ ചില പാട്ടുകൾക്ക് സിഒ ആന്റൊ പ്രധാന ഗായകനും യേശുദാസ് മറ്റുള്ള വരോടൊപ്പം സംഘഗായകനും ആയിരുന്നു എന്നത് ഇന്ന് അവിശ്വസനീയമായ ഒരു കൗതുകവാർത്ത മാത്രം.



**സി ഒ ആന്റോ,നടേശൻ, ദേവരാജൻ , അർജുനൻ ,രാജേന്ദ്ര ബാബു**

ആദ്യകാലത്ത് സംഘഗാനത്തിന് പത്ത് ആൺശബ്ദവും പത്ത് പെൺശബ്ദവും എന്നതായിരുന്നു സാധാരണ പതിവ്. മലയാള ഗാനങ്ങൾക്ക് മലയാളി ഗായകരെ ലഭിക്കാൻ പ്രയാസമായിരുന്നു. തമിഴിലും തെലുങ്കിലുമുള്ള ഗായകരെ കടമെടുത്താണ് മലയാള സംഘഗാനങ്ങൾ റെക്കോഡ് ചെയ്തിരുന്നത്. ആദ്യകാല ഗാ

**കെജെ യേശുദാസ് രംഗപ്രവേശം ചെയ്ത കാലത്ത് എച്ച്എംവിയിൽ ദേവരാജൻ മാസ്റ്ററുടെ ചില പാട്ടുകൾക്ക് സിഒ ആന്റൊ പ്രധാന ഗായകനും യേശുദാസ് മറ്റുള്ള വരോടൊപ്പം സംഘഗായകനും ആയിരുന്നു എന്നത് ഇന്ന് അവിശ്വസനീയമായ ഒരു കൗതുകവാർത്ത മാത്രം.**

നങ്ങൾ ശ്രദ്ധിച്ചാൽ ഇതരഭാഷാ ഗായകരുടെ ഉച്ചാരണപ്പിശകുകൾ വ്യക്തമായി തിരിച്ചറിയാം.


കൂടുതൽ മലയാളി ഗായകർ രംഗത്തു വരുകയും സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുകയും ചെയ്തതോടെ ആൺപെൺ ഗായകരുടെ എണ്ണം നാല് വീതമായി കുറഞ്ഞു. ഒരു തവണ പാടി ഓകെ ആയാൽ മറ്റൊരു തവണകൂടി റെക്കോഡ് ചെയ്ത് (ഡി ടി ഡ്യൂപ്ലിക്കേറ്റ് ട്രാക്ക്) ചേർത്തു കേൾപ്പിക്കും. അപ്പോൾ പതിനാറ് പേർ ഒരുമിച്ചു പാടിയ മികവ് ലഭിക്കും.

പാട്ട് കൃത്യമായി പഠിച്ച് എല്ലാവരും യാതൊരു വ്യത്യാസവുമില്ലാതെ ഒരേപോലെ പാടുക എന്നതാണ് സംഘഗായകർ നേരിടുന്ന വെല്ലുവിളി. ഒരാൾ തന്റെ പാട്ടിൽ

അൽപം മനോധർമ്മം ചെലുത്തിയാലും പ്രശ്നമാകും. പ്രധാന ഗായകന് ആ സ്വാതന്ത്ര്യണ്ട്.

പക്ഷെ സംഘഗായകർ നേർരേഖയിലെന്നവണ്ണം കൃത്യമായി പാടണം. പാട്ടിന്റെ ഈണം കൃത്യമായി പഠിക്കാൻ കഴിവില്ലാത്ത ചിലരും സംഘഗായകരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. മറ്റുള്ളവർക്കൊപ്പം ചുനക്കി തടിതപ്പുകയായിരുന്നു അവർ ചെയ്തിരുന്നത്. മറ്റ് വരുമാന മാർഗമൊന്നും ഇല്ലാത്തവരായതു കൊണ്ട് ഇവരോട് ചില സംഗീത സംവിധായകർ ദയാപൂർവം കണ്ണടച്ചിരുന്നു. യാതൊരു വ്യത്യാസവുമില്ലാതെ കൃത്യമായി പാടുന്ന ഒരു സംഘം ക്രമേണ രൂപാന്തരപ്പെട്ടു. സിഒ ആന്റോ, നടേശൻ (വിദ്യാധരൻ മാസ്റ്ററുടെ സഹോദരും സംഗീത സംവിധായകനും), സിഡി റാഫി (ബാങ്ക് ഉദ്യോഗസ്ഥനായ റാഫി വോയ്സ് ഓഫ് തൃശൂരിലെ ഗായകനായിരുന്നു), പിന്നെ ഞാൻ.

സ്റ്റുഡിയോയിൽ പാട്ട് പഠിച്ചാലുടൻ ഞങ്ങൾ മാറി നിന്ന് പലയാവർത്തി പാടി കൃത്യമാക്കുന്നതിനാൽ ഞങ്ങൾക്ക് ഡിമാൻഡ് കൂടി. അർജുനൻ മാസ്റ്റർ, ശ്യാം, വിദ്യാധരൻ മാസ്റ്റർ, രവീന്ദ്രൻ, ജോൺസൺ, എസ്പി വെങ്കടേഷ്, രാജാമണി എന്നിങ്ങനെ നിരവധി സംഗീത സംവിധായകരുടെ പ്രിയപ്പെട്ട കോറസ് ടീമായി ഞങ്ങൾ മാറി. കരകാണാക്കടലല മേലേ (നാടോടിക്കാറ്റ്), രാമായണക്കാറ്റേ (അഭിമന്യു), വിശ്വം കാക്കുന്ന നാഥാ (വീണ്ടും ചില വീട്ടുകാര്യങ്ങൾ), പുലരേ പൂങ്കോടിയിൽ (അമരം), കതിരോലപ്പന്തലൊരുക്കി (പെരുവണ്ണാപുരത്തെ വിശേഷങ്ങൾ), ഘനശ്യാമ മോഹനകൃഷ്ണാ (കിഴക്കുണരും പക്ഷി), മച്ചകത്തമ്മയെ (ചിന്താവിഷ്ടയായ ശ്യാമള), തീയിലുരുക്കി തിന്തിന്ന തിന്തിന്നന്ന (പൊൻമുട്ടയിടുന്ന താറാവ്) ... ഇങ്ങനെ മലയാളത്തിലും തമിഴിലുമായി അഞ്ഞൂറിലധി



**രവിശങ്കറും അനുഷ്ക്കയും സുകന്യയും**

**ആദ്യകാലത്ത് സംഘഗാനത്തിന് പത്ത് ആൺശബ്ദവും പത്ത് പെൺ ശബ്ദവും എന്നതായിരുന്നു സാധാരണ പതിവ്. മലയാള ഗാനങ്ങൾക്ക് മലയാളി ഗായകരെ ലഭിക്കാൻ പ്രയാസമായിരുന്നു. തമിഴിലും തെലുങ്കിലുമുള്ള ഗായകരെ കടമെടുത്താണ് മലയാള സംഘഗാനങ്ങൾ റെക്കോഡ് ചെയ്തിരുന്നത്.**

കം ഗാനങ്ങൾക്ക് ഞങ്ങൾ കോറസ് പാടിയിട്ടുണ്ട്. വർഷം തോറും ദാസേട്ടന്റെ അയ്യപ്പ ഭക്തിഗാനങ്ങൾ മലയാളം, തമിഴ്, തെലുങ്ക്, കന്നഡ തുടങ്ങി നാലു ഭാഷകളിൽ പുറത്തിറങ്ങിയിരുന്നു. ഈണം ഒന്നു തന്നെയായിരിക്കും. രചന മാത്രമാണ് മാറുക. എല്ലാ ഭാഷകളിലും ഞങ്ങൾ തന്നെയായിരുന്നു സംഘഗായകർ.

കിഴക്കുണരും പക്ഷി എന്ന ചിത്രത്തിൽ ദാസേട്ടനും ചിത്രയും പാടിയ അരുണ കിരണമണിയും ഉദയമേ, ചിത്ര പാടിയ... ഘന ശ്യാമമോഹന കൃഷ്ണാ... എന്നീ രണ്ടു ഗാനങ്ങളിലും കോറസ് ഉണ്ടായിരുന്നു. രാവിലെ മുതൽ രാത്രി ഏറെ വൈകും വരെ ഞങ്ങൾ സംഘഗായകർ മീഡിയ ആർട്ടിസ്റ്റ് സ്റ്റുഡിയോയിൽ ഉായിരുന്നു. ഇതിനിടയിൽ പുറത്ത് ഒരു പുകില് നടന്നു. ഓർക്കസ്ട്ര ഇൻചാർജ് ആയ മുരുകപ്പൻ പുറത്ത് പോയി ഏറെ വൈകിയിട്ടും തിരികെ വന്നില്ല. റെക്കോഡിംഗ് കഴിയുമ്പോൾ എല്ലാവർക്കും പ്രതിഫലം നൽകേണ്ടത് മുരുകപ്പനാണ്. എപ്പോഴും വെറ്റില ചവയ്ക്കുന്ന മുരുകപ്പനെ അദ്ദേഹത്തിന്റെ സഹായികൾ അന്വേഷിച്ചിറങ്ങി. പരിസരത്തുള്ള മുറുക്കാൻ കടയിൽ അന്വേഷിച്ചപ്പോൾ മുരുകപ്പനെ പൊലീസ് പിടികൂടി സ്റ്റേഷനിൽ കൊണ്ടുപോയെന്ന വിവരം ലഭിച്ചു. സ്റ്റേഷനിൽ ചെന്നപ്പോൾ മുരുകപ്പൻ സെല്ലിൽ ഇരിക്കുന്നതാണ് കണ്ടത്. ഇൻസ്പെകട്റോട് അന്വേഷിച്ചപ്പോൾ തെറ്റദ്ധാരണയുടെ പേരിലാണ് മുരുകപ്പൻ പിടിലായതെന്ന് മനസ്സിലായി. മുരുകപ്പൻ മുറുക്കാൻ കടയിൽ നിൽക്കുമ്പോൾ പരിസരത്തു നിന്നിരുന്ന പൊലീസുകാർക്ക് ബലമായ സംശയം.

രാജീവ് ഗാന്ധിയുടെ ഘാതകൻ ശിവരാസനെ രാജ്യമെങ്ങും


പൊലീസ് തിരിയുന്ന കാലമാണ്. മുരുകപ്പനെ കണ്ടപ്പോൾ ശിവരാസനാണെന്ന് അവർ സംശയിച്ചു. മുരുകപ്പന് ശിവരാസന്റെ ഛായയുണ്ടെന്ന് അപ്പോഴാണ് ഞങ്ങൾക്കും തോന്നിയത്.

ഏതായാലും തക്കതായ ഇടപെടൽ മൂലം മുരുകപ്പനെ പുറത്തിറക്കാനായി. എക്കാലവും അഭിമാനപൂർവം ഓർക്കാനുള്ള മറ്റൊരനുഭവം കൂടിയുണ്ട്. തമിഴ്നാട് സർക്കാരിലെ വിവിഐപികൾ താമസിക്കുന്ന ചാമിയേഴ്സ് റോഡിലെ ഒരു ഹോട്ടലിലെത്താൻ അറിയിപ്പ് ഉണ്ടായതനുസരിച്ച് ഞങ്ങൾ സംഘഗായകർ അവിടെയെത്തി. കാത്തിരിപ്പിനിടെ എല്ലാവരെയും വിസ്മയിപ്പിച്ചു കൊണ്ട് ലോകോത്തര സിത്താർ വാദകൻ രവിശങ്കർ കടന്നു വന്നു. അദ്ദേഹത്തിന്റെ പിന്നിലായി വന്നയാളെ ആദ്യം ആർക്കും മനസ്സിലായില്ല. വിശ്വപ്രസിദ്ധ മ്യൂസിക് ബാൻഡായ ബീറ്റിൽസിലെ മുഖ്യ ഗായകനും ഗിറ്റാറിസ്റ്റുമായ ജോർജ് ഹാരിസൺ ആയിരുന്നു അദ്ദേഹം. വേദങ്ങളിൽ നിന്നും ഉപനിഷത്തുക്കളിൽ നിന്നുമുള്ള പതിനാറ് ശ്ലോകങ്ങളുടെ റെക്കോഡിംഗിനായി വന്നിരിക്കുകയാണവർ. മനുഷ്യായുസ്സിലെ സമസ്ത ഭാവങ്ങളും ഉൾക്കൊള്ളുന്ന ഭക്തിനിർഭരമായ മന്ത്രോച്ചാരണങ്ങൾ മുഴുവൻ സംഘഗാനങ്ങളാണ്. പാടുന്നവരുടെ മികവ് പരിശോധിക്കാനാണ് ഞങ്ങളെ ക്ഷണിച്ചിരിക്കുന്നത്. ഓരോരുത്തരും അവരുടെ മുന്നിൽ പാടി. എല്ലാവരെയും അദ്ദേഹത്തിന് ഇഷ്ടമായി. അടുത്ത ദിവസം മുതൽ ഏഴുദിവസം മീഡിയ ആർട്ടിസ്റ്റിൽ റെക്കോഡിംഗ്. ഗാനങ്ങളും ബാക്ക്ഗ്രൗണ്ട് മ്യൂസിക്കും കംപോസ് ചെയ്തിരിക്കുന്നത് രവിശങ്കറാണ്. ഇതിന്റെ പാശ്ചാത്യ സംഗീതമിശ്രണം പിന്നീട് കാലിഫോർണിയയിൽ ജോർജ് ഹാരിസന്റെ ചുമതലയിൽ നടക്കും. ചാന്റ്സ് ഓഫ് ഇന്ത്യ എന്ന ആൽബം നിർമ്മിക്കുന്നതും ജോർജ് ഹാരിസൺ തന്നെ.

**യാതൊരു വ്യത്യാസവുമില്ലാതെ കൃത്യമായി പാടുന്ന ഒരു സംഘം ക്രമേണ രൂപാന്തരപ്പെട്ടു. സിഐ ആന്റോ, നടേശൻ (വിദ്യാധരൻ മാസ്റ്ററുടെ സഹോദരും സംഗീത സംവിധായകനും), സിഡി റാഫി (ബാങ്ക് ഉദ്യോഗസ്ഥനായ റാഫി വോയ്സ് ഓഫ് തൃശൂരിലെ ഗായകനായിരുന്നു), പിന്നെ ഞാൻ.**

സ്റ്റുഡിയോയിൽ ഓർക്കസ്ട്രയ്ക്കു നടുവിലും ഗായകർക്കിടയിലും പാറിപ്പറന്നു നടന്ന് രവിശങ്കറിന്റെ മകൾ അനുഷ്കാ ശങ്കർ എല്ലാം നിയന്ത്രിക്കുന്നു. കലാകാരന്മാർക്കിടയിലൂടെ ജോർജ് ഹാരിസൺ തന്റെ വീഡിയോ ക്യാമറയുമായി ചുറ്റിനടന്നു. പ്രോജക്ടിന്റെ ഏകോപനം നിർവഹിക്കുന്നത് രവിശങ്കറിന്റെ ഭാര്യയും മലയാളിയുമായ സുകന്യ. ഏഴു ദിവസം കൊണ്ട് ലോകോത്തര നിലവാരമുള്ള സംഗീത ആൽബത്തിന്റെ പാശ്ചാത്യ സംഗീത മിശ്രണമൊഴികെയുള്ള റെക്കോഡിംഗ് പൂർത്തിയായി.വിശ്വപ്രസിദ്ധരായ സംഗീത കലാകാരന്മാർ മദിരാശിപ്പട്ടണത്തിൽ എത്തിയ വിവരം അതീവരഹസ്യമായി സൂക്ഷിച്ചിരുന്നു. പുറത്തു നിന്ന് സന്ദർശകരെയോ പത്രക്കാരെയോ അനുവദിച്ചിരുന്നില്ല. സർക്കാരിന്റെ സുരക്ഷാ ക്രമീകരണങ്ങൾ സ്റ്റുഡിയോ പരിസരങ്ങളിലാകെ സജീവമായിരുന്നു. ഇന്ത്യാടുഡേ ജീവനക്കാരനായ ഞാൻ ചോർത്തിയ വിവരമനുസരിച്ച് ഓഫീസിൽ നിന്ന് വിജയചന്ദ്രനും ഇംഗ്ലീഷിലെ റിപ്പോർട്ടറും സ്റ്റുഡിയോയിലെത്തി. രവിശങ്കറിനെയോ ജോർജ് ഹാരിസണെയോ കാണാൻ സുകന്യ അനുവദിച്ചില്ല. ആൽബത്തെക്കുറിച്ചുള്ള വിവരണം മാത്രം നൽകി.

അതീവരഹസ്യമായി സൂക്ഷിച്ചിട്ടും പത്രക്കാർ എങ്ങനെ ഉള്ളിൽ കടന്നുവെന്നു മാത്രം ആർക്കും മനസ്സിലായില്ല. ഗായകർക്കിടയിൽ ഒരു ചാരൻ ഉണ്ടായിരുന്നെന്ന് ആരും തിരിച്ചറിഞ്ഞതുമില്ല.



**രവി ശങ്കറും ജോർജ് ഹാരിസണും**



ജാഗ്രതക്കുറവ് ഒട്ടും അനുവദിക്കാത്തൊരു ആവിഷ്കാര കലയാണ് നോക്കുവിദ്യ പാവകളി. പറയേണ്ടതില്ലല്ലോ, ഇത്രയും നിർണ്ണായകമായ അവസ്ഥ കാത്തുസൂക്ഷിച്ചു കൊണ്ടു അനുഷ്ഠിക്കേണ്ട മറ്റൊരു രംഗകലയുമില്ല.

**രഞ്ജിനി**

# അന്യം നിന്നുപോകുന്ന കലയ്ക്കു ശാപമോക്ഷം



വിജയ് സി.എച്ച്



പുലവർ എന്നറിയപ്പെടുന്ന പുരുഷ കലാകാരന്മാരുമാണ് പാവക്കൂത്തുകളുടെ സ്വത്വമെങ്കിൽ, നോക്കുവിദ്യ പാവകളി അവതരിപ്പിക്കുന്നത് ഒരു സ്ത്രീയാണ്. കൂത്തുമാടത്തല്ല, പ്രകടനത്തിന് സൗകര്യമുള്ള ഏതിടവും നോക്കുവിദ്യ പാവകളിയ്ക്ക് ഉത്തമം. പക്ഷെ, ഈ ആവിഷ്കാര കല സ്വായത്തമാക്കാൻ കലാകാരിയ്ക്ക് നിരന്തരാഭ്യാസം അനിവാര്യമാണ്. മനസ്സിനെ ഒറ്റയിടത്ത് കേന്ദ്രീകരിച്ചുള്ള ദൃഷ്ടിയാണ് നോക്കുവിദ്യയുടെ മുഖമുദ്ര.

തലമുറകൾ കൈമാറി ലഭിച്ച കലാരൂപം മൂഴിക്കൽ പങ്കജാക്ഷിയമ്മ അവരുടെ അമ്മയിൽ നിന്ന് എഴുപതു വർഷം മുന്നെ ഏറ്റെടുത്തു. സംസ്ഥാനം അവരെ ഫോക് ലോർ അക്കാദമി അവാർഡും, ഫെല്ലോഷിപ്പും നൽകി ആദരിച്ചപ്പോൾ, 86 വയസ്സുള്ള കലാകാരിയെ രാഷ്ട്രം കഴിഞ്ഞ വർഷം അംഗീകരിച്ചത് പത്മശ്രീ പുരസ്കാരം സമ്മാനിച്ചാണ്. എന്നാൽ, കേരളത്തിലെ ഏക നോക്കുവിദ്യ കലാകാരിയുടെ ദൃഷ്ടി-ഏകാഗ്രതയും, ഓർമ്മ ശക്തിയും, സംസാരശേഷിയും അപ്രതീക്ഷിതമായെത്തിയ ഒരു പക്ഷാഘാതം തട്ടിയെടുത്തപ്പോൾ, ശതാബ്ദങ്ങളുടെ പ്രാചീനതയുള്ളൊരു സംസ്കൃതിയുടെ മേൽ തിരശ്ശീല വീണെന്ന് പലരും കരുതി. പക്ഷെ, അത് സംഭവിച്ചില്ല. പങ്കജാക്ഷിയമ്മയിൽ നിന്ന് ആ വരപ്രസാദം പൗത്രി രഞ്ജിനി ഏറ്റുവാങ്ങി!

'അമ്മൂമ്മയുടെ ഏക മകളാണ് എന്റെ അമ്മ, രാധാമണി. നോക്കുവിദ്യ ഏറെ ഇഷ്ടമാണെങ്കിലും, ഒട്ടും വഴങ്ങാത്ത പരിശീലനമായതിനാൽ, അമ്മ പിന്മാറി. അതിനാൽ, സ്കൂൾ-കോളേജ് പഠനത്തോടൊപ്പം, ഞാൻ നോക്കുവിദ്യ അഭ്യസിക്കാൻ തുടങ്ങി. ഈ ദീപം അണഞ്ഞു പോകരുത്,' രഞ്ജിനിയുടെ ശബ്ദത്തിൽ നിശ്ചയദാർഢ്യം!

*യുവ കലാകാരിയുടെ വാക്കുകളിലൂടെ...*

**നോക്കുവിദ്യ**

കവുങ്ങ് തടിയിൽ നിന്ന് രണ്ടടി നീളത്തിൽ മുറിച്ചെടുത്ത കനം കുറഞ്ഞ ഒരു കമ്പ് ചെത്തി മിനുക്കി ചായം പൂശി ചേലുള്ളതാക്കുന്നു. ദണ്ഡിന്റെ മുകൾ ഭാഗത്താണ് പാവകളെ ഘടിപ്പിയ്ക്കുന്നത്. തല മേലോട്ടുയർത്തി, കമ്പിന്റെ അടിവശം മേൽചുണ്ടിനു മേലെ, മൂക്കിനു തൊട്ടു കീഴെയായി വയ്ക്കുന്നു. കഥാഖ്യാനം അനുസരിച്ച്, ഒന്നോ, രണ്ടോ, മൂന്നോ, അതിൽ കൂടുതലോ പാവകളെ കമ്പിന്റെ മുകൾ ഭാഗത്ത് പ്രതിഷ്ഠിക്കണം. ചില



ഗിഞ്ചറയും, കൈമണിയുമാണ് പശ്ചാത്തല വാദ്യ ഉപകരണങ്ങൾ. കഥാരംഗത്തിന് ആവശ്യമായ രീതിയിൽ ചരടുകൾ വലിച്ച് ഞാൻ പാവകളെ ചലിപ്പിയ്ക്കുകയും ചെയ്യുന്നു. നിലത്ത് പുൽപായ വിരിച്ച്, അതിൽ നിലവിളക്ക് കത്തിച്ചു വെയ്ക്കുന്നു. ഈ പായയിൽ ഇരുന്നാണ് നോക്കുവിദ്യ അവതരിപ്പിക്കുന്നത്.



കഥാരംഗങ്ങൾ വരച്ചു കാട്ടാൻ പക്ഷി രൂപങ്ങളും, ഇലകളും, ചില്ലകളും ഉൾപ്പെടെയുള്ള മറ്റു വസ്തുക്കളും അണിനിരത്തേണ്ടി വരും. ചലിപ്പിക്കേണ്ടവയാണെങ്കിൽ, അവയിൽ നിന്ന് നേർത്ത ചരടുകൾ താഴോട്ടു വരുന്നു. സന്ദർഭോചിതമായി ചരടുകൾ വലിച്ച്, കലാകാരി തന്നെ കഥാപാത്രങ്ങൾക്ക് ജീവൻ നൽകുന്നു.

കഥാരംഗങ്ങൾ ഒരു ഗായകൻ ആലപിക്കുന്നു. ചിട്ടപ്പെടുത്തിയെടുത്ത കുറച്ചു വരികളിലൂടെ ഇതിഹാസങ്ങളിലെയും പുരാണങ്ങളിലെയും മറ്റും തിരഞ്ഞെടുത്ത ചില സന്ദർഭങ്ങൾ ഗാന രൂപത്തിൽ ആഖ്യാനം ചെയ്യപ്പെടുന്നു.

## ചരിത്രം

തിരുവിതാംകൂർ രാജാക്കന്മാർ പട്ടും വളയും നൽകി പ്രോത്സാഹിപ്പിച്ചിരുന്ന കലയാണ് നോക്കുവിദ്യ. ഓണംതുള്ളൽ എന്നാണ് പണ്ട് ഇത് അറിയപ്പെട്ടിരുന്നത്. ഓണം നാളുകളിൽ തെക്കൻ കേരളത്തിൽ വളരെ ജനപ്രിയമായി ഈ കലാരൂപം അരങ്ങേറിയിരുന്നു. പാവനാടകം തുടങ്ങുന്നതിനു മുന്നെ ചെയ്യാറുണ്ടായിരുന്ന തുള്ളൽ ചടങ്ങ്, കാലക്രമേണ അവതരണത്തിൽ

**മുത്തച്ഛൻ ശിവരാമപ്പണിക്കർ 60 വർഷം മുന്നെ മുത്തശ്ശിക്കു വേണ്ടി നിർമ്മിച്ച പാവകളാണ് ഞാൻ ഉപയോഗിക്കുന്നത്. ഏഴിലംപാലയുടെ തടിയിൽ പിച്ചാത്തി ഉപയോഗിച്ചു മുത്തച്ഛൻ തന്നെ ചെത്തിയെടുത്തതാണ് അവ. ഇടയ്ക്കിടെ ഞങ്ങൾ പാവകൾക്ക് പുതിയ നിറങ്ങൾ നൽകുന്നു. പാട്ടുകൾ എഴുതി തയ്യാറാക്കിയതും മുത്തച്ഛൻ തന്നെയാണ്. മുത്തശ്ശിയെ നോക്കുവിദ്യ പഠിപ്പിച്ചത് അവരുടെ അമ്മ പാപ്പിയമ്മയാണ്. ഈർക്കിലിൽ മച്ചിങ്ങ കുത്തിയായിരുന്നു പരിശീലനം. ഈ രീതി എനിയ്ക്ക് സാധിക്കാതെ വന്നപ്പോൾ, പാവയുടെ രൂപത്തിൽ ചെയ്തു തന്ന ഒരു തടികഷ്ണം കമ്പിൽ കുത്തി നിർത്തിയാണ് ഞാൻ പരിശീലിച്ചത്. വർഷങ്ങൾ നീണ്ടുനിന്ന അദ്ധ്വാസം.**





നിന്ന് അപ്രത്യക്ഷമായി. അതിനാലാണ് നോക്കുവിദ്യ എന്ന പേരിൽ പിന്നീട് ഈ കലാരൂപം അറിയപ്പെടാൻ തുടങ്ങിയത്. ഇന്നിത് പഠിക്കാനോ അവതരിപ്പിക്കാനോ കലാസ്നേഹികൾ മുന്നോട്ടു വരുന്നില്ലെന്നത് വേദനാജനകമാണ്. ഞങ്ങളുടെ പൂർവ്വികരെല്ലാവരും നോക്കുവിദ്യ കലാകാരന്മാരായിരുന്നെന്ന് മുത്തച്ഛനും മുത്തശ്ശിയും പറയാറുണ്ടായിരുന്നു. വേലപ്പണിക്കർ സമുദായക്കാർക്കു മാത്രമല്ലല്ലൊ ഈ കല നിലനിർത്തി കൊണ്ടുപോകാനുള്ള ചുമതല. കലാസ്നേഹികളായ എല്ലാവരും മുന്നോട്ടു വരണമെന്നാണ് ഞങ്ങളുടെ അപേക്ഷ. അമ്മൂമ്മക്കു ശേഷം, ഞാൻ മാത്രമാണ് ഇന്ന് ഈ കല അവതരിപ്പിക്കുന്നത്. ലോകത്തു തന്നെ നോക്കുവിദ്യ അറിയാവുന്നവർ അമ്മൂമ്മയും ഞാനും മാത്രമാണ്. അങ്ങനെ ആകരുതല്ലൊ! രശ്മി രാധാകൃഷ്ണൻ ഈയ്യിടെ തയ്യാറാക്കിയ ഡോക്യുമെന്ററി, 'Nokkuvidya -- the life of a lone string puppeteer' ഈ ആവിഷ്കാരത്തിന്റെ ചരിത്രം തിരക്കുന്നുണ്ട്. അമ്മൂമ്മയും ഞാനും പ്രധാന കഥാപാത്രങ്ങളായുള്ള ചലച്ചിത്രം, ഇതിനകം തന്നെ നിരവധി രാജ്യാന്തര ഫിലീം ഫെസ്റ്റുകളിൽ പ്രദർശിപ്പിച്ചു കഴിഞ്ഞു. മികച്ച റിവ്യൂസ് ലഭിച്ചുകൊണ്ടിരിക്കുന്നു.

**ഏകാഗ്രതയാണ് രഹസ്യം**

ഏകാഗ്രതയുള്ള മനസ്സും ശരീരവുമാണ് നോക്കുവിദ്യയുടെ വിജയ





രഹസ്യം. പാവയിൽ സമഗ്രമായി ശ്രദ്ധ കേന്ദ്രീകരിച്ചാൽ മാത്രമേ കുത്തനെ വെയ്ക്കുന്ന കമ്പിന്റെ സന്തുലനാവസ്ഥ നിലനിർത്തുവാൻ കഴിയുകയുള്ളൂ. കമ്പ് മേൽ ചുണ്ടിനു മേൽ ഭദ്രമായി ഇരിയ്ക്കണമെങ്കിൽ ഇമ വെട്ടാതെ മേലോട്ടു തന്നെ ശ്രദ്ധിക്കണം. നോട്ടം ഒരു നിമിഷം ദൃഷ്ടികേന്ദ്രത്തിൽ നിന്ന് വ്യതിചലിച്ചാൽ, കമ്പും പാവയും മറിഞ്ഞു താഴെ വീഴും. ഈയിടെ ഒരു ഫോട്ടോഗ്രാഫർ ക്ലോസപ്പ് ഷോട്ടുകളെടുക്കാൻ എന്നോട് വല്ലാതെ ചേർന്നുനിന്നു. അനൈച്ഛിക പ്രതികരണം പോലെ, എന്റെ ശ്രദ്ധ ഒരു നൊടി പാവയിൽ നിന്ന് വികേന്ദ്രീകരിച്ചു. കമ്പ് മറിഞ്ഞു വീണു. കണ്ണുകൾ ചിമ്മുന്ന സമയം അൽപം കൂടിപ്പോയാൽ പോലും സന്തുലനം താറുമാറാകുന്നു. കാറ്റു വീശിയാലും ബാലൻസ് നഷ്ടപ്പെടും. ശ്രദ്ധ നോട്ടത്തെയും, ഇവ രണ്ടും നേരിട്ട് ശരീരത്തിന്റെ നിശ്ചലാവസ്ഥയെയും തൽക്ഷണം ബാധിക്കുന്നു. ജാഗ്രതക്കുറവ് ഒട്ടും അനുവദിക്കാത്തൊരു ആവിഷ്കാര കലയാണ് നോക്കുവിദ്യ പാവകളി. പറയേണ്ടതില്ലല്ലോ, ഇത്രയും നിർണ്ണായകമായ അവസ്ഥ കാത്തുസൂക്ഷിച്ചു കൊണ്ടു അനുഷ്ഠിക്കേണ്ട മറ്റൊരു രംഗകലയുമില്ല.

**പ്രധാന ഇനങ്ങൾ**

വില്ല്, പാറവളയം, നാഗരസകം, സീതാസ്വയംവരം, രാവണ-ജടായു യുദ്ധം, രാമ-രാവണ യുദ്ധം, ഭീമൻ-ബകൻ യുദ്ധം, ആലും കിളിയും മുതലായവ പ്രധാന ഇനങ്ങളിൽ ചിലതാണ്. ചുണ്ടത്ത് ഏകദേശം നാൽപ്പഞ്ച് ഡിഗ്രിയിൽ ചെരിച്ചു വച്ച ഒരു വില്ലിന്റെ രൂപത്തിൽ നിർമ്മിച്ച കമ്പിനുമേൽ, പതിവു കമ്പ് ചെരിച്ചു വെച്ച് അതിന്മേൽ പാവയെ നിറുത്തി അവതരിപ്പിക്കുന്നത്, വില്ല് എന്ന ഇനം. ഗുരുത്വാകർഷണ കേന്ദ്രം നിർണ്ണായകമായൊരു ഘടകമായതിനാൽ, ആവിഷ്കരിക്കാൻ എറ്റവും കഠിനമായത് വില്ലിനു മേൽ കമ്പ് ഇനമാണ്. പാറവളയത്തിൽ ഒരേ സമയം

രണ്ടു വിദ്യകൾ അരങ്ങേറുന്നു. കമ്പും അതിനു മുകളിലെ പാവയെയും മേൽചുണ്ടിൽ ബാലൻസ് ചെയ്തു നിറുത്തികൊണ്ട്, രണ്ടു കൈകളിലെയും ചൂണ്ടുവിരലിൽ ഓരോ വളയം കറക്കണം. സർപ്പം പോലെ ഒരു രൂപം ഉണ്ടാക്കി അതിനെ വളച്ചു മേൽചുണ്ടിൽ ബാലൻസു ചെയ്യുന്നതാണ് നാഗരസകം. സീതയെ അപഹരിച്ചു കൊണ്ടുപോകുന്ന രാവണനുമായി ജടായു ഏറ്റുമുട്ടുന്നതാണ് രാവണ-ജടായു യുദ്ധം. പാവകൾ പരസ്പരം യുദ്ധം ചെയ്യുന്നത് സൂചിപ്പിച്ചുകൊണ്ടുള്ള ചലനങ്ങൾ, ചരടുകൾ വലിച്ചു, ഞാൻ നൽകുന്നു. ഗായകൻ ശിവദാസാണ് ആലാപനത്തോടൊപ്പം കൈമണി കൊട്ടുന്നത്. കസിൻ ആനന്ദ് ഗിഞ്ചറ വായിക്കുന്നു. അമ്മയും, ജേഷ്ഠൻ രഞ്ജിത്തുമാണ് പാവകളെ ഒരുക്കുക മുതലായ, വേദിയിൽ എനിയ്ക്കു വേണ്ട എല്ലാ പിന്തുണയും തൽക്ഷണം നൽകുന്നത്. ഞാനുൾപ്പെടെ അഞ്ചു പേരടങ്ങുന്നതാണ് ടീം.

**കിണ്ണം കറക്ക് വഴങ്ങിയില്ല**

മുത്തശ്ശിയാണ് എല്ലാ ഇനങ്ങളും ഓരോന്നോരോന്നായി എന്നെ പഠിപ്പിച്ചത്. എന്നാൽ, മുത്തശ്ശിയുടെ എക്സ്ക്ലൂസീവ് ഐറ്റമായ കിണ്ണം കറക്ക് ഇതുവരെയും എനിയ്ക്കു വഴങ്ങിയില്ല. ഇതു മാത്രമാണ് നിന്നുകൊണ്ട് അവതരിപ്പിക്കുന്നത്. ആറടി ഉയരമുള്ള കമ്പിനു മേലെ ഒരു തളിക വച്ചു കറക്കി, അത് മേൽചുണ്ടിൽ ബാലൻസ് ചെയ്ത് നിറുത്തുന്നു. പെട്ടെന്ന് കമ്പിൽ ഒരു തട്ടു തട്ടി, അത് തെറുപ്പിക്കുന്നു. പിൻതാങ്ങ് നഷ്ടപ്പെട്ടതിനാൽ താഴോട്ടു വീഴുന്ന തളിക, നിലം പതിക്കും മുന്നെ, മുത്തശ്ശി ഉള്ളം കൈകൾ ചേർത്തു പിടിച്ചു സ്വീകരിക്കുന്നു. തുടർന്ന് ഈ പാത്രത്തിലാണ് പൊലിവ് (സംഭാവന) സ്വീകരിക്കുന്നത്. കുറച്ചു കൂടി പരിശീലിച്ചാൽ കിണ്ണം കറക്ക് എനിയ്ക്കും ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ.

**60 വർഷം പഴക്കമുള്ള പാവകൾ**

മുത്തച്ഛൻ ശിവരാമപ്പണിക്കർ 60 വർഷം മുന്നെ മുത്തശ്ശിക്കു വേണ്ടി നിർമ്മിച്ച പാവകളാണ് ഞാൻ ഉപയോഗിക്കുന്നത്. ഏഴിലംപാലയുടെ തടിയിൽ പിച്ചാത്തി ഉപയോഗിച്ചു മുത്തച്ഛൻ തന്നെ ചെത്തിയെടുത്തതാണ് അവ. ഇടയ്ക്കിടെ ഞങ്ങൾ പാവകൾക്ക് പുതിയ നിറങ്ങൾ നൽകുന്നു. പാട്ടുകൾ എഴുതി തയ്യാറാക്കിയതും മുത്തച്ഛൻ തന്നെയാണ്. മുത്തശ്ശിയെ നോക്കുവിദ്യ പഠിപ്പിച്ചത് അവരുടെ അമ്മ പാപ്പിയമ്മയാണ്. ഈർക്കിലിൽ മച്ചിങ്ങ കുത്തിയായിരുന്നു പരിശീലനം. ഈ രീതി എനിയ്ക്ക് സാധിക്കാതെ വന്നപ്പോൾ, പാവയുടെ രൂപത്തിൽ ചെയ്തു തന്ന ഒരു തടികഷ്ണം കമ്പിൽ കുത്തി നിർത്തിയാണ് ഞാൻ പരിശീലിച്ചത്. വർഷങ്ങൾ നീണ്ടുനിന്ന അഭ്യാസം.



**വേദികൾ**

കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലുമുള്ള നിരവധി വേദികളിൽ ഞാൻ നോക്കുവിദ്യ അവതരിപ്പിച്ചിട്ടുണ്ട്. ഡൽഹിയിലെ ഇന്ദിരാ ഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്സ്-ൽ ഷോകൾ നടത്തിയത് അഭിമാനത്തോടെ ഓർക്കുന്നു. മുംബൈയിലെ പപ്പറ്റ് തിയേറ്ററിലും, ബാംഗ്ലൂരിൽ അരങ്ങേറിയ Dhatu International Puppet Festival-ലും പങ്കെടുത്തു. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ ഗഠഇ സംഘടിപ്പിച്ച പരിപാടിയിലും, വയനാട് പഴശ്ശി പാർക്കിലും, പൂക്കോട് തടാകത്തിലും, പയ്യന്നൂരും, ഫോർട്ട് കൊച്ചിയിൽ വാസ്കോ ഡ ഗാമ സ്ക്വയറിലും നടത്തിയ പ്രദർശനങ്ങൾ വളരെ പ്രശസ്തമാണ്. പാരീസിൽ വെച്ച് അമ്മൂമ്മ അവതരിപ്പിച്ചതു പോലെയുള്ള, ഒരു അന്തർദേശീയ പ്രദർശനമാണ് എന്റെ സ്വപ്നം. 2009-ൽ കേരളത്തിന്റെ പ്രതിനിധിയായിട്ടാണ് സംസ്ഥാന സർക്കാർ അമ്മൂമ്മയെ ഫ്രാൻസിലേക്ക് അയച്ചത്. അമ്മൂമ്മയുടെ പ്രകടനം ദർശിച്ച വിദേശ പ്രേക്ഷകർ വിസ്മയിച്ചുപോയി! 'Audience spellbound' എന്നാണ് ഇംഗ്ളീഷ് പത്രങ്ങൾ എഴുതിയത്!

**കുടുംബ പശ്ചാത്തലം**

കോട്ടയം ടൗണിൽ നിന്ന് 30 കി.മീ ദൂരത്തുള്ള മോനിപ്പള്ളി എന്ന ഗ്രാമത്തിലാണ് ഞങ്ങൾ താമസിക്കുന്നത്. അമ്മയുടെ മൂന്നു മക്കളിൽ ഏറ്റവും ഇളയതാണ് ഞാൻ. ചേച്ചി, രാജിമോൾ; രണ്ടാമത് ചേട്ടൻ, രഞ്ജിത്. ഉഴവൂരിലെ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്ന് ബി.കോം പൂർത്തിയാക്കിയതിനു ശേഷം, ഞാനിപ്പോൾ ടാലി കോഴ്സ് ചെയ്യുന്നു. പഠിപ്പും ഇടക്കിടെയെത്തുന്ന പരിപാടികളും ഒരുമിച്ചു കൊണ്ടുപോകുന്നു.

# MUKKUT
## MONUMENTS INC.



**PHONE (C)**
**972-342-0041**



**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**








**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.**

**WE SERVICE ALL OVER USA, CANADA & INDIA**

# ചിത്രലോകം

**റോയ് ചന്ദ്രൻ**
isro ibm




ശിൽപം


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY